

സ്ഥാപിതം 2001
www.kavimozhi.in
സമ്പുഷ്ടമായ വായനയ്ക്കും
പ്രതികരണത്തിനും
കവിമൊഴി
പുസ്തകം 18
ലക്കം 8
1 ജൂൺ 2019 ♦ 1194 ഇടവം ♦ വില ₹ 20
മാസിക
പ്രശസ്തരുടെ കഥകൾ
കവിതകൾ
നോവലുകൾ
ലേഖനങ്ങൾ
സ്ഥിരംപംക്തികൾ
HOPE

മുല്ലവള്ളിക്കല്ലേ കാമ്പ് മാനത്തുമുട്ടും മുളകളെക്കാളും

# കവിമൊഴി
മാസിക

പുസ്തകം 18 ● ലക്കം 08 ● 01 ജൂൺ 2019

211

**മാനേജിംഗ് എഡിറ്റർ**
ബാലചന്ദ്രൻ അമ്പലപ്പാട്ട്
ഫോൺ: 9349557272

**ഓണററി എഡിറ്റർ**
പി.ആർ ശിവപ്രസാദ്
ഫോൺ: 9388602223

**അസോസിയേറ്റ് എഡിറ്റർ**
സ്വാതി ബാലചന്ദ്രൻ
ഫോൺ: 7559033753

**എഡിറ്റോറിയൽ ബോർഡ്**
ആർ.സി.പിള്ള
ഡോ. എം.എൻ ശശിധരൻ
കാരൂർ സോമൻ

**സ്പെഷ്യൽ കറസ്പോണ്ടന്റ്**
ഡോ. രാജേഷ് കടമാൻചിറ

**ലീഗൽ അഡ്വൈസർ**
അഡ്വ. സക്കീർ ഹുസൈൻ

**സർക്കുലേഷൻ**
0481-2572222

**ചിത്രീകരണം**
സാബു മടുക്കാനിൽ
ഗിരീഷ് മൂഴിപ്പാടം

**കോ-ഓർഡിനേറ്റർ**
രഞ്ജിത് കുമാർ

**ലേ-ഔട്ട്**
ജെയെച്ച്

**കവർ ഡിസൈൻ**
സിൽജു

**അന്വേഷണങ്ങൾ**
6282363851

**സംഭാഷണം**
ഡോ. റഷീദ് പാനൂർ 06
എം.കെ.ഹരികുമാർ

**ലേഖനങ്ങൾ**
ഡോ.എം.ആർ.തമ്പാൻ 14
ധർമ്മജ് മിത്ര 17
ജോൺസൺറോച്ച് 22
സുനിൽ സി.ഇ 32
ദീപു ആർ.എസ് 38
കാരൂർ സോമൻ 42
ജോർജ്ജ് ജോസഫ് മണ്ണൂശേരി 46
ഡോ.എം.എൻ.ശശിധരൻ 57
ഡോ. നളിനിജനാർദ്ദനൻ 59

**നിരീക്ഷണം**
പി.ആർ.ശിവപ്രസാദ് 28

**കവിതകൾ**
സനു മാവടി 16
കെ.എൻ.കുറുപ്പ് 37
ഡോ.ചേരാവള്ളി ശശി 56

**കഥകൾ**
അനീഷ് ഫ്രാൻസിസ് 20
സമദ് പനയപ്പിള്ളി 26
റങ്കൂൺ റഹ്മാൻ 62
സി.ആർ.സുകുമാരൻ നായർ 66

**സാമൂഹ്യപാഠം**
ബാലചന്ദ്രൻ അമ്പലപ്പാട്ട് 71

**നോവൽ**
മാത്യു കെ. മാത്യു 50

**പംക്തികൾ**
വാർത്താമാത്രം 25
യാത്രാവിവരണം 42
പുസ്തകപരിചയം 49
അവതാരികകൾ 53
സിനിമ 38
ആരോഗ്യവഴികൾ 55
സ്ത്രീപഥം 57
സന്ദേശകാവ്യം 59
അക്ഷരശ്ലോകക്കളരി 60
മയിൽപ്പീലി/കുട്ടികളുടെപംക്തി 61
വിളംബരം 69

**വിലാസം**
കവിമൊഴി മാസിക
കേരള കാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്
കോട്ടയം 686004
kavimozhiktm@gmail.com
9349557272,9388602223

kavimozhi also available at
https://www.magzter.com/IN/KAVIMOZHI-MAGAZINE/KAVIMOZHI/Art/

Kavimozhi A/c No.67172873120
State Bank of India, Kanjikuzhy Branch, Kottayam
IFS Code - SBIN0070222

## • മറുമൊഴി •

**ക**വിമൊഴി മാസിക കിട്ടി. സാമൂഹ്യപാഠം വായിച്ചു. 'കുംഭമാസത്തിലെ ചൂട്' ഇന്ന് കേരളം അനുഭവിക്കുന്ന പ്രതിഭാസമായ വേനലിന്റെ ചൂട് സൂര്യാഘാതമേറ്റുള്ള മരണവും സാറ് വളരെ മനോഹരമായി വരച്ചു കാണിച്ചിരിക്കുന്നു. കൂടാതെ മീന ച്ചൂടിനേക്കാൾ ശക്തമായ ചൂട് ഉണ്ട് ഓരോ വാക്കിനും എനിക്ക് ഇഷ്ടപ്പെട്ടു. സാറ് മനോഹരമായി വരച്ചിട്ടുണ്ട് ഓരോ കാര്യവും. ശക്തമായി പ്രതിരോധിച്ചിട്ടുണ്ട്.

അതുപോലെതന്നെ 'സ്ത്രീപഥം' ഡോ. നളിനി ജനാർദ്ദനൻ,പൂനെ എഴുതിയത് വെരിക്കോസ് വെയിനുകൾ. പല സ്ത്രീകളും പുരുഷന്മാരും അനുഭവിക്കുന്ന ഒരു കാര്യമാണ് കാലിലെ സിരകളിൽ ഒരുതരം തടിപ്പും കാലിന്റെ വേദനയും. അതിനെപ്പറ്റി ആയത് വെരിക്കോസിനെപ്പറ്റി വിശദമായി നളിനി സാർ എഴുതിയിരിക്കുന്നു. ഇനിയും ഇത്തരം കാര്യങ്ങളെക്കുറിച്ച് എഴുതിയാൽ നന്നായിരുന്നു.




നമ്മുടെ കവിമൊഴി മാസിക വളരെ സുന്ദരിയാണ്. അകവും പുറവും മനോഹരമാണ്. ഓരോ മാസികയും ഞാൻ സൂക്ഷിച്ചുവച്ചിരിക്കുന്നു.

ഡെലീഷ്യ മുരളി, മാഹി.

**തലക്കുറി സഫലമാകട്ടെ**

**മേ**യ്‌ലക്കം തലക്കുറി: 'ലഹരി റോഡുകൾ കുരുതികളമാകുന്നു' എന്ന എഡിറ്റോറിയൽ കുറിപ്പ് കേവലക്കുറിപ്പായി കാണാതെ അതിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ ബന്ധപ്പെട്ട എല്ലാവരും ഭരണീയരും ഭരണം കയ്യാളുന്നവരും യാത്രക്കാരും വിദ്യാർത്ഥികളും ഉദ്യോഗസ്ഥ ജീവനക്കാരുമൊക്കെ വായിച്ചറിഞ്ഞ് പ്രായോഗികമാക്കിയാൽ കേരളം ലഹരിവിരുദ്ധ അപകടരഹിത സംസ്ഥാനമായി രൂപാന്തരപ്പെടുമെന്ന ആത്മവിശ്വാസം ഏവരും പുലർത്തിയാൽ നന്നായിരിക്കും. സർവ്വരുടെയും തലയിൽ പതിക്കേണ്ട തലക്കുറിയായിത്തീരുമാറാകട്ടെ എന്നാശംസിക്കുന്നു.

എ.കെ.എ.റഹിമാൻ,കൊടുങ്ങല്ലൂർ.

**ക**വിമൊഴി ഏപ്രിൽലക്കം കിട്ടി. കവിമൊഴിയുടെ ഓരോ ലക്കം കിട്ടുമ്പോഴും താങ്കളോടുള്ള എന്റെ മതിപ്പ് വർദ്ധിച്ചുവരുന്നു. ഒരു മാസിക പ്രസിദ്ധീകരിക്കുന്നതിന്റെ ബുദ്ധിമുട്ട് ഇരുപത്തിയൊന്ന് വർഷം അനുഭവിച്ച ഞാൻ താങ്കളുടെ ഈ പ്രവർത്തനമികവിനു മുന്നിൽ നമിക്കുന്നു.

എല്ലാ ലക്കത്തെയുംപോലെ ഏപ്രിൽലക്കവും മികച്ചതുതന്നെ. പൊതുതെരഞ്ഞെടുപ്പടുക്കുമ്പോൾ പൊള്ള വാഗ്ദാനങ്ങളുമായി നമ്മെ സമീപിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ പൊയ്മുഖം ശരിയാവണ്ണം വരച്ചുകാട്ടുന്നുണ്ട് തലക്കുറിയിൽ. ഡോ. എം.എ.കരീമുമായുള്ള അഭിമുഖം നന്നെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ചെറുപ്പം മുതലുള്ള അനുഭവങ്ങൾ നമുക്ക് പ്രേരണാദായകമാണ്. കരീംസാർ എന്റെ അടുത്ത സുഹൃത്താണ്. പ്രമദം മാസിക പ്രസിദ്ധീകരിച്ചിരുന്നപ്പോൾ മാസികയുമായി നല്ല സമീപനം പുലർത്തിയിരുന്നു. ഉന്നതമായ വായനയ്ക്ക് ധാരാളം വിഭവങ്ങളുമായെത്തുന്ന കവിമൊഴി മലയാള സാഹിത്യത്തിന് ഒരു മുതൽക്കൂട്ടു തന്നെയാണ്. അഭിനന്ദനങ്ങൾ.

നിലയ്ക്കലേത്ത് രവീന്ദ്രൻ നായർ.
ചീഫ് എഡിറ്റർ, പ്രമദം പബ്ലിക്കേഷൻസ്

**സാ**ക്ഷരകേരളത്തിന്റെ വർത്തമാന ഗതി ലിഖിതങ്ങളെ കാവ്യാത്മകമായി ചിത്രീകരിക്കുന്ന ഒരു നല്ല കവിതയാണ് പ്രശസ്തകവി 'ഇയ്യങ്കോട് ശ്രീധരന്റെ ഇതെത്ര ലജ്ജാകരം'

കാവ്യ ശിൽപ്പങ്ങളുടെ പ്രമേയം, വൈവിധ്യം, ഭാഷയുടെ ഒഴുക്ക്, കയറ് പിരിച്ചെടുത്തപോലുള്ള പദമുറുക്കം, മഹത്തായ സന്ദേശം തുടങ്ങി കവിത ഒട്ടുമിക്ക കീഴ്‌വഴക്കങ്ങളും സൃഷ്ടിച്ച് മുന്നേറുന്ന ഒരുത്തമ കവിതയാണ് ഇതെത്ര ലജ്ജാകരം. പൊതുവേ മനുഷ്യനുള്ളിടത്തെല്ലാം ഈ കാവ്യസന്ദേശം ബാധകമാവുമ്പോഴും സാക്ഷരകേരളത്തിലാണ് ഈ കവിതയുടെ പ്രശസ്തി കൂടുതൽ കേന്ദ്രീകൃതമാവുന്നത്. നിഷ്പക്ഷതയിൽ നിന്ന് തെന്നിമാറി പൊയ്മുഖങ്ങളുടെ മുഖംമൂടി എടുത്തണിഞ്ഞ് മാനവസംസ്കാരങ്ങളെ കുഴിവെട്ടിമൂടുന്നു. പിഞ്ചുകുഞ്ഞുങ്ങളടക്കം വിശന്നു പൊരിയുമ്പോഴും ശുചിത്വനിർവ്വഹണത്തിന് കഴിയാതെ പെൺകുട്ടികൾ വെളിസ്ഥലങ്ങളിൽ പീഢിപ്പിക്കപ്പെടുമ്പോഴും നാം അഖണ്ഡതയും ദേശീയതയും ചർച്ച ചെയ്ത് കാലം കഴിക്കുന്നു. പാവപ്പെട്ടവന്റെ അഞ്ച്സെന്റ് വീതിച്ചെടുക്കുന്നതിൽ ഒതുങ്ങുന്നു വികസനം. ഫോർത്ത് എസ്റ്റേറ്റിന്റെ ഭാഗമായ നീതി നിർവ്വഹണത്തിൽ അമാന്തം കാണിക്കപ്പെടുന്നു.ധർമ്മസ്യ തത്വം നിഹിതം 'ഗുഹയാം' വ്യാസമഹർഷി സൂക്തം പോലെ കാലം മാറിമറിയുന്നു.

യൂസഫലി കേച്ചേരി എഴുതിയപോലെ സ്നേഹത്തിന് പൊങ്ങിപ്പറക്കാൻ വേണ്ടിയായിരിക്കണം ദൈവം വിശാലമായി വാനം ഇത്രയും ഉയരത്തിൽ നിർത്തിയത്.പക്ഷേ ഭൂമിയിൽ നാം സ്നേഹശൂന്യരായി കഴിയുന്നു. യേശുവിനെപ്പോലും നാം കുരിശിലേറ്റി. ആത്മാവിന്റെ ഏറ്റവും നല്ലവശം സ്വീകരിക്കുന്നതിനു പകരം നാട് കാടാക്കി മാറ്റുന്ന ദുർവിധിയാണ് നാം സ്വീകരിക്കുന്നത്. വികാരിയും മുസലിയാരും സന്യാസിയും ഒരുപോലെ കാമകോടിയായി മാറുന്നു. മതം അങ്ങാടിയിലിറങ്ങി കളിക്കുന്നു. പാവപ്പെട്ടവൻ ചൂഷണം ചെയ്യപ്പെടുന്നു. മതം വ്യാപരമാണെന്ന കാറൽ മാക്സിന്റെ സിദ്ധാന്തത്തിനു പ്രസക്തി വർദ്ധിക്കുന്നു. മനുഷ്യൻ വെറും ഈയാംപാറ്റകളായി മാറുന്നു. പാതയോരത്ത് പോലും പാവപ്പെട്ടവന് കിടക്കാൻ ഇടമില്ലാതാവുന്നു. അമ്മ മകളെ നിർലജ്ജം കൂട്ടികൊടുക്കുന്നു. മകൻ അമ്മയെ കൊന്ന് തീ കൊടുക്കുന്നു. കരിമത്സ്യങ്ങളിൽ

പേജ് 24 ▶

• തലക്കുറി •

# ഇടതുപക്ഷം തിരുത്തൽ ശക്തിയാകണം

കാരണങ്ങൾ എന്തായാലും ബംഗാളിനും ത്രിപുരയ്ക്കും പുറമെ കേരളത്തിലും സംഭവിച്ച വൻപരാജയം ഇടതുപക്ഷത്തിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നതിൽ സംശയമില്ല. പ്രത്യേകിച്ച് ഭരണത്തിലുള്ള സമയത്ത്.

ഇടതുപക്ഷം തകർന്നാൽ അവിടെ തീവ്രവലതുപക്ഷം വരുമെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് സ്വയം വിമർശനത്തിനും തിരുത്തലിനും തയ്യാറായി ഇടതുപക്ഷത്തിന്റെ പ്രസക്തി മനസ്സിലാക്കിയുള്ള പ്രവർത്തനം ഇനിയെങ്കിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. സ്വയം തെറ്റുതിരുത്തുന്നതിനുപകരം ജനങ്ങൾ തെറ്റുതിരുത്തണമെന്ന ന്യായീകരണം ഇനിയെങ്കിലും ഒഴിവാക്കുക.

ലോക്സഭാ തെരഞ്ഞെടുപ്പായതുകൊണ്ടാണ് ഈ വോട്ടിംഗ് പാറ്റേണെന്നും നിയമസഭ തെരഞ്ഞെടുപ്പിൽ അതുമാറ്റി ജയിക്കാനുള്ള അടവു പ്രയോഗിക്കുമെന്നുമുള്ള അവകാശവാദം ദയവായി ഉന്നയിക്കരുതേ.

തോക്കിൻകുഴലിലൂടെ അധികാരം പിടിച്ചെടുക്കുന്നത് പഴങ്കഥയായിരിക്കുന്നു. ബുള്ളറ്റിനെക്കാൾ ശക്തി ബാലറ്റിനാണ്. ജനങ്ങളെ ഭരിക്കേണ്ടത് പാർട്ടിയല്ല. ഭരണകൂടമെന്നത് പാർട്ടിയുമല്ല. പാർട്ടിയിലെ വെള്ളംകോരികൾക്കും വിറകുവെട്ടികൾക്കും കിട്ടിയ അംഗീകാരം പോസ്റ്റർ ഒട്ടിക്കുവാനും വീടുകൾ കയറി സ്ലിപ്പ് കൊടുക്കാനുമുള്ള അവകാശം മാത്രമാണെന്ന കരുവന്നൂർ രാമചന്ദ്രന്റെ വാക്കുകൾ പ്രസക്തമാണ്. ജയിച്ചവർ കൊടിവച്ചകാറിൽ അടികൂടിയവർ മുടക്കാചരക്കുകൾ പോലെ വീട്ടിൽ.


മാറിയ സാഹചര്യത്തിൽ ഇവിടെ പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കുകയും അന്ധമായ കേന്ദ്രവിരുദ്ധ നിലപാടിൽ മാറ്റം വരുത്തുകയും ചെയ്യേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണ്.

• ബാലചന്ദ്രൻ അമ്പലപ്പാട്ട്
മാനേജിംഗ് എഡിറ്റർ

● ലേഖനം ●



ഡോക്ടർ റഷീദ് പാനൂർ/എം.കെ.ഹരികുമാർ





സാഹിത്യനിരൂപകൻ എം.കെ.ഹരികുമാറുമായി ഡോക്ടർ റഷീദ് പാനൂർ അഭിമുഖം.

# ഒറ്റയാന്റെ കരുത്ത്

മലയാളിയുടെ സാഹിത്യ പരിസരങ്ങളിൽ സമീപകാലത്ത് സജീവ സാന്നിധ്യമായി നിറഞ്ഞുനിൽക്കുന്ന എം.കെ. ഹരികുമാർ എന്ന നിരൂപകൻ നാം പ്രതിഷ്ഠിച്ചുവെച്ച എല്ലാവിഗ്രഹങ്ങളെയും എറിഞ്ഞുടച്ചു. ആധുനികത കത്തിനിൽക്കുന്ന കാലഘട്ടമായിരുന്നു എഴുപതുകളും എമ്പതുകളും. ഈ കാലയളവിൽ പിറന്നുവീണ മലയാളത്തിലെ 'ലാൻഡ് മാർക്ക്' നോവലായ 'ഖസാക്കിന്റെ ഇതിഹാസ'ത്തെ തൊടാൻ നിരൂപകർ മടിച്ചു നിൽക്കുന്ന കാലത്താണ് വിദ്യാർത്ഥിയായ ഹരികുമാർ "ആത്മയാനങ്ങളുടെ ഖസാക്ക്" എന്ന പഠനവുമായി രംഗത്തെത്തിയത്. കെ.പി.അപ്പന്റെ "നിതാനന്ദത്തിന്റെ" ചിരി പിന്നീടാണ് പുറത്തുവന്നത്. സാഹിത്യം ജനങ്ങളുടെ മനസ്സിനെ ആഴത്തിൽ സ്വാധീനിക്കുന്നുവെന്നും സാഹിത്യനിരൂപണം മൂല്യനിഷ്ഠമായ ജീവിതാന്തർഭാവത്തിന്റെ ചർച്ചയാണെന്നും വിശ്വസിക്കുന്ന നിരൂപകനാണ് എം.കെ.ഹരികുമാർ. മലയാളനിരൂപണ സാഹിത്യത്തിൽ ഒറിജിനൽ എന്ന വകാശപ്പെടാൻ കാതലുള്ള നിരൂപണഗ്രന്ഥങ്ങൾ ഒന്നുമില്ലെന്ന് എം.കെ.ഹരികുമാർ വിശ്വസിക്കുന്നു. എഫ്.ആർ.ലീവിസിനെപ്പോലെ, അല്ലെങ്കിൽ ഐ.എ.റിച്ചാർഡ്സിനെപ്പോലെയുള്ള ഒരു നിരൂപ



ടെറിഈഗിൾ ടൺ


കെ.പി.അപ്പൻ


എഫ്.ആർ.ലീവിസ്


ടി.എസ്.എലിയട്ട്


പി.ജെ.ആന്റണി


ഗോപി

കൻ മലയാളത്തിലില്ല. നോർത്തോപ് ഫ്രൈയിയും,ടെറി ഈഗിൾ ടണും,ടി.എസ്.എലിയട്ടും,വിൽസൺ നൈറ്റും എഴുതിയത് ഭാഷാന്തതികരണം നടത്തുകയാണ് മുണ്ടശ്ശേരിയടക്കമുള്ള നിരൂപണസാഹിത്യത്തിലെ കുലപതികൾ ചെയ്തതെന്ന് ഹരികുമാർ പറയുന്നു. കഥാകൃത്തും നോവലിസ്റ്റും കവിയും നിരൂപകനുമായ ഹരികുമാറിന്റെ "സാഹിത്യത്തിലെ നവാദ്വൈതം" ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു കൃതിയാണ്.ഈ ഗ്രന്ഥത്തിലെ "മനസ്സ് പണിതീർന്ന ഉൽപന്നമല്ല" , "ഉപഭോഗവും കലയാണ്" തുടങ്ങിയ പഠനങ്ങൾ ചർച്ച ചെയ്യപ്പെടാൻ പോകുന്നതേയുള്ളൂ. ഇന്നത്തെ മലയാള നിരൂപണ സാഹിത്യത്തിലെ വ്യത്യസ്ഥശ്രേണികളെക്കുറിച്ച് എം.കെ. ഹരികുമാർ സംസാരിക്കുന്നു.


▶ ചോദ്യം: സിനിമയിൽ തുടങ്ങാം. പ്രേംനസീർ എന്ന റൊമാന്റിക് ഹീറോയും, സത്യൻ എന്ന ദുരന്ത നായകനും ഷീലയും ശാരദയും നിറഞ്ഞ് നിന്ന 1990 വരെയുള്ള കാലഘട്ടം കുടുംബസദസ്സുകളിൽ ഉണ്ടാക്കിയ മധുരമായ അനുഭൂതി മമ്മൂട്ടിക്കും മോഹൻലാലിനും സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്ന് താങ്കൾ കരുതുന്നുണ്ടോ.?

◁ ഉത്തരം: അക്ഷരജാലകത്തിൽ ഒരു പൊതുവായനയ്ക്ക് വേണ്ടി ഞാൻ സിനിമയെക്കുറിച്ച് എഴുതാറുണ്ട്. എങ്കിലും ഇനിയും ഞാനൊരു സിനിമാ വിമർശകനായിട്ടില്ല. എങ്കിലും സിനിമ എനിക്ക് ഒരു പ്രധാന കലാവിഭവമാണെന്ന കാര്യം മറച്ചുവയ്ക്കുന്നില്ല.

പ്രേംനസീർ നമ്മുടെ സിനിമയിലെ ഒരു വിസ്മയമായിരുന്നു. അദ്ദേഹത്തിൽ പി.ജെ.ആന്റണി, ഗോപി, കൊട്ടാരക്കര തുടങ്ങിയവരെ പോലെയുള്ള പുരുഷന്മാരെ നമുക്ക് കാണാനൊക്കില്ല. ഒരു ഉദാത്തീകരിച്ച സ്ത്രൈണത നസീറിലുണ്ട്. അത് ഓരോ പുരുഷന്റെയും രഹസ്യകാമനയാണ്. പുരുഷൻ അകമേ തേടുന്നത് സ്ത്രൈണതയാണ്. നസീർ കഥാപാത്രങ്ങളെ തന്നിലേക്ക് കൊണ്ടുവന്ന് പൊതുസ്വീകാര്യതയുണ്ടാക്കുകയാണ് ചെയ്തിട്ടുള്ളത്. സത്യന് ആ തലം ഇല്ല. സത്യൻ സത്യനായിട്ടുതന്നെ നിൽക്കുന്നു. നസീറിനെ ഇപ്പോൾ ജീവിച്ചിരിക്കുന്ന നടന്മാരുമായി താരതമ്യം ചെയ്യുന്നത് അനുചിതമാണ്. വ്യക്തികളെ സഹായിക്കുക എന്ന തത്ത്വശാസ്ത്രം കെടാത്ത ഒരു വിളക്കായി കൊണ്ടുനടന്ന നസീറിന് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾക്കും വ്യക്തിത്വത്തിനും ഇണങ്ങുന്ന പ്രതിച്ഛായ ലഭിക്കുകയും ചെയ്തു.

▶ പ്രേനസീറും,എം.ജി.ആറും,ഡോക്ടർ രാജ് കുമാറും, എൻ.ടി.ആറും സൗത്തിന്ത്യയിലെ താരരാജാക്കന്മാർ ആയിരുന്നു. ജനമനസ്സുകളിൽ കുടിയേറിപാർത്ത ഈ മഹാനടന്മാരുടെ പിറകെ വന്നവരിൽ അഭിനയപ്രതിഭകൾ ഉണ്ട് പക്ഷേ എം.ജി.ആർ ഉഴുതുമറിച്ച മണ്ണിൽ ശിവാജി ഗണേശൻ അരങ്ങുതകർത്ത രാജവീഥികളിൽ രജനീകാന്തും കമലാഹാസനും പുതിയ കൊട്ടാരങ്ങൾ പണിയാൻ കഴിഞ്ഞില്ല. പക്ഷേ ജനസ്വാധീനമുണ്ട്. നസീറിനും, എം.ജി.ആറിനും കിട്ടിയ ജനപിന്തുണ ആ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു എന്നും ഇന്ന് നസീർ ഉണ്ടായിരുന്നുവെങ്കിൽ അത്രയും പിന്തുണ കിട്ടില്ല എന്നും പറയുന്നത് ശരിയാണോ?

◁ എം.ജി.ആർ,നസീർ എന്നിവർക്ക് വെറുതെയങ്ങ് സ്വീകാര്യത കിട്ടുകയായിരുന്നില്ല. ഫാൻസ് അസോസിയേഷനുകൾ സംഘടിപ്പിക്കാതെ സകല പ്രേക്ഷകരെയും അവർ ഫാൻസുകളാക്കി. സിനിമാ വ്യവസായത്തിൽ നസീർ, എം.













മുണ്ടശ്ശേരി


എം.കൃഷ്ണൻ നായർ


കൊട്ടാരക്കര

ജി.ആർ എന്നിവരെപ്പോലെയുള്ള വ്യക്തികൾ ഉണ്ടാവണം. പ്രേക്ഷകനെ സ്നേഹിക്കുന്നു എന്ന് നിർവ്യാജമായി ഒരു പ്രാവശ്യം തെളിയിക്കാനായാൽ ഏതൊരു നടനും നസീർ, എം.ജി.ആർ ഓർബിറ്റിലേക്ക് കടക്കാം.

▶ ആധുനിക മലയാളസിനിമയിൽ അടൂരിന്റേയും,അരവിന്ദന്റേയും,ജോൺ ഏബ്രഹാമിന്റേയും കാലഘട്ടം കഴിഞ്ഞു. ഇന്ന് മികച്ച സിനിമകൾ എന്നപേരിൽ പുറത്തുവരുന്നത് കൊമേഴ്സ്യൽ മൂവികൾ മാത്രമാണെന്നും താങ്കൾ കരുതുന്നുണ്ടോ?

◁ അടൂരിന്റെ സ്വയംവരം തന്നെയാണ് എന്റെ എക്കാലത്തെയും മികച്ച മലയാളസിനിമ. ചലച്ചിത്രകലയിൽ തന്റെ വ്യക്തിഗതമായ ഒരു സന്നിവേശം കൊണ്ടുവന്ന അരവിന്ദന്റെ തമ്പ്, കാഞ്ചനസീത, ഒരിടത്ത് തുടങ്ങിയ സിനിമകൾ ഇപ്പോൾ ആർക്കും ഭാവനചെയ്യാൻ പോലുമാകില്ല. ചിദംബരത്തിന്റെ കലാപൂർണത എവിടെ കിട്ടും? ജോൺ എബ്രഹാം അമ്മ അറിയാൻ എന്ന സിനിമയെടുത്ത രീതി എത്രയോ വിഭിന്നമാണ്.

ഇന്നത്തെ നവതരംഗ ന്യൂ ജെൻ സിനിമകൾ മേക്കിംഗിൽ പുതുമ നിലനിർത്തുന്നുണ്ട്. എന്നാൽ അവർക്ക് കലയിൽ ഒരു ലക്ഷ്യമില്ല. 'സ്വയംവരം' ഒരു പ്രശ്നം അവതരിപ്പിക്കുന്നുണ്ട്. കലയും ജീവിതവും അതിലുണ്ട്. ഇന്നത്തെ സിനിമകൾക്ക് നല്ല പെർഫോർമൻസ് ലെവലുണ്ട്. പക്ഷേ അത് കൃത്യമായി എത്തേണ്ടിടത്ത് എത്തുന്നില്ല. നവസിനിമകളെ മാർക്ക് ചെയ്ത് കാണിക്കാൻ പറ്റിയ പത്രാധിപന്മാരില്ല എന്ന ന്യൂനതയുമുണ്ട്. 'ഉയരെ' പോലെയുള്ള സിനിമകൾ ഉയർത്തിക്കാണിക്കപ്പെടുന്നത് അതിലെ ആസിഡ് പ്രയോഗത്തിന്റെ പശ്ചാത്തലത്തിലാണ്.

▶ പി.ഭാസ്കരന്റെ 'ഇരുട്ടിന്റെ ആത്മാവ്' മലയാളസിനിമാചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നില്ലേ?

◁ ഇരുട്ടിന്റെ ആത്മാവ് ആ കാലത്ത് നല്ലപോലെ സ്വീകരിക്കപ്പെട്ട ചിത്രമാണ് എന്നാൽ വഴിത്തിരിവായ സിനിമകളുടെ കൂട്ടത്തിൽ ഞാൻ ഉൾപ്പെടുത്തുന്നത് അനുഭവങ്ങൾ പാളിച്ചകൾ, പുനർജന്മം(കെ.എസ്.സേതു മാധവൻ) ഇതാ ഇവിടെ വരെ(ഐ വി ശശി) സന്ധ്യ മയങ്ങും നേരം(ഭരതൻ) എന്നീ സിനിമകളെയാണ്. ക്രിസ്റ്റഫ് കീസ്ലോവിസ്കി സംവിധാനം ചെയ്ത The Double Life of Veronique എന്ന സിനിമയാണ് (1991) കഴിഞ്ഞകാലങ്ങളിൽ എന്നെ വിസ്മയിപ്പിച്ചത്. ബർട്ടോലൂച്ചിയുടെ The last Emperror, The Ballad of Narayana, സത്യജിത് റായിയുടെ പഥേർ പാഞ്ചാലി ചാർളി ചാപ്ലിന്റെ The Gold rush താർക്കോവിസ്കിയുടെ നൊസ്റ്റാൾജിയ, കുറസോവയുടെ റാഷാമൊൺ തുടങ്ങിയ സിനിമകൾ എന്നെ ആകർഷിപ്പിച്ചിട്ടുണ്ട്.

ചോദ്യം: മലയാളനിരൂപണസാഹിത്യത്തിലെ ആധുനിക കാലഘട്ടം(New Criticism) തുടങ്ങുന്നത് കെ.പി.അപ്പനിലാണ്. പിന്നീട് വി.രാജകൃഷ്ണനും ഉഷാ മേനോനും നരേന്ദ്രപ്രസാദും രംഗത്തുവന്നു. കെ.പി.അപ്പൻ നവഭാവുകത്വം സൃഷ്ടിച്ച നിരൂപകനെന്ന് താങ്കൾ കരുതുന്നുണ്ടോ?

കെ.പി അപ്പൻ വിമർശനകലയിൽ സൗന്ദര്യം സൃഷ്ടിച്ചില്ലെങ്കിൽ പിന്നെ ആരാണു ഇത്? അപ്പന്റെ ഭാഷയിൽ സൗന്ദര്യമില്ലേ? ഏത് സാഹിത്യകൃതിയെക്കുറിച്ച് അപ്പൻ എഴുതിയപ്പോഴും അതിൽ ഒരു നവീനമായ സമീപനം പ്രകടമായിരുന്നു.അപ്പനെ മനസിലാക്കാൻ ഇന്നത്തെ യുവവിമർശകർക്ക് കഴിയാത്തതിനും കാരണം അവർ ചെന്നുപെട്ടിരിക്കുന്ന സ്കൂൾ അത്തരത്തിലുള്ളതാണ്. അപ്പന്റെ 'തിരസ്കാരം' , 'മാറുന്ന മലയാള നോവൽ' തുടങ്ങിയ കൃതി


അരവിന്ദൻ-ജോൺഏബ്രഹാം



ഷീല-ശാരദ


മമ്മൂട്ടി-മോഹൻലാൽ


സത്യൻ-പ്രേംനസീർ


കമലാഹാസൻ-രജനീകാന്ത്



ശിവാജി ഗണേശൻ-എം.ജി.ആർ
ഡോക്ടർ രാജ്കുമാർ



അടൂർ



എൻ.ടി.ആർ



പി.ഭാസ്കരൻ



കെ.എസ്.സേതുമാധവൻ



ഭരതൻ



സത്യജിത് റായ്

കൾ വായിക്കാത്ത വിദ്വാന്മാർ പറയുന്നത് കേൾക്കരുത്.

ഹിമാലയത്തെ കുന്നാക്കി ഇടിച്ചു നിരത്താൻ കഴിവുള്ളവർ മലയാള സാഹിത്യത്തിലുണ്ട്. ഇവർ തീഹാർ ജയിൽ വേണമെങ്കിൽ വെട്ടിപ്പൊളിക്കും.

ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തെക്കുറിച്ച് 1984 ൽ ഞാനാണ് ആദ്യമായി ഒരു പുസ്തകമെഴുതിയത്. 'ആത്മായനങ്ങളുടെ ഖസാക്ക്'. എന്നാൽ ഞാൻ ◁അങ്ങനെയൊരു പുസ്തകമേ എഴുതിയിട്ടില്ല എന്ന് സ്ഥാപിക്കാനാണ് ചില ആഴ്ചപ്പതിപ്പുകളും മറ്റും ശ്രമിക്കുന്നത്. ഇത്രയും വലിയ ആത്മവഞ്ചന ചെയ്യുന്നവർ സാഹിത്യമെഴുതിയാൽ എങ്ങനെയിരിക്കും?

▷ ആധുനിക നിരൂപകർ ഒ.വി. വിജയനും,ആനന്ദിനും, കാക്കനാടനും,പുനത്തിലിനും,സക്കറിയായ്ക്കും,സേതുവിനും പഠനങ്ങൾ എഴുതിയിട്ടുണ്ട്. എം.ടിയും,പട്ടത്തുവിളയും,അയ്യപ്പപണിക്കരും,ചുള്ളിക്കാടും ഇവരുടെ പഠനങ്ങളിൽ വന്നിട്ടുണ്ട്. പക്ഷേ എൻ.വി, ഒ.എൻ.വി, പി.ഭാസ്കരൻ,ആർ.രാമചന്ദ്രൻ തുടങ്ങിയ കവികളേയും സി. രാധാകൃഷ്ണൻ,പി.വത്സല തുടങ്ങിയ നോവലിസ്റ്റുകളെയും ഇവർ പഠിക്കാൻ തയ്യാറായില്ല. ആധുനിക നിരൂപണം അസ്തിത്വദുഃഖവും,അന്യതാബോധവും,അപമാനവികരണവും മാത്രം ചർച്ചചെയ്തു എന്ന ആരോപണം വ്യാപകമായിട്ടുണ്ട്. താങ്കൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?

◁ ആധുനിക വിമർശകർ എന്ന വിളിപ്പേരിൽ തന്നെ അവരുടെ അഭിരുചിയും സൗന്ദര്യസമീപനങ്ങളും അടങ്ങിയിട്ടുണ്ട്. ഇത് സൗന്ദര്യാത്മകമായ താത്പര്യങ്ങളുടെ പ്രശ്നമാണ്. പ്രശസ്തിയുള്ളവരെക്കുറിച്ചെല്ലാം എഴുതാൻ എനിക്കാവില്ലല്ലോ. അസ്തിത്വദുഃഖം എന്നൊരു സംഗതിയുണ്ട്. അതറിയാൻ അസ്തിത്വം എന്താണെന്ന് മനസിലാക്കണം.

▷ ആധുനിക നിരൂപകരുടെ ഭാഷ താങ്കൾ ഉൾപ്പടെ വളരെ obscure ആണെന്നും അത് വായനക്കാരെ അമ്പരപ്പിക്കുന്നുവെന്നും പൊതുവെ ക്ലാസ്സ്മുറികളിൽ മലയാളം പഠിപ്പിക്കുന്ന അധ്യാപകർ പറയുന്നു.ഇതിൽ വാസ്തവമുണ്ടോ?

◁ മലയാളം പഠിപ്പിക്കുന്നവർക്ക് സൗന്ദര്യശിക്ഷണം കിട്ടിയിട്ടുള്ളത് അവരുടെ അദ്ധ്യാപകരിൽ നിന്നാണ്. ഞാൻ ആ അദ്ധ്യാപകരെ തന്നെ നിരാകരിച്ചുകൊണ്ടാണ് സ്വന്തം കല സൃഷ്ടിച്ചത്. അറിയാത്ത കാര്യങ്ങൾ പഠിക്കാനുള്ള വിനീതമായ മനസ്സില്ലാത്തവർ എല്ലാത്തിലും ദോഷം കാണും. അവരെ മാറ്റണമെങ്കിൽ അവർ തന്നെ വിചാരിക്കണം.


▷ 'ആൾക്കൂട്ടം' ,'അഭയാർത്ഥികൾ', 'മരുഭൂമികൾ ഉണ്ടാകുന്നത്' തുടങ്ങിയ ആനന്ദിന്റെ കൃതികൾ ഉപന്യാസസമാനമാണെന്ന് എം.കൃഷ്ണൻ നായർ പറയുന്നത് ശരിയാണോ?

◁ ആൾക്കൂട്ടം മഹത്തായ ഒരു കൃതിയാണ്. അതിൽ ഇന്ത്യൻ യുവതയെ കാണാം. അസ്തിത്വം എന്ന പ്രഹേളികയാണ് അത് അനാവരണം ചെയ്യുന്നത്. 'ആൾക്കൂട്ട 'ത്തിന് തുല്യമായ ഒരു നോവൽ വേറെയില്ല.

▷ എം.മുകുന്ദൻ പലപ്പോഴും ആധുനികതയുടെ കിങ്മേക്കർ ആയി മലയാളത്തിൽ പ്രത്യക്ഷപ്പെടുന്നു. എമ്പതുകളിൽ അദ്ദേഹമെഴുതിയ 'എന്താണ് ആധുനികത' ഒരു സൂപ്പർഫിഷൻ ഉപന്യാസമായിരുന്നില്ലേ?



ചാർളി ചാപ്ലിൻ



താർക്കോവിസ്കി




കുറസോവ



വി.രാജകൃഷ്ണൻ





നരേന്ദ്രപ്രസാദ്



ഒ.വി.വിജയൻ


കാക്കനാടൻ


പുനത്തിൽ


സക്കറിയ


സേതു


എം.ടി


പട്ടത്തുവിള

◁ എം.മുകുന്ദൻ വല്ലാതെ പ്രതീക്ഷ നൽകിയെങ്കിലും അദ്ദേഹം ഇപ്പോൾ ഒരു ഉടഞ്ഞ വിഗ്രഹമാണ്. തനിക്ക് മാത്രം നന്നായാൽ മതി എന്ന നിലപാടാണ് അദ്ദേഹത്തെ തകർത്തത്. 'എന്താണ് ആധുനികത' എന്ന കൃതി വളരെ ഉപരിപ്ലവമാണ്.

▷ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന കൃതി മാറ്റിനിർത്തിയാൽ എം.മുകുന്ദന്റെ കൃതികൾ ആഴംകുറഞ്ഞ (Superfieial) നോവലുകളല്ലേ?

◁ എം.മുകുന്ദന്റെ മയ്യഴിയും മറ്റും നോവൽ എന്ന കലയ്ക്ക് ഒന്നുംതന്നെ സംഭാവന ചെയ്യുന്നില്ല. ഒരു റീഡബിൾ നോവൽ അത്രമാത്രം. അസ്തിത്വത്തിന്റെ സങ്കീർണതയോ ദാർശനികതയോ മുകുന്ദന്റെ കൃതികളിലില്ല.

▷ ആധുനികരിൽ സേതു അസ്തിത്വദുഃഖവും മാജിക്കൽ റിയലിസവും സോഷ്യലിസ്റ്റ് റിയലിസവും റിയലിസവും പരീക്ഷിച്ചുകൊണ്ടിരിക്കുന്നു.സേതുവിന്റെ 'പാണ്ഡവപുരം' മാറ്റി നിർത്തിയാൽ മറ്റ് നോവലുകൾ ശരാശരി നിലവാരമുള്ളതല്ലേ?

◁ സേതുവിന്റെ കൃതികളിൽ ഇനിയും അസ്വസ്ഥനായ ഒരു കലാകാരനെ എനിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള യാഥാർത്ഥ്യത്തെ അട്ടിമറിക്കാൻ എഴുത്തുകാരൻ പുതിയ യാഥാർത്ഥ്യം കണ്ടുപിടിക്കണം.

▷ പുനത്തിൽ മികച്ച പ്രതിഭയാണെന്ന് താങ്കൾ പലപ്പോഴും എഴുതിയിട്ടുണ്ട്. 'സ്മാരകശിലകൾ' 'മരുന്ന്' തുടങ്ങിയ നോവലുകളും നല്ല കഥകളും, കുഞ്ഞബ്ദുള്ള എഴുതിയിട്ടുണ്ട്. മറ്റ് ആധുനികരിൽ നിന്ന് പുനത്തിലിന് എന്ത് വ്യത്യാസമാണുള്ളത്?


◁ പുനത്തിൽ ആന്തരികമായ അസ്വസ്ഥതകൊണ്ടാണ് എഴുതിയത്. ഈ ആത്മീയമായ അനാഥത്വം അദ്ദേഹത്തെ വളരെ ഉയർന്ന തലത്തിൽ എത്തിക്കുന്നു. 'മരുന്ന്' ഇത് വ്യക്തമാക്കുന്നുണ്ട്.

▷ വിഷ്ണുനാരായണൻ നമ്പൂതിരി, അയ്യപ്പ പണിക്കർ,സച്ചിദാനന്ദൻ തുടങ്ങിയവരുടെ കവിതകൾ അതീവ ദുർഗ്രഹമാണെന്നും അത് വായനക്കാരിലേക്ക് വികാരം കൺവേ ചെയ്യുന്നില്ല എന്നും പറയപ്പെടുന്നു. ഇതിൽ അൽപം സത്യമില്ലേ?

◁ ഇവരുടെ കവിതകൾ ദുർഗ്രഹമാണെന്ന് എനിക്ക് അഭിപ്രായമില്ല. നവീനകവിത വായിച്ച് ആസ്വദിക്കാനുള്ള വാസന സൃഷ്ടിച്ചെടുക്കണം.

▷ ഒ.എൻ.വി,പി.ഭാസ്കരൻ,വയലാർ ഇവരിൽ താങ്കൾ ആരെയാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്? ഒ.എൻ.വി കിട്ടാവുന്ന അവാർഡുകൾ മുഴുവൻ വാരികൂട്ടി. സിനിമയിലും നാടകഗാനങ്ങളിലും മികച്ച ഐഡന്റിറ്റിയുണ്ടാക്കിയ പി ഭാസ്കരൻ ഒറ്റപ്പെട്ടുപോയി. ഇതുതന്നെയാണ് പി.കെ.ബാലകൃഷ്ണന്റെ കാര്യവും നിരൂപകനും ചരിത്രകാരനും നോവലിസ്ററുമായ പി.കെ.ബാലകൃഷ്ണൻ ശ്രദ്ധിക്കപ്പെടാതെ പോയി. പക്ഷേ എം.ടി സിംഹാസനങ്ങൾ പണിതു. ഇത് ഭാഗ്യമാണോ? അതോ സവർണലോബിയുടെ കളിയാണോ?

◁ പി.ഭാസ്കരൻ നല്ല കവിയായിരുന്നു. എന്നാൽ സിനിമയിൽ അദ്ദേഹം നവീന കല സൃഷ്ടിച്ചില്ല. ഇതൊരു വൈരുദ്ധ്യമായി നിൽക്കുകയാണ്. വയലാറിൽ ഒരു നൂതന ലോകത്തിന്റെ വിശ്വപൗരന്റെ വക്താവുണ്ട്. "മാറുക ദൂരേക്ക് മാറാലയും കൊണ്ട് " എന്ന് അദ്ദേഹം എഴുതിയല്ലോ. ഒ.എൻ.വി കവിതയെ ജനങ്ങളോട് അടുപ്പിച്ച കവിയാണ്.



അയ്യപ്പപണിക്കർ



ചുള്ളിക്കാട്


എൻ.വി


ഒ.എൻ.വി


പി.വത്സല


സി.രാധാകൃഷ്ണൻ


ആർ.രാമചന്ദ്രൻ


എം.മുകുന്ദൻ


വിഷ്ണുനാരായണൻ നമ്പൂതിരി


വയലാർ


സച്ചിദാനന്ദൻ


പി.കെ.ബാലകൃഷ്ണൻ

▶ സാഹിത്യമോഷണം എപ്പോഴും വിശ്വസാഹിത്യത്തിൽ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് വിശ്വവിഖ്യാതമായ കൃതികളിൽ ഒന്നാണല്ലോ ഗോയ്ഥേയുടെ Faust ഈ കൃതി ഷെയ്ക്സ്പിയറുടെ സമകാലീനനായിരുന്ന ക്രിസ്റ്റഫർ മാർലോയുടെ Faust പുതിയ ഭാവത്തിലും രൂപത്തിലും അവ തരിപ്പിച്ചതാണ്. പക്ഷേ അത് മോഷണമെന്ന് എങ്ങിനെ പറയും? കസാൻ ദ് സാക്കീസ് 'ഒഡിസ്സി' അദ്ദേഹത്തിന്റെ രീതിയിൽ മാറ്റി എഴുതി 'Oddyssey Modern Sequel' എന്ന വിഖ്യാതമായ ഈ കൃതി പഴയ ഒഡിസ്സിയെക്കാൾ മനോഹരമാണെന്ന് എം.കൃഷ്ണൻനായർ എഴുതിയിരുന്നു. ഒരു കൃതിയുടെ തീമെടുത്ത് മറ്റൊരു കൃതി നിർമിച്ചാൽ അത് മോഷണമാകുമോ? പദങ്ങളും വാചകങ്ങളും അതേപടി പകർത്തലല്ലേ മോഷണം.

◁ വായിച്ചതെല്ലാം ഒരാളുടെ അനുഭവമാണ്. ജീവിതാനുഭവം പോലെ തന്നെ വായനാനുഭവവും പ്രധാനമാണ്. ഷേക്സ്പിയർ കൃതികളെ ആസ്പദമാക്കി ഇരുന്നൂറ്റി അറുപത് സിനിമകൾ ഉണ്ടായി. ഹാംലെറ്റിനെക്കുറിച്ചുമാത്രം അറുപത്തിയൊന്ന് സിനിമകൾ ഉണ്ടായി. എഴുതപ്പെട്ട കൃതികളിൽ നിന്ന് നമ്മൾ പുതിയ സാഹിത്യമുണ്ടാക്കണം. ഇതാണ് Meta fisction. കാളിദാസൻ മഹാഭാരതം വായിച്ചതുകൊണ്ടാണ് ശാകുന്തളം ഉണ്ടായത്.

▶ കമിറ്റ്മെന്റ് സാഹിത്യം വിപ്ളവസാഹിത്യം പ്രതിജ്ഞാബദ്ധസാഹിത്യം തൊഴിലാളിവർഗ്ഗ സാഹിത്യം തുടങ്ങിയ പേരുകളിൽ സാഹിത്യത്തെ വർഗ്ഗീകരിക്കുന്നതിൽ കാര്യമുണ്ടോ?

◁ കലയിൽ സൗന്ദര്യത്തിനാണ് ഒന്നാം സ്ഥാനം. മിലൻ കുന്ദേര(Milan Kundera) ഇത് വിശദീകരിച്ചിട്ടുണ്ട്. ഒരു രചനയിൽ യുദ്ധമോ സെക്സോ രാഷ്ട്രീയമോ കൊലപാതകമോ എന്തായാലും കുഴപ്പമില്ല. എന്നാൽ ഇതിനൊക്കെ രണ്ടാം സ്ഥാനമേയുള്ളു. ഒന്നാം സ്ഥാനം സൗന്ദര്യത്തിനാണ്. പിക്കാസോയുടെ ഗ്വർണിക്ക എന്ന ചിത്രം രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരതയാണ് ആവിഷ്ക്കരിക്കുന്നത്. എന്നാൽ അതിൽ ഭീതിതള്ളി നിൽക്കുന്നില്ല. ഒരു ആപ്പിൾ കടിച്ചുതിന്നുന്നതുപോലെ അത് ആസ്വദിക്കാം. പ്രതിബദ്ധത നൂറ്ശതമാനം ഉണ്ടെന്ന് വയ്ക്കുക.പക്ഷേ ടിയാന് എഴുതാൻ വിവരമില്ലെങ്കിലോ?


▶ കേരളത്തിലെ പുരോഗമന എഴുത്തുകാർക്ക് ഒരു നെരുദയെയോ ഷൊളഖോവിനെയോ സംഭാവനചെയ്യാൻ കഴിഞ്ഞില്ല. എം.ഗോവിന്ദന്റെ 'സർപ്പം'' എം സുകുമാരൻ കഥകൾ ഇവയെല്ലാം സാമൂഹ്യപ്രതിബദ്ധതയുള്ള രചനകളാണ് പക്ഷേ ഇവരെയെല്ലാം കമ്മ്യൂണിസ്റ്റ്പാർട്ടികൾ അകറ്റി നിർത്തി. കേരളത്തിൽ മികച്ച ഒരു വിപ്ലവനോവൽ ഇതുവരെയുണ്ടായോ? ലാറ്റിനമേരിക്കൻ വിപ്ലവനോവലുകളിൽ പ്രചരണാംശം കുറവാണ് ഇതൊന്നും ഇവിടെയുള്ള കമ്യൂണിസ്റ്റ് ബുദ്ധിജീവികൾ മനസ്സിലാക്കിയില്ല. താങ്കൾ മലയാളത്തിൽ വായിച്ച ഏറ്റവും മികച്ച സോഷ്യലോജിക്കൽ നോവൽ ഏതാണ്?

◁ സാമൂഹികപ്രതിബന്ധതയൊക്കെ രണ്ടാമത് പരിഗണിക്കേണ്ട വിഷയമാണ്. ഷേക്സ്പിയറുടെ പ്രതിബന്ധത എന്താണ്? വലിയ എഴുത്തുകാരനെ വിലയിരുത്തുന്നത് പ്രതിബദ്ധതയുടെ അടിസ്ഥാനത്തിലാണെന്ന് ആരെങ്കിലും പറഞ്ഞാൽ അവൻ സാമാന്യം തരക്കേടില്ലാത്ത വിഡ്ഢിയായിരിക്കും.

▶ ഇന്നത്തെ മലയാളം പഠനരീതി ശുദ്ധ അസംബന്ധം


ഗോയ്ഥേ


ഷെയ്ക്സ്പിയർ


ക്രിസ്റ്റഫർ മാർലോ


പിക്കാസോ


നെരുദ


ഷൊളഖോവ



എം.ഗോവിന്ദൻ



ഐ വി ശശി



ആഷാ മേനോൻ



എം.സുകുമാരൻ



എ.അയ്യപ്പൻ



ചങ്ങമ്പുഴ

(Absord) ആണെന്ന് ചുള്ളിക്കാട് പറഞ്ഞതിനോട് യോജിപ്പുണ്ടോ?

◁ മലയാളം ഒരു വ്യവസായമാണിന്ന്. മാധ്യമങ്ങൾക്ക് എഴുത്തുകാരെ ആവശ്യമില്ലല്ലോ. അവരാണ് ഇവിടെ എഴുത്തുകാരെ തടഞ്ഞുവയ്ക്കുന്നത്. രാഷ്ട്രീയക്കാരുടെ പ്രസ്താവനയല്ലേ അവർ കൊടുക്കൂ. ഏത് ചവറും പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ സാഹിത്യകാരന്മാരെ അകറ്റുന്നു. ഇത് മാറേണ്ട സമയമായി. ഇതോടെ നല്ല മലയാളം താനേ വരും.

▷ യു.ജി.സി മലയാളം അധ്യാപകരും അവർ ഇൻക്രിമെന്റ് കിട്ടാൻ കൂലികൊടുത്ത് എഴുതിപ്പിക്കുന്ന തീസിസുകളും പ്ലാസ്റ്റിക് മാലിന്യത്തെക്കാളും വലിയ മാലിന്യകൂമ്പാരമല്ലേ?

◁ ഇവിടെ മലയാളം പഠിച്ചിട്ട് എന്ത് ചെയ്യാനാണ്? എൺപത് വയസ്സായാലല്ലേ പത്രങ്ങൾ ഒരെഴുത്തുകാരനെ തൊടൂ. എഴുതാൻ പ്രചോദനം വേണ്ടേ? വലിയ പത്രങ്ങൾ എഴുത്തുകാരെ കണ്ടില്ലെന്ന് നടിക്കുന്നതോ ഇടിച്ചു താഴ്ത്തുന്നതോ തള്ളിക്കളയാവുന്ന വിഷയമല്ല. ഇതിന്റെ ഇഫക്റ്റ് ഭയാനകമാണ്. എഴുത്തുകാരുടെ മക്കൾ പോലും മലയാളത്തെ വെറുക്കും. അമ്പത് പുസ്തകമെഴുതിയ ഒരാൾ പത്രങ്ങൾക്ക് ഒരു പ്രസ്താവന കൊടുത്താൽ അത് പ്രസിദ്ധീകരിക്കാനുള്ള സാംസ്കാരിക വിദ്യാഭ്യാസം ഇപ്പോഴും പത്രങ്ങൾക്കില്ല. പ്രസ് അക്കാദമി തെറ്റു ചെയ്തു. പത്രങ്ങൾ നടി പ്രിയങ്ക വോട്ട് ചെയ്യുന്നതിന്റെ ഫോട്ടോ എടുക്കാനുള്ള തിരക്കിലാണ്.

▷ ഇന്നത്തെ നിരൂപകരിൽ താങ്കൾ പ്രതീക്ഷയോടെ കാണുന്നത് ആരെയാണ്?

◁ ഇന്നത്തെ വിമർശകരിൽ must read എന്ന് പറയാവുന്ന ആരെയും ഞാൻ കണ്ടിട്ടില്ല. രണ്ട് തരക്കാരാണ് ഇപ്പോഴുള്ളത്. ഒന്നാംതരം ഏതെങ്കിലും പാർട്ടിയുടെ തൊഴുത്തിൽ കയറിനിന്ന് അവരെ പേടിച്ച് അഭിപ്രായം നിയന്ത്രിച്ച് പറഞ്ഞ് കഴിയുന്നവർ. രണ്ടാംതരം ഏത് പാർട്ടിയിലും ഏത് പക്ഷത്തും ഇവരെ കാണും ഇവർക്ക് ഒന്നിനോടും വിയോജിപ്പില്ല. ഒത്തുതീർപ്പിന്റെയും നിലവാരപ്പെടലിന്റെയും ആശാന്മാർ. ഏത് ക്ഷുദ്രകൃതിയെക്കുറിച്ചും ഇവർ ദീർഘമായി ഉപന്യസിക്കും.

▷ ഇംഗ്ലീഷ് ഭാഷയുടെ അതിപ്രസരം മലയാളത്തെ ഗളഹസ്തം ചെയ്യുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

◁ ഇംഗ്ലീഷ് ഭാഷയിലെ കൃതികൾ വായിക്കണം. എങ്കിലേ ബുദ്ധിപരമായ അടിമത്തം അവസാനിക്കൂ. ഇംഗ്ലീഷ് ഒരു സ്വാതന്ത്ര്യമാണ്. തോറോ പറഞ്ഞിട്ടുണ്ട്, ലോകത്തിലെ ഏറ്റവും മികച്ച പത്രങ്ങളും പുസ്തകങ്ങളും വായിക്കണമെന്ന്.

മലയാളം രക്ഷപ്പെടാത്തത് ഇംഗ്ലീഷ് ഭാഷയുടെ ദോഷം കാരണമല്ല. നമ്മുടെ എഴുത്തുകാരുടെ പക്ഷപാതം മൂലമാണ്. എന്റെ 'നവാദ്വൈതം', 'തനിമനസ്' തുടങ്ങിയ സിദ്ധാന്തങ്ങളെ ഓർക്കുമല്ലോ. മലയാള ചരിത്രത്തിൽ ആദ്യമായാണ് ഒരു സിദ്ധാന്തമുണ്ടാകുന്നത്. എന്നാൽ ചില പത്രാധിപന്മാർ അതിനെ ചവിട്ടിത്താഴ്ത്താൻ നോക്കുകയാണ്. ഇതല്ലേ മലയാളത്തിനു തടസ്സമായിട്ടുള്ളത്?

▷ ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ എഴുത്തുകാർക്ക് വിലക്കുകൾ ഉണ്ടോ?

◁ എഴുത്തുകാരെ വിലക്കിയതായി അറിയില്ല. സർക്കാർ അത് ചെയ്യാൻ സാധ്യതയില്ല. എഴുത്തുകാർക്ക് മതവികാരം വ്രണപ്പെടുത്താനുള്ള സ്വാതന്ത്ര്യം ആരും കൊടുത്തിട്ടില്ല.

▷ എന്താണ് സാഹിത്യം?

◁ സാഹിത്യമല്ലാത്തതായി യാതൊന്നും ഈ പ്രപഞ്ചത്തിലില്ല. വണ്ട് മൂളുന്നതു പോലും സാഹിത്യമാണ്. ആ മൂളലിന്റെ വൈയ്യക്തികമായ അനുഭൂതി ഒരാൾ ആഖ്യാനത്തിലേക്ക് കൊണ്ടു വരുന്നതോടെ അത് സാഹിത്യമായി. സംഗീതവും സാഹിത്യമാണ്. ശബ്ദം ഒരാഖ്യാനമാണ് ആ ആഖ്യാനത്തെ അനുധാവനം ചെയ്ത് അറിയപ്പെടാത്ത അസ്തിത്വത്തെ കണ്ടെത്തുമ്പോൾ അത് സാഹിത്യമാവുന്നു. അസ്തിത്വം നമുക്ക് അജ്ഞാതമാണ്. അതിന്റെ ഒരു കണമെങ്കിലും ആരായുമ്പോഴാണ് രചനാത്മകമായ ഒരു ഉദ്യമം അർത്ഥവത്താകുന്നത്.

▷ ആധുനിക കാലഘട്ടത്തിൽ താങ്കളെ പ്രചോദിപ്പിച്ച മലയാളകവി ആരാണ്?

◁ അത് എ.അയ്യപ്പനാണ്. അയ്യപ്പനെ എനിക്ക് മിസ് ചെയ്തു. ഞാൻ ആ കവിതകൾ വീണ്ടും വീണ്ടും വായിച്ചു ഞെട്ടിപ്പോയി. അപാരമായ എഡിറ്റിംഗും ഡിസൈനിംഗും ഈണവും കൊണ്ട് നിറഞ്ഞ കവിതകൾ. ചങ്ങമ്പുഴയ്ക്ക് ശേഷം വന്ന പ്രവാചക കവിയാണദ്ദേഹം. അദ്ദേഹം കവിതയെ സമൂലമായി നവീകരിച്ചു.

*ഫോ: 8943226545/9995312097* ●

## കോടതിക്ക് ഒരു ജനതയുടെ വിശ്വാസത്തെ തീരുമാനിക്കാൻ കഴിയില്ല: പാത്രിയർക്കീസ് ബാവ

കോടതിക്ക് ഒരു ജനതയുടെ വിശ്വാസത്തെ തീരുമാനിക്കാൻ കഴിയില്ലെന്ന് ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമമേലധ്യക്ഷനായ അന്ത്യോഖ്യയിലെ ഇഗ്നാക്കിയോസ് ബാവ പറഞ്ഞു. മഞ്ഞിനിക്കരയിൽ പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ബാവ. ജനങ്ങളുടെ വിശ്വാസത്തിന്റെ ആഴം അളക്കാൻ ജഡ്ജിമാർക്ക് കഴിയില്ല.

രാജ്യത്തിന്റെ നിയമത്തെയും നിയമസംവിധാനത്തെയും ബഹുമാനിക്കുമ്പോൾ ഞങ്ങളാണ് എവിടെ വിശ്വസിക്കണമെന്ന് തീരുമാനിക്കേണ്ടത്. അത് ആർക്കും വിട്ടുനൽകില്ല. അടിയറവ് പറയുകയുമില്ല. നമുക്ക് ആരോടാണ് വിധേയത്വമെന്ന് തീരുമാനിക്കേണ്ടത് നമ്മളാണ്. അത് അടിച്ചേൽപ്പിക്കരുത്.

കട്ടച്ചിറ പള്ളിയിലെ ആക്രമണത്തെ കുറിച്ച് പറഞ്ഞ് അദ്ദേഹം വികാരാധീനനായി. മാതാവിന്റെ നാമത്തിലുള്ള ഒരു പള്ളി ആക്രമിച്ച വാർത്ത ഞെട്ടലോടെയാണ് കേട്ടത്. ദൈവത്തിന്റെ ആലയത്തെ തകർക്കാൻ ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് എങ്ങനെ കഴിയും. അവർക്ക് സൽബുദ്ധിക്കായി പ്രാർത്ഥിക്കാം.

പള്ളികൾ തകർത്ത് വിശ്വാസത്തെ അടിയറവ് പറയിക്കാമെന്ന് ആരും കരുതണ്ട. ഏതെങ്കിലും പള്ളിയോ ,സ്ഥാപനമോ നഷ്ടപ്പെട്ടാൽ വീണ്ടും പുതിയവ അവിടെ നിർമിച്ച് വിശ്വാസം സംരക്ഷിക്കും.



ഒരു വിശ്വാസിയെങ്കിലും അന്ത്യോഖ്യാ സിംഹാസനത്തിനു കീഴിലുണ്ടെങ്കിലും അവർക്കൊപ്പം അന്ത്യോഖ്യാ സിംഹാസനം ഉണ്ടാവും.

ഇതു തന്നെയല്ലെ ശബരിമല പ്രശ്നമുണ്ടായപ്പോൾ അയ്യപ്പഭക്തന്മാർ വിളിച്ചു പറഞ്ഞത്. അന്ന് എന്തേ ഇവരാരും അവരോട് കൂടുകയോ അനുകൂല നിലപാട് എടുക്കുകയോ ചെയ്യാതിരുന്നത്. ഒരു ജനതയുടെ വിശ്വാസത്തെ കോടതിക്ക് തീരുമാനിക്കാനാകുമെന്ന് വരുത്തി തീർക്കാനുള്ള വ്യഗ്രതയായിരുന്നല്ലോ ലോകസഭാ തെരഞ്ഞെടുപ്പിൽ ഏറ്റ കനത്ത പരാജയത്തിന്റെ കാരണം. നിയമം നടപ്പാക്കുന്നതിൽ പക്ഷഭേദം ഇല്ല എന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്നതാണ് ജനാധിപത്യം. അതിൽ പരാജയപ്പെടുന്നത് ഇതുപോലെയുള്ള വൻപരാജയങ്ങൾക്ക് കാരണമാകുന്നു.

ബി.സി.പ്രസന്നപുരി

## ആദരാഞ്ജലികൾ



കവിമൊഴി മാസികയുടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്ന അയിരൂർ സുകുമാരൻ നായർ അന്തരിച്ചു. ആത്മീയ പുസ്തകങ്ങളുടെ രചയിതാവ് എന്ന നിലയിൽ പ്രശസ്തനായിരുന്ന അദ്ദേഹം ധാരാളം കവിതകളുടെയും വഞ്ചിപ്പാട്ടിന്റെയും രചയിതാവായിരുന്നു. അയിരൂർ സുകുമാരൻ നായരുടെ നിര്യാണത്തിൽ കവിമൊഴിയുടെ ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു.

● ലേഖനം ●



ഡോ. എം.ആർ. തമ്പാൻ

# പൂജാനിലയം ശശി എന്റെ സ്മരണയിൽ

**സാം**സ്കാരിക പ്രവർത്തകൻ, സാഹിത്യകാരൻ, അദ്ധ്യാപകൻ, പത്രാധിപർ എന്നിങ്ങനെ വിവിധ നിലകളിൽ തലസ്ഥാന നഗരിയിലെ നിറ സാന്നിദ്ധ്യമായിരുന്ന പൂജാനിലയം ശശി നമ്മെ വിട്ടുപിരിഞ്ഞിട്ട് മേയ് 19 ന് പത്ത് വർഷം തികയുന്നു.

സഹൃദയവേദിയുടെ സാരഥി എന്ന നിലയിലാണ് ശശിയും ഞാനുമായി കൂടുതൽ അടുത്തത്. സഹൃദയവേദിയുടെ സ്ഥാപക പ്രസിഡന്റായിരുന്ന പ്രൊഫ. പി.എസ്. അച്യുതൻപിള്ളയുടെ അദ്ധ്യക്ഷതയിൽ ട്രിവാൻഡ്രം ഹോട്ടൽ ഹാളിൽ സാംസ്കാരിക യോഗങ്ങൾ കൂടിയിരുന്നത് ഇന്നും ഓർക്കുന്നു. തുടർന്ന് പാച്ചല്ലൂർ രാജാരാമൻനായരുടെ അദ്ധ്യക്ഷതയിൽ ശശിയും ഉഷയും കൂടി തീർത്ഥപാദമണ്ഡപത്തിൽ സംഘടിപ്പിച്ച എത്രയെത്ര മീറ്റിംഗുകളിലാണ് ഞാൻ പങ്കെടുത്തിട്ടുള്ളത്.

ഇന്നലെകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ മറക്കാത്ത സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ തെളിമയോടെ മനസ്സിലുള്ള ചിത്രമാണ് ശശിയുടേത്. ശശിയെക്കുറിച്ച് ആലോചിക്കുമ്പോൾ വേർപാടിന്റെ വേദനയെക്കാൾ മുന്നിട്ടുനിൽക്കുന്നത് മറ്റൊരു കാര്യമാണ്. അർഹതയ്ക്കുള്ള അംഗീകാരമോ കഴിവുകൾക്കനുസരിച്ചുള്ള സ്ഥാനമാനങ്ങളോ നിർഭാഗ്യവശാൽ ശശിയ്ക്ക് കിട്ടിയിരുന്നില്ല. അതിന്റെ കാരണങ്ങളെക്കുറിച്ച് ആലോചിക്കുന്നതിൽ വലിയ പ്രസക്തി ഇല്ലെന്നറിയാം. ഒരു വ്യക്തിയുടെ ഉയർച്ചയ്ക്കും താഴ്ച്ചക്കും കാരണം അതാത് വ്യക്തികൾ തന്നെയാണ്. നാലര ദശാബ്ദങ്ങൾക്കു മുമ്പ് എം.എ. ബിരുദമെടുത്ത ശശിയ്ക്ക് സർക്കാർ തലത്തിലോ അക്കാദമിക തലത്തിലോ നല്ലൊരു ഉദ്യോഗം കിട്ടാൻ സാദ്ധ്യതയുണ്ടായിരുന്നു. എന്നാൽ അതിനൊന്നും ശ്രമിക്കാതെ സ്വതന്ത്രചിന്തകനും സ്വാതന്ത്ര്യകാംക്ഷിയുമായ ശശി ട്യൂട്ടോറിൽകോളേജ് അദ്ധ്യാപകനാവുകയാണ് ചെയ്തത്. വിക്ടറി കോളേജിലെ വൈസ് പ്രിൻസിപ്പലായിരുന്ന ശശി നല്ലൊരു അദ്ധ്യാപകനായിരുന്നു. എന്നാൽ അദ്ധ്യാപനവൃത്തിയിൽ ഉറച്ചു നിൽക്കാതെ സോവിയറ്റ് എംബസി പ്രസിദ്ധീകരണ വിഭാഗത്തിന്റെ മേധാവിയായി.



എംബസിയ്ക്കുവേണ്ടി മലയാളത്തിൽ ലഘുലേഖകൾ വിവർത്തനം ചെയ്യുന്ന ജോലി അദ്ദേഹം സ്തുത്യർഹമായി നിർവ്വഹിച്ചു. എന്നാൽ ഈ മേഖലയിലും കൂടുതൽ തുടർന്നില്ല. മദ്രാസിലെത്തി 'മിത്രകൈരളി' എന്ന മലയാളം പത്രത്തിന്റെ എഡിറ്ററെന്ന നിലയിലായി തുടർന്നുള്ള പ്രവർത്തനം.

പ്രശസ്ത ഹാസ്യസാമ്രാട്ടായിരുന്ന അടൂർഭാസി, എം.എം.ഹസ്സൻ, വഴുതക്കാട് നരേന്ദ്രൻ എന്നിവരുമൊത്ത് ഒരു കലാസമിതി ശശി രൂപീകരിക്കുകയും ഇതിന്റെ ആഭിമുഖ്യത്തിൽ നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കലാപ്രവർത്തനങ്ങളിൽ ശശിയുടെ സഹപ്രവർത്തകനായിരുന്ന എം.എം. ഹസ്സൻ പറഞ്ഞാണ് ഞാനീ വിവരങ്ങൾ അറിഞ്ഞത്.

പത്രപ്രവർത്തനത്തിലായിരുന്നു ശശിയുടെ അഭിരുചിയും താല്പര്യവും. പക്ഷെ ഒരു പത്രത്തിലോ ഒരു പ്രവർത്തനമേഖലയിലോ ശശി ഉറച്ചുനിന്നതായി കാണുന്നില്ല. തൊഴിലാളിശബ്ദം, തനിനിറം, കലാനിലയം, കേരളപത്രിക, ചിത്രദേശം, പ്രഭാതവാർത്ത, തെക്കൻ വാർത്ത എന്നിങ്ങനെ നിരവധി പത്രങ്ങളിൽ എഡിറ്ററായി ശശി പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ ശശിയും ഉഷയും കൂടി ആരംഭിച്ചതും പില്ക്കാലത്ത് ഡോ. ഷാജിപ്രഭാകരൻ ചീഫ് എഡിറ്ററായതുമായ 'ആർത്തേക്'ലാണ് അന്ത്യം വരെയും ശശി ഉറച്ചുനിന്നത്. തന്റെ രണ്ടു മക്കളെപ്പോലെ ആർത്തേക്-

നെയും സഹൃദയവേദി എന്ന സംഘടനയെയും ശശി പരിപാലിച്ചുപോന്നു.

മൺമറഞ്ഞ സാഹിത്യ സാംസ്കാരിക നായകന്മാരെ അവരുടെ വീട്ടുകാർ പോലും മറന്നപ്പോഴും അവർക്കുവേണ്ടി അനുസ്മരണങ്ങൾ നടത്തുവാനും അവരുടെ പേരിൽ പുരസ്കാരങ്ങൾ നൽകുന്നതിലും മുന്നോട്ടുവന്നത് ശശിയാണെന്നുള്ള വസ്തുത തലസ്ഥാനത്തെ സാംസ്കാരികപ്രവർത്തകർ ഒരിക്കലും മറക്കുകയില്ല.

ബഹുമുഖപ്രതിഭയായ ശശി രാഷ്ട്രീയരംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. പാർട്ടികൾ മാറിയതുകൊണ്ടാണോ രാഷ്ട്രീയരംഗത്ത് സ്ഥായിയായി നിൽക്കാത്തതുകൊണ്ടാണോ എന്തെന്നറിയില്ല ഈ രംഗത്തും ശശിയ്ക്ക് അർഹിക്കുന്ന അംഗീകാരമുണ്ടായില്ല. അവസാന കാലഘട്ടത്തിൽ 'ആർത്തേക്'ും സഹൃദയവേദിയുമായിരുന്നു ശശിയുടെ അഭയകേന്ദ്രം. 2007-ൽ പ്രമേഹരോഗം അതിന്റെ മൂർദ്ധന്യത്തിലെത്തി മെഡിക്കൽകോളേജിൽ പ്രവേശിച്ചപ്പോൾ രക്ഷപ്പെടുമെന്ന് ഡോക്ടർമാർക്കുപോലും പ്രതീക്ഷയില്ലായിരുന്നു. എന്നാൽ ഈശ്വരാനുഗ്രഹത്താൽ അദ്ദേഹം സുഖം പ്രാപിച്ചു. തുടർന്നുള്ള രണ്ടുവർഷം ജീവിച്ചിരിക്കാൻ മരുന്നുകളെക്കാൾ സഹായകരമായത് തീർത്ഥപാദമണ്ഡപത്തിലെ ശശി സംഘടിപ്പിച്ച സാംസ്കാരിക യോഗങ്ങളും രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിച്ചിരുന്ന സഹൃദവേദിയുടെ മുഖപത്രമായിരുന്ന 'ആർത്തേക്'ും ആയിരുന്നു. ശശിയുടെ ഏറ്റവും



2019 മെയ് 17 ന് തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിൽ പൂജാനിലയം ശശിയുടെ പത്താം ചരമവാർഷികം ആചരിച്ചു. ബഹു.ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫസർ ഡോ.ഷാജി പ്രഭാകരൻ,അഡ്വ. കെ.അയ്യപ്പൻപിള്ള,പ്രൊഫസർ ജി.എൻ പണിക്കർ ഡോ. എം.ആർ തമ്പാൻ,ഡോ. റ്റി.പി ശങ്കരൻകുട്ടി നായർ,കാട്ടാക്കട ശശി, കെ.രാമൻപിള്ള, ഡോ. കെ.ഓമനക്കുട്ടി,മുതുകുളം സുകുമാരൻ,വിശ്വമംഗലം സുന്ദരേശൻ,അഡ്വ.യൂനൂസ് കുഞ്ഞ്,ഡോ.പ്രസന്നമണി, കാര്യവട്ടം ശ്രീകണ്ഠൻ നായർ, സന്നിഹിതരായിരുന്നു.

വലിയ സ്മാരകം 'സഹൃദയവേദി'യും ആർത്തേകും ആണ്. അവ സജീവമായി നിലനിറുത്താൻ ശശിയെ സ്നേഹിക്കുന്ന പൂവച്ചൽ ഉഷ, ഡോക്ടർ ഷാജി പ്രഭാകരൻ,അഡ്വ.കൊണ്ണിയൂർ എസ് ഹരിചന്ദ്രൻ തുടങ്ങിയവർ നടത്തുന്ന പ്രവർത്തനം പ്രശംസനീയമാണ്.

സാഹിത്യസംവാദങ്ങൾ,ചർച്ചാക്ലാസുകൾ,മാധ്യമപുരസ്കാരങ്ങൾ,വേദാന്തപഠനം തുടങ്ങി കലാസാഹിത്യ മേഖലകളിൽ സഹൃദയവേദിയും ആർത്തേക് ദ്വൈവാരികയും ഇന്നും സജീവ സാന്നിദ്ധ്യമാണ്.

2019 മെയ് 17 വെള്ളിയാഴ്ച്ച പ്രസ് ക്ലബ് ഹാളിൽ പൂജാനിലയം ശശിയുടെ 10-ാം ചരമവാർഷികം ആചരിക്കുന്ന വേളയിൽ ടൂറിസം വകുപ്പ് മന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ പൂജാനിലയം ശശിയുടെ പേരിലുള്ള മാധ്യമ പുരസ്കാരം കോട്ടയത്തുനിന്നും പതിനെട്ട് വർഷമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന കവിമൊഴി മാസികയ്ക്ക് നൽകിയിരുന്നു.



● കവിത ●




സനു മാവടി

# പിരിഞ്ഞവർ

**മൗ**നത്തിന്റെ
പർവ്വതശിഖരങ്ങളിൽ നിന്നും
ശൂന്യതയുടെ അനന്തമായ
നീലിമയിലേക്ക് ഞാൻ
വലിച്ചെറിയപ്പെട്ടിരിയ്ക്കുന്നു
ആറിത്തണുത്ത
നിശ്വാസങ്ങളുടെ
ആഴമില്ലായ്മകളിൽ
ഉപേക്ഷിക്കപ്പെട്ടവളുടെ
അതിജീവനത്തിന്റെ
കടലാസ് പൂക്കൾക്ക്
നിറം വച്ചു തുടങ്ങിയിരിയ്ക്കുന്നു
മുഷിഞ്ഞു നാറിയ
വീണ്ടുവിചാരത്തിന്റെ
ഭാണ്ഡം പേറിയ യാത്രയ്ക്കൊടുക്കം
കണ്ണുനീരുകൊണ്ട്
താക്കോൽപ്പഴുത്
തുടച്ചെടുക്കപ്പെട്ട
ഗേഹത്തിന് മുൻപിൽ
നാവ് മുറിച്ചിട്ട് തിരികെ നടന്നു
പരിഹാരം
ചെയ്യാനാവാത്ത വിധം
എന്റെ പാപം
വെള്ള പുതപ്പിക്കപ്പെട്ടിരിയ്ക്കുന്നു
പിരിഞ്ഞവരുടെ
കൂടിക്കാഴ്ചകൾ ശ്രദ്ധിച്ചിട്ടുണ്ടോ
നോട്ടങ്ങളിൽ അപരിചിതത്വത്തിന്റെ
മരത്തൈകൾ നട്ട്
വെള്ളമൊഴിക്കാൻ മറന്നുപോകുന്ന നിർഭാഗ്യരുടെ
താനെ മുളച്ചതും
നട്ടുമുളപ്പിച്ചതുമായ സ്വപ്നങ്ങളുടെ
വളർച്ച വിത്യാസങ്ങളിൽ
ഇടയ്ക്കെപ്പോഴോ ചുരത്താൻ മറന്ന
മാറിടങ്ങളുടെ കുറ്റസമ്മതങ്ങൾ
കുഴിച്ചുമൂടാൻ ശ്രമപ്പെടുന്നവരുടെ
അന്യോന്യം
മരണം ചാപ്പകുത്തി
ജീവിതത്തിലേയ്ക്ക്
നടന്നുപോകുന്ന പിരിഞ്ഞവരുടെ

*ഫോ: 9846586398*



● ലേഖനം ●



ധർമ്മജ് മിത്ര

# ദൈവവും ചെകുത്താനും




മനുഷ്യന് വ്യക്തമായ ഉത്തരം ലഭിക്കാതെ അവശേഷിക്കുന്ന ഒരു സംജ്ഞയാണ് ദൈവം ഉണ്ടോ ഇല്ലയോ എന്നത്. ഞാൻ ദൈവമാണ് എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ആരുംതന്നെ മുന്നോട്ട് വന്നിട്ടില്ല. എന്നാൽ ദൈവികത വച്ചുപുലർത്തി മനുഷ്യരാശിക്കുവേണ്ട ഗുണങ്ങളൊക്കെ ചെയ്തിട്ട് കടന്നുപോയ മഹാന്മാരുണ്ട് നമ്മുടെ മുന്നിൽ. അവരെ ഒരർത്ഥത്തിൽ അവതാരപുരുഷന്മാർ എന്ന് നാം വാഴ്ത്തുകയും ചെയ്തിട്ടുണ്ട്. അടുത്തതായി അരൂപിയായി നിലനിൽ ക്കുന്ന ദൈവത്തേക്കുറിച്ചുള്ള വിശ്വാസമാണ്. ദൈവം ഉണ്ടോ ഇല്ലയോ എന്ന് നമ്മളെങ്ങനെ അറിയാൻ. ദൈവം ഉണ്ടെന്ന് വന്നാൽ അതിനെ ആരാധിക്കുന്നതുകൊണ്ട് ഫലമുണ്ടായേക്കും. അഥവാ ഇല്ലെന്ന് വ ന്നാലോ ഈ വിശ്വാസം കൊണ്ട് നമുക്കൊന്നും നഷ്ടപ്പെടാനുമില്ല. അതിനാൽ നമുക്ക് വിശ്വാസികളാകാം എന്ന് പാസ്കൽ പറഞ്ഞിരിക്കുന്നു. ഇത് മനുഷ്യന് സ്വീകരിക്കാവുന്ന നല്ലൊരു അഭിപ്രായമാണ്.

ഉപനിഷത്തിൽ ദൈവത്തേക്കുറിച്ച് ഒരു പരാമർശവുമില്ല. അവിടെ ഏതൊരു ദൃശ്യാദൃശ്യരൂപത്തിനും കാരണമായതിനെ ബ്രഹ്മം എന്ന് കാണുന്നു. അതിനപ്പുറത്ത് യാതൊന്നുമില്ല. എന്നാൽ ലാവോ-സേ താവോ എന്നും ഇസ്ലാം അള്ളാ എന്നും ക്രിസ്തുമതം പിതാവ് എന്നും യഹൂദമതം യഹോവ എന്നും അരിസ്റ്റോട്ടിൽ ദി അൺമൂവ്ഡ് മൂവർ(The Unmoved mover) എന്നും ഹെഗൽ,നാടരാജഗുരു എന്നിവർ അബ്സലൂട്ട് എന്നും അദൃശ്യമായ ദൈവീകതയ്ക്ക് നാമകരണം ചെയ്തിരിക്കുന്നു. ലാവോ-സേ താവോ (ദൈവം)യെക്കുറിച്ച് പറയുന്നത് വാക്കുകൾകൊണ്ട് വർണ്ണിക്കാവുന്ന താവോ താവോ അല്ല. അതായത് വാക്കുകൾകൊണ്ട് വർണ്ണിക്കാവുന്നതല്ല താവോ എന്നർത്ഥം. എന്നിരുന്നാലും ചീനത്ത്കാർ താവോയെ വെളിപ്പെടുത്താൻ വേണ്ടി നൂറ് കണക്കിന് ഗ്രന്ഥങ്ങൾ എഴുതുകയുണ്ടായി. എന്നിട്ടും താവോയെ യഥാർത്ഥ രൂപത്തിൽ വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ബുദ്ധനും താവോയെപ്പോലെ ആ ശക്തിയെ നിർണ്ണയിക്കാൻ കഴിയൊതെ 'നേതി,നേതി' (അതല്ല അതല്ല) എന്ന് പറഞ്ഞ് പര്യവസാനിപ്പിക്കു

കയായിരുന്നു. സത്യത്തെ വാങ്മയമാക്കുവാൻ ശ്രമിക്കുമ്പോൾ അത് അസത്യപങ്കിലമാകുന്നു എന്ന് ശങ്കരാചാര്യരും പറഞ്ഞിരുന്നു. അങ്ങനെയെങ്കിൽ ബ്രഹ്മത്തെ സംബന്ധിച്ച് അനേകം ഭാഷ്യങ്ങളെഴുതിയത് എന്തിന് എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞ ഉത്തരം ഇങ്ങനെയാണ്:‘അല്ലെങ്കിൽ ഇതിനേക്കാൾ വലിയ അസത്യം മറ്റാരെങ്കിലും പറയും’.



ശ്രീബുദ്ധൻ

തത്വചിന്തകനായ കാന്റിന്റെ ദൈവസങ്കൽപം ഇങ്ങനെയാണ്. മനുഷ്യന്റെ അവാച്യവും ഉദാത്തവുമായ ഒരു അമൂർത്ത സങ്കൽപമാണ് ദൈവം. അത് യുക്തിചിന്തയുടെ സംഭാവന ആണെങ്കിലും യുക്തിചിന്ത കൊണ്ട് ദൈവമുണ്ടെന്ന് തെളിയിക്കാൻ കഴിയില്ല. ദൈവം ഉണ്ടെന്ന കാര്യത്തിൽ കാന്റിന് സംശയമില്ല. അതേസമയം ദൈവം ഉണ്ടെന്ന് സമർത്ഥിക്കുന്ന പുരോഹിതന്മാരുടെ വാദഗതികളെ കാന്റ് തള്ളിക്കളയുന്നു. ദൈവം ഉണ്ടെന്ന് സമർത്ഥിക്കലല്ല മതങ്ങൾ ചെയ്യേണ്ടതെന്നും നൈതികചിന്തയാണ് മതങ്ങളുടെ കാതലായി ഇരിക്കേണ്ടതെന്നും കാന്റ് പറയുന്നു. ഈ നൈതികതയ്ക്ക് കാറ്റഗറിക്കൽ ഇംപെരറ്റീവ് (Categorical imperative) എന്ന് കാന്റ് പറയുന്നു.

ഭാരതീയ കാഴ്ചപ്പാടിൽ ഒരു വ്യക്തി ദൈവസന്നിധിയിലേക്ക് യാത്ര ചെയ്യുന്നതിനിടയിൽ അയാളുടെ ആത്മ ബോധത്തിനനുസരിച്ച് ഒരിടത്ത് ഉറച്ചുപോയവരെ അറിയപ്പെടുന്നതിങ്ങനെയാണ്. ചാമി(മുണ്ഡികൻ), സാമി(ജഡികൻ),സ്വാമി,സിദ്ധൻ, ആചാര്യൻ, സന്യാസി,മുനി,യതി,ഗുരു,യോഗി,ഋഷി, മഹർഷി,ദേവർഷി,ഏകർഷി എന്നിങ്ങനെ വേർതിരിച്ച് കാണുന്നു. സത്യാന്വേഷണത്തിന് ഇറങ്ങിത്തിരിച്ചവർ അവരവരുടെ അറിവിനനുസരിച്ചുള്ള അവസ്ഥയിൽ എത്തിച്ചേരുന്നു എന്നല്ലാതെ സത്യാന്വേഷിയെ ദിവ്യത്വം തേടി വരുന്നതല്ല. ഇത് വ്യക്തിയുടെ അസ്തിത്വത്തിന് ആനുപാതികമായിരിക്കും. വ്യക്തികളിലെ അസ്തിത്വത്തിന്റെ അനന്യതയാണ് വ്യക്തികളെയും അവരുടെ ചിന്തകളെയും വ്യത്യസ്തവും വ്യതിരക്തവുമാക്കുന്നത്. ഒരാളുടെ ചിന്തകളാണ് അയാളുടെ ചരിത്രം.


ദൈവം നിലവിലുണ്ട് എന്ന് പറയുന്നത് അങ്ങേ അറ്റം തെറ്റാണെന്ന് ഓഷോ പറയുന്നു. ഒരു പൂവ് നിലവിലുണ്ടെന്ന് നമ്മൾ പറയുന്നു കാരണം അത് നാളെ ഇല്ലാതാകും. എന്നാൽ ദൈവം എന്നെങ്കിലും ഇല്ലാതാകുമോ അങ്ങനെ സംഭവിക്കുമെങ്കിൽ അവൻ ദൈവമല്ല. ഒരിക്കൽ നിലവിലില്ലാതിരിക്കുന്ന ഒരുവന് ഒരു അസ്തിത്വമുണ്ടെന്ന് പറയാനാകില്ല. നിങ്ങൾ നിലവിലുണ്ടെന്ന് പറയാനാകും കാരണം ഭാവിയിൽ ഇല്ലാതാകും. എന്നാൽ ദൈവം നിലവിലുണ്ടെന്ന് പറയുന്നത് ഭാഷയുടെ പിശകാണ്. കാരണം അവൻ എന്നെന്നും നിലവിലുണ്ട്. ദൈവത്തിന് അസ്തിത്വമുണ്ടെന്ന് പറയുന്നത് അങ്ങേയറ്റം തെറ്റാണ്. അത് പറയുവാനുള്ള ശരി



ശ്രീശങ്കരാചാര്യർ




പാസ്കൽ



അരിസ്റ്റോട്ടിൽ



ഹെഗൽ



കാന്റ്



ഹെർമൻ ഹെസ്സി

യായ രീതി ഇതാണ് ദൈവം അസ്തിത്വമാകുന്നു.

ദൈവത്തോടൊപ്പം എപ്പോഴും കെട്ടുപിണഞ്ഞ് കിടക്കുന്ന ഒരു അമൂർത്ത രൂപത്തിന്റെ സങ്കൽപമാണ് പിശാചിന്റേത്. പിശാച് തിന്മയെ പ്രതിനിധാനം ചെയ്യുന്നു എന്നതാണ് അതിന്റെ ദൃഷ്യവശം. ചെകുത്താനെ ഉദ്ഗ്രഥിക്കാതെ ലോകത്തിന് മോചനമില്ല,മനുഷ്യന് രക്ഷയുമില്ലെന്ന് സി.ജി. യൂങ് അഭിപ്രായപ്പെട്ടിരുന്നു. അദ്ദേഹം ചെകുത്താനെ ഉദ്ഗ്രഥിക്കാൻ ഉള്ള ഒരു വഴി പറഞ്ഞുതരുന്നുണ്ട്. അത് ചെകുത്താനെ സാംശീകരിക്കുക എന്നതാണ്. സങ്കീർണമായ ബിംബരൂപീകരണ പ്രക്രിയയിലൂടെ അത് സാധിക്കാവുന്നതാണ്. മനുഷ്യവ്യക്തിത്വ രൂപീകരണത്തിന്റെ മനഃശാസ്ത്ര പ്രക്രിയയോട് ഏതാണ്ട് തുല്യമാണിത്.



നടരാജ ഗുരു

പിശാചുക്കളെയും ചെകുത്താനെയും അറിയാതെയും അവരുമായി നിരന്തരം സമരം നടത്താതെയും മാന്യവും മഹത്വപൂർണ്ണവുമായ ഒരു ജീവിതമില്ലെന്ന് ഹെർമൻ ഹെസ്സെയും അഭിപ്രായപ്പെട്ടിരിക്കുന്നു. ചെകുത്താനെക്കുറിച്ചുള്ള ഈ രണ്ട് അഭിപ്രായങ്ങളും സൂചിപ്പിക്കുന്നത് ചെകുത്താന് സ്വതന്ത്രമായ അസ്തിത്വം ഉണ്ട് എന്നുള്ളതാണ്.

ദൈവത്തെയും ചെകുത്താനെയും കുറിച്ചുള്ള സ്വാമി വിവേകാനന്ദന്റെ അഭിപ്രായം ഇങ്ങനെയാണ്: ദ്വൈത മതങ്ങളെ സംബന്ധിച്ച് ഒന്നാമത്തെ വിഷമം നീതിമാനും കാരുണികനും അനന്തകല്യാണനിധിയുമായ ഈശ്വരന്റെ ഭരണത്തിൽ എങ്ങനെ ഈ ലോകത്തിൽ ഇത്രയേറെ ദുഃഖങ്ങളും ദോഷങ്ങളും ഉണ്ടാ കും? ഇതിന് സമാധാനമായി ഹിന്ദുക്കൾ ഒരു ചെകുത്താനെ സൃഷ്ടിച്ചിട്ടില്ല.. കുറ്റം മനുഷ്യന്റേത് തന്നെയെന്നാണ് ഹിന്ദുക്കളിൽ എല്ലാ ശാഖക്കാരും ഒരുപോലെ തീരുമാനിച്ചത്. അങ്ങനെ തീരുമാനിക്കാൻ അവർക്ക് എളുപ്പമായിരുന്നു. എന്തുകൊണ്ട്? ജീവന്മാരെ ശൂന്യത്തിൽ നിന്ന് സൃഷ്ടിച്ചുവെന്ന് അവർ വിശ്വസിക്കുന്നില്ല. നമ്മുടെ ഭാവിയെ രൂപപ്പെടുത്തുവാൻ നമുക്ക് കഴിയുമെന്ന് ഈ ജന്മത്തിൽ തന്നെ നാം കാണുന്നു. നാളത്തെ ദിവസത്തെ രൂപപ്പെടുത്തുകയാണ് നാം ഇന്ന് ചെയ്യുന്നത്. നാളത്തെ ഫലത്തിന് ഇന്ന് നാം ഒരുക്കം കൂട്ടുന്നു. മറ്റന്നാളത്തേതിന് നാളെയും ഇങ്ങനെ പോകുന്നു. അതിൽ യുക്തിഭംഗമില്ല. മേലിലുള്ളത് നമ്മുടെ കർമ്മത്താൽ നാം വരുത്തുകയാണെങ്കിൽ ആ നിയമം കഴിഞ്ഞകാലത്തേക്കും ചേരില്ലേ? ആദ്യന്തമില്ലാത്ത ഒരു ചങ്ങലയിൽ കുറെ കണ്ണികൾ ഇടവിട്ടിടവിട്ട് ചേർന്നുകാണുന്നു. അതിൽ കുറെ നീളമെടുത്ത് അതിന്റെ ക്രമം മനസ്സിലാക്കിയാൽ പ്രകൃതി സർവ്വസ്വമാണെങ്കിൽ മുഴുവൻ ശൃംഖലയുടെയും കാര്യം അറിവായി. ഈ സ്വല്പമായ ജീവിതത്തിനുള്ളിൽ നമ്മുടെ ഭാവി നാം നിർമ്മിക്കുന്നു എന്നത് വാസ്തവമാണെങ്കിൽ കാരണമില്ലാതെ കാര്യമില്ലെന്നുള്ളതും വാസ്തവമാണെങ്കിൽ നമ്മുടെ ഇന്നത്തെ അനുഭവം നമ്മുടെ പൂർവ്വകർമ്മങ്ങളുടെ ഫലമാണെന്നുള്ളതും വാസ്തവം തന്നെ. അതുകൊണ്ട് മനുഷ്യഗതിക്ക് മനുഷ്യനല്ലാതെ മറ്റാരുമല്ല ഉത്തരവാദി. ലോകത്തിലെ ദുഖങ്ങൾക്ക് നാം തന്നെ കാരണം. ഇതെല്ലാം നാം വരുത്തിക്കൂട്ടുന്നതാണ്. ദുഷ്കർമ്മത്തിന് ദുഃഖം ഫലമെന്ന് നാം കണ്ടുവരുന്നു. അതുകൊണ്ട് ഇപ്പോഴത്തെ ദുഃഖങ്ങൾക്ക് പൂർവ്വദുഷ്കർമ്മം കാരണമാണെന്നും കാണാം. അതുകൊണ്ട് ഉത്തരവാദിത്വം മനുഷ്യന് മാത്രം, ഈശ്വരന്റെ കുറ്റമല്ല. സന്തത കൃപാനിധിയായ ജഗത്പിതാവ് കുറ്റക്കാരനല്ലതന്നെ. "നാം വിതച്ചത് നാം കൊയ്യുന്നു"



സ്വാമി വിവേകാനന്ദൻ



ഓഷോ

● കഥ ●



അനീഷ് ഫ്രാൻസിസ്
വര: ഗിരീഷ് മൂഴിപ്പാടം

# മോറിസ് മൈനർ

**കാർ** ഷെഡിന് സമീപം ഒരു ചുവന്ന ബോഗൻവില്ല നിൽപ്പുണ്ട്. ഒപ്പം ഒരു കണിക്കൊന്നയും. കൊന്ന നിറയെ പൂത്തിരിക്കുന്നു. നീല ടിൻഷീറ്റ് വിരിച്ച ഷെഡിന്റെ മേൽക്കൂര നിറയെ കൊന്നപ്പൂക്കളും ബോഗൻവില്ലപ്പൂക്കളും പൊഴിഞ്ഞു കിടപ്പുണ്ട്. മഞ്ഞയും ചുവപ്പും നീലയും നിറംപൂണ്ട മേൽക്കൂരയുടെ കീഴിൽ ആ പഴയ മോറിസ് മൈനർ കാർ വിശ്രമിച്ചു.

കാർഷെഡിൽ നാല് പൂച്ചട്ടി, കാർ നന്നാക്കാൻ ഉപയോഗിക്കുന്ന ടൂൾസെറ്റ്, പെയ്ന്റുപാട്ടകൾ തുടങ്ങിയവ കിടപ്പുണ്ട്. വെളുത്ത പെയിന്റ് അടിച്ച ഭിത്തിയിൽ അവിടവിടെയായി മാറാലപിടിച്ചിരിക്കുന്നു. ആരോ ഒരിക്കൽ ഷെഡ്ഡിന്റെ ഉള്ള് വൃത്തിയാക്കിയതിന്റെ തെളിവായി ഒരു ചൂലും ഭിത്തിയോട് ചേർന്ന് കിടക്കുന്നു. മടുത്ത് ഇട്ടിട്ട് പോയതുപോലെയാണ് ചൂലിന്റെ കിടപ്പ്.

മോറിസ് മൈനറിന് ഇളംപച്ചനിറമാണ്. വെറും പച്ച എന്ന് കളറിനെക്കുറിച്ച് ആരെങ്കിലും പറഞ്ഞിരുന്നെങ്കിൽ ഉടൻതന്നെ തൊമ്മിച്ചൻ മുതലാളി അത് തിരുത്തുമായിരുന്നു. 'ആൽമണ്ട് ഗ്രീൻ' അതാണ് ആ നിറത്തിന്റെ പേര് മുതലാളി പറയും. അറുപത്തിയെട്ടിൽ അത് കൊച്ചിയിൽനിന്ന് വാങ്ങുമ്പോൾ കേരളത്തിൽ ആ നിറമുള്ള ഒരേഒരു മോറിസ്മൈനറിന്റെ ഉടമസ്ഥനായി മുതലാളി മാറി. ഉയർന്നു നിൽക്കുന്ന ബോണറ്റിന്റെ ഹുഡും, വട്ടത്തിലുള്ള ഹെഡ് ലൈറ്റുകളും ചേർന്ന് ആ കാറിന് ഒരു കിഴവന്റെ മുഖഭാവം നൽകിയിരിക്കുന്നു. ഹെഡ്ലൈറ്റിലും മുൻപിലെ ഗ്ലാസിലും മാറാല പിടിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും പെയിന്റ് ഇളകിയിരിക്കുന്നു. ആ അപൂർവ്വ പച്ചനിറം എന്നേ മങ്ങി. ആൽമണ്ട് ഗ്രീൻ. ആ നിറം ഇനി ആരെങ്കിലും ഓർക്കുമോ? ബംഗ്ലാവിന്റെ മുറ്റത്തുനിന്ന് തൊമ്മിച്ചൻ മുതലാളിയുടെ ശവമഞ്ചം വഹിച്ചുകൊണ്ടുള്ള വെളുത്തവാൻ കാർഷെഡിന്റെ മുൻപിലൂടെ കടന്നുപോയപ്പോൾ ഏലമ്മച്ചേടത്തി ആലോചിച്ചു.

തന്റെ ഉടമസ്ഥൻ പൂക്കൾക്ക് നടുവിൽ അലങ്കരിച്ച പെട്ടിക്കുള്ളിൽ മയങ്ങികിടക്കുന്നത് മോറിസ് മൈനർ നോക്കിനിന്നു. പെട്ടിയിൽ ഉയർന്നുനിൽക്കുന്ന കുരിശിൽ ചുറ്റിപ്പിടിച്ചിരിക്കുന്ന വിരലുകൾ കണ്ടപ്പോൾ കാറിന്റെ മാറാല പിടിച്ച സ്റ്റിയറിംഗ് വീൽ തരിച്ചു. ഒരിക്കൽകൂടി ആ വിരലുകളുടെ ചലനത്തിൽ വിശാലമായ എസ്റ്റേറ്റിലെ മൺ റോഡിലൂടെയും ഹൈറേഞ്ചിലെ വളഞ്ഞുപുളഞ്ഞ ടാർറോഡുകളിലൂടെയും സഞ്ചരിക്കാൻ അത് മോഹിച്ചു.

ആ വണ്ടിയിൽ വന്നാണ് തൊമ്മിച്ചൻ തന്നെ പെണ്ണ് കണ്ടത്. ഗർഭിണിയായ തന്നെയും കൂട്ടി കട്ടപ്പനയിലെ ആശുപത്രിയിൽ പോയത്. മുതലാളിയുടെ ശരീരത്തിനരികിൽ ഇരുന്നു ചേടത്തി മോറിസ് മൈനറിനെക്കുറിച്ച് ഓർത്തുകൊണ്ടിരുന്നു. റോഡിലെ കുണ്ടിലും കുഴിയിലും ശവവാഹനം ചാടുമ്പോൾ പൂക്കൾപൊതിഞ്ഞ മുഖത്തിരുന്നു മുതലാളിയുടെ നരച്ച കൊമ്പൻമീശ വിറയ്ക്കുന്നത് ചേടത്തി നിർന്നിമേഷയായി നോക്കിയിരുന്നു. ആ കാറിൽ വേണം തന്റെ അവസാന യാത്രയെന്ന് മുതലാളിക്ക് വലിയ ആഗ്രഹമായിരുന്നു. മോറിസ് മൈനർ മുതലാളിയുടെ ജീവിതത്തിന്റെയല്ല ആത്മാവിന്റെ തന്നെ ഭാഗമായിരുന്നു. ആൺമക്കളില്ലാത്ത മുതലാളി ആ പച്ചനിറമുള്ള കാറിനെ ഇടയ്ക്കിടെ എടാപോടാ എന്ന് വരെ വിളിച്ചിരുന്നു.

"വല്യമ്മച്ചി എന്തുവാ ഈ പറയുന്നത്? ആ പൊട്ടവണ്ടിയിൽ ശവം കൊണ്ടുപോവാനോ. ആ വണ്ടി കേടായിട്ട് അഞ്ചുകൊല്ലമായത് അമ്മച്ചി മറന്നുപോയോ." ഇളയമകൾ ആനി വല്യമ്മച്ചിയെ വഴക്ക് പറഞ്ഞു.

താൻ മരിക്കുന്നതുവരെ ആ വണ്ടി മുറ്റത്ത് കാണണം എന്ന് മുതലാളിക്ക് നിർബന്ധമായിരുന്നു. മുതലാളി കിടപ്പായതിനു ശേഷം ആരും നോക്കാനില്ലാതെ വണ്ടിയും കിടപ്പിലായി.

ശവമടക്ക് കഴിഞ്ഞു തിരികെ വരുമ്പോഴും ചേടത്തിയുടെ ഉള്ളിൽ എന്തോ തികട്ടിവന്നു. മുറിയുടെ ജനാല തുറന്നു കട്ടപിടിച്ച ഇരുട്ടിൽ മുങ്ങിക്കിടക്കുന്ന കാർഷെഡ്ഡിലേക്ക് വൃദ്ധ നോക്കിനിന്നു. വിന്റേജു കാറുകൾക്ക് നല്ല വിലകിട്ടും. കോട്ടയത്തുള്ള ഏതോ വിന്റേജ് കാർ ഭ്രാന്തനായ ചെറുപ്പക്കാരൻ മോറിസ് മൈനർ വലിയ വിലയ്ക്ക് കച്ചവടം ഉറപ്പിച്ച വിവരം ആനിയുടെ മകൻ സണ്ണി ആരോടോ പറയുന്നത് എലമ്മ ചേടത്തി കേട്ടിരു

ന്നു. തന്നോട് അവർ അതിനെക്കുറിച്ച് ഒന്നും ആലോചിച്ചില്ലല്ലോ എന്ന കാര്യം ഒരുമാത്ര ചേടത്തിയുടെ മനസ്സിലൂടെ കടന്നുപോയി. കെട്ടിയോൻ പോയി. അത്ര വരില്ലല്ലോ. ചേടത്തി ആശ്വസിക്കാൻ ശ്രമിച്ചു.

രാത്രിയായി, മരിച്ച വീട്ടിലെ രാത്രി. മരിച്ചയാളുടെ ഓർമ്മകൾ മെല്ലെ മെല്ലെ അന്തരീക്ഷത്തിൽ വിലയം പ്രാപിക്കാൻ തുടങ്ങുന്ന രാത്രി. ആ ഓർമ്മകളെ പിടിച്ചു നിർത്താൻ എന്നവണ്ണം ചേടത്തി കട്ടിലിൽ കിടന്നു കാറിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരുന്നു.

എല്ലാവരും ഉറങ്ങട്ടെ. ഉറങ്ങി കഴിഞ്ഞു മെല്ലെ എഴുന്നേൽക്കണം. അതിയാനിഷ്ടമുള്ള കസവുള്ള നേര്യതും ചട്ടയും മുണ്ടും അണിയണം. പിന്നെ കാർഷെഡ് തുറന്നു ആ പഴയ വണ്ടി ഒന്ന് സ്റ്റാർട്ട് ചെയ്യണം. തനിക്കോടിക്കാൻ അറിയില്ലല്ലോ.

"യെടീ പെമ്പ്റന്നോരെ കാർ ഓടിക്കാൻ പഠിക്കണ്ട. അവൻ നമ്മളെക്കൊണ്ട് സവാരി ചെയ്യുകയാ. ഈ തോട്ടത്തിലെ എല്ലാ വഴിയും



ഇറക്കവും കേറ്റവും മോറിസ് മൈനറിന് അറിയാം. ആരെയെങ്കിലും കയറ്റണമെങ്കിൽ വണ്ടിതന്നെ നിൽക്കും. വണ്ടിക്ക് നമ്മളെ അറിയാം. നമ്മൾ വണ്ടിയേയും അറിയണം." നെല്ല്കുത്തി വാറ്റിയ ചാരായം നുണഞ്ഞുകൊണ്ട് തന്റെ കെട്ടിയോൻ മുൻപിൽനിന്ന് പറയുന്നതു പോലെ ചേടത്തിക്ക് തോന്നി. കെട്ടിയോൻ പറയുന്നതിനപ്പുറം ഏലമ്മ ചേടത്തിക്ക് മറിച്ചൊരു വാക്കില്ല.

നിലാവ് വീണുകിടന്ന പൂമറ്റം തറവാടിന്റെ മുറ്റത്തേക്ക് അവർ മെല്ലെയിറങ്ങി. എല്ലാവരും നല്ല ഉറക്കമാണ്. ഷെഡ്ഡിനുള്ളിൽ കാർ കാത്തുകിടപ്പുണ്ടായിരുന്നു.

ചട്ടയും വെളുത്ത ഒറ്റമുണ്ടും കസവ് നേര്യതും അണിഞ്ഞ ചേടത്തി പതഞ്ഞൊഴുകുന്ന നിലാവിൽ ഒരു മാലാഖയെപോലെ കാണപ്പെട്ടു. സ്വർണ്ണകുണുക്കുകൾ മിന്നുന്നത് കണ്ട് നക്ഷത്രങ്ങൾ അസൂയപ്പെട്ടു. കാറ്റിൽ ചേടത്തിയുടെ വെള്ള മുണ്ടിന്റെ ഞൊറികൾ വിശറിപോലെ ചലിച്ചു. ചേടത്തി വണ്ടിയിൽ സ്നേഹപൂർവ്വം സ്പർശിച്ചു. മോറിസ് മൈനറിന്റെ ഹെഡ് ലൈറ്റുകൾ മിന്നി. ഒരു ഇരമ്പത്തോടെ വണ്ടി സ്റ്റാർട്ടായി.

"ഭർത്താവ് മരിച്ചതിന്റെ തൊട്ടുപിന്നാലെ ഭാര്യയും'' താൻ വിലയ്ക്ക് വാങ്ങിയ വിന്റേജ് മോറിസ് മൈനറിൽ പണിതുകൊണ്ടിരുന്നപ്പോൾ ടോണി ആ പത്രവാർത്ത ഓർത്തു. അനുഗ്രഹീതരായ വൃദ്ധദമ്പതികൾ. അവർ ഈ വണ്ടിയിൽ ഒരുപാട് യാത്ര ചെയ്തിട്ടുണ്ടാവും. ഒരാഴ്ച പണിതാണ് വണ്ടി മൂവിംഗ് കണ്ടീഷനിലാക്കിയത്. അഞ്ചു വർഷത്തെ ഷെഡ്ഡിലെ വാസത്തിനുശേഷം ടോണി ആ കാർ കൊണ്ടുപോവുകയാണ്.

അയാൾ മെല്ലെ വണ്ടി സ്റ്റാർട്ട് ചെയ്തു. അഞ്ചുവർഷം അനങ്ങാതെ കിടന്നതിനുശേഷം മെല്ലെ മോറിസ് മൈനർ തന്റെ പഴയ വഴിയിലേക്ക് ഇറങ്ങി. എസ്റ്റേറ്റിലെ മൺപാതയിലൂടെ അത് മെല്ലെ മുൻപോട്ടൊഴുകി.

ടോണി വളരെ പതുക്കെയാണ് വണ്ടിയോടിച്ചത്. വഴിയരുകിൽ നിന്നിരുന്നവർ ആദരവും അത്ഭുതവും കലർന്ന മുഖത്തോടെ കാറിനെ നോക്കി.

സെന്റ് ജോർജ്ജ് പള്ളിയുടെ മുൻപിലെത്തിയപ്പോൾ കാർ നിന്നു. അയാൾ സ്റ്റാർട്ട് ചെയ്തു. വണ്ടി അനങ്ങിയില്ല.

"ഇത് നമ്മുടെ തൊമ്മിച്ചൻ മുതലാളിയുടെ വണ്ടിയല്ലേ? എന്ത് പറ്റി വണ്ടിനിന്നു പോയോ"

പള്ളി മേടയിൽനിന്ന് കൊച്ചച്ചൻ ഇറങ്ങി വന്നു.

"ഹേയ് കുഴപ്പമൊന്നുമില്ലച്ചോ...പഴയ വണ്ടിയല്ലേ.." ടോണി വീണ്ടും വണ്ടി സ്റ്റാർട്ട് ചെയ്തു. ഇത്തവണ ഒരു കുഴപ്പവും കൂടാതെ വണ്ടി മുൻപോട്ടു നീങ്ങി.

"ഈ പച്ച കളർ എനിക്കിഷ്ടമായി. അടിപൊളി." ടോണി വണ്ടി മുൻപോട്ട് എടുക്കുന്നതിനിടയിൽ അച്ചൻ പറഞ്ഞു.

"അത് വെറും പച്ചയല്ല അച്ചോ..ആൽമണ്ട് ഗ്രീനാണ്." ടോണി അച്ചനോട് പറഞ്ഞു. അത് കേട്ട് പുറകിലെ സീറ്റിലിരുന്ന മുതലാളി ആശ്വാസത്തോടെ ഏലമ്മയെ നോക്കി. ●

*ഫോ: 9605927001*

● ലേഖനം ●



ജോൺസൺ റോച്ച്

# കേരളം ഭീകരരുടെ വിഹാരകേന്ദ്രമാകരുത്



ഇക്കഴിഞ്ഞ ഈസ്റ്റർദിനത്തിൽ ശ്രീലങ്കയിലെ ക്രിസ്തീയ ദേവാലയങ്ങളിലും ഹോട്ടലുകളിലും നടത്തിയ ചാവേർ ആക്രമണത്തിന്റെ ഉത്തരവാദിത്തം അവിടത്തെ നാഷണൽ തൗഹീദ് ജമാഅത്തെയിൽ (എൻ.ടി.ജെ) ഒതുക്കി നിർത്താതെ അതിന്റെ ഉത്തരവാദിത്തം ഇസ്ലാമിക് സ്റ്റേറ്റുകൂടി ഏറ്റെടുത്തിരിക്കുകയാണ്. ഇങ്ങനെ സംഭവിച്ചത് ഐ എസ്സിന്റെ ആഗോള നയങ്ങളും പ്രവർത്തനങ്ങളുമായി ശ്രീലങ്കൻ നാഷണൽ തൗഹീദ് ജമാ അത്തെ കെട്ടുപിണഞ്ഞുകിടക്കുന്നതിനാലാണ്. ഇതുപോലെ ലോകത്തിലെ വിവിധയിടങ്ങളിലെ ഇസ്ലാമിക് മതമൗലികവാദ സംഘടനകളുമായി ഐഎസ് അഭേദ്യമായി ബന്ധം സ്ഥാപിച്ചെടുത്തിരിക്കുകയാണ്. ഇത്തരം ബന്ധത്തിലൂടെ ഇപ്പോൾ ലോകത്തിൽ എവിടെ നടക്കുന്ന ഇസ്ലാലാമിക ഭീകരാക്രമണങ്ങളുടെയും അന്വേഷണം നമ്മുടെ കേരളത്തിൽ വന്നെത്തികൊണ്ടിരിക്കുന്നതായാണ് കാണാനാവുന്നത്.

359 പേർ കൊല്ലപ്പെട്ട ശ്രീലങ്കയിലെ ചാവേർ ആക്രമണത്തിന്റെ ഭാഗമായി പാലക്കാട് സ്വദേശി റിയാസ് അബൂബക്കറെ അറസ്റ്റ് ചെയ്തിരിക്കുകയാണ്. ശ്രീലങ്കൻ സ്ഫോടനത്തിന്റെ സൂത്ര ധാരനെന്നു കരുതുന്ന സുഫ്രാൻ ഹാഷിം 2016 നുശേഷം രണ്ടുതവണ കേരളത്തി ൽ എത്തിയതിനെക്കുറിച്ചും എൻ. ഐ.എ. അന്വേഷണം തുടങ്ങിയിട്ടുണ്ട്. പാരീസിൽ ഏഴിടത്ത് നടന്ന ഭീകരാക്രമണത്തിന്റെ അന്വേഷണം ഫ്രഞ്ച് അന്വേഷണ ഏജൻസി കേരളത്തിൽ എത്തിയാണ് അന്വേഷിച്ചത്. ഈ കേസ് അന്വേഷണത്തിന്റെ ഭാഗമായി തൊടുപ്പുഴ സ്വദേശി സുബഹാനി ഹാജി മൊയ്തീനെ വിയ്യൂർ സെൻട്രൽ ജയിലിലെത്തിയാണ് ഫ്രഞ്ച് അന്വേഷണ ഏജൻസി ചോദ്യം ചെയ്തത്. 2012-ൽ ഇംഗ്ലണ്ടിൽ നടന്ന സ്ഫോടനത്തിന്റെ അന്വേഷണവും കേരളത്തെ തേടിയെത്തി. ഇംഗ്ലണ്ടിൽ നിന്നുള്ള അന്വേഷണ ഏജൻസിയുടെ ആവശ്യപ്രകാരം ദേശീയ ഏജൻസിയായ എൻ.ഐ.എ



സുഫ്രാൻ ഹാഷിം

ആണ് അന്ന് ഇംഗ്ലണ്ടിലെ സ്ഫോടനവുമായി ബന്ധപ്പെട്ട് കേരളത്തിൽ അന്വേഷ ണം നടത്തിയത്.

കാശ്മീരിലെ ആക്രമണത്തെ തുടർന്ന് എൻ.ഐ.എ.യെ കേരളത്തിൽ നടത്തിയ അന്വേഷണത്തിലൂടെയാണ് കേരളത്തിനിന്നുമുള്ള ഐഎസ്സിലേക്കുള്ള റിക്രൂട്ട്മെന്റിന്റെ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നത്. ഈ അന്വേഷണത്തിലാണ് തടിയന്റവിട നസീർ കുടുങ്ങിയത്. 2007 ഡിസംബർ 10 മുതൽ 22 വരെ വാഗമണ്ണിലെ കോലഹലമേട്ടിൽ നിരോധിത സംഘടനയായ സിമി നടത്തിയ ക്യാമ്പ് ഐഎസ്സിന്റെ ഒത്താശയോടെയാണെന്ന് കണ്ടെത്തി. ഈ കേസിൽ നാലു മലയാളികളടക്കം 35 പ്രതികളാണ് വിചാരണ നേരിട്ടത്. കണ്ണൂരിലെ കനകമലയിൽ ഐ എസ്സ് നടത്തിയ ക്യാമ്പുമായി ബന്ധപ്പെട്ട് ഏഴുപേരാണ് പിടിയിലായത്. മലപ്പുറം സ്ഫോടനത്തിലെ പ്രതികളെ പിടികൂടിയെങ്കിലും, അവരുടെ ഐ എസ്സ് ബന്ധത്തെകുറിച്ച് അന്വേഷിച്ചില്ലായെന്ന പരാതി നിലനിൽക്കുന്നു. കുറ്റിപ്പുറം പാലത്തിനടിയിലെ സ്ഫോടന അന്വേഷണവും കൊല്ലം കളക്ട്രേറ്റിലെ സ്ഫോടനാന്വേഷണവും എവിടെയുമെത്താതെ നിൽക്കുന്നു.



സുബഹാനി ഹാജി മൊയ്തീൻ



തടിയന്റവിട നസീർ

ഐ.എസ്സ് പശ്ചിമയേഷ്യയെ സംഘർഷ ഭൂമിയാക്കി, അവിടെ തോൽവി ഏറ്റുവാങ്ങിയിരിക്കുകയാണ്. ഐഎസ്സിന്റെ ഖാലിഫേറ്റിനായുള്ള (വിശുദ്ധ രാജ്യത്തിനായുള്ള) യുദ്ധങ്ങളെല്ലാം അമ്പേ പരാജയപ്പെട്ടിരിക്കുന്നു. തുടർന്നുള്ള അവരുടെ നിലനിൽപ്പിനായി ദക്ഷിണേഷ്യയെ കൂടി സംഘർഷ മേഖലയാക്കേണ്ടത് ഐ.എസ്സിന്റെ നിലനിൽപ്പിന്റെ ആവശ്യമാണ്. അതിന്റെ ഭാഗമായാണ് ശ്രീലങ്ക യിലെ 2.2. കോടി ജനസംഖ്യയിൽ 12 ശതമാനം വരുന്ന മുസ്ലിംഗളെയും 7% വരു ന്ന ക്രിസ്ത്യാനികളെയും തമ്മിലടിപ്പിക്കാ നാണ് ശ്രീലങ്കൻ നാഷണൽ തൗഹദ് ജമാഅത്തെ ഐ എസ്സിന്റെ ആജ്ഞപ്രകാരം സ്ഫോടനം നടത്തിയതെന്ന നിഗമനത്തിലാണ് ചെന്ന് എത്തിയിരിക്കുന്നത്. ഇതേ ലക്ഷ്യത്തോടെ കേരളത്തിലെ പല സ്ഥലങ്ങളിലും സ്ഫോടനം നടത്താൻ ലക്ഷ്യമിട്ടിരുന്നതായി ശ്രീലങ്കൻ സ്ഫോടന കേസ്സുമായി ബന്ധപ്പെട്ട് പിടിയിലായ പാലക്കാട് സ്വദേശി റിയാസ് അബൂബക്കർ വെളിപ്പെടുത്തിയിരിക്കുന്നത് കേരളത്തെ ഞെട്ടിപ്പിച്ചിരിക്കുകയാണ്. ശ്രീലങ്കയിൽ സ്ഫോടന പരമ്പര നടത്തിയ ചാവേറുകളിൽ ചിലർ പരിശീലനത്തിനും മറ്റുമായി കേരളത്തിൽ വന്നിട്ടുണ്ടെന്ന് ശ്രീലങ്കൻ സൈനിക മേധാവി മഹേഷ് സേനാനായകെ ഔദ്യോ ഗി കമായി സ്ഥിരീകരിച്ചിരിക്കുന്നു.



റിയാസ് അബൂബക്കർ അറസ്റ്റിലായപ്പോൾ

ലോകത്തിൽ നടക്കുന്ന ഭീകരാക്രമണങ്ങളുടെ അന്വേഷണങ്ങൾ കേരളത്തിലേക്ക് വന്നെത്തുന്നത് കേരള സമൂഹത്തിന് നാണക്കേടാണ്. ഇത് കേരളീയർ സഗൗരവം കാണേണ്ടതുണ്ട്. വളരെയധികം മതസൗഹൃദം പങ്കിട്ട് മതനിരപേക്ഷതയിൽ ജീവിക്കുന്ന കേരളത്തിലേക്ക് ഭീകരാക്രമണ ത്തിന്റെ തീ പടർത്താൻ നാം അനുവദിക്കരുത്. അങ്ങനെയൊരവസരം ഐ എസ് കേരളത്തിൽ സൃ ഷ്ടിച്ചാൽ സമാധാനപരമായും സന്തോഷത്തോ ടും കേരളത്തോടു ഇഴു കിചേർന്ന് ജീവിക്കുന്ന കേരളത്തിലെ മുസ്ലീം സഹോദരങ്ങളുടെ മനസമാധാനമാണ് കൂടുതൽ നഷ്ടപ്പെടാൻ പോകുന്നത്. അതുകൊണ്ട് കേരള സമൂഹമാകെ ഒന്നിച്ചുനിന്ന് ഭീകര സംഘടനകളുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്നവരെ അന്വേഷണ ഏജൻസികൾക്ക് മുന്നിൽ ചൂണ്ടിക്കാണിക്കുകയാണ് വേണ്ടത്. ഇതിനായി കേരള സമൂഹമാകെ ഒരുമിച്ചു നിൽക്കേണ്ടിയിരിക്കുന്നു. ലോകത്തിൽ നടക്കുന്ന ഭീകരാക്രമണങ്ങളുടെ അന്വേഷണങ്ങൾ കേരളത്തിലേക്ക് നീളുന്നതിനാൽ എൻഐഎയും കേരള പോലീസും കൂടുതൽ ജാഗ്രതയോടെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ●



മഹേഷ് സേനാനായകെ

ഫോൺ : 9495520611

# മറക്കാതിരിക്കാം



**ഇ**ന്ത്യൻ പാർലമെന്റിലെ ആദ്യപ്രതിപക്ഷപ്പാർട്ടി നേതാവ് ശ്രീ. എ. കെ. ഗോപാലൻ പാർലമെന്റ് മെമ്പർ എന്ന നിലയിലുള്ള തന്റെ അനുഭവത്തെക്കുറിച്ച് പതിറ്റാണ്ടുകൾക്കുമുമ്പ് ആത്മകഥയിൽ എഴുതിയത് ഓർക്കുന്നത് ഉചിതമായിരിക്കും.

"ഒരു പുതിയ ജീവിതം, പുതിയ ചുറ്റുപാട്, പുതിയ ബന്ധങ്ങൾ ഇവയെല്ലാം എനിക്ക് അപരിചിതമായിരുന്നു. ഒരു മനുഷ്യനെ നശിപ്പിക്കാനായി തയ്യാറാക്കിയ സാഹചര്യങ്ങളാണ് ഞാനവിടെ കണ്ടത്. ഒന്നാം ക്ലാസിലുള്ള യാത്ര, പാർലമെന്റിൽ സുഖസൗകര്യങ്ങളുള്ള മുറി, ആവശ്യത്തിൽക്കവിഞ്ഞ പണം,വലിയ താമസസ്ഥലം,കനത്ത ഉത്തരവാദിത്തമൊന്നുമില്ലാത്ത ജീവിതം– ഇവയൊക്കെയാണ് അവിടെ കണ്ടത്. ഒരു സുഖജീവിതത്തിന് പറ്റിയ എല്ലാ സാഹചര്യങ്ങളുമുണ്ടായിരുന്നു. ഒരു മനുഷ്യന്റെ തലതിരിയാൻ മറ്റെന്തെങ്കിലും ആവശ്യമുണ്ടോ? ദിവസേന പ്രധാനമന്ത്രിയുടെയോ രാഷ്ട്രപതിയുടേയോ ഉപരാഷ്ട്രപതിയുടെയോ ഉദ്യാനവിരുന്നുകളും ചായ സൽക്കാരങ്ങളും. എംബസികളുടെ വക വേറെയുമുണ്ടായിരുന്നു. സമൂഹത്തിന്റെ ഉപരിതലത്തിലുള്ള പരിഷ്കൃത സ്ത്രീ പുരുഷന്മാരുടെ സൗഹൃദബന്ധം സ്ഥാപിക്കാനുള്ള പശ്ചാത്തലങ്ങളായിരുന്നു ഇവ....അങ്ങനെ ഒരാളുടെ ജീവിതത്തിൽ അധികാരപ്രമത്തതയും അഹങ്കാരവും സുഖലോലുപതയും കടന്നുകയറാനുള്ള എല്ലാ സാഹചര്യങ്ങളും അവിടെയുണ്ടായിരുന്നു. എന്നെപ്പോലെ ഉടുതുണിക്ക് മറുതുണിയില്ലാതെ, തല ചായ്ക്കാൻ സ്ഥലമില്ലാതെ, ചായയ്ക്കോ വണ്ടിക്കൂലിക്കോ വകയില്ലാതെ സമൂഹത്തിലെ മാന്യന്മാരാൽ പരിഹസിക്കപ്പെട്ടും കഷ്ടപ്പെട്ടും കഴിഞ്ഞിരുന്ന കമ്മ്യൂണിസ്റ്റുകാർ പെട്ടെന്നുണ്ടായ ഈ സുഖപ്രമത്തതയിൽ കാൽവഴുതിപ്പോവാൻ ഇടയുണ്ടായിരുന്നു..." (എന്റെ ജീവിതകഥ– എ.കെ.ഗോപാലൻ)

## മറുമൊഴി തുടർച്ച

മായം കലർന്ന് ചീർത്തുപൊങ്ങുന്നു. ഭൂമിയിൽ ഒന്നിനുമില്ല ചിട്ടയും ഒതുക്കവും.

അതിശയോക്തിപരമല്ല കവി കണ്ടെത്തിയ സത്യങ്ങൾ. ഓരോ വാക്കിനും പൊന്നിന്റെ വിലയുണ്ട്. കേരളം ഭ്രാന്താലയമാണെന്ന വിവേകാനന്ദസ്വാമികളുടെ കണ്ടെത്തൽ സത്യമായി പുലരുന്നു. കവികളടക്കമുള്ള പ്രതിഭാശാലികളുടെ ആപ്തവാക്യങ്ങൾക്ക് നാം ഇനിയും ചെവി കൊടുക്കുന്നില്ലെങ്കിൽ മാനവികതയ്ക്ക് പകരം ദിനോസറുകളുടെ അഴിഞ്ഞാട്ടമാവും ഇവിടെ സംഭവിക്കുന്നത്. ഇനിയും പരസ്പരം അവബോധം സൃഷ്ടിക്കുവാനാവുന്നില്ലെങ്കിൽ ചിന്തിക്കുന്ന സംസാരിക്കുന്ന ചിരിക്കുന്ന ഭൂമിയിലെ ഏക മനുഷ്യജീവി പ്രപഞ്ചത്തിനു മൊത്തം ഭാരമാവില്ലേ. ഒടുങ്ങാത്ത നരതൃഷ്ണകളാണ് മുഴുവൻ വൈരുധ്യങ്ങൾക്കും നിദാനം. വിദ്യാധനം സർവ്വധനാൽ പ്രധാനമല്ലാതായി മാറുന്നു. പ്രധാനദേവാലയം വിദ്യാലയമാണെന്നെഴുതിയ ശ്രീനാരായണഗുരു പിറന്നനാട്ടിലാണ് നമ്മളിന്ന് സിദ്ധാന്തം മറന്ന് കശപിശ കൂട്ടുന്നത്.

ഇന്ദ്രിയങ്ങളാവുന്ന കുതിരകളെ തപസ്സിലൂടെ ഇഷ്ടസിദ്ധിക്കായി മെരുക്കിയെടുക്കുന്ന പ്രതിഭാസമാണ് കല. കലയുടെ അമ്മയാണ് കവിത. ഇയ്യംകോട് ശ്രീധരൻ ആ അമ്മയുടെ സന്തതിയാണെന്നതിൽ സംശയമില്ല. അതുകൊണ്ടാണല്ലോ 1981 ൽ പ്രസിദ്ധീകരിച്ച ഈ കവിത പ്രസിദ്ധീകരണത്തിന് വീണ്ടും നൽകിയത്. പ്രസ്തുത കവിതയുടെ പ്രശസ്തി ഇന്നും നഷ്ടപ്പെടുന്നില്ലെന്നാണ് അതിന് കാരണം. നന്ദി കവിക്കും കവിമൊഴിക്കും.

വി.കെ.എം. കുട്ടി, കാലിക്കറ്റ്.

സ്ഥലപരിമിതിമൂലം കത്തുകൾ പൂർണ്ണമായും ചേർക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു

പത്രാധിപർ

**ഫുഡ് സേഫ്റ്റി ഓഫീസുകളിൽ വിജിലൻസ് റെയ്ഡ്**

**സം**സ്ഥാന വ്യാപകമായി വിജിലൻസ് ഡിവൈഎസ്പി സുരേഷ്കുമാറിന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽ നാലിടത്ത് റെയ്ഡ് നടന്നു. കോട്ടയം കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ഫുഡ്സേഫ്റ്റി അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് വടവാതൂർ ,ഏറ്റുമാനൂർ, പാലാ എന്നിവിടങ്ങളിലെ ഫുഡ്സേ ഫ്റ്റി ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവിടങ്ങളിലാണ് റെയ്ഡ് നടന്നത്.

ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥർ ഹോട്ടൽ പരിശോധന നടത്തി എടുക്കുന്ന സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കാതെ അഴിമതി നടത്തുന്നു എന്നാണ് വ്യാപകമായുള്ള പരാതി.ഇതിനു പുറമെ ഫുഡ്സേഫ്റ്റി ഓഫീസുകൾക്കെതിരെ വിവിധ തരത്തിലുള്ള പരാതികളും വിജിലൻസിന് ലഭിച്ചിട്ടുണ്ട്. ഇതേ തുടർന്നാണ് സംസ്ഥാന വ്യാപകമായ പരിശോധന നടന്നത്.

*രാഷ്ട്രദീപിക 15-05-2019*

**മന്ത്രിസഭയിൽ കയറിക്കൂടാൻ ചരടുവലി**

**സീ**റ്റ് നേടാനായില്ലെങ്കിലും കേന്ദ്രമന്ത്രിസഭയിൽ കയറിക്കൂടാൻ കേരളത്തിലെ ബിജെപി നേതാക്കൾ ചരടുവലി തുടങ്ങി. അൽഫോൺസ് കണ്ണന്താനം,വി.മുരളീധ



രൻ,കുമ്മനം രാജശേഖരൻ എന്നിവരാണ് രംഗത്തുള്ളത്. കേരളത്തിലെ ആർ.എസ്.എസ്,ബി.ജെ.പി, നേതൃത്വത്തിന് അൽഫോൺസ് കണ്ണന്താനം മന്ത്രിയാകുന്നതിനോട് യോജിപ്പില്ല. കഴിഞ്ഞതവണ ചാനൽവാർത്ത കണ്ടാണ് കണ്ണന്താനം മന്ത്രിയായ വിവരം കേരളത്തിലെ നേതാക്കൾ അറിഞ്ഞത്.

*ദേശാഭിമാനി 25-05-19*

**പരാജയം താൽക്കാലിക തിരിച്ചടി സിപിഐഎം**

**മോ**ദി തുടർന്നാലുണ്ടാകുന്ന അപകടം ശരിയായി പ്രചരിപ്പിക്കുന്നതിൽ ഇടതുപക്ഷം വിജയിച്ചു. എന്നാൽ, ഇതിന്റെ നേട്ടം യുഡിഎഫിനാണ് ഉണ്ടായത്. വിശ്വാസികളിൽ ഒരുവിഭാഗത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ വലതുപക്ഷ ശക്തികൾ വിജയിച്ചിട്ടുണ്ടെന്നാണ് കണക്ക് വ്യക്തമാക്കുന്നത്. ഇതിലേക്ക് നയിച്ച കാരണങ്ങളെക്കുറിച്ച് പാർട്ടി പ്രത്യേകം പരിശോധിക്കും.

*ദേശാഭിമാനി 25-05-19*

**നരേന്ദ്രമോദി അജയ്യനായൊരു രാഷ്ട്രീയ പ്രതിഭാസം**

**ന**രേന്ദ്രമോദി അജയ്യനായൊരു രാഷ്ട്രീയപ്രതിഭാസമായി മാറിയിരിക്കയാണ്. കോൺഗ്രസും ഇതര പ്രതിപക്ഷസംഘങ്ങളും ഇതിനു മുമ്പ് ഇത്രയും കനത്ത പരാജയം ഏറ്റുവാങ്ങിയിട്ടില്ല.മോദിയുടെ സാമ്പത്തികനയം, ജി.എസ്.ടി,നോട്ടുനിരോധനം, ഭരണപരിഷ്കാരങ്ങൾ എന്നിവ തെറ്റായിരുന്നെന്ന വിശകലനം ജനങ്ങൾ തള്ളിക്കളഞ്ഞു.



ചുവപ്പിന് നിറം മങ്ങിയാൽ കാവിയാകുമെന്ന പാഠമാണ് വംഗദേശം ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പ് ഫലത്തിലൂടെ നൽകുന്നത്. പൂവുകൾ തമ്മിലുള്ള പോരിൽ ഇരട്ടപ്പൂക്കളെ തല്ലിക്കൊഴിക്കാനും താമരയെ തലോടാനും മുന്നോട്ടുവന്നത് ബി.ജെ.പി തങ്ങളുടേതാകുമെന്ന് ഒരു കാലത്ത് സ്വപ്നംപോലും കാണാതിരുന്ന ഒരു വിഭാഗമാണ് ബംഗാളിൽ 34 വർഷം അധികാരം കൈയാളിയ ഇടതുപക്ഷത്തിന്റെ വോട്ടർമാർ.

*മാതൃഭൂമി 25-05-19*

**ബിജെപി വോട്ട് കോൺഗ്രസിന് മറിച്ചു സി.ദിവാകരൻ**

**കേ**രളത്തിൽ ഇടതുപക്ഷത്തിന്റെ പരാജയത്തിന് കാരണം ശബരിമലവിഷയം മാത്രമല്ലെന്ന് സി.ദിവാകരൻ. തിരുവനന്തപുരത്ത് ശശി തരൂരിന്റെ ഭൂരിപക്ഷം കൂടാൻ കാരണം ബി.ജെ.പി വോട്ടുകൾ കോൺഗ്രസിന് മറിച്ചതാണെന്നും ദിവാകരൻ പറഞ്ഞു.

*മാതൃഭൂമി 25-05-19*

**പ്രളയദുരിതാശ്വാസത്തിന് പണമില്ല, ഓഫീസ് മോടിയാക്കാൻ 88 ലക്ഷം.**

പ്രളയത്തിൽ തകർന്ന വീടുകളും റോഡുകളും നന്നാക്കാൻ പണമില്ലാതെ വലയുമ്പോഴും ഓഫീസിനായി വാടകയ്ക്കെടുത്ത കെട്ടിടം 88.50 ലക്ഷം രൂപ ചിലവിട്ട് മോടിപിടിപ്പിക്കുന്നു. പ്രളയ പുനർനിർമ്മാണത്തിനായി ലോകബാങ്കിലും ഏഷ്യൻ ബാങ്കിലും നിന്ന് പണം കണ്ടെത്താൻ നെട്ടോടമോടുകയാണ് സർക്കാർ.

പണത്തിനായി മുഖ്യമന്ത്രി വിദേശരാജ്യങ്ങൾ സന്ദർശിച്ച് മടങ്ങിവന്നിരിക്കുകയാണ്. പുനർനിർമ്മാണത്തിന് സർക്കാർ രൂപീകരിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിനായി സെക്രട്ടേറിയറ്റിന് എതിർവശത്ത്

● കഥ ●



സമദ് പനയപ്പള്ളി

വര: സാബു മടുക്കാനി

# നഷ്ടപ്രണയം

ജെസ്സി കുര്യനോടുള്ള എന്റെ പ്രണയത്തിന് അവളുടെ നിഷ്കളങ്കത്വം കൂടെ കാരണമായിരുന്നുവെന്ന് ആരെങ്കിലും പറഞ്ഞാൽ ഞാനത് നിഷേധിക്കില്ല.

ആദ്യമൊക്കെ അവളെന്റെ പ്രണയത്തോട് പ്രതിഷേധിക്കുകയായിരുന്നു. പിന്നെപിന്നെ എന്റെ പ്രണയവഴികളിലൂടെ ഞാൻ അവളെ നടത്തുവാൻ പെട്ടപാട്. അതെത്ര കഠിനമായിരുന്നുവെന്ന് എനിക്കും ദൈവത്തിനും മാത്രമേ അറിയൂ.

ഇപ്പോൾ അതൊക്കെ ആറിത്തണുത്ത കഞ്ഞിക്കു തുല്യം. ഞാനോർക്കാൻ കൂടി ഇഷ്ടപ്പെടാത്തത്.

ഫാസ്റ്റ് ഈസ് ഫാസ്റ്റ്. കഴിഞ്ഞതു കഴിഞ്ഞു.

ജെസ്സി ഇപ്പോൾ എന്റേതാണ്. അവളുടെ ഓരോ ശ്വാസത്തിലും ഞാൻ മാത്രമാണുള്ളത്. ശീതീകരിച്ച ഹോട്ടൽമുറിയിൽ ഭോഗകിതപ്പുകൾ അടക്കികിടക്കവെ ജെസ്സി അവളുടെ നഗ്നമായ ദേഹത്തോട് എന്റെ ദേഹത്തേ ചേർത്തുകൊണ്ട് ചോദിക്കുന്നു. " നീ എന്നെ ഉപേക്ഷിക്കുമോ?"

അവളിങ്ങനെ ചോദിക്കുമ്പോൾ ഞാൻ ഉള്ളിൽ കരഞ്ഞു. ഏ.സി മുറിയിലായിട്ടും കഠിനമായ വെയിൽ കൊണ്ടിട്ടെന്നപോലെ വിയർത്തു. ജെസ്സിയുടെ കണ്ണുകളിലും അന്നേരം കടൽപോലെ കണ്ണുനീർ നിറഞ്ഞിരുന്നു.

എനിക്കൊന്നും പറയാനില്ല. എനിക്ക് പറയാനുള്ളവയെ ആരോ ചിറകെട്ടി നിർത്തിയതുപോലെ....

അധൈര്യവും അന്നേരമെന്നെ ഭരിച്ചു. ഒരു സാധു കുടുംബത്തിലെ ആയിരുന്നെങ്കിലും ജെസ്സിയെ കണ്ടാൽ ആരും പറയില്ല അങ്ങനെയൊരു കുടുംബ പശ്ചാത്തലത്തിൽ നിന്നുള്ളവളാണെന്ന്. അത്രയേറെ കുലീനത്വം അവളുടെ വസ്ത്രധാരണത്തിലും ഇടപെടലുകളിലും ഉണ്ടായിരുന്നു. ഇതൊക്കെ കൊണ്ടാകും ജെസ്സിക്ക് ചാനലിൽ വാർത്താ വായനക്കാരിയായും അവതാരികയായും ജോലി കിട്ടിയത്. പ്രതിഭയും സൗന്ദര്യവും ഇക്കാലത്ത് പ്രധാനമാണല്ലോ....

പ്രോഗ്രാം പ്രൊഡ്യൂസറായ ദിലീപ് മേനോനാണ് എനിക്ക് ജെസ്സിയെ പരിചയപ്പെടുത്തിയത്. നിനക്ക് ജെസ്സിയെ പ്രണയിച്ചുകൂടെയെന്ന് എന്നോട് ചോദിച്ചതും ദിലീപ് ആണ്. ദിലീപ് ചോദിക്കും മുമ്പ്തന്നെ എന്റെ പ്രണയപരിസരങ്ങളിൽ ജെസ്സി ഉണ്ടായിരുന്നു.

---

പുതിയ കെട്ടിടം വൻ വാടകയ്ക്കാണ് എടുത്തത് സെക്രട്ടേറിയറ്റിലും അനക്സ്കുകളിലും സ്ഥലം ഇല്ലെന്നാണ് ഇതിന് പറയുന്ന ന്യായം. ഈ കെട്ടിടം മോടിയാക്കാൻ 88.50 ലക്ഷം രൂപയുടെ കരാറും നൽകി. ഇന്നലെ നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയിൽ ഇത് ശരിയല്ലെന്നും സർക്കാർ വിശദീകരിക്കണമെന്നും പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടെങ്കിലും മുഖ്യമന്ത്രി പ്രതികരിച്ചില്ല. പ്രളയത്തിൽ 10,319 വീടുകൾ പൂർണ്ണമായും 99,282 വീടുകൾ ഭാഗികമായും തകർന്നു. പ്രളയം കഴിഞ്ഞ് ഒരു വർഷമാകുന്നു. അടുത്തമഴക്കാലം വരാറായി. താമസ സൗകര്യമില്ലാതെ ജനങ്ങൾ കഷ്ടപ്പെടുകയാണ്.

പത്തുശതമാനംപേർക്ക് പോലും വീട് നിർമ്മിച്ച് നൽകാൻ സർക്കാരിനായില്ല. പ്രളയദുരിതാശ്വാസത്തിന് 4206 കോടി രൂപയാണ് സഹായം കിട്ടിയത്. ഇതിൽ ചെലവഴിച്ചത് 1874 കോടി മാത്രം. ബാക്കി 2332 കോടിയാണുള്ളത്. പ്രളയദുരിതാശ്വാസത്തിന് 31,000 കോടിയെങ്കിലും വേണ്ടിവരും. പണം കണ്ടെത്താൻ മുഖ്യമന്ത്രി ഗൾഫിൽ പോയിട്ട് എത്ര രൂപ ലഭിച്ചെന്ന് നിയമസഭയിൽ ചോദിച്ചിട്ടും മുഖ്യമന്ത്രി പ്രതികരിച്ചില്ല. 1985ൽ കേരളത്തിൽ മഴ ദുരിതമുണ്ടായപ്പോൾ 1.10 ലക്ഷം വീടുകളാണ് നഷ്ടപ്പെട്ടത്.

അന്ന് സർക്കാർ പതിനൊന്ന് മാസംകൊണ്ട് വീടുകൾ നിർമ്മിച്ച് നൽകിയെന്ന് പി.ജെ.ജോസഫ് ചൂണ്ടിക്കാട്ടി. ഇപ്പോൾ എട്ടുമാസമായിട്ടും പത്ത് ശതമാനം വീടുകൾപോലും പൂർത്തിയാക്കാൻ സർക്കാരിനായില്ലെന്ന് അദ്ദേഹം പറഞ്ഞു.

കേരളകൗമുദി 30-05-2019

ഞാൻ അവളെ പ്രണയിച്ചിരുന്നപ്പോളാണ് അവൾ ചില പരസ്യചിത്രങ്ങളിൽ അഭിനയിച്ചു തുടങ്ങിയത്.

വീട്ടിലേക്കും ചാനൽ വർക്കുമായും പുറത്തുപോകുന്നത് ഞങ്ങൾ ഒരുമിച്ചാകും. എല്ലാ പ്രണയിതാക്കളെയും പോലെ ഞങ്ങളും തിയേറ്ററിലും കോഫിഹൗസിലും പാർക്കിലുമൊക്കെ ഒഴിവുസമയങ്ങൾ തീർക്കും. ജെസ്സിയില്ലാത്ത ഒരു ജീവിതത്തെ കുറിച്ച് ഇക്കാലങ്ങളിലൊന്നും എനിക്ക് ഓർക്കുവാനേ കഴിഞ്ഞിരുന്നില്ല. പക്ഷേ അപരിഹാര്യമായ ഒരുപാട് പ്രതിസന്ധികൾ ഞങ്ങളുടെ ബന്ധത്തിന് ഭീഷണിയായി ഉണ്ടായിരുന്നു. ജാതി, മതം എന്റെ കുടുംബത്തിന്റെ സ്റ്റാറ്റസ്.



അവളെ സ്നേഹിച്ചപ്പോഴും പ്രാപിച്ചപ്പോഴും ഞാൻ അതൊന്നും ആലോചിക്കാത്തതിൽ കുറ്റബോധം തോന്നിയെങ്കിലും ഒടുവിൽ എന്റെ പ്രായോഗികബുദ്ധി എന്നെ കീഴ്പ്പെടുത്തി. അതുകൊണ്ടാണ് എന്റെ സമുദായത്തിലുള്ള പെൺകുട്ടിയെതന്നെ ഞാൻ വിവാഹം കഴിച്ചത്. വിവാഹച്ചടങ്ങുകൾക്ക് നിന്നുകൊടുത്തത് യാദൃശ്ചികമായൊരു നാടകത്തിൽ നടിക്കേണ്ടിവന്ന ഒരാളുടെ നിസ്സഹായതയോടെയാണ്.

ആരാകും മതത്തെയും ജാതിയെയും ഒക്കെ സൃഷ്ടിച്ച് മനുഷ്യരെ വിഭജിച്ചതെന്ന് ആലോചിച്ച് വർഷങ്ങൾക്കിപ്പുറത്തിരുന്നും ഉത്തരംകിട്ടാതെ ഞാൻ വ്യസനപ്പെടുന്നു.

“നിങ്ങളെന്താ കരയുന്നത്” ഭാര്യയുടെ ചോദ്യം കേട്ട് ചെറുതായി ഞെട്ടി. ഭാര്യ തന്റെ കരച്ചിൽ കണ്ടുപിടിച്ചിരിക്കുന്നു എന്ന ജാള്യതയോടെ കിടപ്പുമുറിയിൽ കയറി വാതിലടച്ച് ഞാൻ വീണ്ടും കരഞ്ഞു. ജെസ്സീ... ആനേരം ഞാൻ നിന്നോടെത്ര ക്ഷമ പറഞ്ഞു. നിന്റെ ആത്മാവെങ്കിലും അന്നേരമത് കേട്ടിട്ടില്ലേ. നീയെന്നോട് ക്ഷമിച്ചിരിക്കുന്നുവെന്ന് ഞാൻ വിചാരിക്കട്ടെ.... കരച്ചിൽ പുറത്തുകേൾക്കാതിരിക്കാൻ ഞാൻ മഡോണയുടെ ശബ്ദത്തെയും കൂട്ടുപിടിച്ചിരുന്നു. അവരിപ്പോഴൊരു പ്രണയഗാനം പാടുകയാണ്. അതുകേൾക്കെ ഞാൻ വീണ്ടും നഷ്ടപ്രണയങ്ങളുടെ നരകത്തിലാകുന്നു. ഈജന്മം ജെസ്സിയെയല്ലാതെ മറ്റൊരാളെ എനിക്ക് സ്നേഹിക്കാൻ ആവില്ല. എന്റെ പ്രണയം എല്ലാക്കാലത്തും അവൾക്കു മാത്രമേ അവകാശപ്പെടാൻ കഴിയൂ.

“നമ്മൾക്കൊരിക്കലും മക്കളെ ലാളിക്കാൻ ഭാഗ്യമില്ലന്നോർത്താണോ ഇങ്ങനെ കരയുന്നത്. ഞാനെപ്പോഴും നിങ്ങൾക്ക് കൂട്ടില്ലേ..!” എന്റെ മനസ്സറിയാതെയുള്ള ഭാര്യയുടെ ആശ്വസിപ്പിക്കൽ തന്നെ കൂടുതൽ നഷ്ടബോധങ്ങളിലേക്ക് തള്ളിവിടുകയായിരുന്നു.

പുറത്ത് ഗേറ്റിൽ കാറുവന്ന് നിൽക്കുന്ന ശബ്ദമാണ് എന്നെ ബോധത്തിലേക്ക് തിരികെ കൂട്ടിയത്. പെട്ടെന്ന് വാതിൽ തുറന്നപ്പോൾ കണ്ടത് ദിലീപ് മേനോനേയും ഭാര്യയേയും അവരുടെ സുന്ദരിയായ മകളേയുമായിരുന്നു. വർഷങ്ങൾക്കു ശേഷമുള്ള കണ്ടുമുട്ടൽ.... ദിലീപ് ഭാര്യയെ പരിചയപ്പെടുത്തിയപ്പോഴാണ് ഞാൻ അവരുടെ മുഖത്തേക്ക് നോക്കിയത്

ജെസ്സി...!!!

പഴയതിലും കുലീനത്വം തുടിച്ചു നിൽക്കുന്ന അവൾ എന്നെനോക്കി പുഞ്ചിരിച്ചുകൊണ്ട് കൈകൂപ്പി. മകളോട് അങ്കിളിന്റെ കാൽതൊട്ട് വന്ദിക്കാൻ പറഞ്ഞു. കുട്ടി “ഹായ് അങ്കിൾ'' എന്നുപറഞ്ഞ് എന്റെ കാൽതൊട്ട് വന്ദിച്ചു. തലയിൽ കൈവെച്ച് ആ കുഞ്ഞിനെ അനുഗ്രഹിച്ചപ്പോൾ പിതൃതുല്യമായ ഒരു സ്നേഹവിശേഷത്തിലേക്ക് വഴുതുകയായിരുന്നു താനപ്പോൾ.

ദിലീപ് ഇപ്പോൾ ഡൽഹിയിൽ ഒരു വിദേശ മാധ്യമത്തിലാണ് പ്രവർത്തിക്കുന്നത്. എന്റെ വിവാഹത്തിന്റെ അന്നുതന്നെ ഏതോ ഭീരുവിനാൽ വഞ്ചിതയായ ജെസ്സിയെ ആത്മഹത്യയിൽനിന്ന് പിന്തിരിപ്പിച്ച് എല്ലാ സത്യങ്ങളും അറിഞ്ഞുകൊണ്ട് അവൾക്കൊരു ജീവിതം കൊടുത്തത് ദിലീപ് പറഞ്ഞപ്പോൾ താനതൊക്കെ നിശബ്ദം കേട്ടിരിക്കുകയായിരുന്നു.

ഇനിയും കാണാമെന്നുപറഞ്ഞ് ദിലീപും ജെസ്സിയും ഇറങ്ങുമ്പോൾ ഭാര്യ അവരുടെ മകളുടെ ഇരുകവിളുകളിലും എത്രപ്രാവശ്യമാണെന്നറിയില്ല ചുംബിച്ചത്. അപ്പോൾ അവൾ കരയുകയായിരുന്നു. അവർ പൊയ്ക്കഴിഞ്ഞപ്പോൾ ഭാര്യ എന്റെ തോളിൽ മുഖമമർത്തി എന്റെ ചെവിയിൽ “ ആ കുഞ്ഞിന് നിങ്ങളുടെ അതേ ഛായയുണ്ട്” എന്നു പറഞ്ഞുകൊണ്ട് ഏങ്ങിയേങ്ങി കരഞ്ഞു. അന്നേരമൊക്കെ സാന്ത്വനമൊന്നും വശമില്ലാത്ത ഒരാളെപോലെ നിശബ്ദം ഇരുന്നതേയുള്ളു ഞാൻ.

*ഫോ: 9895280155*

● നിരീക്ഷണം ●



● പി.ആർ.ശിവപ്രസാദ്

# കഴുതകൾ കുതിരകളാകുമ്പോൾ




ഭാരതത്തിലെ തെരഞ്ഞെടുപ്പ് മറ്റു ലോകരാജ്യങ്ങളിൽ നടക്കുന്നതു പോലെയല്ല. ഇവിടെ നമ്മൾ ദീപാവലിയും ഹോളിയും ഓണവും പൊങ്കലും ഒക്കെ പോലെയുള്ള ഒരു മഹോത്സവം ആയിട്ടാണ് തെരഞ്ഞെടുപ്പ് ദിനങ്ങൾ ആഘോഷപൂർവ്വം കൊണ്ടാടുന്നത്. ദിവസങ്ങൾ നീണ്ടുനിൽക്കുന്ന പ്രചരണപരിപാടികളുടെ ഭാഗമായി നാടിന്റെ മുക്കിലും മൂലയിലും വിവിധവർണ്ണങ്ങളിലും രൂപങ്ങളിലും ഉള്ള ചുവരെഴുത്തുകളും പരസ്യബോർഡുകളും അലങ്കാരങ്ങളും നിറഞ്ഞുനിൽക്കുന്നു. കലാകാരന്മാർ സ്ഥാനാർത്ഥികളെ പ്രകീർത്തിച്ചും എതിരാളികളെ പരിഹസിച്ചും എഴുതി ചിട്ടപ്പെടുത്തിയ ഗാനങ്ങളും പാരഡികളും കൊണ്ട് അന്തരീക്ഷം സംഗീതമുഖരിതമാക്കുന്നു. യൂടൂബ് സിനിമകളും ടിക്ടോക്ക് മുതൽ കഥകളിയും ഓട്ടംതുള്ളലും വരെയുള്ള കലാസാഹിത്യകൃതികൾ സോഷ്യൽമീഡിയയിൽ നിറയുന്നു. ഒരിക്കലും ചിരിക്കാത്ത നേതാക്കന്മാർ എളിമയോടെ നിറഞ്ഞചിരിയുമായി രാപകലില്ലാതെ നഗരഗ്രാമവീഥികളിലൂടെ മുദ്രാവാക്യങ്ങളും ആർപ്പുവിളികളുമായി നടത്തുന്ന റോഡ്ഷോകൾ ഉത്സവങ്ങളേയും പെരുന്നാളുകളേയും ചന്ദനക്കുടങ്ങളെയും എല്ലാം നിഷ്പ്രഭമാക്കും വിധത്തിലുള്ളതാണ്. പത്രങ്ങളും ചാനലുകളും അവരവരുടെ രാഷ്ട്രീയചായ്വ് അനുസരിച്ച് സ്ഥാനാർത്ഥികളുടെയും നേതാക്കളുടെയും നിറംപിടിപ്പിച്ച വീരസാഹസികകഥകളും എതിർചേരിക്കാരെക്കുറിച്ച് നുണക്കഥകളും ആരോപണങ്ങളും നിറച്ച് എഴുതുകയും ചർച്ചചെയ്ത് ആഹ്ലാദിക്കുകയും ചെയ്യുന്ന സുവർണ്ണകാലം. ഒടുവിൽ തൃശ്ശൂർപൂരത്തെ അനുസ്മരിപ്പിക്കുന്ന കൊട്ടിക്കലാശവും കൂടിയാകുമ്പോൾ തെരഞ്ഞെടുപ്പുകാലം ഒരു മഹോത്സവമായാണ് അവസാനിക്കുന്നത്.

ചുമരെഴുത്തുകാർക്കും പ്രസ്സ് ഉടമകൾക്കും ഫ്ളെക്സ് പ്രിന്റിംഗ് യുണിറ്റുകൾക്കും മറ്റ് പരസ്യരംഗത്തുള്ള തൊഴി

ലാളികൾക്കും താളമേളവാദ്യകലാകാരന്മാർക്കും ഇലക്ഷൻ ചാകരകാലമാണ്. ആഘോഷം പൊടിപൊടിക്കുമ്പോൾ ജനം അത് നന്നായി ആസ്വദിക്കുന്നുണ്ട്. എന്നാൽ കക്ഷികളും നേതാക്കളും കരുതുന്നതുപോലെ ധാരാളം പണംമുടക്കി വ്യത്യസ്തങ്ങളും ആധുനികങ്ങളുമായ പ്രചാരണധൂർത്ത് കാട്ടുന്നവർക്കല്ല ഇന്നത്തെ പുതുതലമുറ വോട്ടർമാർ അവരുടെ വിലപ്പെട്ട സമ്മതിദാനം രേഖപ്പെടുത്തുന്നത് എന്ന് തെരഞ്ഞെടുപ്പ് ഫലങ്ങൾ നിരീക്ഷിച്ചാൽ മനസ്സിലാക്കാം. ഈ ഭൂമിയിൽ നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതും നടക്കാൻ പോകുന്നതുമായ സംഭവങ്ങൾ ഒരു വിരൽ സ്പർശംകൊണ്ട് തന്റെ മൊബൈൽഫോണിന്റെ സ്ക്രീനിൽ നിന്ന് വായിച്ചറിയുന്നവരാണ് പണ്ഡിതപാമര വ്യത്യാസമില്ലാത്ത ഭാരതത്തിലെ ആബാലവൃദ്ധം ജനങ്ങൾ. അവരെ നുണ പറഞ്ഞോ, കഥമെനഞ്ഞോ കബളിപ്പിക്കാൻ വളരെ ബുദ്ധിമുട്ടാണ്.





സ്ഥാനാർത്ഥികളുടെ മുഖമുള്ള പോസ്റ്ററുകളും ഫ്ളെക്സ്ബോർഡുകളും മണ്ഡലത്തിൽ വാരി വിതറിയാൽ വോട്ടുകിട്ടുമെന്നു കരുതുന്ന പഴഞ്ചൻ പ്രചരണരീതി വിഡ്ഢിത്തമാണെന്നറിഞ്ഞിട്ടും പ്രയോഗിച്ച് പരാജയമാകുന്നതു കണ്ടു. അപ്പിയിട്ട കുട്ടിയെ വാരിയെടുത്ത് ഉമ്മവയ്ക്കുന്ന കാലഹരണപ്പെട്ട പ്രചാരണരീതികണ്ട് കളിയാക്കി ചിരിക്കുന്നവരെ തിരിച്ചറിയാത്ത നേതാക്കളെ ഈ തെരഞ്ഞെടുപ്പിലും കണ്ടു. ഇതുപോലെയുള്ള പരിഹാസ്യമായ പ്രാകൃത പ്രചരണരീതികൾ ഇന്നും തുടരാനിവർ തയ്യാറാകുന്നത് വോട്ടർമാരെ വിലകുറച്ചു കാണുന്നതുകൊണ്ടാണ്. 1956 കാലഘട്ടങ്ങളിലേതുപോലെ പൊതുജനങ്ങൾ ഇന്നും കഴുതകളാണെന്നാണ് ഇവർ കരുതുന്നത്. അധികാരമോഹികൾ കോവർകഴുതകളാകുന്നതല്ലാതെ പൊതുജനങ്ങൾ കുതിരകളാകുന്നവിവരം അവർ അറിയുന്നില്ല. ഇക്കാലമത്രയും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറയ്ക്കാനെന്ന വ്യാജേന ഉണ്ടായിരുന്നവനെ ഇല്ലാത്തവനാക്കിയെന്നതല്ലാതെ ഇല്ലാത്തവനെ ഉള്ളവനാക്കാൻ ഭരണത്തിലിരുന്ന ഒരു പാർട്ടികൾക്കും കഴിഞ്ഞിട്ടില്ല എന്നുള്ളതല്ലേ പരമാർത്ഥം. ഒന്നുമില്ലാത്തവന്റെ പ്രതിനിധികളായി വന്നവരെല്ലാം എല്ലാമുള്ളവരായി എന്നത് ഇവിടെ മറക്കുന്നില്ല. ദാരിദ്രരേഖയ്ക്ക് താഴെ നിന്നിരുന്നവർ ഭരണം കയ്യടക്കുന്നതോടുകൂടി ഡയമൺഡ് ക്ലബ്ബിൽ അംഗങ്ങളാകുന്ന അത്ഭുതകരമായ കാഴ്ച നമ്മുടെ നാട്ടില്ലാതെ എവിടെയാണ് കാണാനാവുക.

Every action there is an equal and opposite reaction എന്ന ന്യൂട്ടന്റെ നിയമമാണ് 2019 ലെ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. എതിരാളികളെ പരാജയപ്പെടുത്താൻ അക്രമവും അവഹേളനവും അപവാദപ്രചരണങ്ങളും നടത്തുന്നവർക്കും എതിരാളികളുടെ ഇമേജ് നശിപ്പിക്കാൻ അടിച്ചമർത്തലുകളും അപമാനിക്കലും നടത്തിയവർക്കും ജനങ്ങളോടും മാധ്യമങ്ങളോടും സ്വന്തം പാർട്ടിയിലെ സഹപ്രവർത്തകരോടുപോലും ധിക്കാരത്തോടെയും ധാർഷ്ട്യത്തോടെയും പെരുമാറിയ നേതാക്കൾക്കും ആണ് ഇക്കുറി തിരിച്ചടി ലഭിച്ചത്. ഉത്തരവാദിത്ത





മുള്ള ഒരു മുന്നണിയുടെ കൺവീനർ ആയ എ. വിജയരാഘവനും കവിത കോപ്പിയടിച്ചതിന് പിടിക്കപ്പെട്ട കോളേജ് അധ്യാപിക ദീപാനിഷാന്തും വെറും സാധാരണക്കാരിയായ ആലത്തൂർ എം. എൽ.എ രമ്യാഹരിദാസ് എന്ന ദളിത് പെൺകുട്ടിയെ അപമാനിച്ചതുകൊണ്ട് മാത്രമല്ലെ ലക്ഷങ്ങൾ ഭൂരിപക്ഷത്തിൽ ആ പെൺകുട്ടി ജയിച്ചത്. നേതാക്കൾ വിളിച്ചുപറയുന്ന ഏത് വിവരക്കേടിനും 'കീജയ്' വിളിക്കുന്ന അടിമകളായ അണികളുടെ കൈയ്യടി വാങ്ങാൻ വ്യക്തിഹത്യ നടത്തുമ്പോൾ ഇവരേപ്പോലുള്ളവർ മനസ്സിലാക്കേണ്ട ഒറ്റക്കാര്യം ഇതെല്ലാം കണ്ടുകേട്ടും മനസ്സിലാക്കിയും വോട്ടവകാശം നിർവ്വഹിച്ച ഭൂരിപക്ഷം ജനങ്ങൾ വെറും മണ്ടന്മാരല്ലന്നാണ്. യാതൊരടിസ്ഥാനവുമില്ലാതെ ഇൻഡ്യൻ പ്രധാനമന്ത്രിയെ കള്ളനെന്നു വിളിച്ചതുകൊണ്ട് മാത്രമല്ലേ രാഹുൽഗാന്ധിക്കും അദ്ദേഹത്തിന്റെ കൂട്ടുകക്ഷികൾക്കും ഇത്രയും ദാരുണമായ ഒരു ഗതികേട് സംഭവിച്ചത്. രാഹുലിനെ ശക്തനായ ഒരു നേതാവാക്കി ഉയർത്തിക്കൊണ്ടുവരുന്നതിനു പകരം അദ്ദേഹത്തിന് മുഖസ്തുതി പാടിയും വിലകുറഞ്ഞ ബുദ്ധി ഉപദേശിച്ചും ജനങ്ങളുടെ മുന്നിൽ അപഹാസ്യനാക്കിയതും അദ്ദേഹം നേതൃത്വം കൊടുക്കുന്ന പാർട്ടിയെ പരാജയത്തിന്റെ പടുകുഴിയിൽ ആഴ്ത്തിയതും ആ പാർട്ടിയിലെ മുതിർന്ന നേതാക്കൾ തന്നെയല്ലെ. പാരമ്പര്യവും കുടുംബവാഴ്ചയും നിലനിർത്തുന്നതിനായി "അമ്മൂമ്മയുടെ മൂക്കും അപ്പൂപ്പന്റെ താടിയും" മറ്റും സാമ്യപ്പെടുത്തി പ്രഗത്ഭരായിരുന്ന പൂർവ്വികരുടെ രൂപസാദൃശ്യം വർണ്ണിച്ച് പുറംവാതിലിലൂടെ കൃത്രിമനേതാക്കളെ സൃഷ്ടിക്കാൻ ചില പത്രങ്ങൾ നടത്തിയ പൈങ്കിളി റിപ്പോർട്ടുകൾ സത്യത്തിൽ ജനങ്ങളിൽ അറപ്പും വെറുപ്പുമാണ് ഉണ്ടാക്കിയത്. പത്തുപേർ ആവർത്തിച്ച് പറഞ്ഞ് പ്രചരിപ്പിച്ച് 'ആടിനെ പട്ടിയാക്കിയിരുന്ന കാലം കഴിഞ്ഞു. ഇപ്പോൾകുറെപേർ ഒത്തുചേർന്ന് ഒരു സുപ്രഭാതത്തിൽ ആടിനെ പട്ടിയാക്കാനും പൂച്ചയെ പുലിയാക്കാനും ശ്രമിച്ചപ്പോൾ ആടിന്റെയും പട്ടിയുടെയും പൂച്ചയുടെയും പുലിയുടെയും അടിസ്ഥാനസ്വഭാവങ്ങൾ അറിഞ്ഞുകഴിഞ്ഞ ജനങ്ങൾ ആടിനെയും പുലിയെയും തിരിച്ചറിഞ്ഞു എന്നുവേണം ഇപ്പോൾ മനസ്സിലാക്കാൻ.



എ.വിജയരാഘവൻ

ജനങ്ങളുടെ വോട്ടുവാങ്ങി ജയിച്ച് അധികാര കസേരയിൽ എത്തികഴിയുമ്പോൾ തന്നെയും തന്റെ പാർട്ടിക്കാരെയും മാത്രം സംരക്ഷിക്കാനും പാർട്ടി വളർത്താനും വേണ്ടി ഭരണം നടത്തുകയും മറ്റുള്ളവരെ ഉന്മൂലനം ചെയ്യാൻ ആ അധികാരം ഉപയോഗിക്കുകയും ചെയ്താൽ,ധാർഷ്ട്യവും അഹങ്കാരവും അത് സ്വന്തം തന്ത കാണിച്ചാൽപോലും അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള നമ്മുടെ രാജ്യത്തെ വോട്ടർമാർ അവരുടെ കൈയ്യിൽ ആകെ അവശേഷിക്കുന്ന വോട്ട് എന്ന ആയുധം ഇക്കൂട്ടർക്കെതിരെ എടുത്തു പ്രയോഗിക്കും എന്ന വസ്തുത കൂപമണ്ഡൂകങ്ങളായ ഭരണാധികാരികൾ ഇനിയും മനസ്സിലാക്കുന്നില്ല എന്നുതന്നെയാണ് നമുക്ക് ഇപ്പോൾ മനസ്സിലാകുന്നത്.



ദീപാനിഷാന്ത്

ഇൻഡ്യൻ പാർലമെന്റിലേക്ക് നടന്ന 2019ലെ തെരഞ്ഞെടുപ്പിന്റെ നാൾവഴികൾ പരിശോധിച്ചാൽ വ്യക്തമാകുന്ന ഏകകാര്യം അധികാരം നേടാനുള്ള തത്രപ്പാടിൽ രാഷ്ട്രീയ പാർട്ടികൾ മെനയുന്ന തന്ത്രം സംസ്കാരശൂന്യതയുടെയും മൂല്യതകർച്ചയുടെയും അമാന്യതയുടെയും വ്യക്തിഹത്യയുടെയും ആഘോഷമാക്കിയപ്പോൾ മാന്യതയും മൂല്യബോധവും സംസ്കാരവും ഉള്ള ഇന്നാട്ടിലെ വോട്ടർമാർ



രമ്യാഹരിദാസ്

അതു തിരിച്ചറിഞ്ഞു പ്രതികരിച്ചു എന്നുള്ളതാണ്.

ഇൻഡ്യയിലെ പ്രമുഖങ്ങളായ പല രാഷ്ട്രീയപാർട്ടികളും ആയിരക്കണക്കിന് നേതാക്കളുടെയും പ്രവർത്തകരുടെയും സഹനങ്ങൾക്കൊ



ണ്ടും രക്തസാക്ഷിത്വങ്ങൾകൊണ്ടും ത്യാഗങ്ങൾകൊണ്ടും ജനങ്ങളുടെ അംഗീകാരം നേടിയെടുത്ത പ്രസ്ഥാനങ്ങളാണ്. എന്നാൽ ഇന്ന് അതിന്റെയെല്ലാം തലപ്പത്ത് അക്രമങ്ങളുടെയും കുതികാൽവെട്ടിന്റെയും ജാതിമതവിഭജനങ്ങളുടെയും കുടുംബവാഴ്ചകളുടെയും പിന്തുണയിൽ സ്വയം നേതാക്കളായി വിരാജിക്കുന്ന അഭിനവ നേതാക്കൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത് സമൂഹനന്മയുടെയും സാഹോദര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സന്ദേശം ആഹ്വാനം ചെയ്യുന്ന നമ്മുടെ മഹത്തായ ഭരണഘടനാ ആശയങ്ങളുടെ ശവദാഹമാണ്. ഈ രാജ്യത്തെ സ്നേഹിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന ഇൻഡ്യൻ ജനത ഇത് തിരിച്ചറിഞ്ഞു കഴിഞ്ഞു. ഏതു പാർട്ടിയുടെ ആണെങ്കിലും എല്ലാ നേതാക്കളും അതോർമ്മിക്കുന്നതു നന്നായിരിക്കും. ഇല്ലെങ്കിൽ അവരെയും അവരുടെ പാർട്ടികളെയും ജനങ്ങൾ ഇൻഡ്യയുടെ രാഷ്ട്രീയ ഭൂപടത്തിൽനിന്നും തുടച്ചു മാറ്റും. ഉറപ്പാണ്.

അടിമത്തത്തിൽ നിന്നുള്ള മോചനത്തിനായി നിരന്തരം പ്രക്ഷോഭങ്ങൾ നടത്തുവിൻ എന്ന ആഹ്വാനമല്ലാതെ ഇവിടുത്തെ സാധാരണക്കാരനു നേരെ വച്ചുനീട്ടാൻ ഇവരുടെ കയ്യിൽ എന്താണുള്ളത്. സ്വയം ബൂർഷകളാവാൻ പാടുപെടുന്നവരെ അധികാരത്തിന്റെ അപ്പം കൊടുത്തുവളർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്തം ഇവിടുത്തെ സാധാരണക്കാരൻ പരാതിയില്ലാതെ ഏറ്റെടുക്കുവാൻ തയ്യാറാകുന്നത് ഭയമോ അതിവിധേയത്വമോ അവശിഷ്ടങ്ങളോടുള്ള ആർത്തിയോ മൂലമാണെന്നും സ്വയം തിരുത്തേണ്ടത് ജനങ്ങളാണെന്നും ജനശക്തി അന്യന്റെ മൂടുതാങ്ങാനുള്ളതല്ലെന്നും ജനം തിരിച്ചറിഞ്ഞു എന്ന് അറിയണം. അത് സാധാരണക്കാരൻ മനസ്സിലാക്കി. നാഴികയ്ക്ക് നാൽപതുവട്ടം ഫാസ്സത്തിനെതിരെ അണിനിരക്കാൻ പറയുന്ന ഇവിടുത്തെ സൂപ്പർ ഫാസിസ്റ്റുകൾ സോഷ്യലിസ്റ്റുകളായി സമൂഹത്തിന്റെ ഭാഗമാകുന്നു. ജനസേവകരായി അധികാരത്തിലേറി അവിടെതന്നെ തുടരുന്നു. ലഭിക്കാത്തവർ അതുപിടിച്ചെടുക്കുന്നു. അതിനുള്ള നെറികേടുകൾ പഠിപ്പിക്കുന്ന പാഠശാലയായി രാഷ്ട്രീയപ്പാർട്ടികൾ മാറിയിരിക്കുന്നു. ഇത് ഇങ്ങനെയൊക്കെയോ നടക്കൂ എന്ന് പരിതപിക്കുന്ന കാലം മാറി. അല്പം ചില വ്യതിരിക്ത വ്യക്തിത്വങ്ങളെ മാറ്റിനിർത്തിയാൽ എല്ലാം ഭലത്തിൽ തുല്യമാണെന്ന് ജനം തിരിച്ചറിഞ്ഞു കഴിഞ്ഞു.

ഇൻഡ്യാമഹാരാജ്യത്ത് നിലവിലുള്ള നൂറുകണക്കിന് രാഷ്ട്രീയപാർട്ടികൾ രാജ്യപുരോഗതിക്കും ജനനന്മയ്ക്കും വേണ്ടി പൊരുതാനും വികസന പ്രവർത്തനങ്ങളിലും ജനസേവനത്തിലും പരസ്പരം സഹകരിച്ച് പ്രവർത്തിക്കാനും തയ്യാറാവുകയും സുതാര്യമായി പ്രവർത്തിച്ച് ജനങ്ങളുടെ വിശ്വാസവും സ്നേഹവും നേടിയെടുക്കാനും തയ്യാറാകണം. ഭരണമുണ്ടെങ്കിലും ഇല്ലെങ്കിലും നല്ല ജനപ്രതിനിധിയായി പ്രവർത്തിക്കാൻ തെരഞ്ഞെടുക്കപ്പെട്ട ഓരോ പാർലമെന്റംഗങ്ങളും തയ്യാറായാൽ അവരും അവരുടെ പാർട്ടികളും ഒപ്പം നമ്മുടെ നാടും ജനങ്ങളും പുരോഗതിയിലെത്തും. തീർച്ച...!!

● *ഫോ: 9388602223*



● സുനിൽ.സി.ഇ

# മാസ് മസാലയുടെ രാഷ്ട്രീയം




മലയാളസിനിമയുടെ ഭാവനയിൽ തെളിയുന്ന വികൃതദൃശ്യങ്ങളെയാണ് നാമിപ്പോൾ 'മാസാ'യി പങ്കുപറ്റുന്നത്. അത്തരം സിനിമകൾ ഒരുക്കുന്ന ചലച്ചിത്രകാരൻമാർ മുറിവൈദ്യൻമാരെപ്പോലെയാണ് സിനിമാകലയിൽ വ്യാപരിക്കുന്നത്. പ്രേക്ഷകരെ മുഴുവൻ തന്നിലേക്ക് ആകർഷിക്കാനും ദുഷ്ടലക്ഷ്യങ്ങൾക്ക് വിധേയരാക്കാനും ഇപ്പോഴുണ്ടാകുന്ന മാസ് പാടങ്ങളിലെ നായകൻമാർക്ക് തനതായൊരു സാമർത്ഥ്യമുണ്ട്. കുടിലമായ ഈ വശ്യശക്തിയെ 'മാസ് മസാല' എന്നല്ലാതെ എന്തുവിളിക്കും? ഒട്ടും ജൈവികമല്ലാത്ത ഈ വാസന പടർന്നു കേറുമ്പോൾ ചെറിയ ഫ്രെയിമുകളിൽ സമകാലിക ജീവിതത്തെ അടയാളപ്പെടുത്തുന്ന ചില സിനിമകൾ മുങ്ങിപ്പോകുന്നതാണ് നാം കാണുന്നത്. മുഖ്യധാരാ സിനിമയ്ക്ക് കൊഴുപ്പുകൂട്ടുന്ന എല്ലാ ഘടകങ്ങളും ഒരു പക്ഷെ അത്തരം സിനിമകൾക്കുണ്ടായിരിക്കുകയില്ല. സിനിമയുടെ ഏകാധിപത്യസ്വഭാവമാണ് അതിന്റെ മാസാകാനുള്ള ശേഷി. ചില ആർട്ട് സിനിമകളിലെ അത്യുക്തികലർന്ന ദൃശ്യങ്ങളെ നാം ആക്ഷേപിക്കുന്നതുപോലെയാണിപ്പോൾ സമാന്തര സിനിമകളെയും ആക്ഷേപിച്ചു തുടങ്ങിയിരിക്കുന്നത്. രണ്ടിന്റെയും ഘടനാസാദൃശ്യത്തെ വേർതിരിച്ചു പഠിക്കാത്തിടത്തോളം കാലം മുഖ്യധാരാ സിനിമയിലെ സാമ്പ്രാദായിക നായകൻമാരുടെ ഏതുചിത്രവും "മാസ്" എന്ന ഗ്രേഡിൽ കൊണ്ടുവെച്ച് നാം നിർവൃതിയടയും. സിനിമയിലൂടെ ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രത്തിലേക്ക് ഇറങ്ങിച്ചെല്ലാനും നായകന്റെ മസിൽപവറിന്റെ ശരീരഭാഷയെ എത്തിക്കാണാനുമുള്ള മലയാളിയുടെ കൗതുകം ഇന്നും അസ്തമിച്ചിട്ടില്ല.

ജനപ്രിയസിനിമ ഒരു പ്രത്യേകതരം രാഷ്ട്രീയപക്ഷപാതത്തോടുകൂടിയാണ് പ്രത്യക്ഷമാകുന്നത്. അതിൽ മലയാളീകരിക്കപ്പെടുന്ന സാംസ്കാരികാഭിരുചികൾ നന്നേ

കുറവായിരിക്കും. വിലപ്പെട്ട വസ്തുതകളൊന്നും ഇല്ലെങ്കിലും മൗത്ത് പബ്ലിസിറ്റിയിലൂടെ മാസ് കാറ്റഗറിയിലേക്ക് എളുപ്പത്തിൽ എത്തപ്പെട്ട ചില സിനിമകൾ വിമർശിക്കപ്പെടേണ്ടതുണ്ട്. അവ വെറും കച്ചവടച്ചരക്കാണെന്ന് തിരിച്ചറിയാൻ ഇനി പ്രത്യേകമായി ഒരു ഇന്ദ്രിയം വെച്ചുപിടിപ്പിക്കേണ്ടതില്ല. അവ അക്ഷരാർത്ഥത്തിൽ സമയംകൊല്ലിച്ചിത്രങ്ങളാണ്. അതിന്റെ പ്രത്യയശാസ്ത്രപരമായ ചായ്വുകൾ പിന്നീട് ജനകീയ സംസ്കാരത്തിന്റെ (Popular Culture) എപ്പോഴും ഉണർന്നിരിക്കുന്ന വികാരമായി മാറുന്നു. മാസ് മസാലകളുടെ വിശാലാടിസ്ഥാനത്തിലുള്ള ദൃശ്യവ്യാകരണത്തെ മനസ്സിലാക്കണമെങ്കിൽ ചില വിദേശ ചലച്ചിത്രകാരന്മാർ സിനിമാകലയോടു വെച്ചു പുലർത്തിയ മാനസികസമീപനത്തെക്കൂടി മനസ്സിലാക്കുക പ്രധാനമാണ്. വിദേശ ചലച്ചിത്രകാരൻമാർക്ക് താരരാഷ്ട്രീയത്തോട് വല്ലാത്തൊരു അകലമുണ്ട്. അവർ താരമൂല്യത്തിന്റെ ശരീരഭാഷയ്ക്കനുസൃതമായിട്ടല്ല തിരക്കഥ ഒരുക്കുന്നത്. മറിച്ച്, തിരക്കഥയ്ക്ക് പറ്റിയ കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. വെള്ളിത്തിരയിൽ ഉള്ളകാലമത്രെയും യൗവന നീതിയുടെ ഉടലാർന്ന രൂപമായി തുടരുന്ന ഇവിടുത്തെ മുതിർന്ന നായകൻമാർ അവതാരപുരുഷൻമാരായി പ്രേക്ഷകരുടെ ഉള്ളം കുളിർപ്പിക്കുമ്പോൾ സമാന്തരസിനിമയുടെ മാസ് സ്വഭാവത്തെ നാം എങ്ങനെ തിരിച്ചറിയും? വിദേശചലച്ചിത്രകലയിൽ "സിനിമ തീർന്നു പോയി" എന്ന സന്ദേശം പങ്കുവെച്ച ഒരുപാട് ചലച്ചിത്രകാരൻമാരുണ്ട്.

ചലച്ചിത്രാവിഷ്ക്കരണത്തിൽ നൂതന സങ്കേതങ്ങൾ പരീക്ഷിച്ച ആളാണ് ഗൊദാർദ്. പക്ഷെ ഗോദാർദിന്റെ നിരീക്ഷണത്തിൽ ഇനി ഒന്നും ചെയ്യാൻ ബാക്കിയില്ല. ഗോദാർദ് പറയുന്നതിങ്ങനെയാണ്– "കഴിഞ്ഞവർഷങ്ങളിൽ എല്ലാം ചെയ്തു തീർന്നു. ഇനി ചെയ്യാനായി ബാക്കി ഒന്നുമില്ല. നേരത്തേ ചെയ്തു തീർത്തതല്ലാതെ ഒന്നും എനിക്കു കാണാനാവില്ല". അങ്ങനെ നോക്കുമ്പോൾ മലയാളസിനിമയെ സംബന്ധിച്ച് ഇതൊരു സന്ദേഹമെന്നതിനപ്പുറം ഒരു യാഥാർത്ഥ്യമാണ്. മലയാളസിനിമ ഒപ്പിച്ചെടുക്കുന്ന ബഹുജനാംഗീകാരം അക്ഷരാർത്ഥത്തിൽ വ്യാജമാണ്. പ്രമേയ ദാരിദ്ര്യമാണ് മാസ് മസാല സിനിമയുടെ മൊത്തം പ്രശ്നം. മുതിർന്ന നായകൻമാരിൽ മനുഷ്യർ അവരുടെ വിമോചകരെ കണ്ടെത്തുന്ന പ്രവണത മലയാളസിനിമയിലേതിനേക്കാൾ ഇപ്പോഴും പ്രബലമായിട്ടുള്ളത് തമിഴിലാണ്. അതിന്റെ നേരിയ ചില അംശങ്ങൾ മലയാളസിനിമയെയും ബാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സ്ക്രീനിൽ അത്ഭുതകൃത്യങ്ങൾ കാട്ടുന്ന ഒരു നായകന്റെ പിന്നാലെ മലയാളിയും പാഞ്ഞുതുടങ്ങുന്നത്. എല്ലാ പ്രേക്ഷകരുടെയും കണ്ണിലേക്ക് ആഡംബരപൂർണ്ണമായ ഒരു ജീവിതത്തെ വർണ്ണപ്പകിട്ടോടുകൂടി(ഒരുപോലെ) കോരി ഒഴിക്കുന്ന പ്രവണത ചില നവാഗത ചലച്ചിത്രകാരൻമാർ അട്ടിമറിക്കുകയാണിപ്പോൾ. മലയാളസിനിമയുടെ അടിമാന്തുന്ന ഒരു പ്രവണതയായി ഇപ്പോഴുള്ളത് താരരാജാക്കൻമാരുടെ മാസ് മസാല സിനിമകളിലെ അമാനുഷികപ്രകടനങ്ങൾ തന്നെയാണ്. ആൾക്കൂട്ടത്തിന്റെ മാനസികനിലയെയും അവരുടെ മനഃശാസ്ത്രത്തെയും ചൂഷണം ചെയ്യുന്ന ഈ പ്രവണത മലയാളിയുടെ സിനിമാകലാബോധത്തെ മായ്ച്ചുകളയാൻ ശ്രമിക്കുമ്പോൾ അതിനെ ഒരു പരിധിവരെ പ്രതിരോധിക്കുന്ന സമാന്തരസിനിമകൾ ഉണ്ടാകുന്നുവെന്നത് ഒരു ചെറിയ കാര്യമല്ല. അറുപതു കടന്ന ഒരു നായകന്റെ എല്ലാ ഗോഷ്ഠികളെയും പിത്തലാട്ടങ്ങളെയും മലയാളി ഇന്നും ആരാധനാപൂർവ്വം ആസ്വദിക്കുന്നത് താരപൂജയുടെ സ്വാധീനം കൊണ്ടാണ്. നമ്മുടെ സാമൂഹ്യ-സാംസ്കാരിക കാലാവസ്ഥ താരനായകത്വം ശരീരഭാഷയിലൂടെ മുഴക്കുന്ന സാഹസികത മുറ്റിയ എല്ലാത്തരം വ്യാജനിർമ്മിതികളെയും അംഗീകരിക്കുന്നതാണ്. സിനിമയ്ക്കുള്ളിൽ ആസൂത്രിതമായ ഭീതി രൂപപ്പെടുത്തിവെയ്ക്കുകയും അതിനെ അറുപതാം വയസ്സിലും വീരകൃത്യങ്ങളിലൂടെ മറികടക്കുകയും ചെയ്യുന്ന താരനിർമ്മിതിക്ക് കുറച്ചൊക്കെ അയവു വന്നിട്ടുണ്ടെന്ന് ചിലരെങ്കിലും നിരീക്ഷിക്കുന്നുണ്ട്.

മൂന്നുമണിക്കൂർ എന്നത് ദൈർഘ്യമേറിയ ഒരു കഥാകാലമാണ്. ഉപകഥകൾകൊണ്ട് ഈവിധം കെട്ടിപ്പൊക്കിയ ചില സിനിമകൾ അടുത്തകാലത്ത് മാസ് മസാല സിനിമകളായി മാറിയിട്ടുണ്ട്. ഇവിടെ ഒരു സിനിമയുടെ പശ്ചാത്തല വിസ്തൃതിപോലും നിർണ്ണയിക്കുന്നത് തിരക്കഥാ



ഗോദാർദ്



ഗ്രിഫ്ത്ത്



പീറ്റർ ഹെയ്ൻ



അനുരാജ് മനോഹർ



റാം




ഇൻടോളറൻസ് എന്ന ചിത്രത്തിലെ ഒരു രംഗം



പേരൻപ് എന്ന ചിത്രത്തിലെ ഒരു രംഗം



ജോസഫ് എന്ന ചിത്രത്തിലെ ഒരു രംഗം



മധുരരാജയിൽ മമ്മൂട്ടിക്കൊപ്പം സണ്ണിലിയോൺ

കൃത്തോ സംവിധായകനോ അല്ല മറിച്ച് താരമേധാവിത്വമുള്ള അതിലെ നായകാനാണെന്നത് വാസ്തവം നിറഞ്ഞ ഒരു നിരീക്ഷണമാണ്. പക്ഷെ ഗ്രിഫിത്ത് നാലു കഥകളെ ചേർത്തുവെച്ചാണ് "ഇൻടോളറൻസ്" എന്ന ചിത്രം എടുത്തത്. പക്ഷെ അതിന്റെ കഥാകാലം നമ്മെ മുഷിപ്പിക്കുന്നില്ല. പക്ഷെ മലയാളത്തിലെ ചില സിനിമകൾ കണ്ടുമുട്ടുന്ന രാഷ്ട്രീയദൃശ്യങ്ങളുടെ പുതുരൂപത്തിലുള്ള ആവർത്തനങ്ങളാണ്. പക്ഷെ അപ്പോഴും അവ 'മാസ്' എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്നു. ആയതിനാൽ സമാന്തരസിനിമയുടെ 'മാസ്' സ്വഭാവത്തെ മനസ്സിലാക്കാൻ ചില താരതമ്യങ്ങൾ അനിവാര്യമായിരിക്കുന്നു.

**പ്രസ്താവനകളായി മാറുന്ന മലയാള സിനിമ**

ഒരു സിനിമയ്ക്കു മുന്നേ "മാസ്" എന്ന വിശേഷണം കൊടുത്താൽ അതു മികച്ചതാകുമോ? അഥവാ അതിലെ ഡയലോഗുകൾക്ക് പ്രസ്താവനയുടെ മൂർച്ചവെച്ചാൽ അതു കൂടുതൽ ജനകീയമാകുമോ? ഇത്തരം ചോദ്യങ്ങൾ മറുപടി കാത്തുകിടക്കാൻ തുടങ്ങിയിട്ട് ഒരുപാട് നാളുകളായി. അറുപതു കടന്ന നായകന്റെ സാഹസികാഭിലാഷങ്ങളെ കടിഞ്ഞാണില്ലാതെ അയച്ചുവിടുന്ന ഈ പ്രവണത ഇപ്പോഴും തുടരുകയാണ്. അതിനുള്ളിലെ സംഭാഷണങ്ങൾപോലും ഒട്ടും ഓർഗാനിക്കല്ലായെന്നതാണ് വാസ്തവം. നമ്മുടെ ജീവിതാന്തരീക്ഷവുമായി ഒട്ടും ചേർച്ച പ്രാപിക്കാത്ത അത്തരം ചില സിനിമകളിൽ മമ്മൂട്ടി നായകനായി എത്തുന്നുണ്ട്. ബാഹ്യമായ സമന്വയത്തിനടിയിൽ ഊറിക്കൂടിയ ഒരു പശ്ചാത്തല വീക്ഷണത്തെ അവതരിപ്പിക്കാൻ എന്തിനാണ് ഒരുപാട് അദ്ധ്യായങ്ങൾ. മമ്മൂട്ടി എന്ന നടന്റെ ശരീരഭാഷയെ തെറ്റുപറയാൻ വരട്ടെ. റാം എന്ന സംവിധായകൻ മമ്മൂട്ടി എന്ന ചലച്ചിത്ര ശരീരത്തിന്റെ മൊത്തം ഗ്രാഫിനെയും നന്നായി വിനിയോഗിച്ചതിന്റെ സാക്ഷ്യമാണ് 'പേരൻപ്" . ഈ സിനിമ കോടി ക്ലബിൽ കയറിപ്പറ്റുന്നതിനേക്കാൾ കോടി ജനങ്ങളുടെ ഹൃദയത്തിൽ കയറിപ്പറ്റുന്ന ഒന്നാണ്. ഇന്ത്യൻ യാഥാർത്ഥ്യത്തിന്റെ കോടിയ മുഖങ്ങളെ നിഴലിപ്പിക്കുന്ന ഈ സിനിമയിൽ അഭിനയിച്ച മമ്മൂട്ടി "പോക്കിരിരാജ" യുടെ രണ്ടാം ഭാഗമായ "മധുരരാജ" യിൽ കാഴ്ചവയ്ക്കുന്ന പ്രകടനം ഒരു മാസ്മസാല സിനിമയുടെ രാഷ്ട്രീയമാണ്.സിനിമ എന്ന കലയുടെ മൂല്യത്തെ ഇഷ്ടപ്പെടുന്ന ഒരാൾക്ക് പേരൻപിലെ അമുദനെയായിരിക്കും ഏറെ ഇഷ്ടം. പക്ഷെ 'മധുരരാജ' യിലെത്തുമ്പോൾ പ്രേക്ഷകന്റെ ഇഷ്ടം കീഴ്മേൽ മറിയുന്നു. പീറ്റർ ഹെയ്ൻ എന്ന ഫൈറ്റ് മാസ്റ്ററിന്റെ സഹകരണവും സണ്ണി ലിയോണിന്റെ

ഐറ്റം ഡാൻസും ഒക്കെ കൂടി 'മധുര രാജ'യെ ഒരു മാസ് "മസാല" യാക്കി മാറ്റുന്നുണ്ട്. അത്തരം ഒരു സിനിമയ്ക്കു മൂന്നാം ഭാഗം വരുന്നുവെന്നു പറയുമ്പോൾ തരിച്ചിരിക്കേണ്ടതില്ല. കാരണം പ്രത്യേക അർത്ഥതലങ്ങൾ ഒന്നുമില്ലാത്ത ഇത്തരം ചിത്രങ്ങൾക്ക് എത്ര അധ്യായങ്ങൾ വേണമെങ്കിലും ആകാം. ഇനി മിനിസ്റ്റർ രാജയെന്ന മൂന്നാംഭാഗവും തുടർന്ന് 'ചീഫ് മിനിസ്റ്റർ രാജ' 'പ്രൈം മിനിസ്റ്റർ രാജ' 'ഗവർണർ രാജ' തുടങ്ങി എത്രയോ ഭാഗങ്ങൾ വരാനിരിക്കുന്നു. മലയാളിയുടെ വൈകാരികാവശ്യങ്ങളെ വിരുന്നൂട്ടാത്ത ഇത്തരം ചിത്രങ്ങളെയാണ് നാം 'മാസ് മസാല' എന്നൊക്കെ വിശേഷിപ്പിക്കുന്നത്. നമുക്കെപ്പോഴും കുസൃതിച്ഛായ കലർന്ന ഇത്തരം പ്രമേയങ്ങളോടാണ് താൽപര്യം.

മമ്മൂട്ടി നായകനായി എത്തുന്ന "ഉണ്ട" എന്ന സിനിമയും ഏതുതരത്തിലാണ് വായിക്കപ്പെടുകയെന്നത് സംശയാസ്പദമായ കാര്യമാണ്."അനുരാഗ കരിക്കിൻ വെള്ളം" സംവിധാനം ചെയ്ത ഖാലിദ് റഹ്മാൻ അതിൽ നിന്നും വ്യത്യസ്ഥമായി ഒരുക്കിയിരിക്കുന്ന ഗൗരവതരമായ പ്രമേയമാണിതിനുള്ളത്. ഛത്തിസ്ഗഢിലേക്ക് കേരളത്തിൽ നിന്നും ഔദ്യോഗികാവശ്യത്തിനായി ഒരു ബറ്റാലിയൻ പോലീസ് സേന പുറപ്പെടുന്നതും അവരുടെ വിഭിന്നങ്ങളായ ഉദ്യമങ്ങളും പരിശ്രമങ്ങളുമാണ് ചിത്രത്തിന്റെ ഇതിവൃത്തം. ഇതിൽ മമ്മൂട്ടി അവതരിപ്പിക്കുന്നത് സബ് ഇൻസ്പെക്ടർ മണികണ്ഠൻ എന്ന കഥാപാത്രത്തെയാണ്. എല്ലാ ജനപ്രിയസിനിമകളിലും വന്നും പോയും കൊണ്ടിരിക്കുന്ന പോലീസ് സാന്നിദ്ധ്യം പലതുകൊണ്ടും ഈ സിനിമയിലും വ്യത്യസ്ഥമല്ല. സമാനസ്വഭാവമുള്ള റോളുകളിൽ തുടർച്ചയായി പ്രത്യക്ഷപ്പെടാനാണ് മലയാള സിനിമയിലെ നായകത്വത്തിന്റെ വിധി. ഈ വിധമുള്ള മാസ് മസാല സിനിമകൾ കാണാനുള്ള ബാധ്യത ഇവിടുത്തെ ചലച്ചിത്രകാരൻമാർ പ്രേക്ഷകർക്കു മേൽ കെട്ടിവയ്ക്കുകയാണ്. ഈ പ്രവണതയുടെ അന്ധമായ അനുരണനങ്ങൾ പിടിച്ചെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ പെട്ടെന്ന് ശ്രദ്ധയിൽപ്പെടുന്ന മറ്റൊരു മാസ് മസാല സിനിമയാണ് "ലൂസിഫർ" . ഇതിന്റെ ലൊക്കേഷനിൽ ഉണ്ടായിരുന്ന ഒരു സുഹൃത്ത് മോഹൻലാൽ പൃഥിരാജിനെക്കുറിച്ച് പറഞ്ഞ ആ വാക്കുകൾ ആവേശത്തോടെ ആവർത്തിച്ചിരുന്നു– "ഒരു ക്രിയേറ്റർ എന്ന നിലയിൽ പൃഥി



ശ്യാം പുഷ്കരൻ

മിടുക്കനാണ്. അയാൾക്കറിയാം അയാൾക്ക് വേണ്ടതെന്താണെന്ന്. അക്കാര്യത്തിൽ ഒരു സംശയവും പൃഥിക്കില്ല" . ഒരു സിനിമയെ 'മാസ്' ആക്കാൻ പ്രത്യേക ഡിഗ്രിയൊന്നും എടുക്കേണ്ടതില്ലെന്ന് പൃഥ്വിരാജ് തെളിയിച്ചു. അശാന്തി നിറഞ്ഞ ഹിംസാത്മകമായൊരു രാഷ്ട്രീയ കാലഘട്ടത്തെയാണ് ലൂസിഫർ അവതരിപ്പിച്ചത്. ആത്മശിഥിലീകരണത്തിന്റെ വേദനാകരമായ പ്രക്രിയയിലൂടെ കടന്നുപോകുന്ന, രാഷ്ട്രീയ സാക്ഷരത കുറഞ്ഞുവരുന്ന ഒരു തലമുറയെക്കൂടി "ലൂസിഫർ" അവതരിപ്പിക്കുന്നുണ്ട്. പക്ഷേ അപ്പോഴും "ലൂസിഫർ" എന്ന സിനിമയെ പിൻതുടരുന്ന ഒരു ദുർബലതയുണ്ട്. അതാണ് ഗോദാർദ് പറഞ്ഞത്– 'ചെയ്യാൻ ഉദ്ദേശിച്ച എല്ലാ സിനിമകളും



ലൂസിഫറിൽ മോഹൻലാലും പൃഥിരാജും



ഷെയ്ൻ നിഗം



ആൻ ശീതൾ

മറ്റാരൊക്കെയോ ചെയ്തു കഴിഞ്ഞുവെന്ന്. ലൂസിഫറിലെ പോലീസ്-രാഷ്ട്രീയ സീനുകൾ മിക്കതും മുമ്പുണ്ടായിരുന്ന പല പൊളിറ്റിക്കൽ സിനിമകളുടെയും ആവർത്തനമോ തുടർച്ചയോ ഒക്കെയാണ്. നമ്മുടെ ഓർമ്മയിൽ ഇപ്പോഴും പച്ചപ്പിടിച്ചുനിൽക്കുന്ന വ്യവസ്ഥാപിത ജനാധിപത്യരൂപങ്ങൾ തന്നെയല്ലേ 'ലൂസിഫറിലെ പൊളിറ്റിക്കൽ ദൃശ്യങ്ങൾ? ഈ ചിത്രത്തിന്റെ വിളുമ്പിൽപോലും നിലകൊള്ളുവാൻ ഒരു സാധ്യതയും കൽപിക്കാത്ത ആ നാളുകളിൽ വന്ന മറ്റു പല സിനിമകളും പ്രേക്ഷകശ്രദ്ധ നേടുന്നതിൽ

പരാജയപ്പെടുകയായിരുന്നു. 'മധുരരാജ' ,'ലൂസിഫർ' തുടങ്ങിയ സിനിമകളിലെ സംഭാഷണങ്ങളെല്ലാം തന്നെ ഒരുതരം പൊളിറ്റിക്കൽ പ്രസ്താവനകളായിരുന്നുവെന്നതാണ് വാസ്തവം.

**മാസ് മസാല സർട്ടിഫിക്കറ്റ് ലഭിക്കാത്ത 'മാസ്' സിനിമകൾ**

ചലച്ചിത്ര രംഗത്ത് വ്യക്തമായ സാമൂഹ്യവിരുദ്ധ വാസനകൾ പ്രകടിപ്പിക്കുന്നത് ഫാൻസ് അസോസിയേഷനുകളാണ്. സമാന്തരസിനിമ ഒരു ഉപസംസ്കാരമാണെന്ന് അവർ വെറുതേയങ്ങ് പ്രഖ്യാപിക്കും. അതിനെ തരിമ്പു പോലും വകവയ്ക്കാത്ത ചില മാസ് സിനിമകൾ മലയാളികളെ തേടിയെത്തിയിരുന്നു. അത്തരം സിനിമകൾ നവീന സിനിമയുടെ കാറ്റും വെളിച്ചവും തട്ടി വളർന്നുവരുന്നതാണ് നാം കാണുന്നത്. പഴമയും പുതുമയും തമ്മിലുള്ള സംഘർഷമായി മലയാളി പ്രേക്ഷകൻ ഈ പ്രവണതയെ തെറ്റിദ്ധരിക്കുന്നുണ്ടോ എന്നത് ഒരു കുറഞ്ഞ നിരീക്ഷണമല്ല. മാറ്റത്തെ സ്വാഗതം ചെയ്യുകയും മാറ്റത്തിന്റെ ഉപാധികളായ ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുമ്പോൾ തന്നെ പണ്ടുകാലത്തെ സരളമായ ജീവിതവ്യവസ്ഥിതിയുടെ നന്മകൾ കൈമോശം വന്നതിനെച്ചൊല്ലി വിഷാദംകൊള്ളുന്ന ഒരു തലമുറ മലയാളസിനിമയിൽ പ്രവർത്തിക്കുന്നുണ്ട്. ശ്യാം പുഷ്കരൻ തിരക്കഥയെഴുതിയ 'കുമ്പളങ്ങി നൈറ്റ്സ്' താരപരിവേഷമില്ലാത്ത ഒരു മാസ് സിനിമയായിരുന്നു. ഇതിലെ സംഭാഷണങ്ങളൊക്കെ സാധാരണക്കാരന്റെ ജീവിതമാണ് പറയുന്നത്. ഇതിൽ ബേബിമോൾ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച അന്ന ബെന്നിന്റെ ഒരു ഡയലോഗുണ്ട്- "യേശു നമുക്ക് അറിയാത്ത ആളൊന്നുമല്ലല്ലോ." ഒരുപാട് വിഷയങ്ങൾ ഈ സിനിമ അവതരിപ്പിക്കുന്നുണ്ട്. സൗബിൻ സാഹിറിലെ കലാകാരന്റെ മൊത്തം സ്വത്വം കഥാപാത്രത്തിലുണ്ട്. പുതിയ യുവത നേരിടുന്ന തൊഴിലില്ലായ്മ, ജീവിതപങ്കാളിയെ ലഭിക്കാത്ത അവസ്ഥ, വീട്ടിൽ ഒരു പെൺതരിയില്ലാത്തതിന്റെ പ്രശ്നങ്ങൾ - ഇത്തരത്തിൽ ഒരുപാട് പ്രശ്നങ്ങൾ കൈകാര്യം ചെയ്ത ഒരു സിനിമ എന്ന നിലയിലാവണം ഈ സിനിമയ്ക്ക് മാസ് പദവി ലഭിച്ചത്. ജോജു ജോർജ് നായകനായെത്തിയ "ജോസഫ്" അവയവമാറ്റ ശസ്ത്രക്രിയയെ ബിസിനസ്സ് ആക്കി മാറ്റുന്ന, അവയവമോഷണവും അവയവ കടത്തും വിൽപനയും നടത്തുന്ന മൃഗീയവാസനയ്ക്കെതിരെയുള്ള കടുത്ത പ്രതിരോധമായിരുന്നതുകൊണ്ടാണ് പ്രേക്ഷകശ്രദ്ധ നേടിയത്. ജീവിതമൂല്യങ്ങളുടെ അന്തർധാനത്തെത്തുടർന്ന് നമ്മുടെ ജീവിതപശ്ചാത്തലം കലുഷവും പ്രക്ഷുബ്ധവുമായി മാറുന്നതെങ്ങനെയെന്നുള്ള അന്വേഷണമാണിതൊക്കെ. സമകാലിക യാഥാർത്ഥ്യങ്ങളിൽ കയറിപ്പിടിച്ചതിനെച്ചൊല്ലിയായിരുന്നു ഇവിടുത്തെ വൈദ്യരംഗം 'ജോസഫ്' എന്ന സിനിമയ്ക്കെതിരെ നിയമനടപടിയുമായെത്തിയത്. ഒരു ചലച്ചിത്രസ്രഷ്ടാവിന്റെ രാഷ്ട്രീയവീക്ഷണത്തെ വിലയിരുത്തുമ്പോൾ അയാളുടെ പ്രഖ്യാപിതമായ നിലപാടുകൾ എന്നതിനേക്കാൾ അപ്രഖ്യാപിത നിലപാടുകളെ സിനിമയിൽ നിന്നും ചികഞ്ഞെടുത്താൽ പരിഹരിക്കാവുന്നതേയുള്ളു ആശയപരമായ പ്രശ്നങ്ങൾ.



സാബിറും അന്ന ബെന്നും

അനുരാജ് മനോഹർ എന്ന നവാഗത സംവിധായകന്റെ 'ഇഷ്ക്' എന്ന ചിത്രത്തിന് ഒരു ഉപശീർഷകമുണ്ട്- "നോട്ട് എ ലൗ സ്റ്റോറി''. ഷെയ്ൻ നിഗം ആൻ ശീതൾ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി അവതരിപ്പിക്കുന്ന ഈ സിനിമയുടെ ടാഗ് ലൈൻ എന്തുകൊണ്ടാണ് 'നോട്ട് എ ലൗ സ്റ്റോറി' എന്ന് അന്വേഷിക്കുന്ന ഒരു സാധാരണ പ്രേക്ഷകൻ ഇതു സദാചാര ഗുണ്ടായിസത്തിനെതിരെയുള്ള സിനിമയാണെന്ന്/പ്രതിരോധമാണെന്ന് തിരിച്ചറിയുന്നത് സിനിമ പൂർണ്ണമായും കണ്ടതിനു ശേഷമാണ്. ഐ.ടി.കമ്പനിയിൽ ജോലി നോക്കുന്ന സച്ചിദാനന്ദനും(ഷെയ്ൻ) കോട്ടയം സി.എം.എസ് കോളേജിലെ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിനിയായ വസുധ(ആൻ ശീതൾ) യും പരിചയപ്പെടുന്നതും പ്രണയത്തിലാകുന്നതും സോഷ്യൽ മീഡിയയിലൂടെയാണ്.

സത്യസന്ധവും പക്വത നിറഞ്ഞതുമാണ് ഇവരുടെ പ്രണയം. ഇതിനിടെ ഇവരുടെ പ്രണയത്തിൽ ചില പ്രതിസന്ധികൾ കടന്നുവരുന്നു. അതിനെ മറികടക്കാൻ നടത്തുന്ന ശ്രമങ്ങളും തുടർന്നുണ്ടാകുന്ന ചില ദാരുണകാഴ്ചകളുമാണ് ഈ ചിത്രത്തിൽ ദൃശ്യവൽക്കരിച്ചിരിക്കുന്നത്. ഈ സിനിമയും നിലവിലെ നായകസങ്കൽപത്തെ പൊളിച്ചെഴുതുന്നതാണ്. സിനിമയുടെ ഒന്നാം ഭാഗം ഒരു കാറിലും രണ്ടാം ഭാഗം ഒരു വീട്ടിലുമാണ് (ഭൂരിഭാഗം) നടക്കുന്നത്. യുവതലമുറയുടെയും യുവതലമുറ നേരിടുന്ന പ്രശ്നങ്ങളെയും 'ഇഷ്ക്' അനാവരണം ചെയ്യുന്നു. സദാചാര ഗുണ്ടായിസത്തെ എതിർത്തുതോൽപിക്കാനുള്ള സ്ത്രീയുടെ കരുത്തിനെകൂടി ഈ സിനിമ ആൽബപ്പെടുത്തുന്നുണ്ട്. ഒട്ടും യുക്തിഭംഗം സംഭവിക്കാത്ത ഇത്തരം സിനിമകൾക്ക് എന്താണ് 'മാസ് സിനിമ' എന്ന ഗ്രേഡ് ലഭി

ക്കാതെ പോകുന്നത്. പക്ഷെ മലയാളി പ്രേക്ഷകർ ഇത്തരം സിനിമകൾക്ക് ഒരു'മാസ് ഗ്ലാമർ' ചാർത്തി നൽകുന്നുണ്ടെന്ന വസ്തുത മറച്ചുവയ്ക്കാനാവില്ല.

**അനുബന്ധക്കുറിപ്പുകൾ**

പ്രകടമായ രാഷ്ട്രീയപരാമർശങ്ങൾ അടങ്ങിയിട്ടില്ലാത്ത എത്രയോ ലോകസിനിമകളാണ് മാസ് ഗ്രോസിങ്ങിൽ എത്തിയിട്ടുള്ളത്. അതു സിനിമയുടെ കലയിലെ വ്യത്യസ്ഥമായ സമീപനങ്ങൾകൊണ്ടാണ്. വാണിജ്യസിനിമകൾ എല്ലാക്കാലത്തും ശ്രമിക്കുന്നത് എങ്ങനെ അതിനെ ഒരു മാസ്മസാല പരിവേഷം നൽകാമെന്നാണ്. മലയാളത്തിലെ സമീപകാല വാണിജ്യനിർമ്മിതികളായ മധുരരാജയും ലൂസിഫറും അവയിൽ കുത്തിനിറച്ചിട്ടുള്ള അവാസ്തവികമായ എല്ലാ കാല്പനികമോഹങ്ങളെയും പ്രേക്ഷകന്റെ സാന്നിദ്ധ്യം വെളിപ്പെടുത്താത്ത ഒരു നിർമ്മിതി എന്ന നിലയിൽ കണ്ടുകളയുകയായിരുന്നു. പക്ഷേ ഇതേ പ്രേക്ഷകർക്ക് 'കുമ്പളങ്ങി നൈറ്റ്സും','ജോസഫും','ഇഷ്കും', ഒക്കെ അവരുടെ ജീവിതത്തിന്റെ ചില ഏടുകളെ പുനഃസൃഷ്ടിച്ചു നൽകി. വൈകാരികമായി ശീഘ്ര പ്രതികരണം സൃഷ്ടിക്കാൻ പാകത്തിൽ വെറുതെ മെനഞ്ഞെടുത്തിട്ടുള്ള കഥാഘടനയായിരുന്നില്ല ഈ സിനിമകളുടെ തട്ടകം. ഇങ്ങനെയൊക്കെ നോക്കുമ്പോൾ മലയാള സിനിമാകലയിലെ 'മാസ് മസാല'യുടെ രാഷ്ട്രീയം മാറിമറിയുന്നതാണ് നാം കാണുന്നത്. ഒരു അംഗീകൃതജീവിതരീതിയല്ല മധുരരാജയിലും ലൂസിഫറിലുമൊക്കെയുള്ളത്. മറിച്ച് 'കുമ്പളങ്ങി നൈറ്റ്സ്' 'ജോസഫ്' ഇത്തരം സിനിമകളിലേക്ക് വരുമ്പോൾ നിലവിലുള്ള മൂല്യവ്യവസ്ഥിതിയുടെ നേർക്ക് മൗലികമായ വെല്ലുവിളികൾ ഉയർത്തുന്നുവെന്നതാണ് വാസ്തവം. അങ്ങനെ നോക്കുമ്പോൾ ഈ സിനിമകളെയല്ലേ നാം 'മാസ്' സിനിമകൾ എന്നു വിളിക്കേണ്ടത്?

*ഫോ: 8281165047* ●

● കവിത ●



കെ.എൻ.കുറുപ്പ്

# ഇത് മതമോ



**നിർ**ത്തൂ!
നിങ്ങളീ യുദ്ധം
പോരടിക്കുന്നൊരീ
മണ്ണിന്റെ മക്കളിൽ
കേണപേക്ഷിക്കുന്നിതാ
ഓർമ്മപ്പെടുത്തലായ്!

വിദ്വേഷഭൂമിയിൽ
കൊടിയകെടുതികൾ!
അനുരഞ്ജനത്തിനായ്
കരുതലായ് ശാന്തിതൻ
മന്ത്രധ്വനികളും!

പൊറുക്കൂ!
ദയാലുവാം നിങ്ങൾ
അന്യോന്യം ക്ഷമിപ്പിൻ!
ഈ മാലിന്യക്കൂമ്പാരം
ഒഴിച്ചൊരീ മണ്ണിൽ
പാർക്കാൻ കഴിയട്ടെ
സുരക്ഷിത ജീവിതം!

മതം തന്നെ മാർഗ്ഗം
തടസ്സങ്ങളായിടാൻ
പടരുന്നു തീപ്പൊരി!
മരണമാം വഴിയിലെ
കൂട്ടപ്പലായനം
ഇത് മതമോ!
വൈകാരിക യുദ്ധമോ!

പുതിയ സംസ്കാരങ്ങൾ
പുത്തനുർവുകൾ
ഇനിയും തെളിയട്ടെ
പരിരക്ഷണങ്ങളായ്!

*ഫോ: 9446179837*



ദീപു ആർ.എസ്



# പാലൊളിവിതറി പറന്നകന്നവർ

മലയാള സിനിമയിൽ ചില ഗാനരചയിതാക്കളുണ്ട്. ഒരേ ഒരുപാട്ട് മാത്രം ചെയ്ത് അപ്രത്യക്ഷരായവർ. എങ്കിലും കാലാകാലങ്ങളായി അവരുടെ പാട്ടുകൾ വേദിവിടാൻ മടിക്കുന്നു. തലമുറകൾ ആ പാട്ടിനെ താലോലിക്കുന്നു. അവരിൽ ചിലരിലേക്ക് ഒരു എത്തിനോട്ടം. അതുപോലെ ചില സംഗീതസംവിധായകരും. ഒരുപാട് പാട്ടുകൾക്ക് സംഗീതം കൊടുത്തിട്ടുണ്ടെങ്കിലും ഒരേ ഒരു പാട്ടുകൊണ്ട് അറിയപ്പെടുന്നവർ.

"ഇലകൊഴിയും ശിശിരത്തിൽ
ചെറുകിളികൾ വരവായി
മനമുരുകും വേദനയിൽ
ആൺകിളിയാകഥ പാടി"

'വർഷങ്ങൾ പോയതറിയാതെ' എന്ന സിനിമയ്ക്കുവേണ്ടി മോഹൻ സിതാര ഈണമിട്ട ഒരു സുന്ദരഗാനം. ഈ ഗാനരചയിതാവിനെ തേടിചെന്നാൽ പഞ്ചസാരയും കൽക്കരിയും ഗോതമ്പും ഇറക്കുമതി ചെയ്യുന്ന ഒരു ഒന്നാംതരം ബിസിനസ്സുകാരനെ കാണം. കോട്ടക്കൽക്കാർക്ക് അദ്ദേഹം കുഞ്ഞിമൊയ്തീൻ കുട്ടിയാണെങ്കിൽ തിരുവനന്തപുരത്ത് അദ്ദേഹം ഒരു പടികൂടി മുന്നിലാണ്. മുൻമന്ത്രി യു.എ.ബീരാന്റെ സെക്രട്ടറി ഡി.എം.കെ.യുടെ മലയാളി നേതാവ്. അദ്ദേഹം എഴുതിയ പാട്ടാണ് മേൽപ്പറഞ്ഞത്. രവിമേനോൻ തന്റെ പുസ്തകത്തിൽ വളരെ ഹൃദയസ്പർശിയായി ഇത് വിവരിക്കുന്നു.



മോഹൻ സിതാര



കുഞ്ഞിമൊയ്തീൻ കുട്ടി



കണ്ണൂർ രാജനും യേശുദാസും



ചേരി വിശ്വനാഥനും സ്വാമിയും

മറ്റൊരു വ്യക്തിയാണ് പരത്തുള്ളി രവീന്ദ്രൻ. കോഴിക്കോട്ട് രാമനാട്ടുകരക്കടുത്ത് വിശ്രമജീവിതം നയിക്കുന്ന അദ്ദേഹത്തെ നാം അറിയാതെ അറിയുന്നത് ഒരേയൊരു ഗാനത്തിലൂടെയാണ്. പല്ലവി എന്ന ചിത്രത്തിനു വേണ്ടി ഇന്നത്തെ സംഗീതത്തിലെ ജീനിയസ് എന്നു പറയാവുന്ന 'ശരത്ത്' എന്ന സംഗീതസംവിധായകന്റെ ഭാര്യാപിതാവും, വളരെ മനോഹരങ്ങളായ ഒരു പിടി നല്ല ഗാനങ്ങൾ സംഗീതം ചെയ്ത ശ്രീ.കണ്ണൂർ രാജൻ ഈണമിട്ട് ദാസേട്ടൻ പാടിയ അതി മനോഹരമായ ഗാനം "ദേവീക്ഷേത്രനടയിൽ...ദീപാരാധനവേളയിൽ" ഇന്നും കേൾക്കുമ്പോൾ മനസ്സ് ആർദ്രമാക്കുന്ന ഒരു ഗാനം.

വീണ്ടും മലയാളത്തിന് ഒരു ദേവിയെ സമ്മാനിച്ച രചയിതാവും അറിയപ്പെടുന്നത് ഒരു പക്ഷേ ഈ പാട്ടിലൂടെയാവും. 'രാജപരമ്പര' എന്ന ചിത്രത്തിനുവേണ്ടി എ.ടി.ഉമ്മർ ഈണമിട്ട് ദാസേട്ടൻ പാടിയ മനോഹര ഗാനം ഓർക്കുന്നില്ലേ. തച്ചേത്ത് നീലകണ്ഠമേനോൻ എന്ന അപ്പൻ തച്ചേത്തിനെ ഓർക്കുന്നോ? "ദേവി നിൻ ചിരിയിൽ കുളിരോ പാലൊളിയോ" എന്നെഴുതിയ അപ്പൻ തച്ചോത്തിനെ?

1979 ൽ മലയാളത്തിൽ പിറന്ന 'ലൗലി' എന്ന സിനിമയിൽ അർജ്ജുനൻ മാഷ് ഈണമിട്ട് ദാസേട്ടൻ പാടിയ പാട്ടാണ്. "എല്ലാ ദുഃഖവും എനിക്കു തരൂ/എന്റെ പ്രിയസഖീ പോയ് വരൂ" ഒരു പ്രേമഭംഗത്തിന്റെ കഥ പറയുന്ന ഈ ഗാനത്തിന്റെ സ്രഷ്ടാവാണ് ശ്രീ.ടി.വി.ഗോപാലകൃഷ്ണൻ. മലയാളത്തിൽ ഇതേ ഭാവത്തിലും അർത്ഥത്തിലും എന്തിന് വരികളിൽ പോലും കുറച്ച് സാമ്യമുള്ള മറ്റൊരു പ്രസിദ്ധമായ പാട്ടുണ്ട്. 'താലപ്പൊലി' എന്ന ചിത്രത്തിന് വേണ്ടി സ്വാമി ഈണമിട്ട് ദാസേട്ടൻ പാടിയ ആ ഗാനം. അതെ "പ്രിയസഖീ പോയി വരൂ/ നിനക്കു നന്മകൾ നേരുന്നു/ പ്രാണസഖീ പോയി വരൂ/നിനക്കു നന്മകൾ നേരുന്നു" രചയിതാവ് ആരെന്നറിയണ്ടെ?ശ്രീ. ചേരി വിശ്വനാഥ്. മലയാള സിനിമയിലെ തിരക്കഥാകൃത്ത് എന്ന നിലയിലാണ് അദ്ദേഹത്തിന് കൂടുതൽ പ്രശസ്തി. അദ്ദേഹം തന്നെ എഴുതിയ പ്രശ്സ്തമായ മറ്റൊരു പാട്ടാണ് "വൃശ്ചികക്കാറ്റേ വികൃതിക്കാറ്റേ വഴിമാറി വീശരുതെ" വീണ്ടും എ.റ്റി .ഉമ്മറിന്റെ സംഗീതത്തിൽ 'സരസ്വതിയാമം' എന്ന ചിത്രത്തിനുവേണ്ടി ദാസേട്ടൻ പാടിയ "നിന്നെ പുണരാൻ നീട്ടിയ കൈകളിൽ വേദനയോ വേദനയോ" എന്ന ഗാനത്തിന്റെ രചയിതാവിനെ അന്വേഷിച്ചാൽ ചെന്നു നിൽക്കുന്നത് ശ്രീ. വെള്ളനാട് നാരായണനിൽ ആയിരിക്കും. എം.ജി.സോമൻ അഭിനയിച്ച ഒരു വിഷാദഗാനം. അദ്ദേഹം തന്നെ എഴുതിയ മറ്റൊരു ശ്രദ്ധേയമായ ഗാനമാണ് 'പൗരുഷം' എന്ന സിനിമയിലെ എ.ടി.ഉമ്മറിന്റെ തന്നെ സംഗീതത്തിൽ ദാസേട്ടൻ പാടിയ "ഇനിയും ഇതൾ ചൂടിയുണരും മധുരവികാരങ്ങൾ"

"കിളി വന്നു കൊഞ്ചിയ ജാലകവാതിൽ കളിയായ് ചാരിയതാരെ/മുടിയിഴ കോതിയ കാറ്റിൻ മൊഴിയിൽ മധുവായ് മാറിയതാരെ" വരികൾ ഓർമ്മയില്ലെ? 'പ്രണയവർണ്ണങ്ങൾ'ക്കുവേണ്ടി വിദ്യാസാഗർ ഒരുക്കിയ ദാസേട്ടൻ-സു



രവി മോനോൻ



പരത്തുള്ളി രവീന്ദ്രൻ




ശരത്



അപ്പൻ തച്ചേത്ത്



അർജ്ജുനൻ മാഷ്



എ.റ്റി. ഉമ്മർ


വെള്ളനാട് നാരായണൻ


സോമൻ


സച്ചിദാനന്ദൻ പുഴങ്കര


വിദ്യാസാഗർ


ഹരി കുടപ്പനക്കുന്ന്


വിദ്യാധരൻ മാസ്റ്റർ

ജാത കൂട്ടുകെട്ടിൽ പിറന്ന മനോഹരഗാനം. അതെ അതുതന്നെ..“വരമഞ്ഞളാടിയ രാവിന്റെ മാറിൽ ഒരു മഞ്ഞുതുള്ളിയുറങ്ങി” എന്ന അപൂർവ്വ സുന്ദരഗാനം. രചയിതാവ് ആരെന്ന് അറിയണ്ടെ? ശ്രീ.സച്ചിദാനന്ദൻ പുഴങ്കര. കേട്ടിട്ടുണ്ടോ? അധികമാരും പ്രയോഗിച്ചു കണ്ടിട്ടില്ലാത്ത ‘വരമഞ്ഞൾ’ എന്താണെന്ന് ആലോചിച്ചോ? പൂജിച്ച മഞ്ഞൾ എന്നത്രേ അർത്ഥം. അതുപോലെ രണ്ടാമത്തെ വരിയായ“നിമി നേരമെന്തിനോ തേങ്ങി നിലാവിൻ വിരഹമെന്നാലും മയങ്ങിയിലെ” ‘നിമിനേരം’ എന്താണ്? കണ്ണുചിമ്മി തുറക്കുന്ന സമയം എന്ന അർത്ഥത്തിൽ ആണ് അത് പ്രയോഗിച്ചത് എന്ന് കവി. ഇദ്ദേഹത്തിന്റെ മറ്റൊരു ശ്രദ്ധേയമായ പാട്ടാണ് ഇഷ്ടത്തിലെ “കാണുമ്പോൾ പറയാമോ”


വിധു പ്രതാപ്


വർഷങ്ങൾ പോയതറിയാതെയിലെ ഒരു രംഗം

മോഹൻലാലിന്റെ അഭിനയം കൊണ്ട് ശ്രദ്ധേയമായ ഒരു സിനിമയായിരുന്നു പാദമുദ്ര. വിദ്യാധരൻ മാസ്റ്റർ ഈണമിട്ട് ദാസേട്ടൻ പാടിയ ആ സിനിമയിലെ ഒരു മനോഹരഗാനമാണ് “അമ്പലമില്ലാതെ ആൽത്തറയിൽ വാഴും ഓംകാരമൂർത്തി ഓച്ചിറയിൽ” രചയിതാവിനെ അറിയുമോ? ‘ഹരി കുടപ്പനക്കുന്ന്’. ആ പാട്ടിൽ കോറസ്സ് പാടിയ ആളാണ് ഇന്ന് അറിയപ്പെടുന്ന ഗായകനായ വിധുപ്രതാപ്. ദേശീയ അവാർഡ് നിർണ്ണയത്തിന്റെ അവസാന റൗണ്ട് വരെയെത്തി തഴയപ്പെട്ട പാട്ടാണ് ഇത്. ഒരു പാട്ടുകൂടി പറയാം ഇദ്ദേഹത്തിന്റേതായിട്ട്. കേട്ടിട്ടില്ലേ? എം.ജയചന്ദ്രൻ സംഗീതം കൊടുത്ത്,പി.ജയചന്ദ്രൻ ആലപിച്ച ആ പ്രസിദ്ധമായ ഗാനം. “സ്മൃതിതൻ ചിറകിലേറി ഞാനെൻ ശ്യാമഗ്രാമഭൂവിലലയുന്നു” രചന മറ്റാരുമല്ല ഹരിതന്നെ.


എം.ജയചന്ദ്രൻ


പി.ജയചന്ദ്രൻ

“തകിലു കൊട്ടാമ്പുറം’ എന്ന മലയാളസിനിമ കേട്ടിട്ടുണ്ടോ? ഒരു കുടുംബത്തിന്റെ ദുഃഖകരമായ കഥ പറയുന്ന പ്രേംനസീർ,ഷീല എന്നിവരുടെ നല്ല അഭിനയമുഹൂർത്തങ്ങളും മോഹൻലാൽ,ജഗതി,അടൂർഭാസി,സുകുമാരൻ,ജലജ തുടങ്ങിയ മുൻനിര താരങ്ങൾ അഭിനയിച്ചിട്ടും വിജയിക്കാതെ പോയ ഒരു ബാലുകിരിയത്ത് ചിത്രം. ഇതിൽ ബാലു തന്നെ എഴുതി യമുനാ കല്യാണി രാഗത്തിൽ സംഗീതം ചെയ്ത ഒരു സുന്ദരമായ ഗാനമുണ്ട്. “സ്വപ്നങ്ങളേ വീണുറങ്ങൂ” സംഗീത സംവിധായകനെ തിരഞ്ഞാൽ ചെന്നെത്തുന്നത് ‘ദർശൻ രാമൻ’ എന്ന ആളിലാണ്. അനേകം ഗാനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹം അറിയപ്പെടുന്നത് ഈ ഒരു ഗാനത്തിലൂടെയാണ്. അദ്ദേഹത്തിന്റെ മറ്റൊരു നല്ല ഗാനമാണ് ‘പത്താമുദയം’ എന്ന 1985 ൽ ഇറങ്ങിയ മോഹൻലാൽ ചിത്രത്തിലെ “മംഗളം പാടുന്ന സംഗീതം നവവത്സരം വാഴ്ത്തുന്ന സന്ദേശം” എന്ന ഗാനം.


ബാലു കിരിയത്ത്

ശ്രീ.രവി മേനോൻ വിവരിച്ചതുപോലെ ഒരേയൊരു പാട്ടിലൂടെ ഇന്നും നിലനിൽക്കുന്നവർ. അവർ അനേകം പാട്ടുകൾ ചെയ്തവർ നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നതുപോലെ ഈ ഓരോ പാട്ടുകളിലൂടെ ജീവിക്കുന്നു. എങ്കിലും ഇവരിൽ അറിയപ്പെടുന്നവരെത്ര? തഴയപ്പെട്ടവരെത്ര?

● ഫോ: 9656181104


ദർശൻ രാമൻ

സിനിമ

# ആശംസകളുടെ ഈ പെരുമഴതോരും വേദിയിൽ ഞാൻ മാത്രമാകും.

**പി**റന്നാൾദിനാശംസകളുടെ പെരുമഴ അവസാനിക്കുമ്പോൾ താൻ പഴേപടി തനിച്ചാകുമെന്നും ഓരോ പിറന്നാളും മരണത്തിലേക്കുള്ള ദൂരം കുറയ്ക്കുകയാണെന്നുമുള്ള നടൻ മോഹൻലാലിന്റെ പിറന്നാൾദിന ബ്ലോഗ് സാമൂഹികമാധ്യമങ്ങളിൽ വൈറലാകുന്നു. പ്രിയ നടന്റെ ജന്മദിനത്തെ മരണവുമായി ബന്ധപ്പെടുത്തി എഴുതിയത് വേദനിപ്പിക്കുന്നതായും ആഴത്തിലുള്ള ചിന്തകളിലേക്ക് വഴിവെച്ചതുമായാണ് ആരാധകർ മറുപടി പങ്കുവെച്ചത്.



**ലാലിന്റെ ബ്ലോഗിലെ പ്രസക്തഭാഗം ചുവടെ:**

വീണ്ടും ഒരു പിറന്നാൾ ദിനം... ദിവസങ്ങൾക്കുമുൻപേ ആശംസകൾ പ്രവഹിച്ചു തുടങ്ങിയിരുന്നു. അതിപ്പോഴും തുടരുന്നു... ദീർഘായുസ്സ് നേർന്നുകൊണ്ട് നല്ല തുടർജീവിതം ആശംസിച്ചുകൊണ്ട്, ആരോഗ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ട് അറിയുന്നവരും അറിയാത്തവരുമായി ഒരുപാട് പേർ... ഈ സ്നേഹവും പ്രാർത്ഥനയുമാണ് എന്നെ ഞാനാക്കിയത്. ഇന്നും ഇടറാതെ നിലനിർത്തുന്നത്. ഭാവിയിലേക്ക് സഞ്ചരിക്കാൻ പ്രചോദിപ്പിക്കുന്നത്... എല്ലാവർക്കും നന്ദി. എന്റെയും എന്റെ കുടുംബത്തിന്റെയും സ്നേഹം.

അടുത്ത ദിവസമാകുമ്പോഴേക്കും ആശംസകളുടെ ഈ പെരുമഴ തോരും,ആഘോഷങ്ങൾ തീരും എല്ലാവരും പിരിയും .വേദിയിൽ ഞാൻ മാത്രമാകും... അത്തരം സന്ദർഭങ്ങളിൽ ഞാൻ എന്നിലേക്ക് തന്നെ തിരിഞ്ഞുനോക്കും. ഞാൻ നടന്ന ദൂരങ്ങൾ,എന്റെ കർമങ്ങൾ എല്ലാം എന്റെ ഉള്ളിൽ തെളിഞ്ഞുമായും. ഫെയ്ഡ് ഇൻ ഫെയ്ഡ് ഔട്ട് ദൃശ്യങ്ങൾ പോലെ. അത് കഴിയുമ്പോൾ ഒരുപാട് തിരിച്ചറിവുകൾ,ബോധ്യങ്ങൾ എന്നിവയെല്ലാം എന്നിലേക്ക് വന്നു നിറയും ഞാൻ പിന്നെയും യാത്ര തുടരും.

ശേഷിച്ച സമയത്തിന്റെ വില മനസ്സിലാക്കിത്തരുന്നു. ആ മനസ്സിലാക്കലിൽ നിന്നാവണം നാം ഭാവി ജീവിതത്തിന് രൂപം നൽകാൻ.

കുറച്ചു ഓവറുകൾ മാത്രമേയുള്ളൂ, ജയിക്കണമെങ്കിൽ ഷോട്ടുകൾ കൃത്യമായി തിരഞ്ഞെടുത്തു കളിക്കണം. ആ അവസ്ഥയിലെ ബാറ്റ്സ്മാന്റെ മാനസിക നിലയിലാണ് ഓരോ പിറന്നാളുകൾ കഴിയുമ്പോഴും ചിന്തിക്കുന്ന മനുഷ്യരും പങ്കുവെക്കുന്നത് എന്ന് എനിക്ക് തോന്നുന്നു. ഒരു പഴുത്ത ഇല ഞെട്ടറ്റുപോകുന്നതുപോലെയാണ് പ്രാണൻ പറന്നുപോവുന്നത് എന്നെവിടെയോ വായിച്ചിട്ടുണ്ട്. അല്ലെങ്കിൽ ഒരു തിരമാല കടലിൽ വീണടിയുന്നത് പോലെ ഒരു മൺകുടം ഉടഞ്ഞ് വീണ്ടും മണ്ണായി മാറുന്നത് പോലെ... അമ്മ മരിച്ചപ്പോൾ രമണ മഹർഷി (Absorbed) എന്ന വാക്കാണ് ഉപയോഗിച്ചത് എന്ന് കേട്ടിട്ടുണ്ട്. അങ്ങനെ ലയിക്കണമെങ്കിൽ വാസനകളെല്ലാം ഒടുങ്ങണം. ഒരു മുളന്തണ്ടുപോലെ മനുഷ്യൻ ശൂന്യനാവണം. അതിനാണ് ശ്രമം.

ഏറ്റവും മനോഹരമായ മരണമേത് എന്ന് എന്നോടു ചോദിച്ചാൽ ശങ്കരാചാര്യരുടേത് എന്നാണ് ഉത്തരം. കാലം കഴിഞ്ഞപ്പോൾ കർമങ്ങൾ തീർന്നപ്പോൾ കേദാർനാഥും കഴിഞ്ഞ് ഹിമാലയത്തിന്റെ മഞ്ഞു മലകൾക്കപ്പുറത്തേക്ക് അദ്ദേഹം നടന്നുപോയി.... അതുപോലെ മാഞ്ഞുപോവുക ഒരു സ്വപ്നമാണ്. ഓരോ പിറന്നാൾ ദിനത്തിലും ഞാൻ ആ സ്വപ്നം കാണാറുണ്ട്. അത് ഒരിക്കലും യാഥാർത്ഥ്യമാവില്ലെങ്കിലും


– സ്നേഹപൂർവം മോഹൻലാൽ.

● യാത്ര ●



കാരൂർ സോമൻ

# കാലം മായ്ക്കാത്ത പൈതൃക കാഴ്ചകൾ




**തേംസ് നദിയാത്ര ഒരനുഭൂതി**

ലണ്ടനിൽ പൊതുവേ മഴയുണ്ട്. പക്ഷെ കനത്ത മഴയില്ല. അതിനാൽ ശുദ്ധജലത്തിന് ക്ഷാമമില്ല. നിലയ്ക്കാത്ത ശുദ്ധജലപ്രവാഹം എവിടെ നിന്നെന്ന് ചോദ്യത്തിന്റെ ഉത്തരമാണ് തേംസ് നദി. തേംസ് ലണ്ടൻ നഗരത്തിന്റെ ദാഹശമനിയോ ഹൃദയത്തുടിപ്പോ ഒക്കെയാണ്. നഗരവാസികൾ കുടിക്കുന്ന ജലത്തിൽ മൂന്നിൽ രണ്ടും ഈ നദിയിൽ നിന്നാണെന്ന് കേട്ടിരുന്നു. ഗ്ലസ്റ്റർഷെറിൽ തുടങ്ങി വടക്കേ സമുദ്രത്തിലേക്കൊഴുകുന്ന തേംസ് നദിയുടെ ഉത്ഭവപ്രദേശത്തു വീഴുന്ന ഒരുതുള്ളി ജലം ലണ്ടനിൽ എട്ട് പേരെങ്കിലും ഉപയോഗിക്കും എന്ന് പഴമക്കാർ പറയാറുണ്ട്.

മനുഷ്യർ മാത്രമല്ല മൃഗങ്ങളും, ചെറു വന്യജീവികളും തേംസിന്റെ ജലത്തുള്ളികളിൽ ജീവൻ കാക്കുന്നു. ഗ്ലസ്റ്റർഷയർ, ബക്കിങ്ങാംഷയർ, വിൽറ്റ്ഷയർ, ഓക്സ്ഫഡ്ഷയർ, സാറേ, ലണ്ടൻ, കെന്റ്, എസ്സെക്സ്, ബെർക്ഷയർ, തുടങ്ങിയ കൗണ്ടികളിലൂടെയാണ് ഈ സുന്ദരനദി ഒഴുകുന്നത്. കൗണ്ടിക്രിക്കറ്റിലൂടെ ലോക പ്രശസ്തമായ ഈ സ്ഥലങ്ങളൊക്കെ ക്രിക്കറ്റിന്റെ രൂപമാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഒരിക്കലല്ല, പലതവണ. പക്ഷെ, തേംസിന് മാത്രം മാറ്റമില്ല. ഇതിലെ ജലം അശുദ്ധമാകാൻ ആരും അനുവദിക്കില്ല. പണ്ട് പ്ലേഗ് ലണ്ടനിലും പരിസരപ്രദേശത്തും ആയിരങ്ങളെ കൊന്നൊടുക്കിയതിന്റെ പ്രധാന കേന്ദ്രം തേംസ് നദിയിലെ കുടിവെള്ളമായിരുന്നു. അതിലൂടെ ഒരു നദി എങ്ങനെ മലിനമാക്കാതെ നോക്കി സംരക്ഷി

ക്കപ്പെടണമെന്നവർ പഠിച്ചു. അത് വികസിത രാജ്യങ്ങളിലെ നദികൾക്കും ഒരു പാഠമായിരുന്നു. വിവാഹതലേന്ന് സൽക്കാരങ്ങൾക്കും പായ്‌വഞ്ചി യാത്രക്കാർക്കുമൊക്കെ ടൂറിസ്സം മാപ്പിൽ ഇടം പിടിക്കുമ്പോഴും പശ്ചാത്തലം തേംസ്നദിയിലെ ശുദ്ധജലം തന്നെ. മഞ്ഞ് പെയ്യുന്ന രാവുകളിൽ തേംസ് കാണാൻ അതിമനോഹരമാണ്.

ഇങ്ങ് കേരളത്തിൽ മാവേലിക്കരയിലെ താമരക്കുളം, ചാരുംമൂട്ടിലെ ഗ്രാമീണ സ്കൂളിൽ ഞാൻ പഠിച്ച, സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യകഥകളിൽ ലണ്ടനും തേംസും ഉണ്ടായിരുന്നു. ഇൻഡ്യയിലെ പുണ്യനദികളൊക്കെ കണ്ടപ്പൊഴും ഇംഗ്ലണ്ടിന്റെ ഐശ്വര്യ ദേവതയായ തേംസ് ഒരു സ്വപ്നമായി അവശേഷിച്ചു. സൗദി അറേബ്യയിൽ നിന്നാണ് 2003ൽ ഞാൻ ലണ്ടനിൽ എത്തിയത്. ഒന്നരപതിറ്റാണ്ടു പിന്നിടുമ്പോഴും നഗരകാഴ്ചകൾ മായുന്നില്ല. പല തവണ കണ്ടിട്ടും മടുപ്പിക്കുന്നില്ല.

ഒരു നദിക്ക് 215 മൈൽ അഥവാ 330 കിലോമീറ്റർ വലിയ നീളമാണോ? ദക്ഷിണ ഇംഗ്ലണ്ടിലെ തേംസ് നദിയുടെ നീളം ഇത്രമാത്രം. യു.കെയിൽ തന്നെ നീളത്തിന്റെ കാര്യത്തിൽ ഇത് രണ്ടാമതാണ്. 'സെവേൻ'ആണ് ഒന്നാമത്. പക്ഷെ ലണ്ടൻ നഗരത്തേയും ഓക്സ്ഫഡിനേയും തഴുകിയൊഴുകുന്ന തേംസ് ബ്രിട്ടന്റെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രൗഢിയുടേയും പര്യായമാണ്. കോടസ് വോൾഡ് മലനിരകളിൽ ഉദ്ഭവിച്ച് ഒഴുകുന്ന തേംസ് ലണ്ടൻ നഗരം പോലൊരു സ്വപ്നമായിരുന്നു.

'ടമേസ' എന്നും ടമേസിസ് എന്നും പൗരാണികർ വിളിച്ച, ഓക്സ്ഫഡിൽ, 'ഐസസ്' നദിയായ തേംസ്. ബെക്കിങാം കൊട്ടാരം, ബിഗ്ബെൻ, ടവർ ഓഫ് ലണ്ടൻ, ലണ്ടൻ ഐ, വെസ്റ്റ് മിനിസ്റ്റർ ആബെ സെന്റ് പോൾസ് കത്തിഡ്രൽ, ട്രഫാൽഗർ സ്ക്വയർ, വിൻസർ കാസിൽ, ആർട്ട് ഗാലറികൾ, ഇംഗ്ലണ്ടിന്റെ തലസ്ഥാനമായ ലണ്ടനിൽ ശാസ്ത്ര-സാഹിത്യ-കലാ രംഗത്തുള്ള ധാരാളം മ്യൂസിയങ്ങൾ മനുഷ്യ മനസ്സിനെ മാറ്റിമറിക്കുന്ന വിധത്തിലുള്ളതാണ്. അതെല്ലാം അവർക്ക് കാണപ്പെട്ട ദൈവങ്ങളാണ്. അതിനു പശ്ചാത്തലം തേംസ് നദിയുടെ വിശുദ്ധിയും നദിയെ തഴുകിയെത്തുന്ന കുളിർമ്മയുമാണ്.

ഞാനും ഭാര്യ ഓമനയും മൂന്ന് കുട്ടികളും രാജീവ്, സിമ്മി, സിബിൻ ലണ്ടൻ യാത്ര തുടങ്ങിയത് തേംസിലൂടെയുള്ള ബോട്ടുയാത്രയിലൂടെയാണ്. സമുദ്രത്തിലെ തിരമാലകൾക്കൊപ്പം നദിയുടെ ചിലഭാഗങ്ങളിൽ വേലിയേറ്റമുണ്ടാകാറുണ്ട്. മൂന്ന് മണിക്കൂർവരെ ഇത് നീളും. ഉദ്ഭവസ്ഥാനത്തിനടുത്ത് ക്രിക്‌ലെഡ് വരെ ബോട്ടിലെത്താൻ അനുവാദമുണ്ട്. നദിക്കു കുറുകയുള്ള 16 പാലത്തിൽ 2002 ൽ പുനർസൃഷ്ടിച്ച മിലേനിയം പാലമാണ് കാഴ്ചക്കാർക്ക് നടപ്പാത. സുവർണ്ണജൂബിലി പാലത്തിലും കാൽ നടക്കാരെ ചിലപ്പോൾ അനുവദിക്കാറുണ്ട്. ഗ്രീൻവിച്ചിലും വൃൾവിച്ചിലും നടപ്പാതയുണ്ട്. ഇഗ്ലണ്ടിന്റെ പല ഭാഗങ്ങളിലൂടെ തേംസ് നദി ഒഴുകുന്നു. ഓക്സ്ഫഡിൽ തേംസിന്റെ വീതി 150 അടിയാണ്.

പാലത്തിൽ നിന്നാൽ നദിയുടെ വടക്കൻ തീരത്ത് സ്ഥിതിചെയ്യുന്ന വെസ്റ്റ് മിനിസ്റ്റർ ആബെ കാണാം ക്രിസ്താബ്ദം 960 ൽ ഗോതിക് മാതൃകയിൽ നിർമ്മിച്ചതാണിത്.

ഇരുനില ബോട്ടിന്റെ മുകളിലെ നിലയിൽ സീറ്റ് കിട്ടിയത് അനുഗ്രഹമായി. ഓഡിയോ ഗൈഡ് എട്ട് ഭാഷകളിൽ കാഴ്ചകളെക്കുറിച്ച് വ്യക്തമായ വിശദീകരണം നല്കു



ന്നു. ബോട്ടിൽ ചെറിയൊരു സ്നാക്ക് ബാറുമുണ്ട്. ഞങ്ങൾക്കൊപ്പം ബ്രിട്ടീഷുകാരും കുട്ടികളുമുണ്ട്. പ്രാവുകൾ അവർക്ക് മുകളിലൂടെ പറക്കുമ്പോൾ ഇങ്ങോട്ടുവരു ഇങ്ങോട്ടു വരു എന്നവർ ഉറക്കെ പറയുന്നുണ്ട്. കുട്ടികളാണ് മറ്റുള്ളവരെക്കാൾ ആഹ്ലാദഭരിതരായിരിക്കുന്നത്. ഇടയ്ക്കുള്ള സ്റ്റോപ്പുകളിൽ ഇറങ്ങി കാഴ്ചകൾ കണ്ട് അടുത്ത ബോട്ടിൽ യാത്രതുടരാം. ഒരു ബോട്ടും യാത്രക്കാർക്കായി കാത്തുകിടക്കില്ല. ലണ്ടൻ നഗരകാഴ്ചകൾ കാണാൻ ബസ്സിൽ പോയാലും ഇതാണവസ്ഥ.

നദിയുടെ ഇരു കരകളിലെയും പച്ചില മരങ്ങളും പൂന്തോപ്പുകളും നല്ല കാഴ്ചയാണ്. പ്രകൃതിരമണീയമെന്ന് അവർതന്നെ അവകാശപ്പെടുന്ന പ്രദേശങ്ങളുണ്ട്. 25 വർഗ്ഗം മത്സ്യങ്ങൾ തേംസ് നദിയിൽ ഉണ്ടത്രെ. പലഭാഗങ്ങളിലായി അരയന്നങ്ങളെയും കാണാം. ഓറഞ്ച്, ആപ്പിൾ, മുന്തിരിതോപ്പുകൾ, ആകാശംമുട്ടെ ഉയർന്നു നില്ക്കുന്ന സൗധങ്ങൾ നദിക്കരയിൽ നിന്ന് അധികം അകലയല്ലാതെ കാണാം. പ്രാവുകൾ കൂട്ടമായി നദിയ്ക്ക് മുകളിലൂടെ പറക്കുന്നു. പ്രാവുകളുടേയും അരയന്നങ്ങളുടേയും ഫോട്ടോയെടുക്കുന്നതിലാണ് പലരുടേയും ശ്രദ്ധ.



തേംസ് നദി മാലിന്യമുക്തമായി പരിരക്ഷിക്കാൻ നഗരസഭയും ബന്ധപ്പെട്ട അധികൃതരും എപ്പോഴും ശ്രദ്ധിക്കുന്നു. അതുകൊണ്ട് തന്നെ നദികടന്നു വരുന്ന കാറ്റിനും കുളിർമയാണ്. ദുർഗന്ധമില്ല.

ലണ്ടൻ നഗരത്തിന്റെയും ബ്രിട്ടന്റെ തന്നെയും പ്രൗഢിയും പാരമ്പര്യവും വിളിച്ചോതുന്ന കെട്ടിടങ്ങളുടെ പ്രതിബിംബം നദിയിൽ കാണാം. ആ കെട്ടിടങ്ങൾ നേരിട്ടുകാണാനുമുണ്ട്. ഈ നിഴൽ ചിത്രങ്ങൾ ഒരനുഭൂതിയാണ്.

പ്രകൃതി ദൃശ്യങ്ങളൊന്നും കാണാതെ തങ്ങളുടെതായ ലോകത്ത് എല്ലാം മറന്ന് നിൽക്കുന്ന കമിതാക്കളുമുണ്ട്. ബോട്ടിൽ അവർ മറ്റാരെയും ശ്രദ്ധിക്കുന്നില്ല. മറ്റാരും അവരേയും ശ്രദ്ധിക്കുന്നില്ല.

കറുപ്പിനും വെളുപ്പിനും വ്യത്യാസമില്ല. മലയാളിയുടെ സ്വാഭാവം വെച്ചു ഞാനറിയാതെ ഇവരെയൊക്കെ ശ്രദ്ധിക്കുന്നതറിഞ്ഞ് ഓമന ഓർമ്മിപ്പിച്ചു. "ഇതൊക്കെ ഇവിടെ പതിവു കാഴ്ചകളാണ്. അവൾ എനിക്കുമുമ്പ് ലണ്ടനിൽ എത്തിയതാണല്ലോ.

സ്കൂൾ കുട്ടികൾ നിറഞ്ഞ ബോട്ട് ഞങ്ങളെ കടന്നുപോയി. അവർ തികഞ്ഞ ആഹ്ലാദത്തിലാണ്. തേംസ് നദീയാത്ര നാളെകളിൽ അവർക്ക് വലിയ ഓർമ്മപ്പെടുത്തലാകും. ചരിത്രമറിഞ്ഞ് അവർ പഠിച്ചു വളരട്ടെ. ഞങ്ങൾ ഇൻഡ്യയിൽ നിന്നെത്തി തേംസിലൂടെ സഞ്ചരിച്ചതുപോലെ നാളെയവർ ആലപ്പുഴയും അഷ്ടമുടി കായലും ഗംഗയും യമുനയുമൊക്കെ കാണാൻ ഇടവരട്ടെ. ഈ സമയം എന്റെ മനസ്സ് പറന്നത് കേരളത്തിലേക്കാണ്. സംഗീതം പൊഴിച്ചുകൊണ്ട് സ്വച്ഛന്ദം ഒഴുകുന്ന നമ്മുടെ നാൽപ്പത്തിനാല് നദികൾ. ഇതിൽ പലതും ഭൂമി വരണ്ടുണങ്ങുന്നതുപൊലെ വരണ്ടുണങ്ങുന്നു. ചക്രശ്വാസം വലിക്കുന്നു. മാലിന്യങ്ങൾ നദികളിൽ കുന്നുകൂടുന്നു. രാസമാലിന്യങ്ങളൊഴുകുന്നു. ഞാൻ കണ്ടിട്ടുള്ള യൂറോപ്പിലെ ഏറ്റവും വലിയ നദിയായ റഷ്യയിലെ വോൾവ, പത്ത് രാജ്യങ്ങളിലൂടെ ഒഴുകുന്ന ഡാനുബ്, ഫ്രാൻസിലെ വൻ നദിയായ ലോയിർ, പാരീസ് നഗരത്തിലുടെയൊഴുകുന്ന സുന്ദരിയായ സെൻ, ജർമ്മനിയിലെ റിഹിൻ, ഇറ്റലിയിലെ വൻനദിയായ റിബർ ഈ നദികളിലൂടെയെല്ലാം നിത്യവും ആയിരക്കണക്കിനാളുകൾ ആഹ്ലാദഭരിതരായി കുളിരളം കാറ്റുകൊണ്ട് സഞ്ചരിക്കുന്നു. തേംസിനെ പോലെ നദികളെല്ലാം അവർക്ക് സൗന്ദര്യറാണിമാരാണ്. ഓരോ നദികളും ഒരു ചരിത്രാവശിഷ്ടം പോലെ ഒരോ നഗരങ്ങളുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. ഈ നദികളാണ് വികസിത രാജ്യങ്ങളുടെ വളർച്ചയ്ക്ക് മുഖ്യപങ്ക് വഹിച്ചതെന്ന് അവർക്കറിയാം. അതിനാൽ നദികൾ അവർക്ക് ദേവിയാണ്. ഒരു നദികളും മനുഷ്യനെ ആശ്രയിക്കുന്നില്ല. മനുഷ്യനാണ് ജലാശയങ്ങളെ ആശ്രയിക്കുന്നത്. അതിനാൽ എല്ലാവിധ പരിരക്ഷയും കൊടുത്ത് സംരക്ഷിക്കുന്നു. നദികളെ ശ്വാസം മുട്ടിച്ച് കൊല്ലുന്നില്ല. ഭാരതത്തിൽ സിന്ധു നദി തട സംസ്കാരം പോലെ എല്ലാ സംസ്കാര



സ്റ്റീവ് റെഡ് ഗ്രോവ്

ങ്ങളുടെയും അടിവേരുകൾ ചെന്നെത്തുന്നത് നദീതടങ്ങളിലാണ്. ലോകാത്ഭുതങ്ങളിലൊന്നായ താജ്മഹലിനെ പ്രണയാർദ്രമായി ഗംഗാനദി ആലിംഗനം ചെയ്ത് ഒഴുകുന്നതുപോലെയാണ് ലണ്ടനെ തേംസ്നദി ആലിംഗനം ചെയ്ത് ഒഴുകുന്നത്.

നിരന്തരം ബോട്ടുകളും അപൂർവ്വമായി കപ്പലും സഞ്ചരിക്കുന്ന തേംസ്നദിയിൽ കപ്പലുകൾ വരുമ്പോൾ ഇരുമ്പ് പാലങ്ങൾ രണ്ടായി മാറുന്നത് ഒരു വിസ്മയകാഴ്ചയാണ്. തേംസ് നദിയിൽ വള്ളംകളിയും നടക്കാറുണ്ട്, മത്സരമായി തന്നെ. കൂടുതലും കോളേജ് കുട്ടിക്കൾക്കായിട്ടാണ് മത്സരങ്ങൾ. ഇതിൽ മുന്നിൽ നിൽക്കുന്ന ഓക്സ്ഫഡ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റികളാണ്. പക്ഷെ നദിയുടെ വീതി കൂടുതലായതിനാലും ജനവാസ കേന്ദ്രങ്ങളായതിനാലും നമ്മുടെ ആറന്മുള വള്ളം കളി മത്സരം പോലെ കരയിൽ നിന്ന് വള്ളം കളി ആസ്വദിക്കാൻ എളുപ്പമല്ല. അതിന് ബോട്ടുകൾ നദിയിൽ ഇറങ്ങണം. 1829 ൽ ഇവിടെ വള്ളം കളി നടന്നെന്നും ലോകത്തിലെ ആദ്യ വള്ളം കളികളിൽ ഒന്നായിരുന്നു ഇതെന്നും കേൾക്കുന്നു. സർവ്വകലാശാല വിദ്യാർത്ഥികളാണ് മത്സരിച്ചതത്രെ. വള്ളം കളികളികളുടെ നാട്ടിൽ നിന്നെത്തിയ എനിക്കും ഇത് അദ്ഭുതമായി തോന്നി. പക്ഷെ ഒളിംപിക്സിലൊക്കെ ആധുനിക വഞ്ചിതുഴയിൽ ബ്രിട്ടീഷുകാർ സ്വർണ്ണം നേടാറുണ്ട് എന്നറിയുമ്പോൾ ആ പാരമ്പര്യം നാം സമ്മതിച്ചുപോകും. മാത്രവുമല്ല അഞ്ച് ഒളിംമ്പിക്സും സ്വർണ്ണമെഡൽ നേടിയ തുഴച്ചിൽ താരം സ്റ്റീവ് റെഡ് ഗ്രോവ്, ലോകനീന്തൽ താരം മാർക്ക് ഫോസ്റ്റർ ഇവരെയൊക്കെ ജലയാത്രയുമായി ബന്ധപ്പെടുമ്പോൾ ഓർത്തുപോകും. അങ്ങനെ വിസ്മയങ്ങളുടെ മിഴിതുറന്നിരിക്കുന്ന ഈ നദീതട യാത്ര ആനന്ദം പകരുന്നു.



മാർക്ക് ഫോസ്റ്റർ

ഞങ്ങൾ ബോട്ടിൽ നിന്നിറങ്ങി പോയത് വുൾവിച്ച് സെമിത്തേരിയിലുള്ള വിലയൊരു പ്രതിമ കാണാനാണ്. തേംസ് നദിയിൽ 19-ാം ശതകത്തിൽ ഉണ്ടായ കപ്പൽ അപകടത്തിൽ മരിച്ചവരുടെ സ്മരണക്കായി നിർമ്മിച്ചതാണിത്. 1878 സെപ്റ്റംബർ മൂന്ന് വ്യാഴാഴ്ചയാണ് ലോകത്തെ നടുക്കിയ ആ സംഭവവമുണ്ടായത്.

'പ്രിൻസസ് ആലീസ്' എന്ന ആർഭാട കപ്പൽ മുങ്ങി 650 പോരാണ് മരിച്ചത്. അതിൽ കൂടുതലും സ്ത്രീകളും കുട്ടികളുമായിരുന്നു. 67 മീറ്റർ നീളവും 171 ടൺ ഭാരവുമുള്ളതായ ആഡംബരകപ്പൽ 1865 മാർച്ച് 29നാണ് ആദ്യമായി വെള്ളത്തിലിറക്കിയത്. 13 വർഷമേ കഴിഞ്ഞുള്ളു കപ്പൽ മുങ്ങി.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ വീരഗാഥകളിൽ പ്രഥമസ്ഥാനം വഹിച്ചിട്ടുള്ള തേംസ് നദിയിൽ നിന്ന് കരക്ക് വീണ് ജീവനായി പിടയുന്ന ഒരു മത്സ്യം പോലെ ഈ ദുരന്തം എന്നെയും വേദനിപ്പിച്ചു. വിസ്മയങ്ങളുടെ പറുദീസയായ ലണ്ടനും തേംസ്നദിക്കും ഇങ്ങനെയൊരു ദുരന്തത്തിന്റെ കഥയുണ്ടെന്ന് ഓർക്കാൻ വിഷമം.

karoorsoman@gmail.com

● ലേഖനം ●



● ജോർജ്ജ് ജോസഫ് മണ്ണൂശ്ശേരി

# ആലുവ കൂട്ടക്കൊലക്കേസ്

...തുടർച്ച

കുടുംബാംഗങ്ങൾ ഒന്നടങ്കം ഒരേസമയം കൊല്ലപ്പെട്ടിരിക്കുന്നു എന്നതാണ് ഈ കേസിലെ ഏറ്റവും വലിയ പ്രതിസന്ധി. ഒരാളെങ്കിലും അവശേഷിച്ചിരുന്നെങ്കിൽ അന്വേഷണത്തിന്റെ പുരോഗതിയെ സഹായിക്കുന്ന വിലപ്പെട്ട തെളിവുകളും വിവരങ്ങളും ആ വ്യക്തിയിൽനിന്നും ശേഖരിക്കാൻ കഴിഞ്ഞേനെ. ഇവിടെ ഇത് സാധിക്കാത്തതുകൊണ്ട് കൊല്ലപ്പെട്ട കുടുംബവുമായി ഏറ്റവും അടുത്തബന്ധം സൂക്ഷിക്കുന്ന വ്യക്തിയും അഗസ്റ്റിന്റെ ഭാര്യാ സഹോദരനുമായ മുളയിരിക്കൽ രാജനിൽനിന്നും വിവരങ്ങൾ അറിയാൻ ശ്രമിച്ചു. രാജൻ പറഞ്ഞ കാര്യങ്ങളുടെ സാരാംശം ഇനി പറയുന്നതാണ്.



വാർദ്ധക്യസഹജമായ അസുഖങ്ങളാൽ രാജന്റെ അപ്പനും അമ്മയും കിടപ്പിലാണ്. എറണാകുളത്തെ മുളയിരിക്കൽവീട്ടിൽ രാജന്റെയൊപ്പം താമസിക്കുന്ന അപ്പന്റെയും അമ്മയുടെയും അടുത്ത് എപ്പോഴും ഒരാൾ സഹായത്തിനുണ്ടാവും. രാജന്റെ ഭാര്യ സിമിയും തൃപ്പൂണിത്തുറയിൽ വിവാഹം കഴിച്ചയച്ചിരിക്കുന്ന രാജന്റെ സഹോദരി ലിസിയും അഗസ്റ്റിന്റെ ഭാര്യ മേരിയും മാറി മാറി വന്നുനിന്നാണ് അപ്പനെയും അമ്മയെയും ശുശ്രൂഷിക്കുന്നത്.

രാജൻ എറണാകുളം മാർക്കറ്റ് റോഡിലുള്ള സ്വന്തം ബിസിനസ്സുമായി ബന്ധപ്പെട്ട് എപ്പോഴും തിരക്കിലായതുകൊണ്ട് സഹോദരിമാരോ ഭാര്യയോ അങ്ങനെയാരെയെങ്കിലും ചുമതലയേല്പിച്ച് മാതാപിതാക്കളുടെ സമീപത്ത് നിർത്തിയിട്ടേ പോവൂ... മാഞ്ഞൂരാൻ കുടുംബത്തിലെ കൂട്ടക്കൊല നടക്കുന്നതിന് രണ്ടുദിവസംമുൻപ് അഗസ്റ്റിന്റെ ഭാര്യ മേരി എറണാകുളത്തുചെന്ന് അപ്പനെയും അമ്മയെയും കണ്ടിരുന്നു.

അപ്പോൾ രാജന്റെ ഭാര്യ സിമി അവരുടെ മാതാപിതാക്കൾക്ക് സുഖമില്ലാത്തതിനാൽ തൃശൂരിലുള്ള വീട്ടിൽ പോയിരിക്കുകയായിരുന്നു. സിമി സ്ഥലത്തില്ലാത്തതുകൊണ്ട് ഞായറാഴ്ച രാവിലെ 9.30ന് വീണ്ടും എറണാകുളത്ത് എത്താമെന്ന് വാക്കുപറഞ്ഞിട്ടാണ് മേരി വെള്ളിയാഴ്ച മടങ്ങിപ്പോയത്.

ശനിയാഴ്ച ഉച്ചകഴിഞ്ഞ് അപ്പൻ നിർദ്ദേശിച്ചതനുസരിച്ച് രാജൻ ആലുവയ്ക്കു ഫോൺ ചെയ്തപ്പോൾ ഞായറാഴ്ച രാവിലെ തന്നെ താൻ എറണാകുളത്തെത്തുമെന്ന് മേരി ഉറപ്പുപറയുകയും ചെയ്തു.

ഞായറാഴ്ച പറഞ്ഞ സമയം കഴിഞ്ഞിട്ടും മേരിയെ കാണാതായപ്പോൾ രാജൻ ആലുവയിലെ വീട്ടിലേക്കു വീണ്ടും ഫോൺ ചെയ്തു. തുടർച്ചയായി ബെല്ലടിച്ചിട്ടും ആരും ഫോൺ എടുക്കുന്നില്ല. ഉച്ചവരെ പലതവണ വിളിച്ചിട്ടും പ്രതികരണം ഉണ്ടായില്ല.

രാജൻ തൊട്ടടുത്ത് താമസിക്കുന്ന ജോസിന്റെ(അഗസ്റ്റിന്റെ ജ്യേഷ്ഠൻ) വീട്ടിലേക്കു വിളിച്ചു. കുട്ടികളാണ് ഫോണെടുത്തത്. പിണക്കത്തിൽ കഴിയുന്ന വീട്ടിൽപോയി അന്വേഷിക്കാനുള്ള വിമുഖതകൊണ്ടാവാം അവിടെ ആരുമില്ലെന്നു കുട്ടികൾ പറഞ്ഞു. രാജൻ ആലോചിച്ചു. ആരുമില്ലാതെ വരില്ലല്ലോ? മറ്റുള്ളവർ എവിടെയെങ്കിലും പോയാൽത്തന്നെ അമ്മച്ചിയും കൊച്ചുറാണിയും വീട്ടിൽ കാണേണ്ടതാണല്ലോ? എല്ലാവരും കൂടി യാത്രപോവുകയാണെങ്കിൽ മേരി വിളിച്ചുപറയാതിരിക്കില്ല.

പിന്നിതെന്തുപറ്റി?

വീണ്ടും ജോസിന്റെ വീട്ടിലേക്കു വിളിച്ചു. ഇത്തവണ ജോസ് തന്നെയാണ് ഫോൺ അറ്റൻഡ് ചെയ്തത്. അനുജനുമായി രമ്യതയിലല്ലാത്തതുകൊണ്ട് ജോസും അവിടെ പോയി അന്വേഷിക്കാൻ

കൂട്ടാക്കിയില്ല.

അഗസ്റ്റിന്റെ വീടിനോടു ചേർന്നാണ് ആലുവാ മുനിസിപ്പൽ കൗൺസിലർ സെബാസ്റ്റ്യൻ താമസിക്കുന്നത്. രാജൻ അദ്ദേഹത്തെ വിളിച്ച് കാര്യം ധരിപ്പിച്ചു. ചെന്ന് അന്വേഷിക്കാതെതന്നെ അവിടെ ആരുമില്ലെന്നു തോന്നുന്നു എന്നദ്ദേഹവും പറഞ്ഞു.

രാത്രി രാജൻ കടയടച്ചിട്ട് വന്നപാടേ അപ്പൻ വിളിച്ചു പറഞ്ഞു.

"നിനക്കറിയാമല്ലോ മേരി ഒരു വാക്കുപറഞ്ഞാൽ വാക്കാ. രാവിലെ ഒൻപതരയ്ക്ക് വരാമെന്ന് പറഞ്ഞാൽ കൊക്കിൽ ജീവനുണ്ടേൽ അവള് വന്നിരിക്കും. എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ വിളിച്ചറിയിക്കുകയും ചെയ്യും. ഇതിപ്പോ ഫോൺ ബെല്ലടിച്ചിട്ട് എടുക്കുന്നതുമില്ല. എനിക്കാകെ പേടി തോന്നുന്നു. നീ അത്തറ്റംവരെപോയി ഒന്നന്വേഷിച്ചിട്ടു വന്നാട്ടെ."

അപ്പൻ പലകുറി നിർബന്ധിച്ചപ്പോൾ രാജൻ ആലുവയിലുള്ള അങ്കിളിനെ കൂട്ടുവിളിച്ച് രാത്രി പത്തരമണിയോടെ അഗസ്റ്റിന്റെ വീട്ടിലെത്തി. വീട്ടിൽ വെളിച്ചം കണ്ടില്ല. കോമ്പൗണ്ടിലും വെളിച്ചമില്ല. കനത്ത ഇരുട്ടിലൂടെ തപ്പിത്തപ്പി നടന്ന് അവർ മുൻവാതിലിനടുത്തെത്തി.



വാതിൽ അല്പം തുറന്ന് ചാരിയിട്ടിരിക്കുന്നു. രാജൻ മെല്ലെ വാതിൽ തുറന്നുനോക്കി. അഗസ്റ്റിന്റെ മകൻ കുട്ടൻ പായിൽ മലർന്നു കിടക്കുന്നു. വല്ലാത്ത കിടപ്പുകണ്ടപ്പോൾ ഒരു പന്തികേട് തോന്നി. വീട്ടിനുള്ളിൽനിന്നും തീക്ഷ്ണമായ ഗന്ധവും പുറത്തേക്കു വന്നു. അപകടം മണത്ത രാജനും അങ്കിളും ആലുവാ പോലീസിൽ വിവരം അറിയിച്ചു. പോലീസ് എത്തിയശേഷമാണ് ഭയാനകമായ ആ കൂട്ടക്കൊലയെക്കുറിച്ച് പുറംലോകം അറിയുന്നത്. ഇതിനപ്പുറം മറ്റ് വിശദാംശങ്ങളൊന്നും തന്നെ രാജന് അറിയില്ല. രാജന്റെ ഓർമ്മയിൽ അഗസ്റ്റിനും കുടുംബവുമായി ശത്രുതയുള്ളത് ജ്യേഷ്ഠന്മാരായ ജോസിനും ജോർജ്ജിനുമാണ്. പക്ഷേ സ്വത്തുക്കൾ അപഹരിക്കാനായി ഒരു കൂട്ടക്കൊലചെയ്താലുള്ള ഭവിഷ്യത്തുകൾ അറിയാത്തവരല്ല ജോസും ജോർജും. പ്രത്യേകിച്ചും തൊട്ടടുത്ത് താമസിക്കുന്നവരും മുൻവൈരാഗ്യമുള്ളവരുമെന്ന നിലയിൽ ആദ്യം തന്നെ തങ്ങൾ സംശയിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് അവർക്കറിയാം. മാത്രമല്ല ലക്ഷങ്ങളുടെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സ്പർശിക്കാതെ കൊച്ചുറാണിയുടെ കാലിലെ പാദസരം അപഹരിച്ച് കടന്നുകളഞ്ഞ കൊലയാളി ഏതെന്ന ചൂടുപിടിച്ച ചിന്തയിലേക്കാണ് എന്റെ മനസ്സ് നീങ്ങിയത്. പക്ഷേ ഒരു മനുഷ്യന് തനിച്ച് ആറുപേരെ കൊലപ്പെടുത്താൻ കഴിയുമോ? അതിനുള്ള മറുപടി അധികംവൈകാതെ ദൈവം മുൻപിൽ കൊണ്ടുവന്നു തന്നു.

വയനാട് ജില്ലയിലും ആലുവാ കൂട്ടക്കൊലയ്ക്കു സമാനമായ ഒരു കേസ് ഉണ്ടായി. മാനന്തവാടിയിൽനിന്നും അഞ്ചുകിലോമീറ്റർ അകലെ കുഴിനിലത്തായിരുന്നു സംഭവം. പുത്തൻപുരവീട്ടിലെ റോസമ്മയെയും മക്കളായ പത്തുവയസ്സുള്ള ജോവിനെയും എഴുവയസ്സുള്ള ജോത്സനയെയും 1999 ജൂലൈ 7-ാം തീയതി വൈകിട്ട് അതിദാരുണമായി വെട്ടിക്കൊല്ലുകയായിരുന്നു. വെട്ടേറ്റ ഒരാൺകുട്ടിമാത്രം ജീവിതത്തിനും മരണത്തിനുമിടയിൽനിന്ന് കഷ്ടിച്ചു രക്ഷപ്പെട്ടു. നാലുപേരും മരിച്ചു എന്ന ധാരണയിലാണ് കൊലയാളി പോയത്. എന്നാൽ ഒരാൾക്ക് ജീവൻ തിരിച്ചുകിട്ടിയതുകൊണ്ട് അന്വേഷണം സുഗമമായി. കൃത്യം നടത്തിയത് ഒരു വ്യക്തി തനിച്ചാണെന്ന് ആൺകുട്ടി ഏറ്റുപറഞ്ഞു. മോഷണമായിരുന്നു ലക്ഷ്യം . കുടുംബനാഥനായ ജോസ് മൈസൂരിൽ പോയ സന്ദർഭം നോക്കി കൊലയാളി വീട്ടിൽ കയറുകയായിരുന്നു. വിജയശങ്കർ എന്ന എസ്.പിയായിരുന്നു ആ കേസ് തെളിയിച്ചത്.

ഞാൻ ആലുവയിൽ നിന്നും മാനന്തവാടിയിലെത്തി സംഭവസ്ഥലം സന്ദർശിക്കുകയും വിശദാംശങ്ങൾ ശേഖരിക്കുകയും ചെയ്തു. വിജയശങ്കറുമായി ചർച്ചനടത്തി.

ആലുവയിലും ഒരാൾ മരിക്കാതെ അവശേഷിച്ചിരുന്നെങ്കിൽ കൊലയാളി ഒരു വ്യക്തിയാണെന്നും അത് ആരാണെന്നും അനായാസം തെളിയിക്കാൻ കഴിയുമായിരുന്നു. എന്തായാലും സാഹചര്യം പഠിച്ചതിൽനിന്നും ആലുവ കൂട്ടക്കൊലയ്ക്ക് പിന്നിൽ ഒരേയൊരു വ്യക്തിയുടെ കരങ്ങളാണുള്ളതെന്ന് ഞാൻ ശക്തിയുക്തം വാദിച്ചു.

അതുകേട്ട് പലരുടെയും നെറ്റിചുളിഞ്ഞു. സീനിയർ പോലീസ് ഉദ്യോഗസ്ഥരടക്കം പലരും എന്റെ നിഗമനത്തോട് യോജിച്ചില്ല. പിൽക്കാലത്ത് കേസ് തെളിയുകയും ഒരാൾ തനിച്ചാണ് കൂട്ടക്കൊല ചെയ്തതെന്ന് ശാസ്ത്രീയമായി

തെളിയിക്കപ്പെടുകയും ലോക്കൽ പോലീസും ക്രൈംബ്രാഞ്ചും സി.ബി.ഐ.യും കോടതിയുംവരെ അതു ശരിവെച്ചിട്ടും ഇന്നും ഒരു വ്യക്തിക്ക് തനിച്ച് അതുചെയ്യാൻ സാധിക്കുമോ എന്ന് സംശയിക്കുന്ന പതിനായിരക്കണക്കിന് ആളുകളുണ്ട്. പോലീസ് ഉദ്യോഗസ്ഥരടക്കം അങ്ങനെ ചിന്തിക്കുന്നുണ്ട്.

അവരുടെ അറിവിലേക്കായി പറയട്ടെ. എല്ലാവശവും വിശദമായി പഠിച്ച് നൂറ്റൊന്നു തവണ കൂട്ടിക്കിഴിക്കലുകൾ നടത്തി വ്യക്തമായി ബോധ്യം വന്നശേഷമാണ് കൊലചെയ്തത് ആരാണെന്ന് സ്ഥാപിച്ചത്.

ഇന്ന് പ്രതിസ്ഥാനത്ത് ശിക്ഷിക്കപ്പെട്ടു കഴിയുന്ന ചെറുപ്പക്കാരനിലേക്ക് അന്വേഷണം എത്തുംമുൻപ് ആലുവയിലും എറണാകുളത്തും ആ കാലയളവിൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിരുന്നവരുടെ മുഴുവൻ ലിസ്റ്റ് പരിശോധിക്കുകയും സംശയത്തിന്റെ നിഴലിൽ നിർത്തി വിശദമായി അന്വേഷിക്കുകയും ചെയ്തിരുന്നു. എക്കാലവും കൊച്ചിക്കാരുടെ പേടിസ്വപ്നമായിരുന്ന കില്ലർ ജയ്മിവരെ അക്കൂട്ടത്തിലുണ്ടായിരുന്നു.

കൊച്ചിനഗരത്തെ കിടുകിടെ വിറപ്പിച്ച ജയ്മി കുറ്റകൃത്യങ്ങളുടെ ഉസ്താദായിരുന്നു. 1990 മുതൽ 1997 വരെയുള്ള കാലയളവിനുള്ളിൽ കൊലപാതകവും പിടിച്ചുപറിയും ഉൾപ്പെടെ ജയ്മിയുടെ പേരിൽ പതിനാലു കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. എന്തായാലും ജയ്മിയെ ഒന്നു നേരിൽ കാണാൻതന്നെ ഞാൻ തീരുമാനിച്ചു. ചെട്ടിച്ചിറ ചാരായഷാപ്പിൽവെച്ചുണ്ടായ കൊലപാതകക്കേസ്സിൽ ശിക്ഷിക്കപ്പെട്ട് ജയ്മി ആ സമയത്ത് കണ്ണൂർ സെൻട്രൽജയിലിലായിരുന്നു. ഇരുമ്പഴിക്കുള്ളിൽ കിടക്കുന്ന ജയ്മി ആലുവയിൽനിന്ന് ഈ കൃത്യം ചെയ്യാൻ സാദ്ധ്യതയുണ്ടോയെന്നാണ് ഞാൻ ആദ്യം ചിന്തിച്ചത്. അന്വേഷിച്ചപ്പോൾ ജയ്മി ഇടയ്ക്കിടെ പരോളിൽ ഇറങ്ങാറുണ്ടെന്നറിഞ്ഞു. എങ്കിൽ ആ സമയത്ത് സംഭവിച്ചതായിക്കൂടെ? എന്തായാലും കാര്യങ്ങൾ വിശദമായി പഠിക്കാതെ ഒരു നിഗമനത്തിലെത്തുന്നതിൽ അർത്ഥമില്ല. ജയ്മിയെ കാണാൻ പുറപ്പെടുമ്പോൾ എന്നിൽ ആവേശം ഉണർത്തിയ വസ്തുത ഈ കുറ്റകൃത്യത്തിനുപിന്നിൽ ജയ്മിക്ക് പങ്കുണ്ടോ ഇല്ലയോ എന്നതിലേറെ ആലുവയിലും എറണാകുളത്തുമുള്ള ക്രിമിനലുകളെപ്പറ്റി ജയ്മിക്ക് നല്ല ധാരണയുണ്ടായിരിക്കും എന്നതായിരുന്നു.

കോടതിയുടെ പ്രത്യേക അനുവാദം വാങ്ങിയശേഷമാണ് ജയ്മിയെ ചോദ്യംചെയ്യാനായി കണ്ണൂർ സെൻട്രൽ ജയിലിലേക്കു പോയത്.

ജയിൽകവാടത്തിനുമുൻപിൽ ചെന്നുനിന്ന് കിളിവാതിലിലൂടെ ഞാനാരാണെന്നും ആഗമനോദ്ദേശ്യവും കോടതി ഉത്തരവിന്റെ കാര്യവുമടക്കം പറഞ്ഞപ്പോൾ വാതിൽ കാവൽനിന്ന ചെറുപ്പക്കാരൻ ജയിലിന്റെ ഗേറ്റു തുറന്നുതന്നു. ഞാനയാളെ സൂക്ഷിച്ചുനോക്കി.

ആരുകണ്ടാലും ഒരിക്കൽക്കൂടി നോക്കിപ്പോവും വിധം സുന്ദരനും അരോഗദൃഢഗാത്രനുമായിരുന്നു ആ യുവാവ്. വളരെ ആകർഷകമായിരുന്നു അയാളുടെ പൂഞ്ചിരി. കാഴ്ചയിൽ ഒരു കുറ്റവാളിയാണെന്നു തോന്നിക്കില്ല. എന്തു കുറ്റത്തിനാണ് അതിസുന്ദരനായ ഈ ചെറുപ്പക്കാരൻ സെൻട്രൽ ജയിലിൽ കിടക്കുന്നതെന്നറിയാൻ എനിക്ക് ആകാംക്ഷയായി.



എന്തായാലും ഒറ്റനോട്ടത്തിൽതന്നെ എനിക്ക് അയാളെ ഇഷ്ടമായി . ഒരു ജയിൽപ്പുള്ളിയോട് കൂടുതൽ കുശലപ്രശ്നം നടത്തുന്നതിലെ അനൗചിത്യം കണക്കിലെടുത്ത് ഞാൻ അധികം സംസാരിക്കാൻ ശ്രമിക്കാതെ ജയിൽസൂപ്രണ്ടിനെ പോയിക്കണ്ടു.

കില്ലർ ജയ്മിയെ ചോദ്യംചെയ്യാനുള്ള കോടതി ഉത്തരവ് സൂപ്രണ്ടിന് കൈമാറി. പരസ്പരം പരിചയപ്പെടുന്നതിനിടയിൽ ഞങ്ങൾ പല കാര്യങ്ങളും ചർച്ചചെയ്തു. കൂടുതൽ സൗഹൃദം രൂപപ്പെട്ടപ്പോൾ ജയ്മിയുടെ വീരകൃത്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം അദ്ദേഹം എനിക്കുതന്നു. സംഭാഷണം അവസാനിപ്പിക്കുന്നതിനു തൊട്ടുമുൻപ് ഞാൻ അതുവരെ അടക്കിപ്പിടിച്ച ആകാംക്ഷയുടെ ചെപ്പ് തുറന്നു.

"ഒരു കാര്യം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഗേറ്റ് തുറക്കാനും അടയ്ക്കാനും നില്ക്കുന്ന ആ സുമുഖനായ കുറ്റവാളി ആരാണ്? അയാളെ കണ്ടാൽ ഒരു കൊലചെയ്യാൻ കഴിയുമെന്നു തോന്നുകയില്ല."

മന്ത്രിസഭ ഒന്നാംവാർഷികം ആഘോഷിക്കുന്നു.



ജയിൽസൂപ്രണ്ട് ഉറക്കെ പൊട്ടിച്ചിരിച്ചു. എന്നിട്ട് ശബ്ദം താഴ്ത്തി നാടകീയമായി പറഞ്ഞു. അതുതന്നെയാണ് സാർ അന്വേഷിച്ചുവന്ന കില്ലർ ജയ്മി.

ഞാൻ വിശ്വസിക്കാനാവാതെ നിന്നുപോയി. മനുഷ്യരക്തത്തിന് പച്ചവെള്ളത്തിന്റെ വില കല്പിക്കാത്ത ഭീകരനായ കുറ്റവാളിയാണോ തൊട്ടുമുൻപിൽ കണ്ട സുസ്മേരവദനനായ ആ ചെറുപ്പക്കാരൻ? ആദ്യകാഴ്ചയിൽതന്നെ എത്ര തന്ത്രശാലിയായ കുറ്റവാളിയെയും തിരിച്ചറിയാൻ കഴിയുന്ന അകക്കണ്ണ് സ്വന്തമായുണ്ടെന്ന് അഹങ്കരിച്ചിരുന്ന ഞാൻ മനഃസാക്ഷിക്കുമുൻപിൽ ആദ്യമായി അടിയറവുപറഞ്ഞ നിമിഷമായിരുന്നു അത്.

എന്തായാലും ജയിൽ അധികൃതർ ജയ്മിയെ എന്റെ മുൻപിൽ ഹാജരാക്കി. ഹാർദ്ദവമായി ചിരിച്ചുകൊണ്ട് വളരെ അന്തസുറ്റ ശൈലിയിലായിരുന്നു ജയ്മിയുടെ സംസാരം. ഒന്നും മറച്ചുവെക്കാതെ അഥവാ അങ്ങനെ തോന്നിപ്പിക്കുംവിധം ഞാൻ ചോദിച്ച കാര്യങ്ങൾക്കൊക്കെ അയാൾ മറുപടി നല്കി.

കൂടുതൽ ചോദ്യംചെയ്തപ്പോൾ ഞെട്ടിക്കുന്ന ചില സത്യങ്ങൾ മനസ്സിലായി. ജയ്മി വടുതലയിലെ ഒരു നല്ല കുടുംബത്തിൽ പിറന്നയാളാണ്. നന്നായി മദ്യപിക്കും. മദ്യപിച്ചുകൊണ്ടേ ക്രിമിനൽകുറ്റങ്ങൾ ചെയ്യാൻ പോവൂ. പള്ളികളുടെയും സ്കൂളുകളുടെയും മറ്റും കെട്ടിടം പണിയായിരുന്നു തൊഴിൽ. അപ്പനോടൊപ്പമായിരുന്നു ജോലിക്കു പോയിരുന്നത്. പള്ളിക്കാരുമായി നല്ല ബന്ധത്തിലായിരുന്നു. അച്ചൻമാരും കന്യാസ്ത്രീകളുമൊക്കെ ജയ്മിയെ നല്ല വഴിയിലേക്കു നയിക്കാൻ പരമാവധി ശ്രമിച്ചുനോക്കി.

ആലുവാ സ്വദേശിയായ ഒരു പുരോഹിതൻ ജയ്മിയെ ഒരു പുതിയ മനുഷ്യനാക്കിയെടുക്കാൻ മനുഷ്യസാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും നോക്കി.

പല ജോലികളും അദ്ദേഹത്തിന്റെ ശുപാർശയിൽ വാങ്ങിക്കൊടുത്തു. ഓരോ കുറ്റത്തിനും ശിക്ഷകഴിഞ്ഞ് ജയിലിൽ നിന്നിറങ്ങുമ്പോൾ ജയ്മിയെ അച്ചൻ സ്വന്തം ബൈക്കിനുപിന്നിലിരുത്തി കൊണ്ടുപോയി.

മറ്റേതെങ്കിലും നല്ല മാർഗ്ഗത്തിലേക്കു തിരിച്ചുവിടാൻ ശ്രമിക്കും. പക്ഷേ ജയ്മി വീണ്ടും കുറ്റകൃത്യങ്ങളുടെ ലോകത്തേക്കുതന്നെ മടങ്ങും. ജയ്മി അങ്ങനെയായിത്തീരാനുള്ള സാഹചര്യം ഞാൻ വിശദമായി പഠിച്ചു.

തുടരും........

## ● പുസ്തകപരിചയം ●





**ഇതിഹാസപുരം**
സതീഷ് മാമ്പ്ര
എച്ച്& സി ബുക്സ്, വില: Rs.140 രൂപ

"ദേശവും ദേശരാഷ്ട്രീയവും ചർച്ചയാവുന്ന അപൂർവ വായനാനുഭവം നൽകുന്ന ക്യാരക്ടർ നോവൽ."




**എന്റെ ഹാസ്യകഥകൾ**
അടിയേരി ഗംഗാധരൻ
കൈരളി ബുക്സ്, വില: Rs. 130 രൂപ

സരസലളിതമായ കഥാഖ്യാനം.ഒന്നിനൊന്ന് വ്യത്യസ്ഥമാണ് ഇതിലെ ഓരോ കഥയും. ചുണ്ടിലും മനസ്സിലും ചിരിവറ്റിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ഓർത്തോർത്ത് ചിരിക്കാൻ ഈ കഥകൾ വക നൽകുന്നു.




**ഗന്ധം**
കടാതി ഷാജി
സൺഷൈൻ ബുക്സ്, വില: Rs.70 രൂപ

കടാതി ഷാജിയുടെ 'ഭയം' എന്ന മിനിക്കഥാ സമാഹാരത്തെ പരിചയപ്പെടുത്താൻ എനിക്ക് ബദലുകളില്ല. മരുഭൂമികൾ പൂക്കളെ വിടർത്തുന്നതുപോലെ എഴുത്തുകാരന്റെ ദൗത്യം കടാതി ഷാജി ഒരു പരിധിവരെ 'ഗന്ധ'ത്തിലും നിർവഹിച്ചിരിക്കുന്നു.

## യെസ്പ്രസ് പബ്ലിക്കേഷൻസിന്റെ ●പുതിയ പുസ്തകങ്ങൾ ●




**ഉറങ്ങാത്ത കണ്ണുകൾ**
ബിജു അരീക്കൽ
വില: 100 രൂപ

അനാവശ്യവിവരണമോ, പദപ്രയോഗങ്ങളോ,സമൂഹത്തെ വിഷലിപ്തമാക്കുന്ന ആശയങ്ങളോ ഒന്നും തന്നെയില്ലാത്ത ഈ നോവൽ നല്ലൊരു വായന സമ്മാനിക്കുന്നു.




**കല്ലുളി**
ചന്ദ്രൻ തുരുത്തിമാലി
വില: 70 രൂപ

കല്ലുളിയേക്കാൾ മൂർച്ചയുള്ള വാക്കുകൾകൊണ്ട് സ്വത്വബോധത്തിന്റെ പരിസരങ്ങളെ ഉഴുതുമറിക്കുന്നത് ഭാഷയെ വഴിക്കിയെടുത്ത പ്രതിഭയുടെ പ്രകാശം കൊണ്ടാണ്.




**ആഴ്ചയുടെ ആകാശം**
പായിപ്ര രാധാകൃഷ്ണൻ
വില: 100രൂപ

മുതിർന്ന സംവിധായകൻ കെ.എസ്.സേതുമാധവനും അമേരിക്കൻ ആർമിയിലെ ശാസ്ത്രജ്ഞനും കവിയുമായ മാടശ്ശേരി നീലകണ്ഠനും മുതൽ ഏറ്റവും പുതിയ തലമുറക്കാർവരെ ഇന്ന് ആഴ്ചവട്ടത്തിന്റെ പതിവു വായനക്കാരാണ്.

*ഭാവിയുടെ കാറ്റ് എന്നിലൂടെ വീശുന്നതുപോലെ എനിക്കു തോന്നി.*

● നോവൽ ●

അദ്ധ്യായം 11

# കാറ്റു പറഞ്ഞ കഥ



● മാത്യു കെ. മാത്യു

2015 ഏപ്രിൽ 15

രാത്രി, ഞാൻ ജോൺ സാമുവേലും നീ സുനിതാ സാമുവേലും നാടുവിടുകയാണ്. രക്ഷന്റെ പള്ളിയുടെ ചാരെയുള്ള നടപ്പാത ചെന്നു ചേരുന്ന ടാറിട്ട റോഡിൽ രാത്രി 11 മണിക്ക് കാത്തു നിൽക്കുക. ഞാനെത്തും

അവൾ ഒരിക്കൽ മാത്രമേ ആ എഴുത്ത് വായിച്ചുള്ളു. പിന്നെ അത് നെഞ്ചോടു ചേർത്തു വച്ചു.നിന്റെ സുനിത എന്നെഴുതി അതിനടിയിൽ ഒരു ഒപ്പും ഇട്ടു.

ഉച്ചമുതൽ മനസ്സിൽ വല്ലാത്തൊരു മോഹം. ക്ഷേത്രത്തിൽപ്പോകണം. എന്തിനാണെന്ന് മനസ്സിനോട് പലവട്ടം ചോദിച്ചു നോക്കി. മനസ്സിന് നിർബന്ധ ബുദ്ധിയല്ലേയുള്ളു.

പോകണം. അമ്പലത്തിൽപ്പോകണം. അവസാനം പോകാം എന്നു തന്നെ തീരുമാനിച്ചു. പോകണമെന്നു തീരുമാനിച്ചപ്പോൾ ദേവിക്കർപ്പിക്കാനായി എന്തു കൊണ്ടുപോകുമെന്നായി ചിന്ത. എന്തുമാകാം. പക്ഷേ, എന്റെ കയ്യിൽ.....മുറ്റത്ത് മുത്തശ്ശി വച്ചു പിടിപ്പിച്ച വാഴയുണ്ട്. വാഴയിൽ നിന്നും ഒരു തൂശനിലത്തുമ്പു വെട്ടാം. പിന്നെ കണ്ണുകൾ മുറ്റത്തുകൂടെ അലഞ്ഞു തിരിഞ്ഞപ്പോൾ കണ്ടു, നട്ടുനനച്ചു പിടിപ്പിച്ച റോസയിൽ അരുമയായി വിടർന്നു നിൽക്കുന്ന പൂവ്. ഒത്തിരി ആഗ്രഹിച്ചതാണ് അത് തലയിൽ ചൂടണമെന്ന്. അതു വേണ്ട തൂശനിലത്തുമ്പിൽ വച്ചു ദേവിക്കു കൊടുക്കാം. പിന്നെ കുറ്റിമുല്ലയിൽ നിറയെ പൂവൊണ്ട്, അരളിപ്പൂവുമൊണ്ട്. എന്റെ ദേവീ എനിക്കിതല്ലാതെ എന്തുണ്ട് തരാൻ.

സീതയുടെ ഒരുപ്പോക്കിനുശേഷം സൗമ്യയായിരുന്നു ഒരാശ്രയം. അവളെക്കൂടി വിളിക്കണമെന്ന് ആദ്യമേ ഓർത്തു. പക്ഷേ അതാരോ വിലക്കി. ഇന്നെന്റെ നിയന്ത്രണത്തിൽ നിൽക്കുന്നില്ലല്ലോ. ആരോ നടത്തിക്കുന്നു. അവൾ അതിനൊത്തു നടക്കുന്നതുപോലെ. അതുകൊണ്ടാണ് അമ്പലത്തിലേക്കു തനിയെ പോകാൻ തീരുമാനിച്ചത്.

അമ്പലം വിജനമായിരുന്നു. മുറ്റത്തു പൊഴിഞ്ഞു വീണ കുറെ ഇലകളും, ആകാശത്തു നിന്നും താഴേക്കു നോക്കി നിൽക്കുന്ന വെളുത്ത പഞ്ഞി മേഘങ്ങളും ഒഴികെ. അവൾ എത്തും മുമ്പേ കാറ്റ് ഇലകൾ പറത്തി, ഒറ്റാൽ പോലൊരു ചുഴിയാക്കി ദൂരേക്കു പറത്തിക്കളഞ്ഞു. കാറ്റടിച്ചു വെടിപ്പാക്കിയ മുറ്റത്തു കാലു കുത്തുമ്പോൾ അവളുടെ ഹൃദയം വല്ലാതെ മിടിച്ചു.

അവൾ മനസ്സിനെ ശാസിച്ചു. ഒരു സാധാരണ ദിവസം. വെറുമൊരു സാധാരണ ദിവസം. പിന്നെയെന്തിനാ.... പക്ഷേ ഹൃദയം അടങ്ങാൻ തയ്യാറായില്ല. ഹൃദയമിടിച്ചു കൊണ്ടേയിരുന്നു. വേഗത്തിൽ വേഗത്തിൽ. "എന്തെങ്കിലുമാകട്ടെ" എന്നു പറഞ്ഞവൾ മനസ്സിനെ അതിന്റെ വഴിക്ക് വിട്ടിട്ട്, അമ്പല നടയിൽ കെട്ടിത്തൂക്കിയിരുന്ന മണി പിടിച്ചടിച്ചു .എന്നിട്ടു പറഞ്ഞു "ദേവീ, യോഗനിദ്രയിൽ നിന്നുണർന്നാലും" കയ്യിൽ തൂശനിലയിൽ കരുതിയിരുന്ന പൂവ് അവൾ നടയ്ക്കു വച്ചിട്ടു കണ്ണടച്ചു നിന്നു.

എന്തിനാ എന്നെ വിളിച്ചത്.....?അകത്തു നിന്നും ഉത്തരമൊന്നുമുണ്ടാകാതെ വന്നപ്പോൾ, അവൾ വീണ്ടും ചോദിച്ചു: എന്തിനാ എന്നെ വിളിച്ചേന്ന്...? അതിനും ഉത്തരമൊന്നുമില്ലാതെ വന്നപ്പോൾ അവൾ ദേഷ്യപ്പെട്ടു ചോദിച്ചു: കേട്ടില്ലേ, എന്തിനാ വിളിച്ചേന്ന്

കണ്ണടയ്ക്ക്. പേടിച്ചു വിറച്ച അവൾ കണ്ണടച്ചു

കൈ നീട്ട്. ഇടതു കൈപ്പത്തിക്കുമേൽ വലതു കൈപ്പത്തി വച്ചിട്ട് ധൃതിയിൽ കൈ നീട്ടുമ്പോൾ, അവൾ ചോദിച്ചു: ആരാ

"കണ്ണുതുറക്കരുത് കൈ വലിക്കരുത്," എന്നുപറഞ്ഞിട്ട് അവളുടെ കൈയ്യിൽ ഒരു ഇലപ്പൊതി, വച്ചിട്ട് ആരോ ധൃതിയിൽ നടന്നു മറഞ്ഞു. ആരെന്നറിയാൻ എത്ര ധൃതിയിലും ശക്തിയിലും കണ്ണുകൾ തുറക്കാൻ അവൾ തുനിഞ്ഞിട്ടും കണ്ണുകൾ അടഞ്ഞു തന്നെയിരുന്നു. പിന്നെ എപ്പഴോ കണ്ണുകൾ താനേതുറന്നു. കൈയ്യിലിരുന്ന പൊതിയിലേക്കവൾ സാകൂതം നോക്കി. വാട്ടി കെട്ടിയ വാഴയില.. നല്ല കൂമ്പു വാഴയില. അവൾ മെല്ലെ വാഴയില അഴിച്ചു നോക്കി.മഞ്ഞളും ചെറു നാരങ്ങാനീരും ചേർത്തുണ്ടാക്കിയ പ്രസാദം.

പിന്നെ എന്താണ് സം ഭവിച്ചതെന്ന് അവൾക്ക് ഓർമ്മയില്ലായിരുന്നു. അവളുടെ സീമന്തരേഖയിൽ സിന്ദൂരം ചാർ ത്തപ്പെട്ടിരുന്നു. സുനിത സുമംഗലിയായി. അപ്പോൾ സീമന്തരേഖയിൽ നിന്നും താഴേക്കു താണു വന്ന തള്ളവിരലിലും ചൂണ്ടു വിരലിലും സിന്ദൂരം പറ്റിപ്പിടിച്ചിരുന്നു.

ഒരെഴുത്തവൾ മനസ്സിൽ കുറിച്ചു. ജോൺ സാമു വേൽ, അറിഞ്ഞോ. സാ മു, നീ അറിഞ്ഞോ. എ ന്നെ ഋതുക്കൾ വിട്ടക ന്നു.

സാമു, പെണ്ണിന് ഒരു ഋതു കൂടിയുണ്ട്. 28 ദിവ സത്തെ

കാത്തിരിപ്പിന്റെ ഋതു. പെണ്ണ് പൂക്കുന്ന ഋതു. ഇത്തവണത്തെ എന്റെ ഋതുവിൽ ചുവന്ന പൂക്കൾ വിരിഞ്ഞില്ല. ആരോ ഒരാൾ എല്ലാം തടഞ്ഞു വച്ചു. ആവാഹിച്ചെടുത്തു.....

സൂസന്ന : റീത്താ, നാളിതു വരെയുള്ള സംഭവ വികാസങ്ങൾ വച്ചു നോക്കുമ്പോൾ, ഇതത്ര നിസ്സാരകാര്യമല്ല.

റീത്ത: അല്ലെന്നെനിക്കറിയാം സൂസന്ന. പക്ഷേ ഞാൻ നിസ്സഹായ ആകുകയാണ്. എനിക്കെന്തു ചെയ്യാൻ കഴിയും. ജോണിനെല്ലാം റീത്തയായിരുന്നു. റീത്തയ്ക്കപ്പുറം ഒന്നുമില്ലായിരുന്നു.

സൂസന്ന : എനിക്ക് ജോൺ സാർ നല്ലൊരു സുഹൃത്തും, വഴികാട്ടിയുമായിരുന്നു. ഇന്നും അന്നും. ആ അദ്ദേഹം...! എനിക്കൊന്നും മനസ്സിലാകുന്നില്ല. പലപ്രാവശ്യം ഓർത്തതാണ് ജെയിംസിനോട് പറ യണമെന്ന്. പക്ഷേ എങ്ങനെ പറയും. ജെയിംസിനതുൾക്കള്ളാൻ പറ്റുമെന്ന് തോന്നുന്നില്ല.

റീത്ത: നിന്റെ ഭർത്താവ് ജെയിംസിനോടു പോലും നിനക്കിത് പറയാൻ പറ്റുന്നില്ലെങ്കിൽ ഞാനിതാരോടു പറയും. എങ്ങനെ പറയും. മക്കളു ചോദിക്കുന്നുണ്ട് "അപ്പയ്ക്കെന്തു പറ്റിയെന്ന്". ഞാനെങ്ങനെ അവരോടിതു പറയും. എനിക്കു പേടിയാണ് സൂസൻ. ഭർത്താവില്ലാത്ത ഭാര്യയായി, അപ്പയില്ലാത്ത മക്കളായി, എന്റെ കുടുംബം.

സൂസന്ന :റീത്താ, ഞാൻ ജെയിംസിനോടു പറയാൻപോവുകയാണ്.

റീത്ത: എന്തു പ്രയോജനം. എനിക്കറിയില്ല.

സൂസന്ന : നീയെന്തെങ്കിലും എതിർത്തു പറഞ്ഞോ.

റീത്ത: ആ മുഖത്തു നോക്കുമ്പോൾ, ഒരംശം പോലും കുറയാതെയുള്ള ആ സ്നേഹം കാണുമ്പോൾ എനിക്കൊ ന്നുമാകുന്നില്ല സൂസൻ

സൂസന്ന : നമുക്കിതു തടയണം.

റീത്ത: എങ്ങനെ... ഏതുവിധം.

സൂസന്ന :ഒരു വഴിയുണ്ട്. നിനക്കിഷ്ടപ്പെടുമോന്നറിയില്ല.

റീത്ത: ജോണിനുവേണ്ടി എന്തും ചെയ്യാൻ ഞാൻ തയ്യാറാണ്.

സൂസന്ന : പാഴൂർ... പാഴൂർ പടിപ്പുര. പാഴൂർ പടിപ്പുരയിലേക്ക് വണ്ടിയോടിക്കുമ്പോൾ റീത്ത തനിച്ചായിരുന്നു. വല്ലാത്തൊരു ഭാരം റീത്തയിൽ കനത്തു കിടന്നിരുന്നു.

ഞാൻ റീത്ത സാമുവേൽ, ക്രിസ്തുമത വിശ്വാസി..! അവൾ ജോണിന്റെ വാക്കുകൾ ഓർത്തു.

"പ്രമാണങ്ങൾ ലംഘിക്കപ്പെടേണ്ടവയാണ്. കാലോചിതമായി ലംഘിക്കപ്പെടേണ്ടവയാണ്. എങ്കിൽ മാത്രമേ പത്തു പ്രമാണങ്ങൾ, രണ്ടു പ്രമാണങ്ങളായി സംഗ്രഹിക്കപ്പെടുക യുള്ളു. ദൈവം, മനുഷ്യൻ. ഈ രണ്ടു പ്രമാണങ്ങളും സ്നേഹത്തിൽ സംഗ്രഹിക്കപ്പെടും."



എനിക്കെന്റെ ദൈവം ജോണാണ്. സ്നേഹത്തിനു മുന്നിൽ തോൽക്കുന്നവയാണ് എല്ലാ പാപങ്ങളും. അല്ലെങ്കിൽ തന്നെ എന്താണ് പാപം?

സഹോദരന്റെ വേദന. സഹോദരനെ വേദനിപ്പിക്കലാണ് പാപം. അറിഞ്ഞു കൊണ്ടു ചെയ്യുന്ന വേദനിപ്പിക്കൽ. ഞാനും ജോണിനെപ്പോലെ ചിന്തിക്കാൻ തുടങ്ങിയല്ലോ.

റീത്ത പാഴൂർ പടിപ്പുരയിലെത്തുമ്പോൾ സൂര്യനസ്തമച്ചിരുന്നു. മൂവന്തിയുടെ മിന്നാമിന്നികൾ ഇത്തിരി പൊടി വെളിച്ചം അവിടെയും ഇവിടെയും വിതറിയിരുന്നു. ഇന്നിനി രാശിയില്ല. ആ മറുപടി അവളെ തളർത്തി. പടിപ്പുരയിലെ ബഞ്ചിൽ അവൾ തളർന്നു ചാരിയിരിക്കുമ്പോൾ, ജോത്സ്യൻ ചിന്തിച്ചത് "ഇത്രയും ദൂരം ഒരു സ്ത്രീ, തനിയെ വണ്ടിയോടിച്ച്.. എന്താണ് ഒരു പോംവഴി.

അവളുടെ പരിക്ഷീണിതമായ മുഖത്തേക്കു നോക്കി കരുണാദ്രനായി അയാൾ പറഞ്ഞു: അച്ഛനൊണ്ട്... അച്ഛനൊരു പോംവഴി കാണാതിരിക്കില്ല. കാത്തിരിക്കുക.

നാലു പാടും വൈദ്യുതി വിതറി നിൽക്കുന്ന പടിപ്പുരയിലേക്ക്, ഏറെ വൈകി അച്ഛൻ ജോത്സ്യർ എത്തിയപ്പോൾ പറഞ്ഞത് ഒന്നു മാത്രം.

അഭയാർത്ഥിയാണല്ലേ. അതെയെന്നോ അല്ലെന്നോ, അവൾ മറുപടി പറഞ്ഞില്ല.

ഞാൻ കണ്ടിരുന്നു. ഇന്നു വരുമെന്ന്. എന്താ കാര്യം.

കാര്യം.

വേണ്ട. പറയണ്ട. പടിപ്പുരയിലെ ഈശ്വരചൈതന്യം എല്ലാം അറിയുന്നുണ്ട്. കവടി പറയും.

അച്ഛൻ ജോത്സ്യൻ നടുത്തളത്തിലിരുന്ന് ദീപം തെളിച്ചു. പെട്ടെന്ന് എവിടെ നിന്നോ വന്ന കാറ്റ് ഒരു ദയാദാക്ഷിണ്യവുമില്ലാതെ ദീപം ആട്ടിക്കെടുത്തി.

അച്ഛൻ ജോത്സ്യൻ ഒന്നും പറയാതെ വീണ്ടു ദീപം തെളിച്ചു. പൂർവ്വാധികം ശക്തിയോടെ കാറ്റൂതിക്കെടുത്തി.

തിരിഞ്ഞു നിന്ന് അച്ഛൻ ജോത്സ്യൻ പറഞ്ഞു, "മനസ്സിലെ ഇഷ്ടദൈവത്തെ വിളിച്ച് പ്രാർത്ഥിക്ക്"

"എന്റെ ദൈവമേ" അവളറിയാതെ വിളിച്ചത് അതായിരുന്നു. ഒരു പേരുമില്ലാത്ത ദൈവം. ജോണിന്റെ ദൈവം. പിന്നെ അവൾ പ്രാർത്ഥിക്കാൻ തുടങ്ങി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...അവൾ പ്രാർത്ഥന ചൊല്ലിത്തീർത്തപ്പോൾ അച്ഛൻ ജോത്സ്യൻ ദീപം തെളിച്ചു.

അച്ഛൻ ജോത്സ്യൻ: പേര്, നക്ഷത്രം

റീത്ത: ജോൺ സാമുവേൽ,തിരുവോണം

അച്ഛൻ ജോത്സ്യൻ: ഒരു നേർച്ച നേര്, ഒരു ദാനം.

റീത്ത(മനസ്സിൽ ഓർത്തു): ജോണിന്റെ അഞ്ചുമാസത്തെ ശമ്പളം, കടബാധ്യതയിൽ വലയുന്ന ഒരു കുടുംബത്തിന്.




അച്ഛൻ ജോത്സ്യൻ കവടി കവടിപ്പലകയിൽ നിരത്തി, വലതു കൈകൊണ്ട് വട്ടം ചുഴറ്റി ഒരു പിടി വാരി നെഞ്ചോടു ചേർത്തു വച്ച് കണ്ണടച്ച് ഏറെ നേരം പ്രാർത്ഥനയിലിരുന്നു. പിന്നെ കണ്ണുതുറന്ന് റീത്തയോടു പറഞ്ഞു:

കരഞ്ഞു പ്രാർത്ഥിക്ക്. പിന്നെ പതിയെ കവടികൾ അംശിച്ചു. രാശിക്കരു രാശിപ്പലകയിൽ വച്ചു.

ഇന്ന് ഏപ്രിൽ 1. ഇന്നേക്ക് 15-ാം നാൾ ഏപ്രിൽ 15. മേടം 1. അന്ന് വിഷു. ദക്ഷിണായനം ആരംഭിക്കുന്ന അന്ന് രാത്രി ഭർത്താവിനെ നഷ്ടപ്പെടും.

ജോത്സ്യരേ... അതൊരു തകർച്ചയുടെ സ്വരമായിരുന്നു. എന്തെങ്കിലും പ്രതിവിധി

രാത്രി ഭർത്താവ് വീട്ടിൽ നിന്ന് ഒരു കാരണവശാലും പുറത്തുപോകാൻ ഇട വരരുത്. പ്രാർത്ഥിക്കുക. നെഞ്ചുരുകി, കരഞ്ഞു വിളിച്ച് പ്രാർത്ഥിക്കുക. ഒരു പക്ഷേ...

ഇവിടെയും പ്രാർത്ഥനകളും, ഹോമവും, പൂജയും നടത്താം. എല്ലാ പ്രാർത്ഥനയും ഒരു ദൈവത്തിലല്ലേ ചെന്നു ചേരൂ.

മടക്കയാത്രയിൽ റീത്തയ്ക്കാകെ ഭയമായിരുന്നു. കാണാതാകുമ്പോൾ ജോണും മക്കളും കൂടി അന്വേഷിച്ചിറങ്ങിയാലോ. ആരെങ്കിലുമൊക്കെ അറിഞ്ഞാൽ അവരോടെന്തു സമാധാനം പറയും. 2015 ഏപ്രിൽ 15 രാത്രി ജോൺ സാമുവേലിനെ വീട്ടിൽ നിന്ന് പുറത്തുവിടാതെ എങ്ങനെ തടഞ്ഞു വയ്ക്കും. അവൾപലവിധ ചിന്തകളിലാണ്ടു.

അപ്പോൾ അവൾ വെള്ളവസ്ത്രങ്ങളണിഞ്ഞ സുന്ദരിയായ ഒരു സ്ത്രീയെ പിന്തുടരുകയായിരുന്നു. അവൾ ആഗ്രഹിച്ചു, അവർ ഒന്നു തിരിഞ്ഞു നോക്കിയിരുന്നെങ്കിൽ.... എന്ന്. അവൾ അങ്ങനെ ആലോചിച്ച് പിന്നാലെ നടക്കുമ്പോൾ പെട്ടന്നവർ തിരിഞ്ഞു നോക്കി.

എവിടെയാണ് വീട്

ഇതിനപ്പുറത്ത്. അവർ അകലേക്കു വിരൽ ചൂണ്ടി

അവൾ ഇത്തിരി നേരം പിറകോട്ടു തിരിഞ്ഞു നോക്കി. അവിടെ കൈതപ്പൂക്കളുടെയും, മാമ്പൂക്കളുടെയും, കാശാവ് പൂക്കളുടെയും മണമുണ്ടായിരുന്നു. പെട്ടന്നാണ് എല്ലാം മാറിയത്. വെളുപ്പ് നീലയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. എങ്ങും ഇളം നീല നിറം.

പകച്ചു നിന്ന അവളെ നോക്കി അവർ പറഞ്ഞു " വരിക"

അപ്പോൾ അവരുടെ വാക്കുകളും മുഖവും മൃദുലമായിരുന്നു.

തുടരും........



ഡോ.എം.രാജീവ് കുമാർ

**വീടിനെക്കാൾ വലിയ പടിപ്പുരയെന്ന് ഒരു പുസ്തകത്തിന്റെ അവതാരികയെക്കുറിച്ച് പറഞ്ഞത് സാഹിത്യലോകത്ത് ഏറെ ചർച്ചാവിഷയമായിരുന്നു. എഴുത്തുകാരനെ ഇകഴ്ത്തുവാനോ അവതാരകനെ പുകഴ്ത്തുവാനോ ആയിരുന്നില്ല ആ പ്രസ്താവനയെന്നത് സത്യം.**
**വായനയ്ക്കു വയ്ക്കുന്ന പല പുസ്തകങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾ പലപ്പോഴും പുസ്തകത്തിന്റെ അവതാരികയെ ചുറ്റിപ്പറ്റിയാണ് നടക്കുക. എഴത്തുകാരന് അവതാരികകൾ പലപ്പോഴും ഗുണംചെയ്യാറുണ്ടെങ്കിലും ഒരു മുൻവിധിയോടുകൂടി പുസ്തകത്തെ സമീപിക്കുവാൻ ഇതു കാരണമാകുന്നുവെന്നത് ദോഷകരം തന്നെയാണ്. പുസ്തകം വായിച്ചശേഷം അവതാരിക വായിക്കുന്നത് പുതിയ വായനാഗുണം നൽകുമെന്നു തോന്നുന്നു. ചില അവതാരികകൾ ഇവിടെ പരിചയപ്പെടുത്തുന്നു.**

**ജോളി കളത്തിലിന്റെ രുദ്രാഭിഷേകം എന്ന പുസ്തകത്തിന് ഡോ.എം.രാജീവ്കുമാറിന്റെ അവതാരിക.**

# ധ്വനിസാന്ദ്രവും നിഗൂഢവുമായ രചനകൾ

**ക**ഥ, വെളിവാക്കലോ ഏറ്റുപറച്ചിലൊ അല്ല. നിഗൂഢതകളിലേയ്ക്ക് പായിക്കുന്ന സൂക്ഷ്മ രേണുക്കളാണത്. പ്രകാശ പ്രസരമായി നിറനിലാവിൽ കുളിച്ചുനിൽക്കുന്നില്ല കഥ. ഇതെഴുതാൻ കാരണം ജോളി കളത്തിലിന്റെ കഥകളാണ്. ഈ സമാഹാരത്തിലെ കഥകൾ വായിക്കുന്ന സഹൃദയന്റെ മനസ്സിൽ ആദ്യം പതിയുന്നത് നിഴലും വെളിച്ചവും ഇടകലർത്തി രചിച്ച കഥകളുടെ ശിൽപസൗന്ദര്യമാണ്.

ജീവിതത്തിന്റെ തെളിച്ചവും മങ്ങലും വരച്ചിടുന്നതിൽ ജോളി കളത്തിൽ വിദഗ്ദ്ധമായ തന്ത്രമാണ് കഥകളിൽ പ്രയോഗിക്കുന്നത്. 'രണ്ടാം ജന്മം' എന്ന കഥയിൽ വീട്ടിലേക്ക് വിളിച്ചുവരുത്തപ്പെടുന്ന സുജയുടെ മാനസിക നിലയാണ് ആഖ്യാനം ചെയ്യുന്നത്. ഈ കഥ സ്വപ്നയാഥാർത്ഥ്യങ്ങൾക്കിടയിൽ വായനക്കാരെ കുരുക്കിയിടുന്നു.

ഇതിന്റെ ഒരു മറുപുറം ആണ് 'കടൽ' ഒരു പാൽക്കടൽ നെഞ്ചിലേറ്റി മാതൃത്വത്തിനായി കൊതിക്കുന്ന നായികയുടെ മനസ്സ്. താലികെട്ടിയ സുഹൃത്തായി ഭർത്താവിനോടൊപ്പം കഴിയേണ്ടിവരുന്ന ജീവിതാവസ്ഥയാണ്, അനപത്യതയാണ് കഥാവിഷയം. ഒരപകടത്തെ തുടർന്ന് കടൽ സാക്ഷിയാക്കി അവൾ പങ്കുവയ്ക്കുന്ന കഥയിലൂടെയാണ് നിഗൂഢമായ ആഖ്യാനം കഥാകാരി നിർവ്വഹിക്കുന്നത്. കാമശാസ്ത്രം വായിച്ചിട്ടുണ്ടോ? എന്നു ചോദിക്കുന്ന വൈദ്യനെ കണ്ടുമടങ്ങുമ്പോഴുണ്ടാകുന്ന വാഹനാപകടത്തിൽ പരുക്കേറ്റ നായികയുടെ ചിതറിത്തെറിച്ച വിചാരങ്ങളിലൂടെയാണ് കഥ ചുരുളഴിയുന്നത്.

നൈരന്തര്യമില്ലാത്ത, കാലസീമകളുടെ അതിരുകൾ തെറ്റിക്കുന്ന ഈ കഥകൾക്ക് സംഘടിതമായ ആന്തരികശില്പമുണ്ട് എന്നതാണ് എന്നെ അത്ഭുതപ്പെടുത്തുന്ന ഘടകം. കഥാപരിസരത്തിനിന്ന് വികാരലോകം ഉയരങ്ങളിലേക്ക് കടക്കുകയും കഥയ്ക്കുകത്തുതന്നെ പ്രസരിപ്പോടെ നിന്ന് കത്തുകയും ചെയ്യുന്ന ഭാവപ്രപഞ്ചം ഓരോ കഥകൾക്കുമുണ്ട്.

ഗാർഹികപരിസരവും വിവാഹബന്ധങ്ങളുമാണ് കഥകൾക്ക് വിഷയമായിട്ടുള്ളത്. എന്നാൽ ഓരോ കഥയുടെയും നിർമ്മിതി കയ്യടക്കത്തോടെയാണ് ഈ കഥാകാരി നിർവ്വഹിച്ചിരിക്കുന്നത്.



ജോളി കളത്തിൽ

'റൂബി' എന്ന കഥയിൽ മനുഷ്യബന്ധത്തിന്റെ നിഗൂഢതയാണ് വിഷയം. ജോലിക്കാരിയായ കൗമാരക്കാരിയാണ് റൂബി. അവളോടുള്ള ആസക്തി റോസിന് സ്വന്തം മകൾ ഷെർളിയോടുള്ള സ്നേഹത്തിനു തുല്യമായി പരിവർത്തനപ്പെടുന്നിടത്താണ് കഥയിലെ സൗന്ദര്യം തുടിക്കുന്നത്. 'വെളിച്ചത്തെ ഭയന്ന് ഇരുട്ട് അടുത്ത മുറിയിലേക്ക് ഓടി മറഞ്ഞു' എന്നൊരു വാക്യം കഥയിലുണ്ട്. നന്മയെ പേടിച്ചു തിന്മ ഓടി മറയുകയാണ്. റോസിന്റെ മനസ്സ് കഥാകാരി വരച്ചിടുന്നു.

പകുതി പറയുകയും പകുതി പറയാതെ ഒളിപ്പിക്കുകയും ചെയ്യുന്ന ധ്വനിസാന്ദ്രമായ ആഖ്യാനമാണ് ഇവിടെ സാക്ഷാൽകരിച്ചിരിക്കുന്നത്. കഥാന്ത്യത്തിൽ ഒരു വാക്യമുണ്ട്. കഥയുടെ നിലപാട് എഴുത്തുകാരി വ്യക്തമാക്കുന്നത് ഇങ്ങനെയാണ്.'നെഞ്ചിൽ ശ്വാസം കനത്ത് മുകളിലേക്ക് കയറി അത് തൊണ്ടയിൽ കുത്തിപിടിച്ചു'. റോസിന്റെ തോന്നലുകൾക്ക് തക്ക ശിക്ഷയാണ് അല്ലെങ്കിൽ ശരീരം കൽപിക്കുന്ന പ്രായശ്ചിത്തമാണ് ആ വരികളിൽ. അബോധത്തിൽ എഴുത്തുകാരി

സൃഷ്ടിക്കുന്ന ഈ നിർമ്മിതിയാണ് കഥയെ മഹത്തരമാക്കുന്നത്.

കഥ നിർമ്മിതിയാണ്. ഒരു തയ്യൽക്കാരൻ ഉടുപ്പുതയ്ക്കുന്നതു പോലെ . ആദ്യം ഷർട്ടിന്റെ കോളറായിരിക്കും അല്ലെങ്കിൽ കൈയായിരിക്കും തയ്ക്കുന്നത്. അല്ലെങ്കിൽ മറ്റേതെങ്കിലും ഭാഗങ്ങൾ. എന്നാൽ കൃത്യമായ അളവുണ്ടായിരിക്കും. എങ്ങനെയാണ് തയ്ക്കേണ്ടതെന്ന രൂപമുണ്ടായിരിക്കും. കഥയെഴുത്തുകാരനും ഇത്തരത്തിൽ മുൻകൂട്ടി രൂപമുണ്ടാക്കിയതിനു ശേഷമായിരിക്കും കഥ നിർമ്മിതിയിലേക്ക് പുറപ്പെടുക. ജോളി കളത്തിലിന്റെ കഥയിൽ ഇത് പ്രായോഗികതലത്തിൽ വിജയിക്കുന്നതുകാണാം.

'പാമ' എന്ന കഥനോക്കൂ... പത്രത്തിലെ ഒരു വാർത്തയാണ്. പതിനാലുകാരൻ പെറ്റമ്മയുടെ കൈകൊണ്ട് കൊല്ലപ്പെടുന്നു അവന്റെ ശരീരം അനേകം കഷ്ണങ്ങളാക്കി കത്തിക്കുന്നു. ഈ പത്രവാർത്തയിൽ നിന്നാണ് പാമ എന്ന സ്ത്രീയെ നിർമ്മിക്കുന്നത്. പെറ്റമ്മയെക്കാൾ സ്നേഹലാളനകൾ നൽകി അനുക്കുട്ടി എന്ന കേന്ദ്രകഥാപാത്രത്തിന്റെ പോറ്റമ്മയായി പാമ മാറുന്നു. കുട്ടിയുടെ ഏത് ആവശ്യത്തിനും പാമയുണ്ട്. ഈ കഥാപാത്രത്തിലൂടെ സ്നേഹത്തിന്റെ നീലാകാശം കഥാകാരി കാട്ടിക്കൊടുക്കുന്നു.

മനുഷ്യനന്മയിലേക്ക് വന്നുവീഴുന്ന പുതിയ കാലത്തിന്റെ ശാപമായിത്തീരുകയാണ് നിഷ്ഠൂര പ്രവർത്തികൾ ചെയ്യുന്ന അമ്മമാർ. അവർക്ക് ഒരു പകരം വയ്ക്കലായി ബാല്യസ്മൃതിയിലേക്ക് പോവുകയാണ് കഥാകാരി. ഈ കഥയിലെ കാലസങ്കല്പം ശ്രദ്ധേയമാണ്. കീഴ്മേൽ മറയ്ക്കുന്ന കാലത്തിന്റെയും സമയത്തിന്റെയും കഥനമാണ് പാമയിലൂടെ കഥാകാരി പ്രയോഗിക്കുന്നത്. ഈ ആഖ്യാനസവിശേഷതയാണ് ജോളി കളത്തലിന്റെ കഥയുടെ പ്രത്യേകത...

അമ്മയെ സ്നേഹിക്കാൻ വൈകുന്നവർക്കുള്ള മുന്നറിയിപ്പാണ് 'സ്നേഹിക്കാൻ മറന്നവർക്ക്'. കാലം കാത്തുനിൽക്കാതെ ഹൃദയത്തിനു മേൽ വേദന പെയ്യിക്കുന്നതിന്റെ കഥയാണിത്. അമ്മയുടെയും മകളുടെയും മാനസികലോകങ്ങളാണ് ജോളി കളത്തിൽ അനാവരണം ചെയ്യുന്നത്.

മനസിന്റെ തലത്തിൽ നിൽക്കുന്ന കഥകളാണ് ഈ സമാഹാരത്തിലെ രചനകൾ. പല പ്രായത്തിലുള്ള മനുഷ്യർ ഏറെയും സ്ത്രീകൾ ആണ്. അവരുടെ മനസിന്റെ വിലോല വിസ്മയങ്ങൾ പകർത്തുന്നതിലാണ് ഈ എഴുത്തുകാരിക്ക് കൗതുകം.

എന്നാൽ മനോരോഗത്തിലേക്ക് പതിഞ്ഞിറങ്ങുന്ന ഇമ്മാനുവലിന്റെ ചിത്രം ദാരുണമാക്കുന്നൊരു കഥയുണ്ട് 'ഇമ്മാനുവലും പൂച്ചയും.' ഭീതിയിൽ നിന്നു ജനിക്കുന്ന മനോവിഭ്രാന്തി ഇഷ്ടമില്ലാത്ത പൂച്ചയിലൂടെ, പേയിളകിയ പട്ടിയുമായി ബന്ധപ്പെട്ട് ആധിയായിത്തീരുകയാണ്. മനശാസ്ത്രവിശകലനം കാര്യമായി പരീക്ഷിക്കുന്ന കഥയാണിത്. മനസ്സിന്റെ നിർധാരണത്തിലൂടെ ജീവിതാവസ്ഥയ്ക്ക് വ്യാഖ്യാനങ്ങൾ ചമയ്ക്കാൻ എഴുത്തുകാരിയ്ക്ക് കഴിയുന്നു. ബിംബകല്പനകളിലൂടെ മനസ്സ് അപഗ്രഥിക്കുന്നതിനോടൊപ്പം ഗന്ധബിംബത്തിലൂടെ വൈകാരിക ഭാഗം ഉദ്ദീപനം ചെയ്യാനും കഥാകാരിക്ക് കഴിയുന്നു.

'മഞ്ഞ്' എന്ന കഥയിൽ മാമ്പൂവിന്റെ മണം, മദഭരമായ ഒരു ജീവിതാവസ്ഥയ്ക്ക് സാക്ഷ്യം വഹിക്കുന്നു. പ്രണയത്തിന്റെ ഭാവം കൃഷ്ണ സങ്കൽപത്തിൽ വിലയം കൊള്ളിക്കുന്ന കഥയാണിത്.

നാദധാരയ്ക്കൊപ്പം വിഭ്രാന്തിയുടെ ഇടനാഴിയിലൂടെ നടക്കുന്ന ഒരു സ്ത്രീ ജോളി കളത്തിലിന്റെ കഥയിലുണ്ട്. ആ പെൺകുട്ടി-സ്ത്രീ-തനിച്ചാണ്. അവൾക്ക് നിരാശയില്ല. അവൾ അമിത സന്തോഷവതിയുമല്ല. അവൾ എല്ലാം കാണുന്നുണ്ട്. മനസ്സുകൊണ്ട് അവൾ എല്ലാത്തിനും വ്യാഖ്യാനങ്ങൾ ചമയ്ക്കുന്നു.




തീവ്രമായ ആഗ്രഹത്തിന്റെ സാഫല്യമാണ് 'രുദ്രാഭിഷേകം' എന്ന കഥ. ഒരമ്മ,മകന്റെ വളർച്ചയിൽ അകൽച്ചയിൽ ഉത്കണ്ഠപ്പെടുന്നതിന്റെ ചിത്രം ഈ കഥയിൽ ആത്മാർത്ഥമായി ചിത്രീകരിക്കുന്നു. മാതൃവാത്സല്യം ചുരത്തുന്ന ഈ സ്നേഹസ്പർശത്താൽ ഈ കഥ ഹൃദ്യമാണ്.

അവസ്ഥയോട് പൊരുതുകയും പ്രതിരോധമുയർത്തുകയും സ്ത്രീയുടെ സത്തയെ മുൻനിർത്തി വാദിക്കുകയും ചെയ്യുന്ന കഥകൾ നമ്മുടെ പെൺകുട്ടികൾ എഴുതുമ്പോൾ അതിൽ നിന്ന് വഴിമാറി നടക്കുകയാണ് ജോളി കളത്തിൽ, ജീവിതത്തിന്റെ സൂക്ഷ്മഭാവങ്ങൾക്ക് മാനവികതയുടെ ചാരുത ചാർത്തുന്ന കഥകൾ. മനുഷ്യപക്ഷം പിടിച്ചെഴുതിയ കഥകളിൽ നിറയുന്നൊരു സ്ത്രീയുണ്ട്. കാലത്തിന്റെ കനലുകളിൽ ചവിട്ടി നിൽക്കുന്നൊരു പെണ്ണ്. അവളുടെ ധ്വനിസാന്ദ്രവും നിഗൂഢസ്പർശവുമുള്ള കഥകളാണിവ.

മലയാള കഥയിൽ ഒരിരിപ്പിടം ജോളികളത്തിലിനും കൂടി അവകാശപ്പെട്ടതാണ്.

●



● ഡോ. എം.എൻ. ശശിധരൻ

# രാഹുലിന്റെ മൂക്കിലെ വിശേഷങ്ങൾ

അഞ്ച് വയസ്സുള്ള രാഹുലിനേയുംകൊണ്ട് അവന്റെ അമ്മ വളരെ വിഷമിച്ചു. കാര്യമായ ആരോഗ്യക്കുറവോ രോഗാവസ്ഥകളോ ഒന്നുംതന്നെ അക്കാലംവരെയും അവനുണ്ടായിരുന്നില്ല. വളരെ പെട്ടെന്ന് ഒരു ദിവസം അവന് പനിയും ശ്വസന വൈഷമ്യവും തുടങ്ങി. അക്കാര്യം പറഞ്ഞ് അടുത്ത ഡോക്ടറെ കണ്ട് മരുന്നുകൾവാങ്ങിക്കൊടുത്തു. കാര്യമായ മാറ്റം ഒന്നും ഉണ്ടാകാതെ രാഹുലിന്റെ വിഷമതകൾ തുടർന്നുകൊണ്ടിരുന്നു. പനിയും ശ്വാസവൈഷമ്യവും മൂലം ഭക്ഷണത്തോടുള്ള താല്പര്യവുംകുറഞ്ഞു. പഴയതുപോലെ കളി, ചിരി, ഉത്സാഹം, വർത്തമാനം ഒന്നും ഇപ്പോൾ പണ്ടത്തെപ്പോലെ ഇല്ലാതെയായി.



പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ തന്റെ കുട്ടിക്ക് ഇങ്ങനെയൊരു രോഗം വന്നതിൽ അച്ഛനമ്മമാർ വളരെ വിഷമിച്ചു. സുഹൃത്തുക്കളുടെ അഭിപ്രായപ്രകാരം മെഡിക്കൽ കോളേജിലെ ഡോക്ടറേയും കാണിച്ച് ചികിത്സ ആരംഭിച്ചു. പനിയ്ക്കുള്ള മരുന്നുകൾ കൊടുക്കുമ്പോൾ രണ്ടുമൂന്നു ദിവസത്തേക്ക് പനി ഉണ്ടാവുകയില്ല. പക്ഷേ സ്വസ്ഥമായി കുഞ്ഞ് കിടന്നുറങ്ങാറില്ലെന്നു അമ്മ മനസ്സിലാക്കി. വീണ്ടും ഡോക്ടറോട് പറഞ്ഞു. വളരെ തിരക്കുള്ള പീഡിയാട്രീഷൻ ഡോക്ടർ ശ്വാസവൈഷമ്യം കാരണമായിരിക്കാം അസ്വസ്ഥതയും ഉറക്കക്കുറവെന്നും കണ്ടെത്തി. മൂക്കിലൊഴിക്കാൻ തുള്ളിമരുന്നും ചില സിറപ്പുകളും കൊടുത്തു.

ഒന്നുരണ്ട് ദിവസങ്ങൾ പിന്നെയും കഴിഞ്ഞു. ശ്വാസവൈഷമ്യത്തിന് മാറ്റമുണ്ടായില്ല. പനി വിട്ട് വിട്ട് വന്നുകൊണ്ടിരുന്നു. ഭക്ഷണത്തോട് തീരെ താല്പര്യമില്ലാത്ത അവസ്ഥ. മലശോധനയും കുറവ്. ഈ സാഹചര്യത്തിലാണ് രാഹുലിനെ എന്റെ അടുത്ത് കൊണ്ടുവന്നത്.

ആദ്യം മുതൽ ഉള്ള രോഗാവസ്ഥകൾ എല്ലാം കേട്ടു

കഴിഞ്ഞപ്പോൾ എന്നെ ചിന്തിപ്പിച്ച ഒരു കാര്യം എന്തുകൊണ്ട് കാര്യമായ കഫക്കെട്ട് കുഞ്ഞിനുണ്ടായില്ല എന്നതായിരുന്നു. സാധാരണ പനിയും ശ്വാസംമുട്ടലും ഉണ്ടാകുമ്പോൾ അനുബന്ധമാകേണ്ട കഫരോഗം കുഞ്ഞിൽ ഉണ്ടായിരുന്നില്ല. വലിവിന്റേയോ ശ്വാസംമുട്ടലിന്റേയോ പാരമ്പര്യമായ യാതൊരു സാദ്ധ്യതകളും എന്റെ അന്വേഷണത്തിൽ രാഹുലിന് ഇല്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

പല കാര്യങ്ങളും ചോദിച്ച കൂട്ടത്തിൽ ഈ രോഗമാരംഭിക്കുന്നതിന് കുറച്ചുനാൾ മുമ്പ് മൂക്കിൽനിന്നും രക്തം വന്നതായി അവന്റെ അമ്മ പറഞ്ഞു. ഇക്കാര്യം എന്തുകൊണ്ട് മുമ്പ് ചികിത്സിച്ചവരോട് പറഞ്ഞില്ല എന്നു ഞാൻ ചോദിച്ചു. അത് ആരും ചോദിച്ചുമില്ല, പറയേണ്ട ഗൗരവം അതിനുണ്ടെന്നും കരുതിയില്ല. കാരണം രാഹുലിന് ഇടയ്ക്കൊക്കെ മൂക്കിൽ വിരലിട്ട് തിരിക്കുന്ന സ്വഭാവം ഉണ്ടെന്നും അമ്മ പറഞ്ഞു.

ഇത് കേട്ടപ്പോൾ എന്റെ ചിന്ത ആ വഴിക്കായി. എന്തായാലും മൂക്ക് പരിശോധിക്കാൻ തീരുമാനിച്ചു. ടോർച്ചടിച്ച് മൂക്കിനകം പരിശോധിച്ചു. രക്തം കറുത്ത് കട്ടപിടിച്ചിരിക്കുന്നതുപോലെ എന്തോ ഒന്ന് ഉള്ളിൽ കാണുന്നതായി തോന്നി.

എന്റെ കൈയിലുണ്ടായിരുന്ന ഒരു ചെറിയ ഫോഴ്സെപ്പ്സ് ഉപയോഗിച്ച് ഞാൻ സാവകാശം ആ കറുത്ത കട്ടപിടിച്ച രക്തമെന്ന് കരുതിയ വസ്തുവിൽ പിടിച്ച് പുറത്തേക്ക് വലിച്ചു. ഞാൻ വലിയ്ക്കുന്നതനുസരിച്ച് അത് നീണ്ട് പുറത്തേക്ക് വന്നുകൊണ്ടിരുന്നു. ഏതാണ്ട് ഒരു ഏഴിഞ്ചോളം നീളമുള്ള പഴുത്ത് ദ്രവിച്ച് ചീഞ്ഞുതുടങ്ങിയ ഒരു പച്ചോല ചുരുളായിരുന്നു പുറത്തേക്ക് നീണ്ടുവന്നത്.

ഇത്രയുംകാലം ശ്വാസോച്ഛ്വാസത്തിന് തടസ്സമായി നിന്നിരുന്ന ആ ഓലക്കഷ്ണം ചുരുട്ടി മൂക്കിൽ കയറ്റിയത് അവൻതന്നെയായിരുന്നു. അത് നീക്കം ചെയ്തപ്പോൾ അവന് സുഖമായി ശ്വസിക്കാനും കഴിഞ്ഞു. അവന്റെ മൂക്കിനുള്ളിലെ തടസ്സങ്ങൾ നീങ്ങി.

രാഹുലിനെ ചികിത്സിക്കാതെ തന്നെ രോഗശമനം വരുത്തിയതിൽ എനിക്ക് വളരെ സന്തോഷം തോന്നി. വൈദ്യന്റെ ധാരണകൾക്ക് അനുസരിച്ച് ചികിത്സ നീണ്ടുപോകയും യഥാർത്ഥ കാര്യം അവശേഷിക്കയും ചെയ്യുന്നത് ശരിയല്ലല്ലോ. അതോടെ ഒരുകാര്യം ഉറപ്പിച്ചു. സിസ്റ്റം ഏതായാലും സസൂക്ഷ്മമായ പരിശോധന ഒഴിവാക്കാൻ പാടുള്ളതല്ല. പ്രത്യേകിച്ച് കുട്ടികളുടെ കാര്യത്തിൽ.

രാഹുലിന്റെ അമ്മയുടെ മുഖത്തുണ്ടായ സന്തോഷവും മകന്റെ ആശ്വാസവും എന്റെ മനസ്സിൽനിന്ന് ഇപ്പോഴും മായുന്നില്ല. ഗുരുവായി മാറുന്ന അനുഭവങ്ങൾക്ക് അന്ത്യമുണ്ടാകാറില്ലല്ലോ.

** മരുന്നുകളുടെ ഉപയോഗം ഡോക്ടറുമായി ബന്ധപ്പെട്ടതിനുശേഷം മാത്രം. സ്വയം ചികിത്സ പാടില്ല.*

● ഫോ: 9447661209




● കവിത ●



● ഡോ. ചേരാവള്ളിശശി

# ഓരോ ദുരന്തങ്ങൾ

കാളും വിശപ്പൊന്നടക്കാൻ ഒരു പിടി
പൂഴിമണൽ ആർത്തിയോടെ വാരിത്തിന്നു
പ്രാണൻ പിടഞ്ഞു മരിച്ച പെൺകുഞ്ഞിന്റെ
ദാരുണ ചിത്രമെൻ ഉള്ളുപൊള്ളിക്കവേ,
ആർഭാട ധൂർത്തുപൊങ്ങച്ചങ്ങൾ കൈകോർത്തൊ-
രാഘോഷ കല്യാണസദ്യ സൽക്കാരങ്ങൾ
തീർന്നു സ്വാദുറ്റോരധികമാം ഭക്ഷണം
ആഴക്കുഴിവെട്ടി മൂടി മേളിക്കുമെൻ
നാടിൻ ദുരന്തങ്ങളോർത്തു നടുങ്ങിഞാൻ...!! ●



● ഡോ. (മേജർ) നളിനി ജനാർദ്ദനൻ, പൂനെ

# സ്ത്രീ തുറന്നുപറയാൻ മടിക്കുന്നത്

**സ്ത്രീ**യുടെ മനസ്സ് മൃദുലവും ദുർബ്ബലവുമാണ്. കുടുംബാംഗങ്ങളുടെ ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കുമെങ്കിലും തന്റെ സ്വന്തം ആരോഗ്യ പ്രശ്നങ്ങളും വിഷമങ്ങളും തുറന്നുപറയാനോ സാന്ത്വനം തേടാനോ പലപ്പോഴും സ്ത്രീക്ക് കഴിഞ്ഞുവെന്നു വരില്ല. സ്ത്രീസഹജമായ ലജ്ജ, അറിവില്ലായ്മ, ഭയം എന്നിങ്ങനെ ഒട്ടേറെ കാരണങ്ങൾകൊണ്ട് സ്ത്രീകൾ ഇന്നും തങ്ങളുടെ രഹസ്യ രോഗങ്ങൾ മൂടിവെക്കുകയും ചികിത്സതേടാൻ വൈകുകയും ചെയ്യുന്നു. അതിന്റെ ഫലമായി രോഗം ഗുരുതരമാവാനോ ചികിത്സകൊണ്ട് മാറാത്ത അവസ്ഥയിലെത്താനോ സാദ്ധ്യതയുണ്ട്.

സ്ത്രീ സ്വാതന്ത്ര്യവും സ്ത്രീയുടെ ശക്തീകരണവും സ്ത്രീസമത്വവുമെല്ലാം ഇന്നത്തെ ചിന്താവിഷയങ്ങളാണെങ്കിലും ഒരു സാധാരണ സ്ത്രീ ഇന്നും സ്വയം അബലയായിട്ടാണ് കണക്കാക്കുന്നത്. ഗ്രാമീണ സ്ത്രീകൾ പൊതുവേ ഭർത്താവിന്റെ തണലിൽ ഒതുങ്ങിക്കഴിയാൻ ഇഷ്ടപ്പെടുന്നവരാണ്. യാഥാസ്ഥിതിക കുടുംബങ്ങളിൽ ഇന്നും സംസ്കാരവും പരമ്പരാഗതമായ അനുഷ്ഠാനങ്ങളും സ്ത്രീകളെ അടക്കമൊതുക്കമുള്ളവരായി ജീവിക്കാൻ അനുശാസിക്കുന്നു. പണ്ടത്തെ കുമാരികൾക്കും യുവതികൾക്കും വിഷമഘട്ടങ്ങളിൽ മാർഗ്ഗനിർദ്ദേശവും ഉപദേശവും നല്കാൻ അമ്മ വലിയമ്മ ചെറിയമ്മ അമ്മായി ചേച്ചി മുത്തശ്ശി എന്നിങ്ങനെ ബന്ധുക്കളായ മുതിർന്നസ്ത്രീകളിലാരെങ്കിലും എപ്പോഴും കൂടെ ഉണ്ടായിരുന്നു. പക്ഷേ കൂട്ടുകുടുംബങ്ങൾ ഉപേക്ഷിക്കപ്പെട്ട് അണുകുടുംബങ്ങൾ വന്നതോടെ വീട്ടിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന ഒരു വീട്ടമ്മയുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പങ്കുവെയ്ക്കാൻ ആരുമില്ല എന്ന അവസ്ഥയായി. ഇത്തരം അവസ്ഥയിൽ ഭർത്താവിനോട് പറയാൻ ലജ്ജ തോന്നുന്നതുകൊണ്ട് ഭാര്യമാർ പലപ്പോഴും തങ്ങളുടെ രഹസ്യരോഗങ്ങൾ മറച്ചുവെക്കാൻ തുടങ്ങി. ഭർത്താവിന്റെയും കുടുംബാംഗങ്ങളുടെയും അനാസ്ഥയും ശ്രദ്ധക്കുറവും കൂടിയാകുമ്പോൾ സ്ത്രീകളുടെ അവഗണിപ്പെടുന്ന രോഗങ്ങൾ ചികിത്സകിട്ടാതെ ഗുരുതരമാവുന്നു എന്നതാണ് സത്യം.



ആധുനികകാലത്തെ സ്ത്രീകൾ അടുക്കളയിലും വീട്ടിലും മാത്രം ഒതുങ്ങിനില്ക്കാതെ ഉന്നതവിദ്യാഭ്യാസം തേടി ഉദ്യോഗരംഗത്തേക്ക് ഇറങ്ങിവന്നതോടെ അവരുടെ ചിന്താഗതിയിലും മാറ്റം വന്നു. ഇന്നത്തെ പെൺമനസ്സിന് കുറേക്കൂടി ശക്തിയും ധൈര്യവും ആത്മവിശ്വാസവുമുണ്ട്. എങ്കിലും തന്റെ സ്വകാര്യമായ ആശങ്കകളും രഹസ്യരോഗങ്ങളും മറച്ചുപിടിക്കാൻ സ്ത്രീസഹജമായ ലജ്ജ അവളെ പ്രേരിപ്പിച്ചേക്കാം. ഈ അധൈര്യവും ലജ്ജയും മറികടക്കാനും തന്റെ ആരോഗ്യപ്രശ്നങ്ങൾ കുടുംബാംഗങ്ങളോട് തുറന്നുപറയാനും സ്ത്രീക്കു കഴിയണം. എന്നാൽ മാത്രമേ രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കാനും ചികിത്സ തുടങ്ങാനും കഴിയുകയുള്ളൂ.

സ്ത്രീജീവിതത്തിന്റെ വിവിധകാലഘട്ടങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ വ്യത്യസ്തമായിരിക്കും.

**കൗമാരം**

ആധുനിക ജീവിതശൈലിയനുസരിച്ച് ഇപ്പോൾ പെൺകുട്ടികൾക്ക് 8 മുതൽ 10 വയസ്സു പ്രായമാവുമ്പോഴേക്ക് കൗമാരവളർച്ച തുടങ്ങുകയും ഏകദേശം 12-13 വയസ്സാവുമ്പോഴേക്കും പൂർത്തിയാവുകയും ചെയ്യുന്നു. ശാരീരികവും മാനസികവുമായ മാറ്റങ്ങൾ കൗമാരത്തിന്റെ പ്രത്യേകതയാണ്. ഒരു ചെറിയ പെൺകുട്ടി പെട്ടെന്ന് സ്ത്രീയായി മാറാൻ തുടങ്ങുന്ന ഈ കാലഘട്ടം ശാരീരികപ്രശ്നങ്ങളുടെയും മാനസികസമ്മർദ്ദങ്ങളുടെയും കാലമാണ് എന്നു പറയാം.

ആർത്തവത്തെക്കുറിച്ച് ശാസ്ത്രീയമായി അറിവില്ലാത്ത പെൺകുട്ടികൾക്ക് പെട്ടെന്നൊരു ദിവസം ആർത്തവം തുടങ്ങുമ്പോൾ പരിഭ്രമം തോന്നാം. മാസംതോറും യോനിയിൽനിന്നും രക്തം വരികയും ഇടക്കിടെ വെളുത്ത ദ്രാവകം വരികയും ചെയ്യുന്നത് കാണുമ്പോൾ പെൺകുട്ടികൾക്ക് ആശങ്കയും ഉൽകണ്ഠയും ഉണ്ടാവും. അമ്മയുടെ സ്നേഹപൂർണ്ണമായ പെരുമാറ്റവും ആർത്തവത്തെക്കുറിച്ചുള്ള വിശദീകരണവും ഈ കാലഘട്ടത്തിൽ പെൺകുട്ടികൾക്ക് ആവശ്യമാണ്. അതുപോലെയാണ് ആർത്തവക്രമക്കേടുകൾ പെൺകുട്ടികൾക്ക് ആദ്യത്തെ ആർത്തവം വളരെ നേരത്തെ വന്നാലും വരാൻ വളരെ വൈകിയാലും അമ്മമാർ പരിഭ്രമിക്കുകയും അതുകണ്ട് കുട്ടികൾക്ക് ഭയമുണ്ടാവുകയും ചെയ്യും. അതുപോലെ മാസംതോറും കൃത്യമായി വരുന്ന ആർത്തവം പെട്ടെന്ന് നില്ക്കുക മുറതെറ്റി വരിക രക്തസ്രാവം വളരെ കൂടുതലോ കുറവോ ആവുക, ആർത്തവം വേദനപൂർണ്ണമാവുക എന്നിങ്ങനെ ഒട്ടേറെ ആർത്തവപ്രശ്നങ്ങളുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പെൺകുട്ടികൾ അമ്മമാരോട് പ്രശ്നങ്ങൾ തുറന്നുപറഞ്ഞാൽ ഒരു ഗൈനക്കോളജിസ്റ്റിനെ കാണിച്ച് വിദഗ്ദ്ധാഭിപ്രായം തേടുക വേണമെങ്കിൽ ചികിത്സ തുടങ്ങുകയും ചെയ്യാം.

ആർത്തവകാലത്ത് മൂത്രത്തിൽ പഴുപ്പ് മൂത്രാശയരോഗങ്ങൾ വെള്ളപോക്ക് യോനിയിൽ ചൊറിച്ചിൽ കുരുക്കൾ എന്നിവയും ചിലപ്പോൾ കാണാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ വീട്ടുകാരോട് തുറന്നു പറയാൻ പെൺകുട്ടികൾക്ക് സ്വാഭാവികമായും ലജ്ജതോന്നുന്നതിനാൽ അവരത് മറച്ച് പിടിക്കുകയും രോഗം കൂടുതലാവുകയും ചെയ്യും. ആർത്തവസമയത്ത് ശുചിത്വംപാലിക്കാനും സാനിട്ടറിപാഡുകൾ ഇടക്കിടെ മാറ്റാനും ധാരാളം വെള്ളം കുടിക്കാനും പെൺകുട്ടികൾക്ക് നിർദ്ദേശം നൽകേണ്ടത് അമ്മമാരുടെയും മൂത്തസഹോദരിമാരുടെയും കടമയാണ്. ഭക്ഷണക്രമക്കേടുകൾകൊണ്ട് വിളർച്ച ക്ഷീണം പൊണ്ണത്തടി എന്നിവയും ഉണ്ടാവാം. ആർത്തവകാലത്ത് മുഖക്കുരു,താരൻ,മുടികൊഴിച്ചിൽ എന്നിവയും കൂടുതലായേക്കാം. അമിതവണ്ണത്തോടൊപ്പം ശരീരത്തിലും മുഖത്തും രോമവളർച്ചയുണ്ടെങ്കിൽ ഹോർമോൺ തകരാറുകളുണ്ടാവാം എന്നതിനാൽ ഡോക്ടറെ കാണിക്കേണ്ടതാണ്.

കൗമാരപ്രായത്തിൽ ഒട്ടേറെ വൈകാരികസമ്മർദ്ദവും മാനസികസംഘർഷവും പെൺകുട്ടികൾക്കു നേരിടേണ്ടിവന്നേക്കാം. സ്വന്തം വ്യക്തിത്വം സ്ഥാപിച്ചെടുക്കാനും കൂട്ടുകാരുടെ ഗ്രൂപ്പിൽ അംഗീകാരം നേടാനുമുള്ള ആഗ്രഹം പ്രണയബന്ധങ്ങൾ പഠനത്തിന്റെയും പരീക്ഷകളുടെയും സമ്മർദ്ദം വൈകാരികാവസ്ഥയിൽ ഇടക്കിടെയുള്ള മാറ്റങ്ങൾ (Mood Change) സ്വന്തം ശരീരത്തെക്കുറിച്ചുള്ള ഉൽകണ്ഠ( മുഖക്കുരു,സ്തനവളർച്ച ശരീരസൗന്ദര്യം ഉയരം തടി എന്നിവയെക്കുറിച്ചെല്ലാംമുള്ള ഉൽകണ്ഠകൾ എന്നിവയെല്ലാംതന്നെ കൗമാരപ്രായത്തിൽ ഉണ്ടാവാനിടയുള്ള പ്രശ്നങ്ങളാണ്.

"നീയൊരു പെൺകുട്ടിയാണ്. ഇതു ചെയ്യരുത് അതു ചെയ്യരുത് ഇങ്ങിനെ മാത്രം പെരുമാറണം'' എന്നിങ്ങനെ ഒട്ടേറെ നിർദ്ദേശങ്ങളുടെയും പെരുമാറ്റച്ചട്ടങ്ങളുടെയും നടുവിൽ വീർപ്പുമുട്ടുന്ന സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന പെൺകുട്ടികൾക്ക് മാനസികസംഘർഷമുണ്ടാവാം. ഈ പ്രായത്തിൽ അച്ഛനമ്മമാർ മനസ്സിലാക്കുന്നില്ലെന്ന തോന്നലും കൂട്ടുകാരോടുമുള്ള അധികമായ അടുപ്പവും പ്രേമവും സാധാരണമാണ്. ഒരു പെൺകുട്ടിക്ക് കൗമാര

പ്രായത്തിലെ ശാരീരികമാനസികപ്രശ്നങ്ങൾ നേരിടാൻ അമ്മയുടെ സ്നേഹസാന്ത്വനങ്ങളുടെ വൈകാരികപിന്തുണയും ആവശ്യമാണ്. അമ്മ ഒരു നല്ല കൂട്ടുകാരിയാണെന്നു ബോദ്ധ്യം വന്നാൽ പെൺകുട്ടികൾ ഒന്നും മറച്ചുവെക്കില്ല.







● ആറന്മുള സത്യവ്രതൻ
(1927–1993)

# ചന്ദ്രലേഖയ്ക്കൊരു സന്ദേശം

...തുടർച്ച

**വി**ണ്ണിൽപ്പൊങ്ങും മതിയുടെതിരേ
സൂര്യബിംബം നമിക്കും
മുൻപേ രാവും പകലുമൊരുമി-
ച്ചൊന്നു ചുംബിച്ചു നില്ക്കും
ദിക്കെട്ടും കാർകുഴലിലൊരുപോൽ
താരകപ്പൂക്കൾ ചൂടും
ഗന്ധം വീശും ധരണി കുഴയും
വെണ്ണിലാവിൽ ശയിക്കും


ചൂളം പാടിക്കഠിന തരമാം
കാന്തസൂചിക്കു തുല്യം
പീലിച്ചാർത്താലിടയിലിടവി-
ട്ടോർത്തു നില്ക്കും മരങ്ങൾ
പൂവാടിക്കും പുറകുവശമൊ-
ത്തങ്കണത്തിന്നടുത്തും
മായാമോഹം പണിയുമൊളിയാ-
ലിന്ദ്രജാലങ്ങൾ പോലേ

കോദണ്ഡത്തിൻ വടിവിലൊരുപോൽ
നാലുദിക്കും കവാടം
കേറിപ്പോകാൻ മണിശിലകളാൽ
കൽപ്പടക്കെട്ടു മുന്നിൽ
നീരാളത്തിൻ വിരികളണിയും
ശൈലനാകം"നമുക്കായ്
കാണാമന്തിസ്ഫുരണ കിരണം
തൊട്ടുരുമ്മും നഭസ്സിൽ

നേരം തെറ്റാതകലെ വിലസു-
ന്നമ്പലത്തിങ്കൽ നിന്നും
നേരിട്ടെത്തും വലിയ മണി ത-
ന്നൊച്ച കേൾക്കും ജനങ്ങൾ
കൈവല്യത്തിൻ പൊരുളിലലിയും
മാനസക്കോവിലിൽപ്പൊൻ
ദീപം ചാർത്തിത്തൊഴുതു കഴിയു-
ന്നന്തിതീരും വരേയ്ക്കും

സന്തോഷം കൊണ്ടിളകിയുയര-
ത്തിഷ്ടഗാനങ്ങൾ പെയ്തും
നൃത്തം വെച്ചും പലവഴിപിരി-
ഞ്ഞൊത്തുചേർന്നും രസിച്ചും
വിണ്ണാറും വിട്ടൊഴുകി വളരും
പൂനിലാവിൽക്കുളിച്ചും
കണ്ണോടിക്കും കനകമയമാം
പക്ഷിജാലം കിഴക്കായ്.







വെള്ളിക്കുന്നിന്നൊളിയിലുലകം
ശാന്തമാകും ശയിക്കും
കന്ദർപ്പാസ്ത്രം തടവിയുണരും
തമ്പിമാർമെത്ത തോറും
കൊങ്കച്ചെപ്പൊത്തമരുമെതിരേ
സ്നിഗ്ദ്ധമാകും നിതംബം
വൃദ്ധിക്കൊപ്പം മതിയുമതുപോൽ
കാമവും പൂർണ്ണമത്രേ.

ഊഴം തെറ്റാതൊഴുകി വരുമാ-
വേഗമല്പം കുറച്ചും
പ്രാപ്യസ്ഥാനം കരുതി വിടരും
പക്ഷമൊട്ടൊന്നു ചായ്ച്ചും
നേരേ ചുറ്റി ഖഗപതിസഖേ
ശൈലനാകാന്തികത്തിൽ
ചായും നീപത്തൊടിയുടിടയിൽ
ച്ചേർന്നിരിക്കാം പതുക്കെ

നാനാ വർണ്ണം നടുവിലുയരും
ദീപ്ത ദീപ്തോത്സവത്താ-
ലാകാരം ചേർന്നവനിതലവും
നോക്കിനില്ക്കും വിഹാരം
താരാകീർണ്ണ പ്രഭയിലൊളിയോ-
ടൊത്തുരത്നങ്ങൾ ചൂടും
ശൈലാഗ്രം പോൽ സ്മൃതിപഥരഥം
തന്നിലേറിക്കളിക്കാം.

മുൻപേ ചൊന്നോരനഘതരമാം
വാതിൽനാലും ദിനാന്തം
വന്നെത്തുമ്പോളടയുമവിടെ
ക്കാവൽകാണും, പ്രഭാതം
മുട്ടും വീണ്ടും മധുരനിനദം
പക്ഷിജാലം മുഴക്കും
സന്ദർഭം നീ കരുതുക സഖേ!
രാവുതീരും വരേയ്ക്കും.

പാർശ്വത്തിൽപ്പുൽത്തകിടി തഴുകി
ചുറ്റിനില്ക്കും തടാകം
താലോലിക്കും കുമുദനിരയിൽ
പ്പാർവ്വണച്ചന്ദ്രബിംബം
വാരിത്തൂകും സുധയിലുണരു-
ന്നംശുപൂരം മഹസ്സായ്
മോഹിപ്പിക്കും, രതിസുഖരസാ-
ഹ്ലാദമാക്കും ചകോരം.

## • അക്ഷരശ്ലോകക്കളരി •

**പ്രൊഫ.ശ്രീലകം വേണുഗോപാൽ**

**നിൻ**കണ്ണുനീരിൽ തെളിവാർന്നു നിന്റെ
മുഖാഭ തട്ടിക്കവിളിൽ പടർന്ന
വർണ്ണാഭമാകും മഴവില്ലു കാൺകേ
മദിച്ചിതെൻ ഹൃത്തു മയൂഖതുല്യം.
– ആഖ്യാനകി

വല്ലപ്പോഴും നിന്റെയാ പാട്ടു കേൾക്കാൻ
വല്ലാതെ ഞാൻ മോഹമോടിങ്ങിരിപ്പൂ
വല്ലിക്കുള്ളിൽ നീയൊളിച്ചെങ്ങിരിപ്പൂ
വല്ലാതാക്കാതെന്റടുത്തെത്തു തത്തേ.
–ശാലിനി

വാണീമണി,നീയെന്നീണങ്ങളിൽ വാണാൽ
കാണാമൊരുരാഗം ചാലേയുണരുന്നു
ആരോമലെ,നീയെൻ ചാരേ വരുമെങ്കിൽ
ഞാനീ മധുഗാനം പാടാമതിമോദാൽ.
– മണിമാല

അഹന്ത ഹന്തവ്യമതാണു മണ്ണിൽ
മഹിക്കു വേണ്ടുന്നതു മൈത്രി മാത്രം
ഇഹത്തിൽ വാഴുന്നൊരു നാളിലെല്ലാം
മഹത്തമസ്നേഹമുണർത്തു നമ്മൾ.
– ഉപേന്ദ്രവജ്ര

ഇരുളിന്നു തൂമയരുളുന്ന ദീപമാം
മതിബിംബകാന്തിസമമായ ശോഭയിൽ
പ്രിയതന്റെ വശ്യവദനത്തിലിന്നിതെൻ
വിഷുവൽവിഭാത കണിദർശനം വരം.
– മഞ്ജുഭാഷിണി(സമസ്യാപൂരണം)

പാടാണു കാവ്യങ്ങളിതേ വിധത്തിൽ
പാടാനസാദ്ധ്യം കരുതും സുഹൃത്തേ
പാടാതെ മാറീട്ടു സദസ്സു വിട്ടാൽ
പാടായി മാറീടുമതെന്തു കഷ്ടം.
– ഇന്ദ്രവജ്ര

പാഷാണഖണ്ഡങ്ങളിലാർത്തലച്ചു
മുന്നോട്ടുപായും നദിയൊന്നു കാൺകേ
വിഘ്നങ്ങളെത്തച്ചുതകർത്തു പായും
ധീരൻഗമിക്കും ഗതിയോർത്തിടുന്നേൻ.
– ഇന്ദ്രവജ്ര

വിവിധം പദഭംഗിയോടെതാൻ
കവികൾ നവസൃഷ്ടിചെയ്യുവാൻ
ഇവടേയണയുന്നിതേവിധം
കവനം ബഹുധന്യമായിതാ.
– സുമുഖി

ഇനിയുമൊരുവിധത്തിൽ മന്ത്രിയായില്ലയെന്നാൽ
പലവഴി പണിചെയ്യാം, കാലുവാരാം,നടക്കാം
അതിലൊരു പിഴയെങ്ങാൻ വന്നുപോയാൽ പൊളിയ്ക്കാൻ
പുതിയൊരു വഴി നോക്കാം,മൂഢരല്ലോ ജനങ്ങൾ!
– മാലിനി

അന്യായമായുള്ള വിചാരമോടെ
എന്നോടു നീയീ കലഹത്തിനെത്തീ
'എന്നിന്ദു' വെന്നോതിയതെന്മനസ്സിൽ
ആനന്ദമേകുന്നൊരു ചന്ദ്രബിംബം.
– ഇന്ദ്രവജ്ര

---

## • ലഹരിക്കെതിരെ •

*വൃത്തം: വസന്തതിലകം*

*അയിരൂർ സുകുമാരൻ നായർ*

**ഭർ**ത്താവുപോയി തനയർ സവരൊട്ടനേകം
ചത്തുചിലർക്കു കമിതാ മരുമക്കളായോർ
മിത്രങ്ങളായ പലരും പുതുബന്ധുവർഗം
ശത്രുക്കളും നിമിഷമാത്രമൊടുങ്ങീ കഷ്ടം!


കള്ളും കുടിച്ചു കവിതാ ശകലങ്ങൾപാടി
ഭള്ളും പറഞ്ഞു വഴിവിട്ടതിമോദമോടേ
തുള്ളിക്കുണുങ്ങി വരുമാവരവൊന്നു കണ്ടാൽ
ഉള്ളിൽക്കനത്ത പരിഹാസമുയർന്നു പൊങ്ങും

റോഡിന്റെ രണ്ടുവശവും പിണകാലുതല്ലി-
യീത്വായൊലിച്ചു കടവായ് നുരയോടുകൂടി
ആടിക്കുഴഞ്ഞു നടനം തുടരുന്നവന്നു
ആപത്തുകൂടെയുടനേ വഴിയിൽ ഭവിക്കാം.

തേയിഞ്ചയീസ്റ്റുകറുവാത്തൊലി ചിറ്ററത്ത
പേയിക്കുവേണ്ട ചെടയൻ വിധിപോലെചേർത്തും
പേരിന്നു കള്ളുമഥ ശർക്കര ,മാദകപ്പൂ-
ച്ചാരായവും സുലഭമായിലഭിച്ചിടുന്നു.

# തമോദ്വാരങ്ങൾ

**പ്ര**പഞ്ചത്തിൽ നമുക്കറിയാവുന്ന വസ്തുക്കളിൽ ഏറ്റവും നിഗൂഢമായവയാണ് തമോദ്വാരങ്ങൾ അഥവാ ബ്ലാക് ഹോളുകൾ. വളരെ തീവ്രമായ ഗുരുത്വാകർഷണം നിമിത്തം പ്രകാശത്തിനു പോലും അവയിൽ നിന്ന് പുറത്തുവരാൻ കഴിയില്ല. അതിനാൽ ഏതുതരം ടെലിസ്കോപ്പ് ഉപയോഗിച്ചാലും അവയെ നേരിട്ടുകാണാൻ കഴിയില്ല. പിന്നെ അതിന്റെ തീവ്ര ഗുരുത്വാകർഷണ ബലത്തിന്റെ ഫലമായി ഉണ്ടാകുന്ന മറ്റു പ്രഭാവങ്ങളിൽനിന്ന് അവയെ സംബന്ധിച്ച് നമുക്ക് അറിയാൻ കഴിയും. രണ്ടു തമോദ്വാരങ്ങൾക്ക് പരസ്പരം ചേർന്ന് ഒന്നായ ഒരു മഹാസംഭവത്തിൽ സൃഷ്ടിക്കപ്പെട്ട ഗുരുത്വ തരംഗങ്ങൾ 2015-ൽ നിരീക്ഷിക്കപ്പെട്ടതാണ് തമോദ്വാരങ്ങൾക്ക് കിട്ടിയ ഒരു ശക്തമായ തെളിവ്.



തമോദ്വാരം നേരിട്ടു കാണാൻ കഴിഞ്ഞില്ലെങ്കിലും അതുണ്ടാക്കുന്ന നിഴലിനെ കണ്ടെത്താൻ ശ്രമിക്കുകയാണ് ശാസ്ത്രജ്ഞർ. ശോഭയേറിയ ഒരു പശ്ചാത്തലത്തിന്റെ മുന്നിൽ ഒരു തമോഗർത്തം നിലയുറപ്പിച്ചുണ്ടെങ്കിൽ കുറച്ച് പ്രകാശത്തെ അത് തടയും. അങ്ങനെ തമോദ്വാരത്തെ ഒരു നിഴലായി വേർതിരിച്ചെടുക്കാൻ കഴിയും. ഈ പ്രതീക്ഷയിൽ വലിയൊരു ശാസ്ത്രസംഘം നിരന്തര പരിശ്രമത്തിലാണ്. സംഭവചക്രവാള ദൂരദർശിനിഎന്നറിയപ്പെടുന്ന ഈ സംവിധാനം വഴി ഇതുവരെ ലഭിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി സൃഷ്ടിക്കുന്ന ചിത്രം 2019 ൽ പുറത്തു വരുമെന്നാണ് കരുതുന്നത്.

രണ്ടു തമോദ്വാരങ്ങളെയാണ് ആദ്യനിരീക്ഷണങ്ങൾക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ഒന്ന് നമ്മുടെ സ്വന്തം ഗാലക്സിയായ ആകാശഗംഗയുടെ കേന്ദ്രഭാഗത്ത് ഉള്ളതാണ്. രണ്ടാമത്തേത് 5-6 കോടി പ്ര കാശവർഷമകലെ സ്ഥിതിചെയ്യുന്ന എം-87 എന്ന കൂറ്റൻ തമോദ്വാരമാണ്. ഇതിന് 600 കോടി സൂര്യന്റെ മാസ്സ് ഉണ്ടത്രേ.

ഭൂമിയുടെ വിവിധയിടങ്ങളിൽ ഉള്ള റേഡിയോ ദൂരദർശിനികൾ ഏകോപിപ്പിച്ചു പ്രവർത്തിപ്പിക്കുക വഴി ഭൂമിയുടെ അത്രതന്നെ വലിപ്പമുള്ള ഒരു ഒറ്റ ചെലിസ്കോപ്പ് ഉപയോഗിച്ചു ലഭിക്കുന്നത്ര സൂക്ഷ്മത കൈവരിക്കാൻ കഴിയും. ഇത്തരത്തിൽ ലഭിക്കുന്ന ഡേറ്റയുടെ അളവ് ഇന്റർനെറ്റ് സംവിധാനത്തിനു താങ്ങാൻ കഴിയുന്നതിലും അപ്പുറത്തായതിനാൽ ഡേറ്റ അടങ്ങിയ ഹാർഡ് ഡ്രൈവുകൾ വിമാനമാർഗം അമേരിക്കയിലും ജർമിനിയിലും എത്തിച്ചു. കമ്പ്യൂട്ടറുകളുടെ വൻനിര ഉപയോഗിച്ച് അപഗ്രഥിക്കുകയാണ് ഈ സംഘത്തിന്റെ പഠനരീതി. മാസങ്ങളായി ശേഖരിക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി സൃഷ്ടിക്കുന്ന ആദ്യചിത്രം 2019-ൽ പുറത്തുവിടുന്നതാണ്. അതിനായി ശാസ്ത്രലോകം കാത്തിരിക്കുന്നു. ആൽബർട്ട് ഐൻ സ്റ്റൈന്റെ ആപേക്ഷികതാ സിദ്ധാന്തത്തിന്റെ സാധുതയെ കൂടുതൽ കൃത്യതയോടെ പരിശോധിക്കാനും ഇത് സഹായിക്കും.

**ഇന്ത്യൻ പങ്കാളിത്തത്തോടെ 30 മീറ്റർ വ്യാസമുള്ള വൻ ടെലിസ്കോപ്പ് പണിപ്പുരയിൽ.**

ഉത്തരാർധഗോളത്തിലെ ഏറ്റവും വലിയ ഒപ്റ്റിക്കൽ ടെലിസ്കോപ്പ് 2017 ൽ പണിതീരുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ പണിനടക്കുന്ന പടുകൂറ്റൻ യൂറോപ്യൻ ടെലിസ്കോപ്പായിരിക്കും അന്ന് ഭൂമിയിൽ ഏറ്റവും വലുത്. 39.3 മീറ്റർ വ്യാസമുള്ള അത് ദക്ഷിണ അമേരിക്കയിലെ ചിലിയിലാണ് സ്ഥാപിക്കുന്നത്..

30 മീറ്റർ ടെലിസ്കോപ്പ് പ്രോജെക്ടിൽ ഇന്ത്യയുൾപ്പെടെ 5 രാജ്യങ്ങളാണ് ഭാഗഭാക്കാകുന്നത്. യു.എസ്.എ, കാനഡ,ചൈന, ജപ്പാൻ എന്നിവയാണ് മറ്റുരാജ്യങ്ങൾ. ഹവായ് ദ്വീപിലെ മൗനാകിയിലാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

മൊത്തം 10000 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതിയിൽ ഇന്ത്യ ചെലവാക്കുന്നത് 1300 കോടി രൂപയായിരിക്കും. ഇത്രയും വലിയ ഒരൊറ്റ കോൺകേവ് മിറർ എന്നതു പ്രായോഗികമല്ല. അങ്ങനെയൊന്ന് ഉണ്ടാക്കിയാൽ പോലും അതുസ്വന്തം ഭാരംകൊണ്ട് തൂങ്ങിപ്പോകും. അതു പരിഹരിക്കാൻ 1.4 മീറ്റർ വീതം വ്യാസമുള്ള 192 കണ്ണാടികൾ വളരെ സൂക്ഷ്മതയോടെ ചേർത്തുവച്ച് ഒരൊറ്റ വൻ കണ്ണാടി പോലെ ഉപയോഗിക്കുക എന്ന രീതിയാണ് ഇതിൽ അവലംബിക്കുക.


ടെലിസ്കോപ്പിലെ പ്രധാന ദർപ്പണങ്ങളിൽ കുറച്ചെണ്ണത്തിനെ സൂക്ഷ്മതയോടെ പോളിഷ് ചെയ്യുക. അതിനെ താങ്ങിനിർത്താൻ വേണ്ട സപ്പോർട്ട് അസംബ്ലി നിർമിക്കുക.അവയെ കൃത്യസ്ഥാനത്ത് നിർത്താൻ വേണ്ട നിയന്ത്രണ സംവിധാനങ്ങൾ തയ്യാറാക്കുക. ടെലിസ്കോപ്പിനു വേണ്ട കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകൾ തയ്യാറാക്കുക തുടങ്ങിയ ജോലികളിൽ ഇന്ത്യാക്കാർ പ്രധാന പങ്കുവഹിക്കും.

നൈനിറ്റാളിലെ ആര്യഭട്ട ഇൻസ്റ്റിറ്റ്യൂട്ട്, ബങ്കളുരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അസ്ട്രോഫിസിക്സ്,പൂനെയിലെ അന്തർ സർവ്വകലാശാലാ കേന്ദ്രം എന്നിവയ്ക്കു പുറമെ വിവിധ വ്യവസായ സ്ഥാപനങ്ങളും ഈ പദ്ധതിയിൽ പങ്കുചേരുന്നുണ്ട്. 2017 ഓടെ ഈ ടെലിസ്കോപ്പ് ആദ്യവെളിച്ചം കാണുമെന്നു കരുതുന്നു. ●

റങ്കൂൺ റഹ്മാൻ

# “വേണ്ടത് വേണ്ടപ്പോൾ തോന്നണം”

...തുടർച്ച



**സർ**വ്വാധികാരിയും ജനപ്രിയനായ ഭരണ കർത്താവുമാണെങ്കിലും ഞാൻ അതീവ ദുഃഖിതനാണ്. എന്റെ സർവ്വസ്വവും എന്റെ അരുമ മ കൾ മലീഹയാണ്. സുന്ദരിയും സുശീലയുമായ അവൾക്ക് പ്രായം പതിനേഴ് കവിഞ്ഞു. അടുത്തിരുന്ന പ്രിയ പത്നി ആ കണ്ണുകൾ തുടച്ചെടുത്തു. കേട്ടോ ജനാബ് ഞങ്ങളുടെ മകൾക്കിപ്പോഴും ഒരു മൂന്നു വയസ്സുകാരിയുടെ പ്രകൃതമാണ്. നടപ്പും ഉടപ്പും സംസാര രീതി യും എല്ലാം.... ഗദ്ഗദത്തോട്കൂടി റാണി പറഞ്ഞതത്രയും രാജൻ ശരിവെച്ചു ശേഷം രാജൻ ഇരിപ്പടത്തിൽനിന്നു എഴുന്നേറ്റ് ഒരുചാൽ നടന്നു.

ആ ഒരു കാരണംകൊണ്ട് രാജകുടുംബത്തിൽ നിന്നൊന്നും തന്നെ എന്റെ മകൾക്കൊരു വിവാഹാലോചന വരുന്നില്ല എന്തിനധികം ഒരു സാധാരണക്കാരൻ പോലും അവളെ നിക്കാഹ് കഴിക്കാൻ തയ്യാറാവുന്നില്ല.

രാജൻ കണ്ണീരൊപ്പി റാണിയും. മ ഹാരാജൻ സങ്കടപ്പെടണ്ട.... താങ്കളുടെ ദുഃഖവും ഞാനാതിരുമുമ്പിൽ അവതരിപ്പിക്കാം. അമാന് വിഭവസമൃദ്ധമായ സദ്യയൊരുക്കി ശേഷം കുതിരയേയും പരിവാരങ്ങളെയും നൽകി സസന്തോഷം സദക്കിലേക്ക് അമാനെ യാത്ര അയച്ചു. പിറ്റേ ദിവസം തന്നെ അമാൻ സദക്ക് എന്ന രാജ്യത്തെത്തി നീണ്ട വരി ക്ക് പിന്നിൽ നിന്ന് ഒടുവിലവൻ ആ തിരുമുമ്പിലെത്തി. സിംഹം ,മത്സ്യം, സർപ്പം, രാജാവ് എന്നിവരുടെ സങ്കടങ്ങളും പ്രശ്നങ്ങളും ആ തിരുമുമ്പിൽ നിരത്തി. എല്ലാ വിശദമായി കേട്ടശേഷം അവർക്കൊക്കെ പ്രതിവിധികളും മരുന്നുകളും നിർദ്ദേശിച്ചുകൊടുത്തു. ശേഷം അമാൻ തന്റെ പ്രശ്നവും ആ മഹാനോട് പറഞ്ഞു. ചെറുപുഞ്ചിരിയോടെ മഹാൻ അമാനുള്ളയുടെ ശിരസ്സിൽ തലോടി.

മോനെ അമാനുള്ളാ നീ ധൈര്യമായി പുറപ്പെടുക രക്ഷപ്പെടാനുള്ള പല മാർഗ്ഗങ്ങളും നിന്റെ മുമ്പിൽ തുറക്കപ്പെടും അതൊന്നും തന്നെ നീ കണ്ടില്ലെന്ന് ന ടിക്കരുത്.

സസന്തോഷം അമാൻ മടക്കയാത്ര ആരംഭിച്ചു. ആദ്യം ചെന്നത് രാജകൊട്ടാരത്തിലേക്കാണ് ആദരവോടെ രാജൻ അവനെ എതിരേറ്റു വിരുന്നും വിശ്രമവും കഴിഞ്ഞു ശേഷം അമാനെ രാജാവ് ചെന്ന് കണ്ടു. ദിവ്യന്റെ പ്രതിവിധി കേൾക്കാൻ അദ്ദേഹം കാത് കൂർപ്പിച്ചു.

മകളുടെ ന്യൂനതകൾ അറിഞ്ഞ് സ്നേഹത്തോടെ ഏതെങ്കിലും ഒരു യുവാവ് അവളെ നിക്കാഹ് ചെയ്താൽ ആ നിമിഷം അവൾക്ക് പ്രായത്തിന്റെ പക്വതയും ബുദ്ധിയും കിട്ടും. അത് കേട്ട രാജാവിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അദ്ദേഹം ഇരിപ്പടത്തിൽ നിന്നെഴുന്നേറ്റ് അമാനെ സമീപിച്ചു. എങ്കിൽ എന്റെ മകളുടെ ഭർത്താവിന്റെ സ്ഥാനം താങ്കൾ അലങ്കരിച്ചാലും...അവളോടൊപ്പം എന്റെ സമ്പത്തും ഈ രാജ്യത്തിന്റെ ഭരണാധികാരവും ഞാൻ താങ്കളെ ഏല്പിക്കാം. ദയവായി സ്വീകരിച്ചാലും അമാൻ അത് കേട്ടതും അമാനുള്ള തന്റെ ഇരിപ്പിടം വിട്ടെഴുന്നേറ്റു.

ക്ഷമിക്കണം മഹാരാജൻ

അങ്ങയുടെ മകളേയും വിവാഹം ചെയ്ത രാജ്യഭാരം തലയിലേറ്റി നടക്കാൻ എനിക്ക് തെല്ലും നേരമില്ല. എന്റെ പെങ്ങന്മാർ നാട്ടിൽ എന്നെയും കാത്തിരിപ്പുണ്ട്. അവിടെ എത്തും മുമ്പ് പലകാര്യങ്ങളും വേറെയും ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്.

അധികം ചിന്തക്ക് ഇടംകൊടുക്കാതെ അത്രയും പറഞ്ഞ് അമാൻ കൊട്ടാരം വിട്ടിറങ്ങി..

ദൂരെ നിന്ന് തന്നെ അമാനുള്ളയെ കണ്ട് സർപ്പം അവന്റെ അടുത്തേക്ക് ഇഴഞ്ഞെത്തി ദിവ്യൻ എന്റെ കാര്യത്തിന് എന്തെങ്കിലും പ്രതിവിധി പറഞ്ഞുവോ ?

യാത്രക്ഷീണമകറ്റാൻ അമാൻ തെല്ലുനേരം ഒരു മരത്തണലിൽ ഇരുന്നു.

വിലപ്പെട്ട ഒരു നിധികുമ്പാരം നിന്റെ വാസസ്ഥലത്ത് ആരോ കൊണ്ടുവെച്ചിട്ടുണ്ട്. സ്വർണ്ണവും രത്നങ്ങളുമടങ്ങിയ നിധി. അതെടുത്ത് മാറ്റിയാൽ നിന്റെ പാർപ്പിടം ശീതളമായി ഭവിക്കും.



അക്കരെ ചെന്നിട്ട് മത്സ്യം തിടുക്കത്തിൽ നീന്തി അമാനെ അക്കരെയെത്തിച്ചു.

നിന്റെ ചെകിളക്കിടയിൽ വിലകൂടിയ ഒരു അമൂല്യരത്നം ഭക്ഷണം കഴിക്കുന്ന അവസരത്തിൽ കുടുങ്ങിയിട്ടുണ്ട്. അതാരെങ്കിലും എടുത്ത് മാറ്റിയാൽ നിന്റെ ഇപ്പഴത്തെ വേദനപാടെ ശമിക്കും.

അത് കേട്ടപ്പോൾ മത്സ്യത്തിന് തെല്ല് ആശ്വാസമായി അത് അമാനെ സമീപിച്ചു. എന്നാപ്പിന്നെ ആ രത്നമെടുക്കാൻ അമാൻ എന്നെയൊന്ന് സഹായിച്ചുതാ വെറുതെ വേണ്ട പ്രതിഫലമായി ആ രത്നം അമാൻ സ്വന്തമായി എടുത്തോളൂ

പ്രതീക്ഷയോടെ മത്സ്യം അമാനെനോക്കി. അതിന് നീ വേറെ ആരെയെങ്കിലും നോക്ക് എനിക്കിപ്പോ ഒന്നിനും നേരമില്ല ഇനിയും ഒരുപാട് ദൂരം യാത്രചെയ്യാനും ഒട്ടനവധി കാര്യങ്ങൾ ചെയ്ത് തീർക്കാനുമുണ്ട്. ധൃതിയിൽ നടന്നുമായുന്ന അമാനെ നോക്കി നദിക്കരയിൽ കിടന്നു ആ മത്സ്യം വേദനയോടെ പിടഞ്ഞു.. ഇനി ആ മൃഗ രാജനെകൂടി കണ്ടു കഴിഞ്ഞാൽ എന്റെ ജോലി തീരും. പിന്നെ എത്രയും പെട്ടന്ന് എന്നെകാത്തിരിക്കുന്ന .....പെങ്ങന്മാരുടെ അടുത്തെത്തണം. ഏറെ നാളുകൾക്ക്ശേഷം അവർ എന്നെ കാണുമ്പോൾ അവരുടെ ഭാവങ്ങൾ സന്തോഷപ്രകടനങ്ങൾ ഒക്കെ മനസ്സിൽ കണ്ടുകൊണ്ട് അമാൻ നടന്നു.

ഞാനൊരുത്തൻ ഇവിടെയിരിപ്പുണ്ട്. ഗർജ്ജിക്കുന്ന സ്വരത്തിൽ സിംഹം പറഞ്ഞു. ഞാൻ അങ്ങയെ മറന്നതല്ല. എന്തൊക്കെയോ ചിന്തിച്ചങ്ങിനെ നടന്നുപോയി. ക്ഷമാപണ സ്വരത്തിൽ അമാൻ പറഞ്ഞു. സാരമില്ല ഞാ എന്താ യി എന്റെ കാര്യം ആ മഹാൻ മരുന്നു വല്ലതും തന്നുവോ ? അമാന്റെ മറുപടിക്കായ് മൃഗരാജൻ തന്റെ ഇടത്തെചെവി നീട്ടി. ഒരു വിഡ്ഢിയുടെ വലത് ചെവി തിന്നുക രാജന്റെ കേൾവി പഴയതുപോലെ തിരിച്ചുകിട്ടും.

അത് കേട്ടതും സിംഹം ആഹ്ലാദംകൊണ്ട് തുള്ളിചാടി.
മൃഗരാജനെന്താ ഇത്ര സന്തോഷം. സിംഹം അവനെ ഉഴിഞ്ഞുനോക്കി. എങ്ങിനെ സന്തോഷിക്ക്യാതിരിക്കും മനുഷ്യാ അത്ര എളുപ്പമുള്ള ഒറ്റമൂലിയല്ലേ ആ മഹാൻ എനിക്ക് നിർദ്ദേശിച്ചത്.
അമാൻ അത്ഭുതപ്പെട്ടു.
എളുപ്പമുള്ള മരുന്നോ ഈ കൊടുംകാട്ടിൽ അദ്ദേഹം പറഞ്ഞതുപോലെ ഒരാളെ കണ്ടെത്താൻ എളുപ്പത്തിൽ കഴിയുമോ? സിംഹം ഗർജ്ജിക്കുംവിധം പൊട്ടിചിരിച്ചു. എന്താ സംശയം രക്ഷപ്പെടാൻ ഒട്ടനവധി മാർഗ്ഗങ്ങൾ നിന്റെ മുമ്പിൽ തുറന്നിട്ടും അതൊക്കെ തട്ടിമാറ്റി മരണത്തിന്റെ മുമ്പിൽ വന്നു നില്ക്കുന്ന നീ വിഡ്ഢിയല്ലേ. ലോകത്തിലെ ഏറ്റവും വലിയ വിഡ്ഢി.. പമ്പര വിഡ്ഢി അതും പറഞ്ഞ് ആർത്തിയോടെ അമാന്റെ വലത്തേചെവി ഉന്നംവെച്ച്കൊണ്ട് സിംഹം ഒരൊറ്റചാട്ടം... പിന്നീട് എന്താ സംഭവിച്ചിരിക്ക്യാ... അതൊക്കെ ഞാൻ പറയാതെ തന്നെ എന്റെ കൊച്ചുകൂട്ടുകാർക്ക് മനസ്സിലായി കാണുമല്ലോ. പക്ഷേ അമാന് മനസ്സിലായില്ല ദിവ്യൻ പറഞ്ഞതിന്റെ പൊരുള്. അത് മനസ്സിലാക്കിയിരുന്നെങ്കിൽ രക്ഷപ്പെടാൻ പലമാർഗ്ഗങ്ങളും അവന്റെ മുമ്പിൽ തുറന്നിരുന്നു.

രാജകുമാരിയേയും നിക്കാഹ് കഴിച്ച് രാജാവാകാം. എന്നിട്ട് സർപ്പകൂട്ടിലെ നിധിയും മത്സ്യത്തിന്റെ രത്നവും എടുത്ത് സമ്പത്ത്കൂട്ടാം എന്നിട്ട് തന്റെ ....പെങ്ങന്മാരൊത്ത് സുഖമായി നാടും ഭരിച്ചങ്ങനെ കഴിയാം. അമാന് ഇങ്ങിനെയൊക്കെ ആകാമായിരുന്നില്ലേ എന്ന് നമുക്ക് ചിന്തിക്കാം ഒരു സന്ദർഭത്തിൽ അമാനും അങ്ങിനെ ചിന്തിച്ചിരിക്കില്ലേ
തീർച്ചയായും അവൻ ഒരു തവണയെങ്കിലും അങ്ങിനെ ചിന്തിച്ചിരിക്കും അത് എപ്പോൾ?
സിംഹം അവന്റെ മേൽചാടിവീണ് അവന്റെ വലത് ചെവി കടിച്ചു പറിക്കുമ്പോൾ...
എന്താ എന്റെ ഉത്തരം ശരിയല്ലേ! ഉത്തരം മാത്രമല്ല നമ്മുടെ ബുദ്ധിയും ശരിയാവണം യുക്തിവേണം ഇതൊക്കെ ഉണ്ടങ്കിലേ നമ്മുടെ പ്രവർത്തിയും ശരിയായ രീതിയിൽ മുന്നോട്ട് പോകുകയുള്ളു.

എന്ന് വെച്ചാൽ ഏത് പ്രവർത്തിക്ക് ഒരുങ്ങുമ്പോഴും ഒരു ഉറച്ചതീരുമാനം വേണം. ആ തീരുമാനം ഉറച്ചതാവണമെങ്കിൽ നൂറുവട്ടം ആലോചിക്കണം. നില്ക്കൂ...ശ്രദ്ധിക്കൂ...മുന്നോട്ട് പോകൂ...

## ഭൂപടങ്ങളിൽ വടക്ക് എല്ലായ്പോഴും മുകൾവശത്തായിരിക്കുന്നത് എന്തുകൊണ്ട്?

**ഭൂ**പടങ്ങളുടെ ആവിർഭാവം മുതൽ നിലനിന്നു വരുന്ന ഒരു പതിവാണ് ഇത്. ഈ രീതിക്ക് വ്യക്തമായ എന്തെങ്കിലും ശാസ്ത്രീയ കാരണം ഉണ്ടെന്നു പറയാനാവില്ല. പൗരാണിക ഈജിപ്ഷ്യൻ ശാസ്ത്രജ്ഞനായ ടോളമിയാണ് ഏറ്റവുമാദ്യം ഭൂപടങ്ങൾ നിർമിച്ചത് എന്നു കരുതപ്പെടുന്നു. ലോകത്തിന്റെ കേന്ദ്രമായി അദ്ദേഹം കണക്കാക്കിയിരുന്നത് ഈജിപ്തിനെയാണ്. വടക്കുവശത്ത് സ്ഥിതി ചെയ്യുന്ന മെഡിറ്ററേനിയൻ തീരമായ ഗ്രീസുമായും ഈജിപ്തിനും അടുത്ത ബന്ധങ്ങളുണ്ടായിരുന്നു. ടോളമി,ഈജിപ്തിന്റെ മുകൾവശത്തായാണ് മെഡിറ്ററേനിയൻ തീരവും ഗ്രീസും വരച്ചിരുന്നത്.



ടോളമി

അതായത് വടക്കുദിക്ക് ,മാപ്പിന്റെ മുകൾ വശത്ത് വരത്തക്കവിധമാണ് അദ്ദേഹം തന്റെ മാപ്പുകൾ വരച്ചിരുന്നത്.

ഈ പതിവ് ഇന്നും തുടർന്നുവരുന്നു. ഇടക്കാലത്ത് കുരിശുയുദ്ധത്തിൽ പങ്കെടുത്ത സൈനികമേധാവികളും മറ്റും കിഴക്കുവശം മുകളിൽ വരത്തക്കവിധം ചില ഭൂപടങ്ങൾ നിർമിക്കുകയുണ്ടായെങ്കിലും ഈ പതിവ് നിലനിൽക്കുകയുണ്ടായില്ല.

# മാസവിശേഷങ്ങൾ

**1968 ജൂൺ 2**
ലോക പ്രശസ്ത വികലാംഗക്ഷേമപ്രവർത്തകയും എഴുത്തുകാരിയുമായ ഹെലൻ കെല്ലർ അന്തരിച്ചു. ശൈശവത്തിൽതന്നെ ഇവർക്ക് കാഴ്ചയും സംസാരശേഷിയും നഷ്ടപ്പെട്ടിരുന്നു.

**1968 ജൂൺ 5**
അമേരിക്കയിൽ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച റോബർട്ട് കെന്നഡിക്ക് വെടിയേറ്റു. പ്രചരണത്തിനിടയിൽ ലോസ് ആഞ്ചലസിൽ ഒരു റാലിയിൽവെച്ചാണ് വെടിയേറ്റത്.

**1968 ജൂൺ 7**
റോബർട്ട് കെന്നഡിയുടെ ഘാതകനായ പാലസ്തീൻ അറബി സിർഹാൻ സിർഹാനെ പോലീസ് അറസ്റ്റ് ചെയ്തു.

**1968 ജൂൺ 8**
മാർട്ടിൻ ലൂഥർ കിങ്ങിന്റെ ഘാതകൻ ജയിംസ് എൽകെയെ ലണ്ടനിൽ അറസ്റ്റ് ചെയ്തു.

**1968 ജൂൺ 12**
ഫ്രാൻസിൽ പ്രകടനങ്ങൾ നിരോധിച്ചു. വിയറ്റ്നാം യുദ്ധത്തിനെതിരെ ഫ്രഞ്ച് വിദ്യാർത്ഥികൾ നടത്തിവരുന്ന പ്രക്ഷോഭം കണക്കിലെടുത്താണ് ഈ നടപടി

**1968 ജൂൺ 23**
ആസ്സാമിൽ പ്രളയം; രണ്ടരലക്ഷം പേർ ഭവനരഹിതരായി



ഹെലൻ കെല്ലർ

**1968 ജൂൺ 24**
കേരളത്തിലെ വനപ്രദേശങ്ങളിലെ അനധികൃത കുടിയേറ്റക്കാരെ അവർ കുടിയേറിയിട്ടുള്ള ഭൂമി വന സംരക്ഷണത്തിനും വൻകിട ജലസേചനവൈദ്യുതപദ്ധതികൾക്കും അനിവാര്യമായ പ്രദേശമല്ലെങ്കിൽ ഒഴിപ്പിക്കേണ്ടതില്ലെന്ന് സംസ്ഥാനസർക്കാർ തീരുമാനിച്ചു. മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ചാണ് ഈ തീരുമാനം.

**1968 ജൂൺ 25**
ധാതുമണൽ കേന്ദ്രമായ ചവറയിൽ ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകി.

**1968 ജൂൺ 30**
അപ്പർകുട്ടനാട്ടിൽ പലയിടത്തും കൊയ്ത്ത് നിർത്തിവെച്ചു.കർഷകരും മാർക്സിസ്റ്റ് പാർട്ടി നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളി യൂനിയൻ പ്രവർത്തകരും തമ്മിലുള്ള തർക്കമാണ് ഇതിനു കാരണം. ഇ.ജോൺ എം.എൽ.എ.യുടെ പാടശേഖരത്ത് കൊയ്ത്തിനുവന്ന യൂനിയൻ അംഗങ്ങളല്ലാത്തവരെ കെ.എസ്.കെ.ടി.യുക്കാർ തടഞ്ഞു. ●

## • അപരിചിതവിസ്മയം •



• ഏഴംകുളം മോഹൻകുമാർ

**പറവകൾ ഉണ്ടായത് ഇങ്ങനെ**

ദിനോസറുകൾ ജീവിച്ചരുന്ന കാലഘട്ടത്തിൽ ആ വർഗ്ഗത്തിൽപ്പെട്ടതും പറക്കാൻ കഴിവുള്ളതുമായ ഒരു വിഭാഗം ജീവികൾ ഉണ്ടായിരുന്നു. വെലോസിറാപ്റ്ററുകൾ എന്നാണ് അവയുടെ പേര്. ഇവയിൽ നിന്നാണ് ഇന്നത്തെ പക്ഷിവർഗ്ഗം ഉരുത്തിരിഞ്ഞ് വന്നത് എന്നാണ് ഗവേഷകരുടെ നിഗമനം. ന്യൂയോർക്കിലെ 'മ്യൂസിയം ഓഫ് നാച്ച്യുറൽ ഹിസ്റ്ററി'യിലെ ഗവേഷകർ മംഗോളിയായിൽ നിന്നു ലഭിച്ച ചില ഫോസിലുകൾ പരിശോധിച്ചാണ് ഇതിനുള്ള തെളിവുകൾ കണ്ടെത്തിയത്.

**ആദ്യമലയാളി**

കേരളകായികരംഗത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ജി.വി.രാജ എന്ന ഗോദവർമ്മ രാജയാണ്ഇൻഡ്യൻ ക്രിക്കറ്റ് ബോർഡിലെത്തിയ ആദ്യമലയാളി. 1960 മുതൽ 1963 വരെ ബി.സി.സി.ഐ യുടെ വൈസ്പ്രസിഡന്റായിരുന്നു അദ്ദേഹം.

**ഉറങ്ങാത്ത പക്ഷി**

ഉറങ്ങാൻ സമയമില്ലാത്ത ഒരു പക്ഷിയുണ്ട്. സുട്ടിടോൺ എന്നാണ് ഈ കടൽപ്പക്ഷിയുടെ പേര്. ഏത് സമയവും ഇവ കടലിനു മീതെ പറന്നുകൊണ്ടിരിക്കും. കരയിലെത്തി മുട്ടയിടുന്ന വേളയിൽപ്പോലും ശരിക്ക് ഉറങ്ങാറില്ല.

**പിതാവ് ഇൻഡ്യയ്ക്ക് മക്കൾ പാകിസ്ഥാന്**

പിതാക്കന്മാർ ഇൻഡ്യയ്ക്ക് വേണ്ടിയും മക്കൾ പാകിസ്ഥാനും വേണ്ടി ക്രിക്കറ്റ് കളിച്ച ചരിത്രമുണ്ട്. ജഹാംഗീർഖാൻ ഇൻഡ്യയ്ക്കുവേണ്ടി കളിച്ചപ്പോൾ മകൻ മജീദ്ഖാൻ പാകിസ്ഥാനു വേണ്ടിയായിരുന്നു കളിച്ചത്. അതുപോലെ സെയ്ദ് വസീർ അലിയും മകൻ ഖാലിദ് വസീറും യഥാക്രമം ഇൻഡ്യയ്ക്കും പാകിസ്ഥാനും വേണ്ടി ക്രിക്കറ്റ് ബാറ്റ് എടുത്തവരാണ്.

**വിരുതന്മാർ വെട്ടുകിളികൾ**

സസ്യജാലങ്ങളുടെ ശത്രുക്കളാണല്ലോ വെട്ടുകിളികൾ. ചില വെട്ടുകിളിക്കൂട്ടങ്ങൾ തീറ്റതുടങ്ങിയാൽ ഒറ്റദിവസംകൊണ്ട് 20000 ടൺ ഇലകൾ അകത്താക്കും. •

---

• പ്രശസ്തവനിത •

# കിരൺ ബേദി



ഇന്ത്യൻ പോലീസ് സർവ്വീസിൽ (IPS) പ്രവേശിച്ച ആദ്യത്തെ വനിതാ പോലീസ് ഓഫീസറാണ് കിരൺ ബേദി. ഇന്ത്യൻ പോലീസ് സേനയിൽ വളരെ ആത്മാർത്ഥമായ സേവനമനുഷ്ഠിച്ച പോലീസ് ഓഫീസർമാരിൽ ഏറ്റവും കൂടുതലായി അറിയപ്പെടുന്ന സ്ത്രീകഥാപാത്രവും ഇവർ തന്നെ.

പഞ്ചാബിലെ അമൃതസറിൽ 1949 ജൂൺ 9ന് പ്രകാശ് ലാൽ പേഷ്വാറിയയുടേയും പ്രേംലതാ പേഷ്വായയുടേയും രണ്ടാമത്തെ പുത്രിയായാണ് കിരൺ ബേദി ജനിച്ചത്. ചെറുപ്പം മുതലേ ധീരമാർന്ന വ്യക്തിത്വം കാത്തു സൂക്ഷിച്ചിരുന്ന ബേദി 1972ലാണ് പോലീസ് സേനയിൽ അംഗത്വം നേടുന്നത്. അതിനുമുമ്പ് ഏഷ്യൻ ഗെയിംസ് വുമൺസ് ചാംപ്യനായിരുന്നു.

കിരൺബേദിയുടെ ജീവിതത്തിലെ ഏറ്റവും വലിയ മാതൃക അവരുടെ രക്ഷിതാക്കൾ തന്നെയായിരുന്നു. കിരൺബേദിയെ ഉയർച്ചയിലേക്ക് നയിക്കാൻ ഉതകുന്ന എല്ലാവിധ പ്രചോദനങ്ങളും നൽകിയ തന്റെ മാതാപിതാക്കളോടുള്ള അകമഴിഞ്ഞ കടപ്പാടോടു കൂടിയാണ് അവർ കഠിന പരിശ്രമത്തിലൂടെ ഇത്തരമൊരു സ്ഥാനം വരെ എത്തിച്ചേർന്നത്. ഒമ്പതാം വയസ്സിൽ ടെന്നിസ് മൽസരത്തിൽ പങ്കെടുക്കാൻ തുടങ്ങിയ അവർ രാജ്യത്തുടനീളം മൽസരങ്ങളിൽ പങ്കെടുക്കാൻ തുടങ്ങി. ധാരാളം സമ്മാനങ്ങൾ ഇതിലൂടെ വാരിക്കൂട്ടിയ അവർ ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയതിനുശേഷം സ്വന്തം ജീവിതപങ്കാളിയെ സ്വയം തെരഞ്ഞെടുക്കുകയും ചെയ്തു. തന്നേക്കാൾ ഒൻപത് വയസ്സ് പ്രായക്കൂടുതലുണ്ടായിരുന്ന ബ്രിജ് ബേദിയെയായിരുന്നു കിരൺ തെരഞ്ഞെടുത്തത്. പോലീസായി തെരഞ്ഞെടുക്കപ്പെട്ട കിരൺ ബേദി ഒരു പുരുഷൻ ചെയ്തു തീർക്കുന്ന ലാഘവത്തോടെയാണ് തന്റെ ജോലികളെല്ലാം നിഷ്പ്രയാസം ചെയ്തു തീർത്തിരുന്നത്. ഇപ്പോൾ ഐക്യരാഷ്ട്രസഭയുടെ സമാധാന സംരക്ഷണ വിഭാഗത്തിലെ പോലീസ് അഡ്വൈസറായി ജോലി നോക്കുന്ന കിരൺബേദിയെ അവരുടെ നേട്ടങ്ങളെ മാനിച്ച് നിരവധി പുരസ്ക്കാരങ്ങളും ബഹുമതികളും നൽകി ആദരിച്ചിട്ടുണ്ട്. •



● സി.ആർ.സുകുമാരൻ നായർ

# നാരായണനും 20 രൂപയും

അമ്മയാണ് അവന് ആകെ ആശ്രയം. നന്നേ ചെറുപ്പമായിരുന്നപ്പോൾ അച്ഛൻ മരിച്ചുപോയി. പല വീടുകളിലും കഠിനമായി ജോലി ചെയ്തിട്ടാണ് അമ്മ അവനെ ഒരുവിധം വളർത്തുന്നതും പഠിപ്പിക്കുന്നതും. അമ്മ അനുഭവിക്കുന്ന ക്ലേശങ്ങൾ കാണുമ്പോൾ കുട്ടിയുടെ കണ്ണുകൾ നിറയും. പക്ഷെ തനിക്ക് എന്ത് ചെയ്യാനാകും.?

അടുത്ത ആഴ്ചയാണ് സ്കൂളിൽ ഫീസ് അടക്കേണ്ട ദിവസം. 20 രൂപ അടക്കണം. ഇനി നാലുദിവസം കൂടിയെയുള്ളു. താൻ മാത്രമേ രൂപാകൊടുക്കാനുള്ളു. എല്ലാവരും കൊടുത്തുകഴിഞ്ഞു.പണമില്ലെങ്കിൽ തിങ്കളാഴ്ച മുതൽ സ്കൂളിൽ വരേണ്ടന്ന് ക്ലാസ്സ് ടീച്ചർ പറയുകയും ചെയ്തു. പണം അടച്ചില്ലെങ്കിൽ പരീക്ഷ എഴുതാനും സാദ്ധ്യമല്ല.

അവന് ആകെ പരിഭ്രമമാണ്. അമ്മ പരിചയമുള്ള സ്ഥലങ്ങളിലെല്ലാം തിരക്കി.



അവരുടെ ആരുടേയും കൈയിൽ പണമില്ലാത്രെ. മുമ്പുവാങ്ങിയ കടമെല്ലാം തിരിച്ചുകൊടുക്കുവാനാണ് ആളുകൾ പറയുന്നത്.

അമ്മ വരുന്നതും കാത്ത് അവൻ കുടിലിന്റെ ഇറയിത്തിരുന്നു. അവൻ അകത്തേക്കു നോക്കി. അങ്ങകലെ ചെറിയൊരു രൂപം നടന്നുവരുന്നതുകാണാം. അത് അമ്മ തന്നെ. അവന്റെ ഹൃദയം തുടിച്ചു. ഒരു പക്ഷെ അമ്മ ഇന്ന് എവിടുന്നെങ്കിലും 20 രൂപ കടം വാങ്ങികാണും. ആ ചിന്ത തന്നെ അവന് സന്തോഷം ഉണ്ടാക്കി.

കുറച്ചുസമയം കഴിഞ്ഞപ്പോൾ അമ്മയെത്തി. അവൻ ആശയോടെ അമ്മയുടെ മുഖത്തേക്കു നോക്കി. ആ മുഖം മ്ലാനമാണ്. അമ്മേ അവൻ വേദനയോടെ വിളിച്ചു.

ഇല്ല മക്കളേ... ആരും പൈസ തന്നില്ല . ഇത്രയും പഠിക്കാനെ നിനക്ക് തലേവരയുള്ളൂ എന്നു കരുതിയാൽ മതി. നിറമിഴികളോടെ അമ്മ പറഞ്ഞു. അമ്മ എന്തു പറയാനാ...മക്കളെ പരിചയമുള്ളിടത്തെല്ലാം ചോദിച്ചു ആരും തന്നില്ല. ഇനി നമ്മെ സഹായിക്കാൻ നാരായണനെ കഴിയൂ... അവർ പറഞ്ഞു നിറുത്തി. ങേ നാരായണനോ അതാരാണമ്മേ? അവൻ ചോദിച്ചു. നിഷ്ക്കളങ്കമായ ചോദ്യം കേട്ട് അമ്മ പറഞ്ഞു. നാരായണൻ വലിയ ആളാ...

ധാരാളം പണമുള്ള ആളാണോ നാരായണൻ? അവൻ തിരക്കി. ഹോ... വലിയ ധനികൻ അദ്ദേഹത്തിന്റെ സമ്പത്തിന്റെ അളവെത്രയാണെന്ന് ആർക്കും കണക്കു കൂട്ടാൻ സാദ്ധ്യമല്ല. അത്ര വലിയ കോടീശ്വരനാണ്. അദ്ദേഹത്തിനു മാത്രമെ നിന്നെ സഹായിക്കാൻ കഴിയൂ. അമ്മയുടെ വാക്കുകൾ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ട് അവൻ തിരക്കി. അമ്മേ ആ നാരായണന്റെ വിലാസം പറയൂ. ഞാൻ 20 രൂപ ചോദിക്കാം. എനിക്ക് പഠിക്കാമല്ലോ. മക്കളെ ആ നാരായണൻ വൈകുണ്ഠം എന്ന സ്ഥലത്ത് പാലാഴിയിലാണ് താമസം. ഇത്രയും പറഞ്ഞുകൊണ്ട് അമ്മ കുടിലിനുള്ളിലേക്കു കയറി.

ബാലൻ നേരെ പുറത്തേക്കു ഇറങ്ങി. അവന്റെ ലക്ഷ്യം പോസ്റ്റോഫീസായിരുന്നു. ഒരു കാർഡു വാങ്ങുവാനുള്ള പൈസ അവന്റെ പോക്കറ്റിലുണ്ട്. നാരായണന് കത്തെഴുതണം. നല്ല ആളാണെന്നാണ് അമ്മ പറഞ്ഞത്. ഏതായാലും ചോദിക്കാം.

ബാലൻ അവിടെ ചെന്നപ്പോൾ പോസ്റ്റോഫീസ് അടയ്ക്കുവാൻ തുടങ്ങുന്നു. അവൻ പെട്ടെന്ന് ഒരു കാർഡ് വാങ്ങി തത്രപ്പെട്ട് അതിൽ എഴുതി. അപ്പോഴേക്കും പോസ്റ്റാഫീസ് അടച്ചുകഴിഞ്ഞു. കുട്ടിയുടെ ദുഃഖംകണ്ട് പോസ്റ്റുമാൻ പറഞ്ഞു.

സാരമില്ല കാർഡ് തന്നേക്കു. ഞാൻ അകത്തുപോയി കൊടുക്കാം. അവൻ കാർഡ് നൽകി. അയാൾ വെറുതെ വിലാസം വായിച്ചു നോക്കി "ശ്രീ നാരായണൻ ,പാലാഴി,വൈകുണ്ഠം," ങേ അയാൾ അതിശയത്തോടെ വിലാസം വായിച്ചു.

ബഹുമാന്യനായ ശ്രീനാരായണന് ഞങ്ങൾ പാവപ്പെട്ടവരാണ്. എനിക്ക് പഠിക്കണം. പരീക്ഷ എഴുതാനും വലിയ ആഗ്രഹമാണ്. എന്റെ അമ്മയുടെ കൈയിൽ രൂപയില്ല. എനിക്കച്ഛനില്ല. അച്ഛൻ നേരത്തെ മരിച്ചുപോയി. 20 രൂപ എനിക്ക് അയച്ചു തരികയാണെങ്കിൽ ഞാൻ പരീക്ഷ എഴുതിക്കൊള്ളാം. അങ്ങ് ധനികനാണെന്നും അമ്മ പറഞ്ഞു. അതുകൊണ്ടാണ് ഞാൻ എഴുതുന്നത്. എന്നെ സഹായിക്കാമോ?

സ്നേഹപൂർവ്വം ഒപ്പ്.

കത്തു വായിച്ചപ്പോൾ പോസ്റ്റുമാന്റെ മിഴികൾ നിറഞ്ഞുപോയി. അത് പുറത്തു കാണിക്കാതെ അദ്ദേഹം പറഞ്ഞു. നാളെ ഇവിടെ വന്നുകൊള്ളു. നാരായണന്റെ മറുപടി അപ്പോഴേക്കും ലഭിക്കും.

കുട്ടി വളരെ സന്തോഷത്തോടുകൂടി വീട്ടിലേക്കു മടങ്ങി. അവൻ വീട്ടിൽ ചെന്നു ഈ വിവരം അമ്മയോടു പറഞ്ഞില്ല. നാളെ മറുപടി കിട്ടിയിട്ട് പറയാമെന്ന് കരുതി.

പിറ്റേദിവസം അവൻ പോസ്റ്റോഫീസിൽ ചെന്നു. പോസ്റ്റുമാൻ ഒരു കവർ കൊടുത്തുകൊണ്ട് പറഞ്ഞു. നാരായണൻ വളരെ തിരക്കുള്ളയാളാണ്. അതുകൊണ്ട് കുട്ടിക്കുള്ള പണം അയച്ചുതന്നു. നന്നായി പഠിച്ച് മിടുക്കനാകണമെന്നു പറയുവാൻ പറഞ്ഞിട്ടുണ്ട്. അവൻ അത്യാഹ്ലാദത്തോടെ വീട്ടിലെത്തി കവർ തുറന്നു നോക്കിയപ്പോൾ 25 രൂപ 20 രൂപം ഫീസിന്. 5 രൂപ പോക്കറ്റു മണി എന്ന് ഒരു കുറിപ്പായി എഴുതിയിട്ടിരിക്കുന്നു.

അവൻ അമ്മയോടു സകല വിവരങ്ങളും പറഞ്ഞു പക്ഷെ അമ്മ അതേപടി വിശ്വസിച്ചില്ല. അവർ പോസ്റ്റാഫീസിൽ രഹസ്യമായി ചെന്ന് തിരക്കി. പോസ്റ്റുമാൻ നിറമിഴികളോടെ പറഞ്ഞു.

സഹോദരി എന്നോടു ക്ഷമിക്കു. ആ കുഞ്ഞിന്റെ നിഷ്ക്കളങ്കതയാണ് എന്നെ രൂപ കൊടുക്കുവാൻ പ്രേരിപ്പിച്ചത്. ഒരുപക്ഷെ ഭഗവാൻ നാരായണൻ ഈ കുഞ്ഞിനെ സേവിക്കുവാൻ എനിക്കൊരു അവസരം തന്നതാകാം. അന്ന് ആ അമ്മ വലിയൊരു പാഠംപഠിച്ചു. നിഷ്കളങ്കമായ പ്രാർത്ഥനയുടെ ഫലം ഉത്തരമായി ഉടനെ ലഭിക്കും. ●

## ക്വിസ്സ്

ഏത് അന്തരീക്ഷപാളിയിലാണ് ഓസോൺ കവചം സ്ഥിതിചെയ്യുന്നത്?
**സ്ട്രാറ്റോസ്ഫിയറിൽ**

ഭൗമോപരിതലത്തിൽനിന്നും എത്ര കിലോമീറ്റർവരെയുള്ള പ്രദേശത്താണ് ഓസോൺപാളി സ്ഥിതിചെയ്യുന്നത്?
**10 മുതൽ 50**

ജെറ്റ് വിമാനങ്ങളുടെ സഞ്ചാരത്തിന് ഏറ്റവും അനുയോജ്യമായ മേഖല?
**സ്ട്രാറ്റോസ്ഫിയർ**

ഭൗമോപരിതലത്തിൽ നിന്നും 50 മുതൽ 80 കിലോമീറ്റർവരെ ഉയരത്തിലുള്ള പാളി?
**മിസോസ്ഫിയർ**

വ്യോമഗതാഗതത്തിന് ഏറ്റവും യോജിച്ച അന്തരീക്ഷപാളി?
**സ്ട്രാസ്ഫിയർ**

കാർമൻ രേഖ ഭൗമോപരിതലത്തിൽ നിന്ന് എത്ര ഉയരെയാണ്?
**100 കിലോമീറ്റർ**

ധ്രുവദീപ്തികൾ കാണപ്പെടുന്ന അന്തരീക്ഷപാളി?
**തെർമോസ്ഫിയർ**

ഉൽക്കാവർഷ പ്രദേശമെന്ന് അറിയപ്പെടുന്ന അന്തരീക്ഷപാളി?
**മിസോസ്ഫിയർ**

മിസോസ്ഫിയറിനെയും തൊട്ടടുത്തുള്ള തെർമോസ്ഫിയറിനെയും വേർതിരിക്കുന്ന പാളി?
**മിസോപ്പാസ്**

ഭൗമോപരിതലത്തിൽ നിന്നും 80 മുതൽ 400 കിലോമീറ്റർവരെ ഉയരത്തിലുള്ള പാളി?
**തെർമോസ്ഫിയർ** ●

● മയിൽപീലി ●

*കുട്ടികൾക്കു കമ്പമുള്ള കടങ്കഥകൾ ഇമ്പമുള്ള വാക്കുകളിൽ*

## കനിമൊഴി



ശിവാത്മജൻ മെഴുവേലി



**എൻ**പേരിലായുണ്ടു മൂന്നക്ഷരങ്ങളും
ആറ്റിൻകരയെന്നുമർത്ഥമുണ്ടോർക്കണം
ആദ്യരണ്ടക്ഷരം ചേരിലൊരു രസം
മധ്യമൊഴിക്കുകിൽ കേവലം പൊത്തുമാം
നന്നായ് പദാവലി പക്കലുണ്ടെങ്കില-
ങ്ങെൻപേരു വൈകാതെ ചൊല്ലൂ മിടുക്കരേ.
-പുളിനം

**എൻ**മുഖമൊന്നു തെളിഞ്ഞുവന്നീടുകിൽ
ലോകം മുഴുവനും നിൻമുന്നിലായിടും
ഭൂമിതൻ മറ്റേത്തലയ്ക്കൽ നടന്നിടും
കാര്യങ്ങൾ പോലുമതേക്ഷണം കണ്ടിടാം
രണ്ടുതലയുമൊരുപോലെ മൂർച്ചയാം
വാൾപോലെയാണു ഞാൻ സൂക്ഷിക്ക കൂട്ടരേ
ഏതു നിമേഷവുമെന്നെ വീക്ഷിച്ചിരു-
ന്നായുരാരോഗ്യങ്ങൾ നഷ്ടപ്പെടുത്തൊലാ.
-ടെലിവിഷൻ

● വിളംബരം ●

## അനന്തുവിന് 99.5%



ടെക്നിക്കൽ ഹയർസെക്കന്റഡറി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ വാങ്ങി 99.5% മാർക്കോടുകൂടി ഉന്നതവിജയം കൈവരിച്ച അനന്തു.ബി. എഴുമറ്റൂർ. കമലാക്ഷി മന്ദിരത്തിൽ ബാബു ചന്ദ്രന്റെയും രാജശ്രീയുടെയും മകനാണ്.



ശ്രീ കുരുമുള്ളൂർ ഗോപാലന് മീനടം കലാസാഹിത്യവേദിയുടെ സർഗ്ഗശ്രീ പുരസ്കാരം മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി സമ്മാനിക്കുന്നു.

## കവിമൊഴി തപാലിൽ ലഭിക്കുന്നതിന്

### വരിസംഖ്യ

ഒരു വർഷം- 250.00

Kavimozhi A/c No. 67172873120,
State Bank of India,Kanjikuzhy Branch,
Kottayam686004
IFS Code - SBIN 0070222

ബാങ്കിൽ വരിസംഖ്യ അടയ്ക്കുന്നവർ ദയവായി
ഒരു പോസ്റ്റ് കാർഡിലോ ഇമെയിലിലോ
വിവരം അറിയിക്കുമല്ലോ.

E-mail: kavimozhiktm@gmail.com.

**മണിയോഡർ അയയ്ക്കേണ്ട വിലാസം**
കവിമൊഴി
കേരള കാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്
മുട്ടമ്പലം പി.ഒ, കഞ്ഞിക്കുഴി, കോട്ടയം-

**ക**വിമൊഴിയിലേക്ക് രചനകൾ അയയ്ക്കുന്നവർ പത്രാധിപർ, കവിമൊഴിമാസിക, കേരളകാത്തലിക് ട്രസ്റ്റ് ബിൽഡിംഗ്, കഞ്ഞിക്കുഴി, കോട്ടയം-686004 എന്ന വിലാസത്തിൽ അയ്ക്കുക. ഇമെയിൽ: kavimozhiktm @gmail. com എന്നവിലാസം ഉപയോഗിക്കുക. പൂർണ്ണമേൽ വിലാസവും ഫോൺനമ്പറും നിർബന്ധമായും വയ്ക്കുവാൻ എഴുത്തുകാർ ശ്രദ്ധിക്കണം. പ്രസിദ്ധീകരണക്ഷമമായവയെക്കുറിച്ച് ഒരുമാസത്തിനികം എഴുത്തുകാരെ അറിയിക്കുന്നതായിരിക്കും. അല്ലാത്തവ പ്രസിദ്ധീകരിക്കുന്നതല്ല എന്ന് അനുമാനിക്കാവുന്നതാണ്.

കവിമൊഴിയിലേക്ക് രചനകൾ അയയ്ക്കുമ്പോൾ ദയവായി പേജ്മേക്കറിൽ അടിച്ച് അയയ്ക്കുവാൻ താൽപര്യം. മെയിൽ പേജിൽ അടിച്ച് അയയ്ക്കുന്നവ അക്ഷരത്തെറ്റുകൾ മൂലം സ്വീകരിക്കുവാൻ നിവർത്തിയില്ല. സഹകരിക്കുമല്ലോ. പത്രാധിപർ

കവിമൊഴിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്. ആശയമോ അഭിപ്രായമോ പത്രാധിപരുടേതല്ല.

*സുഹൃത്തേ,*

*താങ്കൾ കവിമൊഴിയുടെ വരിക്കാരനാണോ?*
*പതിനെട്ടാം വയസ്സിലേയ്ക്ക് കടക്കുമ്പോഴും സാമ്പത്തിക ബാലാരിഷ്ടതകളിൽ നിന്ന് കരകയറുവാൻ കവിമൊഴിക്കു കഴിഞ്ഞിട്ടില്ല. കൂടുതൽ ഭംഗിയായി അവതരിപ്പിക്കുവാൻ ആഗ്രഹിക്കുമ്പോൾ ബാധ്യതകൾ ഏറിവരുന്നു. തുടക്കം മുതൽ കവിമൊഴിയോടൊപ്പം നിന്നിട്ടുള്ള നല്ലവരായ താങ്കളെപ്പോലുള്ളവരെ നന്ദിപൂർവ്വം സ്മരിക്കുന്നു . താങ്കളുടെ മാസവരി അയച്ചുതന്നു സഹകരിക്കുമല്ലോ.*



● ബാലചന്ദ്രൻ അമ്പലപ്പാട്ട്

# ശവങ്ങളുടെ കണക്കെടുക്കുന്നവർ

പ്രളയത്തിൽ നിന്നും ഇന്നും നാം പഠിക്കാത്ത ഒരുപാട് പാഠങ്ങളുണ്ട്, അല്ലെങ്കിൽ മനഃപ്പൂർവ്വം പഠിക്കേണ്ട എന്നു തീരുമാനിച്ചത്. അടുത്ത പ്രളയം പടിവാതിലിൽ എത്തി നിൽക്കുമ്പോഴെങ്കിലും ഒരു തിരിഞ്ഞു നോട്ടം അത്യാവശ്യമാണെന്നു തോന്നുന്നു. ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ഒരുപാട് കാര്യങ്ങൾ നമ്മുടെ ശാസ്ത്രബോധമുള്ളവർ പറഞ്ഞത് ബധിരകർണ്ണങ്ങളിലാണ് പതിച്ചിരിക്കുന്നതെന്ന് തോന്നുന്നു.

ഡാമുകളുടെ സംഭരണശേഷിയെക്കാൾ കുറഞ്ഞതോതിൽ ജലം എത്തിയപ്പോഴേ ഡാമുകൾ തുറന്നുവിടേണ്ടിവന്നത് ചെളിയും എക്കലും വന്നടിഞ്ഞ് ഡാമുകളുടെ ആഴം കുറഞ്ഞതു മൂലമാണെന്ന റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് വീണ്ടും വലിയതോതിൽ എക്കലും ചെളിയും മണലും വന്നടിഞ്ഞ് ഡാമുകളുടെ ആഴം കുറഞ്ഞു. ഡാമുകളുടെ ആഴം കൂട്ടുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിരുന്നു എന്നാണറിയുന്നത്. എന്നാൽ അടുത്ത മഴക്കാലത്തെ പ്രതിക്ഷിച്ചിരിക്കുന്നതല്ലാതെ തുടർനടപടികളൊന്നും ഉണ്ടായി എന്നു തോന്നുന്നില്ല. വൈദ്യുതി ബോർഡിന്റെ കീഴിലുള്ള 33 ഡാമുകളിലായി ഏകദേശം അൻപതിനായിരം കോടി രൂപയുടെ മണൽ അടിഞ്ഞു കിടക്കുന്നതായി കേൾക്കുന്നു. സ്വകാര്യ ഏജൻസികളെക്കൊണ്ട് അവ കോരിമാറ്റിയാൽ തന്നെ ഒരു പരിധിവരെയുള്ള നിർമാണപ്രവർത്തനങ്ങൾക്കു ഉപകരിക്കുകയും, ഡാമുകളിലെ ജലസംഭരണികളുടെ ആഴം കൂട്ടുവാനും, വൈദ്യുതിനിരക്ക് വർദ്ധന ഒഴിവാക്കി ഉപഭോക്താക്കളെ അതുവഴി രക്ഷിക്കുവാനും സാധിക്കുന്നതല്ലെ.

നദികളും കൈത്തോടുകളും നികന്നുപോയതു മൂലം നീരൊഴുക്കുകൾ വഴിമാറിയൊഴുകുന്നതും മഴക്കാലത്ത് നാശനഷ്ടങ്ങൾക്കു കാരണമാകുന്നു. കരയിലെ കയ്യേറ്റംമൂലം വീതികുറഞ്ഞുപോയ നദികൾ മഴക്കാലത്ത് കരകവിഞ്ഞൊഴുകുന്നു. മാലിന്യംകൊണ്ടു മൂടിപ്പോയവ വൃത്തിയാക്കാൻ നടപടിയുണ്ടാകുമെന്നു പറഞ്ഞതല്ലാതെ നടപ്പിലാക്കിയെന്നു തോന്നുന്നില്ല.

പ്രളയം ചെളികൊണ്ട് നിറച്ച റോഡരുകിലെ ഓടകൾ മാലിന്യംകൊണ്ടു മൂടിത്തന്നെ കിടക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾക്കു സ്വകാര്യവ്യക്തികൾ കരുതിവച്ചിരിക്കുന്ന മണ്ണ് ചരൽ ഇഷ്ടിക തുട





ങ്ങിയവ മൂലവും ഓടകൾ പലയിടങ്ങളിലും വെള്ളമൊഴുക്കു തടയുന്ന തരത്തിലാണ്. ദുരിതാശ്വാസത്തിൽപെടുത്തി നിർമ്മിച്ചെടുത്ത റോഡുകൾ ആദ്യത്തെ മഴയ്ക്കു തന്നെ പൊട്ടിപ്പൊളിയുന്നതിന് ഇതു കാരണമാകും.

ചെറിയ മഴപോലും പ്രളയമാകുന്നതിനു കാരണമാകുന്ന നിരവധി ഘടകങ്ങളിൽ ചില തുമാത്രമാണിവ. തടയിണകളിൽ പ്രളയം കൊണ്ടുവന്നു നിറച്ച മാലിന്യങ്ങൾ നീക്കംചെയ്യാതെ കിടന്നാൽ തടയിണ കവിഞ്ഞൊഴുകുമെന്നല്ലാതെ വെള്ളം കെട്ടിക്കിടന്ന് ഭൂമിയിലേക്കു താഴുമെന്ന ശാസ്ത്രമൊന്നും ഇവിടെ നടപ്പിലാകില്ല.



വെള്ളപ്പൊക്കം തടയാൻ നീർചാലുകൾ ആഴം കൂട്ടുന്നതും തടയിണകൾ വൃത്തിയാക്കുന്നതും വെള്ളപ്പൊക്കത്തെ തടയുന്നതിനു മാത്രമല്ല വരാൻപോകുന്ന വർഷകാലത്ത് ഒഴുകിപ്പോകുന്ന ജലത്തെ മണ്ണിൽ താഴ്ത്തി ഭൂഗർഭജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനും വരൾച്ചക്കാലത്തെ ജലദൗർലഭ്യം തടയുന്നതിനും കൂടിയാണ്. വേനൽക്കാലത്ത് കുടിവെള്ളക്ഷാമത്തെക്കുറിച്ചു വേവലാതിപ്പെടുക, മഴക്കാലത്ത് അതിവർഷത്തെ പഴിപറയുക എന്നത് മാറിമാറിവരുന്ന കാലങ്ങളിൽ നമ്മൾ ആവർത്തിച്ചുകൊണ്ടിരിക്കുന്ന നടപടിയാണ്. എന്നാൽ ശാശ്വതമായ പരിഹാരം അടുത്തുണ്ടെങ്കിലും ഒന്നിനെ മറ്റൊന്നുമായി സംയോജിപ്പിക്കാതെ ഇവിടെ മാറ്റി നിർത്തുകയാണ്.

കോട്ടയത്ത് അഡ്വ.അനിൽകുമാറിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന നദീസംയോജനവും നീരൊഴുക്കുകളുടെ ആഴം കൂട്ടലും പ്രശംസാർഹമാണ്. മഴക്കാലത്ത് ഒഴുകിവരുന്ന ജലം കെട്ടിക്കിടക്കുന്നതിനും അധികം വരുന്നത് കരയിൽ കയറാതെ യഥേഷ്ടം ഒഴുകിപ്പോകുന്നതിനുമുള്ള സൗകര്യമാണ് ഇതുമൂലം സംജാതമാക്കിക്കൊണ്ടിരിക്കുന്നത്. മാലിന്യങ്ങളടിഞ്ഞ് മലിനീകരിക്കപ്പെട്ട് പകർച്ചവ്യാധികൾക്കു കാരണമായിക്കൊണ്ടിരുന്ന ജലസ്രോതസുകൾക്ക് ഇവിടെ പുതുജീവൻ ലഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന് ഒന്നാകെ അനുകരിക്കാവുന്ന ഒരു നല്ല മാതൃകയാണിത്.

അതിവർഷമുണ്ടായാലല്ലാതെ ഡാമുകളിലേക്ക് ആവശ്യത്തിന് ജലമെത്തിച്ചേരാത്തതിന്റെ കാരണം കാച്ച്മെന്റ് ഏരിയകളിലെ നദികൾ നികന്നതും ഗതിമാറിയൊഴുകുന്നതും മൂലമാണെന്ന് പറയുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ ഈ നദികളുടെ പുനർനിർമ്മാണം നടത്തിയില്ലെങ്കിൽ ജലദൗർലഭ്യം മൂലം വൈദ്യുതിയുല്പാദനം കുറയുമെന്നതുമാത്രമല്ല അടുത്തുള്ള സ്ഥലങ്ങളിൽ വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്യും. ഒരു ഡാമിൽ ജലം കുറവായാലുടനെ പുതിയ ഡാം നിർമ്മിക്കുന്നതിനെക്കുറിച്ചല്ല ഉള്ളത് പരിപാലിച്ചെടുക്കുന്നതിനല്ലെ ശ്രദ്ധിക്കേണ്ടത്.

കേരളത്തിലെ പലപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്.കുടിവെള്ളകച്ചവടക്കാർ ജനങ്ങളെ കൊള്ളയടിക്കുകയാണ്. പതിവുപോലെ മരം വെട്ടിയതിനെയും മഴവെള്ളം സംഭരിക്കാത്തതിനെയും കുറ്റം പറയുന്നതല്ലാതെ അതിവർഷകാലത്തുപോലും ഭൂമിയിൽ ജലസംഭരണം നടക്കാത്തത് നീരൊഴുക്കുകളും തണ്ണീർ തടങ്ങളും നികത്തിയതുമൂലമാണെന്ന് അംഗീകരിക്കുന്നില്ല. വികസനത്തിന്റെ ഭാഗമായി വയലുകൾ നികത്തുവാൻ നിയമം നിർമിക്കുന്ന തിരക്കിലാണ് ഭരണാധികാരികൾ.

44 നദികളുള്ള കേരളത്തിലെ അൻപതുശതമാനം നദികളും മെലിഞ്ഞുപോയത് പലകാരണങ്ങൾകൊണ്ടാണ്. പുഴകളിലേക്കിറക്കി അതിരുകൾ പുനർ നിർണ്ണയിച്ച് പുഴ സ്വന്തമാക്കിയവർ ഏറെയാണ്. മണൽ വാരലും മലിനീകരണവും പുഴയുടെ ജൈവ വൈവിധ്യത്തെയും ആവാസ വ്യവസ്ഥയെയും നശിപ്പിക്കുകയാണ്. ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് മൂവാറ്റുപുഴയാറ്. പുഴയെ ആശ്രയിക്കുന്ന പതിനാറ് കുടിവെള്ള പദ്ധതികളും ഇരുപത്തിയേഴ് ഇറിഗേഷൻ പദ്ധതികളും ഏതാണ്ട് നിലച്ചമട്ടിലാണ്.മൂലമറ്റത്തുനിന്നുള്ള വെള്ളം ലഭിക്കുവാൻ കാത്തിരിക്കുകയാണ് ഈ പദ്ധതികൾ. അശാസ്ത്രീയമായ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും മൂവാറ്റുപുഴയാറിനെ കാര്യമായി ബാധിച്ചിട്ടുണ്ട്.

ഇനിയും ഒരു പ്രളയമുണ്ടായി ശവങ്ങളുടെ കണക്കെടുക്കുന്നതിലാണ് ഇവിടെ പലർക്കും താൽപര്യമെന്ന് സംശയം തോന്നിപ്പോകുന്നു. സാമാന്യബോധമുള്ളവർക്ക് മനസ്സിലാകുന്ന മേൽപ്പറഞ്ഞ പ്രളയ പ്രതിരോധനടപടികൾ നടത്തുന്നതിനുപകരം നമ്മുടെ നാടിന്റെയോ നദികളുടെയോ കാലാവസ്ഥയുടെയോ പ്രത്യേകതകൾ തരിമ്പുമറിയാത്ത വിദേശികളോട് ഉപദേശം തേടുന്നതിനാണ് മുഖ്യമന്ത്രിയടക്കം ഇവിടെയുള്ളവർക്ക് താൽപര്യം. ഉപദേശങ്ങൾ അധികമാകില്ലെന്നത് സത്യം. എന്നാൽ തെറ്റായ ഉപദേശം വഴി തെറ്റിക്കുന്നതിനെ ഉപകരിക്കൂ.അത്യാവശ്യം ചെയ്തിരിക്കേണ്ടത് ചെയ്യാതെ അടുത്ത മഴക്കാലം അടുത്തെ



ത്തി കഴിഞ്ഞിട്ടും എന്തുകൊണ്ട്, എങ്ങനെ എന്ന ചോദ്യങ്ങളുമായി നടക്കുന്നത് മഠയത്തരമല്ലെ?. ഇനി എന്ത് എന്ന ആത്മഗതവുമായി കഴിയുന്ന നിരാലംബരായ ആയിരക്കണക്കിന് ദുരിതബാധിതർക്ക് ഇനിയൊരു പ്രളയംകൂടി സമ്മാനിക്കരുതേ.

കഴിഞ്ഞ പ്രളയ ദുരിതത്തിന് പരിഹാരം കാണാൻ പണമില്ലെന്ന് പറയുമ്പോഴും അടുത്തൊരു പ്രളയം വരാതിരിക്കാൻ എന്തുകൊണ്ടാണ് ഇവർ ആത്മാർത്ഥമായി ശ്രമിക്കാത്തത്. ഡാം തുറന്നുവിട്ട് ഇനി ഒരു പ്രളയം ഉണ്ടാകാതിരിക്കാൻ ഡാം തുറക്കുമ്പോൾ പാലിക്കേണ്ട ചില നടപടിക്രമങ്ങൾ ഉണ്ടാക്കി എന്നത് ആശ്വാസകരമാണ്. നടപടികൾ പാലിക്കാതെ ഡാം തുറന്നതാണ് പ്രളയത്തിന് കാരണമായതെന്ന മൗനസമ്മതമാണ് ഇതെങ്കിലും ഇനി ഇതുപോലെയുള്ള അബദ്ധം ഉണ്ടാകാതിരിക്കുമെന്ന് പ്രതീക്ഷിക്കാം.

സർക്കാർ തലത്തിൽ ധാരാളിത്തവും അനാവശ്യ ചെലവുകളും നടക്കുമ്പോഴാണ് ദുരിതാശ്വാസത്തിന് വിവിധ മേഖലകളിൽ നിന്നും ഉദാരമായി സഹായങ്ങൾ ലഭിച്ചിട്ടുപോലും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു തുടക്കമിടാൻ പണമില്ലെന്നു സർക്കാർ പറയുന്നത്. പി.എസ്.സി ചെയർമാന്റെ ഔദ്യോഗിക യാത്രയിൽ അനുഗമിക്കുവാൻ ഭാര്യയ്ക്കു കൂടി യാത്രാചെലവു കൊടുക്കണമെന്നതുപോലെയുള്ള അനാവശ്യച്ചിലവുകൾക്ക് പണം ആവശ്യപ്പെടുന്നത് യാതൊരു മടിയുമില്ലാതെയാണ്. എന്തിനാണ് അദ്ദേഹം വിദേശത്ത് പോകുന്നതെന്നു മാത്രം ചോദിക്കരുത്. എല്ലാരും പോകുന്നു അതുകൊണ്ട് ഈ ഞാനും പോകുന്നു എന്നാണോ മറുപടി.




കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതുകൊണ്ട് തകർന്ന റോഡുകൾ അങ്ങിനെ തന്നെ കിടക്കുന്നു. പൂർണ്ണമായോ ഭാഗികമായോ നശിച്ച വീടുകൾക്കു വാഗ്ദാനം ചെയ്ത സഹായവും അങ്ങനെ തന്നെ. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ലഭിച്ചത് 2000 കോടിയാണെന്ന് കേരളപിറവി ദിനാഘോഷവേളയിൽ പറഞ്ഞുകേട്ടിരുന്നു. ദുരിതമനുഭവിക്കുന്നവർക്ക് പതിനായിരം രൂപ വരെ കൊടുക്കാൻ ഉപയോഗിച്ചത് 66 കോടി ആണെന്നും അന്ന് പറഞ്ഞിരുന്നു. പിന്നെ എന്തെങ്കിലും ചെയ്തോ ആരും ഒന്നും കിട്ടിയ


കവിമൊഴി മാസിക

തായി പറഞ്ഞുകേട്ടില്ല. എന്നാൽ ദുരിതാശ്വാസ ഫണ്ടിലേക്ക് വീണ്ടും കോടികൾ വന്നതായി ഇടയ്ക്കിടെ വാർത്തകൾ കേൾക്കാറുണ്ട്. ദുരിതാശ്വാസപ്രവർത്തനങ്ങളെക്കുറിച്ച് ഒന്നും കേൾക്കുന്നുമില്ല. പ്രളയത്തിനടിയിലായ നാലു ജില്ലകളെ കരകയറ്റിയെന്നാണ് പറയുന്നത്. വെള്ളമിറങ്ങിയപ്പോൾ ജില്ലകൾ കരയ്ക്കായി എന്നതല്ലെ സത്യം.

സകലവ്യവസായങ്ങളും കാർഷികമേഖലയും തകർന്ന കേരളം അഞ്ച് വർഷംകൊണ്ട് തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ മൂവായിരം കോടിയിലധികം രൂപ കടമെടുക്കുന്നു. അതും ദുരിതാശ്വാസപ്രവർത്തനത്തിനു വേണ്ടിയാണത്രെ. ഈ തുക എന്തു വികസനപ്രവർത്തനത്തിനാണ് ഉപയോഗിക്കുന്നതെന്നറിയില്ല. പുതിയ സംരംഭങ്ങൾക്കുള്ള മൂലധനമായല്ലാതെ കടംകൊള്ളുന്നത് തലമുറയെ കടക്കെണിയിലാക്കുമെന്ന് അറിയാഞ്ഞിട്ടല്ലല്ലോ. സർക്കാരിന്റെ മുപ്പത്തി ഒരായിരം പ്രളയനഷ്ടമെന്ന കള്ളക്കണക്കിലൊന്നും പെടാത്ത ദുരിതങ്ങളുടെ കണക്ക് ആരോട് പറയാനാണ്. ഒരു ജിവിതകാലംകൊണ്ട് നേടിയതു മുഴു




വൻ, കുട്ടിക്കാലം മുതൽ ഓമനിച്ചു കാത്തുവെച്ചിരുന്ന പലതും, പുസ്തകശേഖരം,വസ്ത്രശേഖരം,ആഭരണങ്ങൾ,വീട്ടുപകരണങ്ങൾ,ആധാരങ്ങൾ,മറ്റുരേഖകൾ എല്ലാം നഷ്ടപ്പെട്ടതിന്റെ കണക്ക്. കുടുംബജീവിതത്തിലെ പ്രധാന സംഭവങ്ങൾ വിവാഹം മക്കളുടെ ജനനംമുതലുള്ള അടയാളപ്പെടുത്തലുകളുള്ള ആൽബങ്ങൾ തുടങ്ങി അന്യർക്ക് കണക്കെടുക്കാനാവാത്ത ഒരുപാട് നഷ്ടങ്ങളുടെ വേദനയുമായി പൂർണമായി തകർന്നിട്ടില്ലാത്ത വീട്ടിൽ തറയിൽ പായവിരിച്ച് കഴിയുന്നവരുടെ എണ്ണം ഏറെയാണ്. അവരുൾപ്പെടുന്ന സമൂഹത്തെ മൊത്തം പണയം വെച്ചാണ് അവരുടെ ആശ്വാസത്തിന് എന്ന പേരിൽ പുതിയ കടമെടുക്കൽ നടത്തിയിരിക്കുന്നത്. ഇതു കൂടാതെ ഗാർഹികോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അതു വീണ്ടെടുക്കുവാൻ ബാങ്ക്വായ്പ തരപ്പെടുത്തുന്നത് സർക്കാരിന്റെ വീരകൃത്യമായി മന്ത്രി പറയുമ്പോൾ കടംകൊണ്ടു പൊറുതിമുട്ടിയവരെ പിന്നെയും കടക്കാരനാക്കാൻ സർക്കാരിന്റെ സഹായം വേണോ എന്ന ചോദ്യം ബാക്കി.

ഏത് രീതിയിൽ ഹരിച്ച് ഗുണിച്ചാലും ഈ കടമെടുക്കലിന്റെ ഗുണഭോക്താക്കൾ ദുരിതമനുഭവിക്കുന്നവരല്ലെന്നതാണ് സത്യം. ഭരിക്കാൻ ബാക്കി നിൽക്കുന്ന അഞ്ഞൂറ് ദിവസവങ്ങൾകൊണ്ട് ഏതായാലും പ്രത്യുൽപാദനപരമായ കാര്യങ്ങൾക്ക് ഈ തുക വിനിയോഗിക്കാനാവില്ലെന്നുറപ്പ്. ആരാണ് എങ്ങിനെയാണ് ഈ കടം തിരിച്ചടയ്ക്കേണ്ടത് എന്ന് ചോദിച്ചാൽ മുണ്ട്മുറുക്കി ഉടുത്ത് ഇവിടുത്തെ സാധാരണക്കാരൻ എന്നുതന്നെയല്ലെ ഉത്തരം.

കേരളത്തിലെ വരാൻ പോകുന്ന മന്ത്രിസഭയ്ക്ക് ഇനി ദാനമായി കിട്ടാൻ പോകുന്നത് ഈ കടങ്ങളും പലിശയും നാടിന്റെ അവശേഷിക്കുന്ന ദുരിതങ്ങളും മാത്രമായിരിക്കും. പിടിപ്പുകേടുകൊണ്ടുണ്ടായ ദുരിതങ്ങളെ അവസരമാക്കി ഉപ്പുമരവിവരെ കമഴ്ത്തി ഭരണകൂടത്തിന്റെ ഒരു വിടവാങ്ങൽ പ്രതീക്ഷിക്കാം.

വർഷങ്ങൾകൊണ്ടു നടപ്പിലാക്കുന്ന പലപദ്ധതികളും അ ശാസ്ത്രീയമാണെന്നു തിരിച്ചറിയുമ്പോഴേക്കും ഒഴുകിപ്പോകുന്നത് കോടികളും മനുഷ്യായുസ്സിന്റെ പകുതിയുമാണ്. സമാനമായി അശാസ്ത്രീയ പദ്ധതികളുമായി അടുത്തഭരണാധികാരികൾ വരുന്നതും കാത്തിരിക്കുകയാണ് പുഴയും ജനങ്ങളും ജൈവവ്യവസ്ഥയും, വേഴാമ്പലിനെപ്പോലെ.

ശാസ്ത്രബോധമുള്ളവർ ഭരണതലപ്പത്ത് ഇല്ലാത്തതാണ് കേരളത്തിന്റെ ദുര്യോഗം.

● *ഫോ :9349557272*

## ഗവേഷകൻ

**ആലപ്പുഴയിൽ എ.എം.ആരിഫ് ജയിച്ചതിനു പിന്നിൽ വെള്ളാപ്പള്ളിയുമായുള്ള ഒത്തുകളി**

**– കോൺഗ്രസിന് സംശയം**



**എ.എം.ആരിഫ് തോറ്റാൽ തലമൊട്ടയടിക്കുമെന്ന് വെള്ളാപ്പള്ളി പ്രഖ്യാപിച്ചിരുന്നത് മറന്നോ–**

സാബു മടുക്കാനിൽ


ലോക്സഭാ ഇലക്ഷൻ – 2019
ഓ... അവർ ഇ..ഴ..ഞ്ഞി..ഴ..ഞ്ഞു മുൻപേ...
ഞങ്ങളോ...
ചിരിപ്പാഞ്ഞു പുറകേ
നേടിയെടുത്തേ
നേടിയെടുത്തേ